കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
# ജില്ലാ ഓഡിറ്റ് കാര്യാലയം
# പാലക്കാട്

ഇ-മെയിൽ – dopkd.ksad@kerala.gov.in
Phone – 04912520145

## ലെക്കിടി പേരൂർ ഗ്രാമപഞ്ചായത്ത്
## ഓഡിറ്റ് റിപ്പോർട്ട്
## 2018-2019

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി16-745/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്
തീയതി- 04.06.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് സെക്രട്ടറി മുഖേന

ലക്കിടി പേരൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :
ലക്കിടി പേരൂർ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത്

രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
2. പഞ്ചായത്ത് ഡെപ്യൂട്ടിഡയറക്ടർ, പാലക്കാട്.
3. കാര്യാലയപ്പകർപ്പ്.

നം.കെ.എസ്.എ-പികെഡി16-745/2020 തീയതി 04.06.2020

## പാലക്കാട് ജില്ലയിലെ ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.05.2017 മുതൽ 23.10.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 49 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ സതീശൻ. എൻ<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18.12.2019 മുതൽ 30.12.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. പി.ജി. ബിന്ദു | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.കെ.പി.മുഹമ്മദ്ഫാറൂക്ക് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | [illegible] | [illegible] |

| | | |
|---|---|---|
| | ശ്രീ. കെ.വി. രാജൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ജിജീഷ് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ദീപാ നാരായണൻ | 01.04.18 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ.അംബുജാക്ഷൻ.പി.കെ<br><br>ശ്രീ.ടി.ആർ.ഗോകുൽദാസ്<br><br>ശ്രീ ബിജു.കെ | 01.04.18മുതൽ 01.03.2019വരെ<br><br>02.03.19 മുതൽ 13.03.19വരെ<br><br>14.03.19 മുതൽ 31.03.19 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി. സെക്രട്ടറി | ശ്രീ.ടി.ആർ. ഗോകുൽദാസ് | 01.04.1 8മുതൽ 31.03.2019വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. ബാലമണികണ്ഠൻ<br><br>ഡോ. ഷൈലജ | 01.04.18 മുതൽ 21.11.2018വരെ<br>22.11.2018മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. അനുരൂപ്. കെ.എസ്<br><br>ഡോ. സുജാത | 01.04.18മുതൽ 05.07.18വരെ<br><br>06.07.18 മുതൽ 31.03.2019വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ. ഷൈനി.എം. | 01.04.18മുതൽ 31.03.2019വരെ |
| വെറ്ററിനറി സർജൻ | ഡോ. ജ്യോതിശങ്കർ.കെ.പി | 01.04.18മുതൽ 31.03.2019വരെ |
| കൃഷി ഓഫീസർ | ശ്രീമതി ദീപ<br><br>ശ്രീമതി അർച്ചന | 01.04.1 8 മുതൽ 17.02.2019വരെ<br>18.02.2019 മുതൽ 31.03.2019വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. പ്രസന്ന<br><br>ശ്രീമതി. പ്രിയ | 01.04.18മുതൽ 25.07.2018വരെ<br><br>26.07.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ. | ശ്രീമതി. ബിന്ദു മോഹൻ | 01.04.18മുതൽ 31.03.2019വരെ |
| ഐ.സി.ഡി.എസ് | ശ്രീമതി.ലിമിലാൽ. ടി.എം | |

| | | |
|---|---|---|
| | ശ്രീമതി. രാധ | 01.04.18മുതൽ 26.08.2018വരെ<br><br>2 7.08.18 മുതൽ 31.03.2019വരെ |
| അസി.എഞ്ചിനീയർ | ആയിഷാബി. കെ | 01.04.18മുതൽ 31.03.2019വരെ |
| ഹെഡ് മിസ്ട്രസ്സ് | ശ്രീമതി ജയന്തി . എഫ് | 01.04.18മുതൽ 31.05.2018വരെ |
| ഹെഡ് മിസ്ട്രസ്സ് | ശ്രീമതി രമ. പി.കെ | 01.06. 2018മുതൽ 03.06.2018വരെ |
| ഹെഡ് മിസ്ട്രസ്സ് | ശ്രീ നാരായണൻ കുട്ടി | 04.06.2018മുതൽ 31.03.2019 വരെ |

ഓഡിറ്റ് റിപ്പോർട്ട് -ഉള്ളടക്കം

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം-റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം | 1-3 |
| 4 | ഫണ്ട് വിനിയോഗം-എ.സി.ആർ പ്രകാരം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്ഷേമ പദ്ധതികൾ | 1-6 |
| 7 | ക്യാഷ് പരിശോധന | 1-7 |
| 8 | മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | വാർഷിക കണക്കുകകളിലെ അപാകതകൾ | 1-10 |
| 11 | ബഡ്ജറ്റ് നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല | 1-11 |
| 12 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ് | 1-12 |
| 13 | സേവന ഉപനികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ് | 1-13 |

| | | |
|---|---|---|
| 14 | ഡി&ഒ ലൈസൻസ് - ഭേദഗതി ചട്ടങ്ങൾ പ്രകാരമുള്ള ഫീ ഈടാക്കേണ്ടതാണ് | 1-14 |
| 15 | ലേലം രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ് | 1-15 |
| 16 | തൊഴിൽ നികുതി- നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 1-16 |
| 17 | വാടക സംബന്ധിച്ച അപാകതകൾ പരിഹരിക്കേണ്ടതാണ് | 1-17 |
| 18 | വസ്തുനികുതി- അപാകതകൾ പരിഹരിക്കേണ്ടതാണ് | 1-18 |
| 19 | വെള്ളക്കരം- ഡിമാന്റ്, ബാലൻസ് എന്നിവ സംബന്ധിച്ച കണക്കുകൾ ലഭ്യമല്ല | 1-19 |
| 20 | ലെക്കിടി കിൻഫ്ര ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ പാർക്കിലെ കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കുന്നില്ല | 1-20 |
| 21 | ഡിഫൻസ് പാർക്കിൽ നിന്നും നികുതികൾ ഈടാക്കണം | 1-21 |
| 22 | കിൻഫ്ര പാർക്ക് - തൊഴിൽ നികുതി ഈടാക്കണം | 1-22 |
| 23 | കശാപ്പുശാലകൾക്കും ഇറച്ചിക്കടകൾക്കും ലൈസൻസ് നിർബന്ധമാക്കണം | 1-23 |
| 24 | ജല നിധി ഏറ്റെടുത്ത ജലവിതരണപദ്ധതി പഞ്ചായത്ത് നടത്തിക്കൊണ്ടുപോകുന്നത് അംഗീകരിക്കുന്നില്ല | 1-24 |
| 25 | കാർഷിക പ്രൊജക്ടുകൾ -ഗുണഭോക്തൃവിഹിതം പിരിക്കുന്നത് ക്രമപ്രകാരമല്ല | 1-25 |
| 26 | കാർഷിക യന്ത്രോപകരണങ്ങളുടെ കൃത്യമായ പരിപാലനം ഉറപ്പുവരുത്തണം | 1-26 |
| 27 | വനിതാ കർഷകർക്ക് ഡെയിഞ്ച വിത്ത് വിതരണം -ഫല പ്രാപ്തി കൈവരിച്ചില്ല | 1-27 |
| 28 | ക്ഷീരകർഷകർക്ക് സബ്സിഡി നൽകൽ -നിർവ്വഹണത്തിൽ സൂക്ഷ്മത പാലിച്ചില്ല | 1-28 |
| 29 | ഹോമിയോ ഡിസ്പെൻസറിയുടെ അടിസ്ഥാന സൌകര്യങ്ങൾ മെച്ചപ്പെടുത്തണം | 1-29 |
| 30 | വിവിധ നിർവഹണ ഏജൻസികൾക്ക് കൈമാറിയ തുകകൾ- വിനിയോഗ സാക്ഷ്യ പത്രം/ ചെലവു പുരോഗതി റിപ്പോർട്ട് ഹാജരാക്കണം | 1-30 |
| 31 | ഖണ്ഡിക ഒഴിവാക്കി | 1-31 |
| 32 | മുൻകൂർ തുക - തിരിച്ചു പിടിക്കുകയോ ക്രമീകരിക്കുകയോ ചെയ്യാത്തത് സംബന്ധിച്ച് | 1-32 |
| 33 | പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനം- രേഖകൾപരിപാലിക്കുന്നത് സംബന്ധിച്ച് | 1-33 |
| 34 | തുല്യത പഠന പ്രൊജക്ട്- നിർവ്വഹണം ക്രമപ്രകാരമല്ല | 1-34 |
| 35 | സ്മാർട്ട് ക്ലാസ്സ് റൂം തയ്യാറാക്കൽ -പ്രൊജക്ടിൽ വിഭാവനം ചെയ്തവ നടപ്പാക്കിയില്ല | 1-35 |
| 36 | സർക്കാർ സ്കൂളുകളുടെ കണ്ടിജൻസി ചെലവ് സംബന്ധിച്ച് | 1-36 |
| 37 | അസാധാരണച്ചെലവ് രജിസ്റ്റർ പരിപാലിക്കുന്നില്ല | 1-37 |
| 38 | എസ്.എസ്.എ. വിഹിതം നൽകൽ - വിശദാംശങ്ങൾ ലഭ്യമാക്കണം | 1-38 |
| 39 | പദ്ധതി മാർഗ്ഗ രേഖക്കു വിരുദ്ധമായി പൊതു പ്രൊജക്ടുകൾ വനിതാ ഘടക പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കി | 1-39 |
| 40 | ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കിയില്ല | 1- 40 |

| | | |
|---|---|---|
| 41 | ഷീ പാഡ് പദ്ധതി-വേണ്ടത്ര മുന്നൊരുക്കം നടത്തിയില്ല | 1- 41 |
| 42 | ഭിന്ന ശേഷിക്കാർക്ക് ഉപകരണം -അനർഹരായവർക്ക് നൽകി | 1- 42 |
| 43 | ഒ.ഡി.എഫ് പ്രഖ്യാപിച്ച തദ്ദേശ സ്ഥാപനമായിട്ടും വ്യക്തിഗത കക്കൂസ് നിർമ്മാണത്തിന് സബ്സിഡി നൽകി | 1- 43 |
| 44 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മേശ,കസേര - സബ്സിഡി വ്യവസ്ഥകൾ ലംഘിച്ചു | 1- 44 |
| 45 | വയോജനങ്ങൽക്ക് കട്ടിൽ വാങ്ങി നൽകൽ- രേഖകൾ ഹാജരാക്കിയിട്ടില്ല- ചെലവു തുക തടസ്സപ്പെടുത്തുന്നു | 1- 45 |
| 46 | കേളപ്പജി മെമ്മോറിയൽ പ്രാഥമികാതുരാലയം- നവീകരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കണം | 1- 46 |
| 47 | എസ്.സി. വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ വിതരണം- അപാകതകൾ- ചെലവു തുക തടസ്സപ്പെടുത്തുന്നു | 1- 47 |
| 48 | വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിൽ സുതാര്യതയില്ല | 1- 48 |
| 49 | സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി-അവലോകനം | 1- 49 |
| 50 | അങ്കണവാടികൾക്ക് വാട്ടർടാങ്ക് വാങ്ങൽ-ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടില്ല | 1- 50 |
| 51 | ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ സംബന്ധിച്ച് | 1- 51 |
| 52 | തൊഴിലുറപ്പ് പദ്ധതി - ഒരവലോകനം | 1- 52 |
| 53 | അങ്കണവാടികളുടെഅടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തണം | 1- 53 |
| 54 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ അങ്കണവാടികൾ പ്രവർത്തിക്കുന്നു | 1- 54 |
| 55 | മരാമത്തു പ്രവൃത്തികൾ ആസൂത്രണവും നിർവ്വഹണവും- അവലോകനം | 1- 55 |
| 56 | പല്ലാർമംഗലം ഗ്യാസ് ശ്മശാനം പൂർത്തീകരണം- പ്രവൃത്തി നാളിതുവരെ ലക്ഷ്യം കൈവരിച്ചിട്ടില്ല | 1- 56 |
| 57 | യഥാസമയം എഗ്രിമെന്റ് വെയ്ക്കാത്തതിന് കരാറുകാരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല | 1- 57 |
| 58 | പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചതിന് പിഴ ഈടാക്കിയിട്ടില്ല | 1- 58 |
| 59 | ഇ ടെണ്ടർ ഫോം ഫീസ് തുക അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിൽ നിന്നും പഞ്ചായത്തിലേക്ക് അടവാക്കേണ്ടതാണ് | 1- 59 |
| 60 | അസി.എഞ്ചിനീയറുടെ ഓഫീസിലേക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ പദ്ധതിയിലെ അപാകങ്ങൾ | 1-60 |
| 61 | കുഞ്ചൻ സ്മാരകം പൊതു ശൗചാലയം നിർമ്മാണം - പ്രത്യേക അനുമതി ലഭ്യമാക്കിയിട്ടില്ല | 1- 61 |
| 62 | പൂക്കോട്ടുകുന്ന് വാണിയം പറമ്പ് SC കോളനി സാംസ്കാരിക നിലയം പ്രവൃത്തിയിലെ അപാകങ്ങൾ | 1- 62 |
| 63 | ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ പദ്ധതികൾ - അപാകങ്ങൾ | 1- 63 |
| 64 | ബാലവിഹാർ(കണ്ണൻ പാർക്ക്) നാളിതു വരെ പ്രവർത്തനമാരംഭിച്ചിട്ടില്ല | 1- 64 |
| 65 | പഴയ കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതിന് നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല | 1- 65 |

| | | |
|---|---|---|
| 66 | മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ പ്രവൃത്തി ആരംഭിച്ചിട്ടില്ല | 1- 66 |
| 67 | കുടുംബശ്രീ യൂട്ടിലിറ്റി സെന്റർ , എസ്.സി. ഐ.ടി. സെന്റർ എന്നിവ ഉപയോഗിക്കുന്നില്ല -പദ്ധതിപ്പണം പാഴ്ചെലവാകുന്നു | 1- 67 |

<u>ഭാഗം-II</u>

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ-ഒന്നുമില്ല

<u>ഭാഗം-III</u>

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ-ഒന്നുമില്ല

<u>ഭാഗം-IV</u>

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരം | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ്-സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |

അനുബന്ധം

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്

2. പത്രികകൾ

# <u>ഭാഗം -1</u>
# <u>ഓഡിറ്റ് റിപ്പോർട്ട്</u>.

# 1-1 ബജറ്റ്

27.03.2018 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു.

റിവൈസ്ഡ് ബഡ്ജറ്റ് തയ്യാറാക്കിയതിന് 18.2.2019 ന് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്.

# 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.05.2019 | 08.05.2019 | ബാധകമല്ല | ബാധകമല്ല |

# 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 27285681 |
| വരവ് | 142569285 |
| ആകെ | 169854966 |
| ചെലവ് | 104794548 |
| നീക്കിയിരിപ്പ് | 65060418 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന<br>ഫണ്ട്<br>-ജനറൽ<br>(ACR<br>പ്രകാരം) | 0 | 18969000 | 18969000 | 17237202 | 1731798 |
| വികസന<br>ഫണ്ട്-<br>എസ്.സി.പി<br>(ACR പ്രകാരം) | 0 | 10821000 | 10821000 | 10037093 | 783907 |
| വികസന<br>ഫണ്ട്-<br>ടി.എസ്.പി<br>(ACR പ്രകാരം) | 0 | 129000 | 129000 | 0 | 129000 |
| മെയിന്റന<br>ൻസ്,<br>റോഡ്<br>(ACR പ്രകാരം) | 0 | 9051000 | 9051000 | 6326296 | 2724704 |
| മെയിന്റന | 0 | 4365999 | 4365999 | 1837685 | 2528314 |

| | | | | | | |
|---|---|---|---|---|---|---|
| ന്സ്, നോൺ-റോഡ് (ACR പ്രകാരം) | | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 8803000 | 8803000 | 8449075 | 353925 |
| എം.ജി. എൻ. ആർ.ഇ .ജി .എസ് | തൊഴിലാളികളുടെ കൂലി | 0 | 17147855 | 17147855 | 17147855 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 82427 | 577021 | 659448 | 583137 | 76311 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | TSC | 2000000 | - | 2000000 | - | 2000000 |
| | ICDS | 1145067 | 620331 | 1765398 | 1364640 | 400758 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | തൊഴിലില്ലായ്മ വേതനം | 0 | 42240 | 42240 | 42240 | 0 |
| | വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധന സഹായം | 0 | 240000 | 240000 | 240000 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 1600000 | 5407500 | 7007500 | 5207500 | 1800000 |
| | ജില്ലാ പഞ്ചായത്ത് | 0 | 4468465 | 4468465 | 3331223 | 1137242 |
| | മറ്റ് ഗ്രാമ പഞ്ചായത്ത് | 624400 | 0 | 624400 | 0 | 624400 |
| തനത് ഫണ്ട് | ഒറ്റപ്പാലം സർവീസ് കോഓപ്പറേറ്റിവ് ബാങ്ക് അക്കൗണ്ട് | 20316139 | 12807779 | 33123918 | 7236569 | 25887349 |
| | ബാങ്ക് അക്കൗണ്ട് (Online) | 294203 | 19109243 | 19403446 | 17731009 | 1672437 |
| | ട്രഷറി അക്കൗണ്ട് | 1733279 | 30400362 | 32133641 | 12558375 | 19575266 |
| കേരളോത്സവം | ,, | 0 | 20000 | 20000 | 20000 | 0 |
| ജലനിധി | ,, | 4390156 | 33177195 | 37567351 | 21996689 | 15570662 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 222 | 141330585 | 143 | 73238015 | - | 79 | 64.41% |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 64.41% എണ്ണം തൻവർഷം നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 51.82% ചെലവഴിച്ചിട്ടുള്ളൂ.

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 7980710 | 6827260 | 85.54 |
| വി.ഇ.ഒ | 17 | 10 | 63359530 | 31847027 | 50.26 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 13 | 10 | 4807325 | 3417321 | 71 |
| സെക്രട്ടറി | 33 | 17 | 14566674 | 6483917 | 44.51 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 122 | 70 | 40041810 | 16205920 | 40.47 |
| മെഡിക്കൽ ഓഫീസർ-CHC | 6 | 6 | 725000 | 681628 | 94 |
| മെഡിക്കൽ ഓഫീസർ -ആയുർവേദം | 3 | 3 | 4740000 | 4740000 | 100 |
| മെഡിക്കൽ ഓഫീസർ- ഹോമിയോ | 3 | 3 | 310000 | 310000 | 100 |
| വെറ്ററിനറി സർജ്ജൻ | 6 | 5 | 2901500 | 848000 | 29.22 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 100000 | 100000 | 100 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 600000 | 600000 | 100 |
| പ്രധാന അധ്യാപകൻ | 8 | 8 | 3113856 | 3099934 | 99.55 |
| അസി.സെക്രട്ടറി | 5 | 5 | 2354180 | 2347008 | 99.69 |
| [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] |

| ആകെ | 222 | 143 | 141330585 | 73238015 | 51.82 |
|---|---|---|---|---|---|

യഥാസമയം എഗ്രിമെന്റ് വെക്കാതിരിക്കൽ, സ്ഥല ലഭ്യത ഉറപ്പാക്കാതിരിക്കൽ, പദ്ധതി പ്രദേശത്തെ തടസ്സങ്ങൾ, ഗുണഭോക്താക്കളെ യഥാസമയം കണ്ടെത്താതിരിക്കൽ, പ്രവൃത്തി സ്ഥലത്തേക്കുള്ള ഗതാഗത സൗകര്യത്തിന്റെ അഭാവം എന്നിവ മൂലം പദ്ധതി നിർവ്വഹണത്തിൽ കാലതാമസം വന്നിട്ടുണ്ട്. ആവശ്യകത മുൻനിറുത്തി പദ്ധതി ആവിഷ്കരിക്കാത്തത് വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാൻഡിംഗ് കമ്മിറ്റികൾ എന്നിവരുടെ വീഴ്ചയാണ്. ആസൂത്രണസമിതിയും ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ആസൂത്രണസമിതി തൻവർഷം 2പ്രാവശ്യം മാത്രമേ യോഗം ചേർന്നിട്ടുള്ളൂ. പൊതുവായ പ്രൊജക്ട് നിർദ്ദേശങ്ങൾ മാത്രമേ നൽകുന്നതായി കാണുന്നുള്ളൂ. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് നടത്തുന്നതായി മിനിറ്റ്സ് പ്രകാരവും പ്രൊജക്ട് ഫയലുകൾ പ്രകാരവും ഇല്ല.

ആസൂത്രണ സമിതി,വർക്കിംഗ് ഗ്രൂപ്പുകൾ, സ്റ്റാൻഡിംഗ് കമ്മിറ്റികൾ, ഭരണസമിതി എന്നിവർ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യേണ്ടതും നിർവ്വഹണവേളയിൽ വരുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്. ഗുണഭോക്തൃ തിരഞ്ഞെടുപ്പ് സുതാര്യമാണെന്ന് ഭരണസമിതിയും അതാത് വർക്കിംഗ് ഗ്രൂപ്പുകളും ഉറപ്പാക്കേണ്ടതാണ്. പദ്ധതി നിർവ്വഹണ കലണ്ടർ അനുസരിച്ച് നടപടിക്രമങ്ങൾ സ്വീകരിച്ച് യഥാസമയം പദ്ധതി പൂർത്തീകരിച്ച് പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് നിർവ്വഹണാധികാരികളുടെ കൂട്ടായ പരിശ്രമം ഉണ്ടാകേണ്ടതാണ്. കൂടാതെ പൂർത്തീകരിച്ച പ്രൊജക്ടുകളിലൂടെ സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ നിഷ്ക്രിയാസ്തികളാക്കാതെ അവ ഏതാവശ്യത്തിനായാണോ നിർമ്മിക്കപ്പെട്ടത് ആ ലക്ഷ്യം കൈവരിക്കുന്നതിനായി തുടർ പ്രവർത്തനങ്ങൾ ആവിഷ്കരിക്കേണ്ടതാണ്.

# 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 42240 | 32 |
| കർഷകതൊഴിലാളി പെൻഷൻ | 6898500 | 537 |
| വിധവാപെൻഷൻ | 19659500 | 1586 |
| അവിവാഹിത പെൻഷൻ | 1717100 | 143 |
| വാർദ്ധക്യകാലപെൻഷൻ | 25240500 | 2067 |
| വികലാംഗപെൻഷൻ | 4629200 | 368 |
| വിവാഹ ധനസഹായം | 240000 | 8 |

# 1-7 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.12.2019 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ

സാന്നിധ്യത്തിൽ നടത്തി. 43824/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

# 1-8 മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാല യളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 29.7. 19 | 10/2019 | 25. 10.19 |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.10.10 മുതൽ 15.10.10 വരെ | 2005-06 മുതൽ 2009-10 വരെ | 18.11.10 |

# 1-9 ആഭ്യന്തര നിയന്ത്രണം

1.ഓഡിറ്റ് സർട്ടിഫിക്കേഷനിൽ നിർദ്ദേശിച്ചിരുന്ന അപാകതകൾ പൂർണ്ണമായും പരിഹരിച്ചിട്ടില്ല.

2. ആസൂത്രണസമിതി 2018-19 ൽ ആകെ 2പ്രാവശ്യം മാത്രം യോഗം ചേർന്നിട്ടുള്ളൂ. പദ്ധതികൾ ശുപാർശ ചെയ്യുന്നതല്ലാതെ പദ്ധതി ആസൂത്രണം, രൂപീകരണം, നിർവ്വഹണം എന്നീ കാലയളവുകളിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതായി മിനിറ്റ്സ് പ്രകാരം ഇല്ല.

3. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി മോണിറ്ററിംഗ് നടത്തുന്നതായി മിനിറ്റ്സ് പ്രകാരം ഇല്ല.

4. പ്രൊക്യുർമെന്റ് കമ്മിറ്റി 2018-19 ൽ ആകെ 2പ്രാവശ്യം മാത്രം യോഗം ചേർന്നിട്ടുള്ളൂ. പഞ്ചായത്തിന്റെ തൻവർഷത്തെ നിർവ്വഹണോദ്യോഗസ്ഥർ ഉൾപ്പടെയുള്ളവർ നടത്തിയിട്ടുള്ള സേവനങ്ങളുടേയും വാങ്ങലുകളുടേയും ടെണ്ടറുകൾ ഓരോന്നും കമ്മിറ്റി പരിശോധിച്ച് അംഗീകരിച്ചിട്ടില്ല. ഈ വർഷത്തെ ടെണ്ടറുകൾ എല്ലാ വാങ്ങലുകളുടെയും ടെണ്ടറുകൾ അംഗീകരിക്കുന്ന എന്ന പൊതുവായ ഒറ്റ തീരുമാനം മാത്രമാണുള്ളത്.

5. പഞ്ചായത്തിൽ ജലനിധി മുഖേനയുള്ള കുടിവെള്ള പദ്ധതികളുടെ ഭാഗമായി ആർജ്ജിച്ചിട്ടുള്ള ആസ്തികൾ പഞ്ചായത്തിനും ഉടമസ്ഥാവകാശമുള്ളത് ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്.

6. പഞ്ചായത്തും കൈമാറ്റം ചെയ്തിട്ടുള്ള സ്ഥാപനങ്ങളും വാങ്ങി ഉപയോഗിക്കുന്ന കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവക്കു മാത്രമായി സ്റ്റോക്കുരജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

7. ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

# 1-10 വാർഷിക കണക്കുകകളിലെ അപാകതകൾ

ഓഡിറ്റ് സാക്ഷ്യപത്രത്തിൽ സൂചിപ്പിച്ചിട്ടുള്ള വാർഷിക കണക്കുകകളിലെ അപാകതകൾ നാളിതുവരെ പരിഹരിച്ചിട്ടില്ല

# 1-11 ബഡ്ജറ്റ് നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, വകുപ്പ് 214ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പ് പ്രകാരമുള്ള വികസന പദ്ധതി ചെലവ് ഉൾപ്പടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15-ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ, സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. വകുപ്പ് 214 ഉപവകുപ്പ് 1(എ)(1) പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മേൽപ്പറഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഒരു ബഡ്ജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യത്തെ ആഴ്ച കഴിയുന്നതിനു മുമ്പ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കേണ്ടതുമാണ്. ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിൽ 2018-19 വർഷത്തെ ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ബജറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായി ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനായി ഡിസംബർ 15 നു മുമ്പ് യോഗം വിളിച്ചുചേർക്കണമെന്ന സമയക്രമം പാലിച്ചിട്ടില്ല. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ജനുവരി 22 നു മുമ്പ് വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ യോഗം വിളിച്ചു ചേർത്തിട്ടില്ല. ഉദ്യോഗസ്ഥരിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്യുകയോ തീരുമാനമെടുക്കുകയോ ചെയ്തതായി കാണുന്നില്ല. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിച്ച പദ്ധതിയേതര നിർദ്ദേശങ്ങൾ സ്റ്റാന്റിംഗ് ചെയർമാൻമാർ ഫെബ്രുവരി ഒന്നിന് മുമ്പ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല. ബജറ്റ് രൂപീകരണം സംബന്ധിച്ച് പാലിക്കേണ്ട നടപടി/ സമയക്രമങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഘടകസ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചുചേർക്കേണ്ടതും പദ്ധതിയേതരനിർദ്ദേശങ്ങൾ ആവശ്യപ്പെടേണ്ടതും | ഡിസംബർ 15 ന് മുൻപ് |
| ഘടകസ്ഥാപന മേധാവികൾ പദ്ധതിയേതര നിർദ്ദേശങ്ങൾ | ജനുവരി 15 |

| | |
|---|---|
| സമർപ്പിക്കേണ്ടത് | ന് മുൻപ് |
| സ്റ്റാന്റിംഗ് കമ്മിറ്റികൾ എസ്റ്റിമേറ്റും നിർദ്ദേശങ്ങളും ചർച്ചചെയ്യേണ്ടത് | ജനുവരി 22 ന് മുൻപ് |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് എസ്റ്റിമേറ്റുകൾ സമർപ്പിക്കേണ്ടത് | ഫെബ്രുവരി 1 ന് മുൻപ് |
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിപദ്ധതി-പദ്ധതിയേതര നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് കരട് ബജറ്റ് തയ്യാറാക്കേണ്ടത് | മാർച്ച് 1 ന് മുൻപ് |
| കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം പ്രസിഡന്റ് വിളിച്ചുചേർക്കേണ്ടത് | മാർച്ച് 7 ന് മുൻപ് |
| ബഡ്ജറ്റ് അംഗീകരിക്കേണ്ടത് | മാർച്ച് 31 ന് മുൻപ് |

കേരളത്തിലെ പഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാനുവലിലെ (സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരം) മാർഗ്ഗനിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ബഡ്ജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ പൂർണ്ണമായും പാലിച്ചിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. നടപടിക്രമങ്ങൾ പാലിക്കാത്തത് യഥാർത്ഥത്തിൽ ആവശ്യമായ തുക വാർഷിക ബജറ്റിൽ വകയിരുത്താതെ പോകുന്നതിന് ഇടയാക്കുമെന്നകാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ബഡ്ജറ്റ് നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-12 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ് .

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 282(1) അനുസരിച്ച് മൂന്ന് വർഷം കാലാവധി കഴിഞ്ഞിട്ടും തിരികെ നൽകാത്ത ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം താഴെ പറയുന്ന ഡെപ്പോസിറ്റ് തുകകൾ മൂന്ന് വർഷം കഴിഞ്ഞതായി കാണുന്നു. ഈ തുകകളെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്.

| ക്രമ നം | ഇനം | 2014-15 | 2015-16 | ആകെ |
|---|---|---|---|---|
| 1 | കോൺട്രാക്ടേഴ്സ് ഇ എം ഡി | 24600 | 18100 | 42700 |
| 2 | ബിഡ്ഡേഴ്സ് ഇ എം ഡി | 18750 | - | 18750 |
| 3 | കോൺട്രാക്ടേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 3150 | - | 3150 |
| | | | | |

| | | | | |
|---|---|---|---|---|
| 4 | ബിഡ്ഡേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 1875 | - | 1875 |
| 5 | ഹാളുകൾക്കും ഓഡിറ്റോറിയത്തിനും ലഭിച്ച ഡെപ്പോസിറ്റ് | 6500 | 11000 | 17500 |
| | ആകെ | 54875 | 29100 | 83975 |

ബി)<u>ഡെപ്പോസിറ്റ് രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.</u>

ഡെപ്പോസിറ്റ് രജിസ്റ്ററിൽ സക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല. മേൽവിഷയം വാർഷിക റിപ്പോർട്ടിന്റെ പരിശോധനയിൽ സൂചിപ്പിച്ചിരുന്നുവെങ്കിലും ഇതുവരെയും സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല. മേൽ അപാകത പരിഹരിക്കേണ്ടതാണ്.

# 1-13 സേവന ഉപനികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വപരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.

2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.

3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക.

4. ഡ്രൈനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.

ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.

# 1-14 ഡി&ഒ ലൈസൻസ് - ഭേദഗതി ചട്ടങ്ങൾ പ്രകാരമുള്ള ഫീ ഈടാക്കേണ്ടതാണ്

എ)ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് - പുതുക്കിയ ചട്ടങ്ങൾ അനുസരിച്ചുള്ള നടപടികൾ

31.10.2017 ലെ ജി.ഒ (പി) നം 80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ.നം.674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. 2017 ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, 1996 എന്ന് പുനർ നാമകരണം ചെയ്തിട്ടുണ്ട്.

ഭേദഗതിക്കു മുമ്പ്, ചട്ടം 10 ലെ പട്ടിക രണ്ട് പ്രകാരം വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനങ്ങളുടെ പരമാവധി ലൈസൻസ് ഫീസ് ഈടാക്കിയിരുന്നത്. ഭേദഗതി ചട്ടങ്ങൾ അനുസരിച്ച് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നീ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കേണ്ടതാണ്.

| ക്രമ നം. | വ്യവസായസ്ഥാപനത്തിന്റെ തരം | ചുമത്താവുന്ന പരമാവധി തുക |
|---|---|---|
| 1 | മൈക്രോ | 500/- |
| 2 | മിനി | 1000/- |
| 3 | സ്മാൾ | 5000/- |
| 4 | മീഡിയം | 10000/- |
| 5 | ലാർജ്ജ് | 15000/- |

ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ വിറ്റ് വരവിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീ കണക്കാക്കിയിരിക്കുന്നത്. പുതുക്കിയ ലൈസൻസ് ഫീസ് ഈടാക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി) പഞ്ചായത്ത് പരിധിയിലെ റേഷൻ ഡിപ്പോകൾ, അബ്കാരി ഷോപ്പുകൾ ലൈസൻസ് എടുത്തിട്ടില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ (നിലവിൽ 1996 ലെ കേരള പഞ്ചായത്ത് രാജ്

(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തന ങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ) പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻകടകൾക്കും ക്രമ നം 139 പ്രകാരം അബ്കാരി ഷോപ്പുകൾക്കും പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. എന്നാൽ ലക്കിടി പേരൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളും അബ്കാരി ഷോപ്പുകളും ലൈസൻസ് എടുത്തിട്ടില്ലെന്ന് ലൈസൻസ് രജിസ്റ്റർ പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.മേൽ സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്.

ബി)ക്ഷീര സഹകരണ സംഘങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

പഞ്ചായത്ത് പരിധിയിൽ 5 ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും 2 എണ്ണം മാത്രമേ ലൈസൻസ് എടുത്തിട്ടുള്ളൂ. 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ (നിലവിൽ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ) പട്ടിക ഒന്നിലെ ക്രമ നം. 132 പ്രകാരം ക്ഷീര സഹകരണ സംഘങ്ങൾക്ക് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ക്ഷീര സഹകരണ സംഘങ്ങളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

1.ഈങ്ങോറ ക്ഷീര സഹകരണ സംഘം

2.അകലൂർ കുന്ന് ക്ഷീര സഹകരണ സംഘം

3.മിത്രാനന്ദപുരം ക്ഷീര സഹകരണ സംഘം

ടി സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

സി)<u>ഫാമുകളെ ലൈവ് സ്റ്റോക്ക് ലൈസൻസ് പരിധിയിൽ കൊണ്ടു വരേണ്ടതാണ്.</u>

കേരളാ പഞ്ചായത്ത് രാജ് ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് ചട്ടങ്ങൾ 2012 ,ചട്ടം 3,ഉപചട്ടം (1)ൽ പറഞ്ഞതിനേക്കാൾ കൂടുതൽ എണ്ണം മൃഗങ്ങളേയോ പക്ഷികളേയോ വളർത്തുന്ന ലൈവ് സ്റ്റോക്ക് ഫാം സ്ഥാപിക്കുവാനോ നടത്തിക്കൊണ്ടു പോകുവാനോ ഉപചട്ടം (2) പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് ആവശ്യമാണ്. ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം താഴെ പറയുന്ന കോഴി ഫാമുകൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്.

| ക്രമ നം | ലൈസൻസി | വാർഡ് / കെട്ടിട നം | ഫാം |
|---|---|---|---|
| 1 | ശാന്തകുമാരൻ, ഇരുളിൽ കാട്ടിൽ, അകലൂർ | 11/492 | കോഴി ഫാം |
| 2 | സുരേഷ് ബാബു, ഇരുളിൽ കാട്ടിൽ, അകലൂർ | 11/492 | കോഴി ഫാം |

| | | | |
|---|---|---|---|
| 3 | ജലജ പ്രഭാകരൻ, പെരുംപറമ്പിൽ, പേരൂർ | 9/516 | കോഴി ഫാം |
| 4 | ശ്രീധരൻ, പെരുംപറമ്പിൽ, പേരൂർ | 9/431 | കോഴി ഫാം |

ടി ഫാമുകളെ ലൈവ്സ്റ്റോക്ക് ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതും ബാധകമായ ലൈസൻസ് ഫീ ഈടാക്കേണ്ടതുമാണ്.

(ഡി) ലൈസൻസ് അനുവദിക്കുമ്പോൾ ഉറവിട മാലിന്യ സംസ്കരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്

സ.ഉ(സാധാ)നം.2511/2017/തസ്വഭവ തിയതി 22.07.2017 പ്രകാരം ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്യാണ മണ്ഡപങ്ങൾ, ഹാളുകൾ, ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സിനിമാ തിയറ്ററുകൾ, വസ്ത്രശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റ്, പച്ചക്കറി-പഴം വിപണന കടകൾ, മത്സ്യം, മാസം എന്നിവ വിൽക്കുന്ന കടകൾ, കാന്റീനുകൾ, എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിനും അത്തരത്തിൽ സംവിധാനം ഏർപ്പെടുത്താത്ത സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിരുന്നു. ജൈവ, അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കി മാത്രമേ ലൈസൻസ് അനുവദിക്കാവൂ എന്നും അജൈവ മാലിന്യങ്ങൾ നിശ്ചിത ഫീസ് ഈടാക്കി തദ്ദേശ സ്ഥാപനത്തിന് ശേഖരിക്കാവുന്നതാണെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 219A മുതൽ 219X വരെയുള്ള വകുപ്പുകൾ, കേന്ദ്ര സർക്കാരിന്റെ സോളിഡ് വേസ്റ്റ് ചട്ടങ്ങൾ, 2016 ലെ ചട്ടം 4 എന്നിവ നടപ്പാക്കുന്നുണ്ടെന്ന് സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണും സർക്കാർ നിർദ്ദേശിച്ചിരുന്നു. ലൈസൻസ് അനുവദിക്കുമ്പോൾ നിർദ്ദേശം പാലിച്ചതായി കാണുന്നില്ല . മേൽ അപാകത പരിഹരിക്കേണ്ടതാണ്.

# 1-15 ലേലം രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

2018-19 വാർഷിക ധനകാര്യ പത്രിക പ്രകാരം പഞ്ചായത്തിന്റെ പഴയ വസ്തുവകകൾ ലേലം ചെയ്ത ഇനത്തിൽ 20650/- രൂപയുടെ വരവുണ്ട്. എന്നാൽ ലേലത്തിനായി പ്രത്യേകം

രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ലേലത്തിന്റെ വിശദാംശങ്ങൾ ചേർക്കുന്നതിനായി രജിസ്റ്റർ സൂക്ഷിക്കേണ്ടതും വരവ് കുടിശ്ശിക എന്നിവ സംബന്ധിച്ച സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. മേൽ അപാകത പരിഹരിക്കേണ്ടതാണ്.

# 1-16 തൊഴിൽ നികുതി- നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

2018-19 വർഷത്തെ രണ്ട് അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ്, പിരിവ്, രേഖകളുടെ സൂക്ഷിപ്പ് എന്നിവ വിലയിരുത്തുന്നതിനായി ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചുവരുന്ന സ്ഥാപനങ്ങളുടെ പട്ടിക, റിട്ടേണുകൾ, ഡിമാന്റ് രജിസ്റ്റർ മുതലായ രേഖകൾ പരിശോധിക്കുവാൻ ലക്ഷ്യമിടുകയും ആവശ്യമായ പരിശോധന നടത്തുകയും ചെയ്തു. പരിശോധനയുടെ വിവരം താഴെ ചേർക്കുന്നു.

എ) സ്ഥാപന രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി)ചട്ടങ്ങളിലെ ചട്ടം 18(2) പ്രകാരം തൊഴിൽ നികുതി ഡിമാന്റ് ചെയ്തതിന്റെ പുരോഗതി വിലയിരുത്തുന്നതിനും പഞ്ചായത്തിന്റെ അധീനതയിലുള്ള എല്ലാ സ്ഥാപനങ്ങളും തൊഴിൽ നികുതി അടവാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും 5-ാം നമ്പർ ഫോറത്തിലുള്ള ഒരു രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതുണ്ട്. ചട്ടം 18(3) പ്രകാരം 5-ാം നമ്പർ ഫോറത്തിന്റെ പകർപ്പ് ഓഫീസ് തലവനോ തൊഴിലുടമയ്ക്കോ നൽകേണ്ടതുമാണ്. നിലവിൽ സ്ഥാപനങ്ങളുടേ പേര് ഉൾപ്പെടുന്ന ഒരു ലിസ്റ്റ് ഡിമാന്റ് രജിസ്റ്ററിന്റെ ആദ്യഭാഗത്ത് ഉൾപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. ചട്ടപ്രകാരമുള്ള രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

ബി)പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്നു കാണുന്നു. ടി സ്ഥാപനങ്ങളെ സ്ഥാപന രജിസ്റ്ററിൽ ചേർക്കേണ്ടതും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

| ക്രമ നം | സ്ഥാപനം | ജീവനക്കാരുടെ എണ്ണം | വാർഡ്/ കെട്ടിട നം | അർദ്ധ വർഷം |
|---|---|---|---|---|
| 1 | എ എം വിങ്സ് 2 വീലേഴ്സ് | 9 | 6/609 | 1&2 |
| 2 | ആൽകെമിസ്റ്റ് | 5 | 7/33 | 1&2 |

| | | | | |
|---|---|---|---|---|
| 3 | അന്ന ഓഫ്സെറ്റ് പ്രസ്സ് | 3 | 18/14 | 1&2 |
| 4 | മൈന്റ് കെയർ റീഹാബിലേഷൻ സെന്റർ | 6 | 13/334 | 1&2 |
| 5 | ആൽക്ക വാഷിങ് സോപ്പ് | 3 | 9/554 | 1&2 |
| 6 | വേദ ഗ്രൂപ്പ് | 4 | 16/71 | 1&2 |
| 7 | 90 ഡിഗ്രി അഡ്വർട്ടൈസിങ് | 3 | 4/49,50 | 1&2 |
| 8 | ഐശ്വര്യ സിൽക്ക്സ് | 9 | 18/4 | 1&2 |
| 9 | ഡോ.ഷനാസ് കംപ്ലീറ്റ് ഡെന്റർ കെയർ | 3 | 6/171 | 1&2 |
| 10 | മംഗലം ബ്രിക്സ് | 7 | 14/533 | 1&2 |
| 11 | കൃഷ്ണ മെറ്റൽ വർക്ക് | 5 | 15/405 | 1&2 |
| 12 | എ എം ഫ്ലോറിങ്സ്&സാനിട്ടറി | 4 | 6/535 | 1&2 |
| 13 | എം കെ മുഹമ്മദാലി ഫ്യൂവൽസ് | 5 | 4/254 | 1&2 |
| 14 | മണിയത്ത് ആയുർവേദിക് സെന്റർ | 4 | 10/212 | 1&2 |
| 15 | ഓഷ്യേൻ ഫാബ്രിക്സ് | 7 | 9/511 | 1&2 |
| 16 | യുണിറ്റഡ് ഡിജിറ്റൽ സേവാ കേന്ദ്രം | 4 | 13/378 | 1&2 |
| 17 | അരോമ ഫുഡ് പ്രൊഡക്ട്സ് | 8 | 11/128 | 1&2 |
| 18 | ഹൈടെക് ഫുഡ് പ്രൊഡക്റ്റ്സ് | 8 | 11/215 | 1&2 |
| 19 | കളേഴ്സ് അഡ്വർടൈസിങ് | 4 | 14/666 | 1&2 |
| 20 | വെസ്റ്റേൺ സ്റ്റീൽ | 5 | 3/118 | 1&2 |
| 21 | വൈറ്റ് ഡെന്റൽ കെയർ | 3 | 13/330 | 1&2 |
| 22 | ഭാരത് സോമിൽ& ഭാരത് ഇൻഡസ്ട്രീസ് | 20 | 14/687, 688 | 1&2 |
| 23 | മദർവുഡ് ഇൻഡസ്ട്രീസ് | 17 | 13/330 | 1&2 |
| 24 | ബാലചന്ദ്ര മാച്ച് ഇൻഡസ്ട്രീസ് | 5 | 15/366 | 1&2 |
| 25 | കെ കെ എം ഹാർഡ് വെയേഴ്സ് | 5 | 4/182 | 1&2 |

| | | | | |
|---|---|---|---|---|
| 26 | ഗ്രാന്റ് മോട്ടോഴ്സ് | 4 | 6/675 | 1&2 |
| 27 | വി വൺ സൂപ്പർ മാർക്കറ്റ് | 7 | 4/126 | 1&2 |
| 28 | സ്പന്ദന മൂർത്തി ഫിനാൻഷ്യൽ ലിമിറ്റഡ് | - | - | 2 |
| 29 | കൊ ഓപ്പറേറ്റീവ് അർബൻ ബാങ്ക്, ലക്കിടി | - | - | 2 |

സി)സ്ഥാപനതൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

ബി എസ് എൻ എൽ സ്ഥാപനങ്ങളെ സ്ഥാപന തൊഴിൽ നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടില്ലാത്തതാകുന്നു. ഡബ്ല്യൂ.പി.സി 16670/06നം കേസിന്റെ അന്തിമ വിധിയിൽ സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം ബഹു.കേരള ഹൈക്കോടതി തള്ളിയിട്ടുണ്ട്. ആയതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനത്തിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

ഡി)ക്ഷീരോൽപ്പാദക സഹകരണ സംഘം, റേഷൻ കടകൾ തുടങ്ങിയവയുടെ സ്ഥാപനതൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കേണ്ടതാണ് .

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ക്ഷീര സഹകരണ സംഘങ്ങൾ, റേഷൻ കടകൾ തുടങ്ങിയ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി എന്നിവ ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. ക്ഷീര സഹകരണ സംഘങ്ങളെ സ്ഥാപന രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഇ)കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

പഞ്ചായത്തുമായി 2018-19 സാമ്പത്തിക വർഷത്തിൽ മരാമത്ത് പ്രവർത്തികൾക്കായി കരാറിൽ ഏർപ്പെട്ടിട്ടുള്ള കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. കരാറുകാരിൽ നിന്നുള്ള തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

എഫ്)ജലനിധി ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്

ജലനിധി പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പമ്പ് ഓപ്പറേറ്റർമാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. പമ്പ് ഓപ്പറേറ്റർമാരുൾപ്പെടെ ജലനിധിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാ ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-17 വാടക സംബന്ധിച്ച അപാകതകൾ പരിഹരിക്കേണ്ടതാണ്.

ബൈലോ ലഭ്യമായിട്ടില്ല

പഞ്ചായത്ത് ഓഡിറ്റോറിയം സംബന്ധിച്ച വാടക ബൈലോ ബഹു.പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരത്തിനായി(പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം) 29.12.18 ൽ അയക്കുകയും അനുബന്ധരേഖകളുടെ അഭാവം മൂലം 22.1.19 ന് പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ തിരിച്ചയക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് യാതൊരു തുടർനടപടികളും സ്വീകരിച്ചതായി കാണുന്നില്ല. തുടർ നടപടികൾ സ്വീകരിക്കേണ്ടതും ബൈലോ ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

രജിസ്റ്റർ- വാടക ഈടാക്കിയതിന്റെ വിശദാംശങ്ങൾ ചേർക്കേണ്ടതാണ്.

ഡിമാന്റ് രജിസ്റ്ററിൽ പലയിടങ്ങളിലും വാടക ഈടാക്കിയതിന്റെ വിവരങ്ങൾ ചേർത്തിട്ടില്ല. ആയതിനാൽ വാടക ഈടാക്കിയതിന്റെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. അതുപോലെ 2018-19 സാമ്പത്തിക വർഷത്തെ കളക്ഷന്റേയും കുടിശ്ശികയുടെയും വിവരങ്ങൾ എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല. മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

# 1-18 വസ്തുനികുതി- അപാകതകൾ പരിഹരിക്കേണ്ടതാണ്.

എ) 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന താഴെ പറയുന്ന കെട്ടിടത്തിന്റെ വസ്തു നികുതി 100 ച.മീ കുറവുള്ള വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കെട്ടിടങ്ങളുടെ നിരക്കിൽ നിർണ്ണയിച്ചിരിക്കുന്നു.

1)കെട്ടിട നം 16/71 (ബാബു ശങ്കർ, അപ്പേക്കാട്ട്, ലെക്കിടി) 2018-19 സാമ്പത്തിക വർഷത്തിൽ ഒക്യുപൻസി കൊമേഴ്സ്യൽ ഇനത്തിലുള്ള കെട്ടിടങ്ങളുടേതാക്കി മാറ്റി റെഗുലറൈസ് ചെയ്തിട്ടുള്ളതാണ്. 113.57 ച.മീ വിസ്തീർണ്ണമുള്ള ടി കെട്ടിടത്തിന് 100 ച.മീറ്ററിൽ കുറവുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി നിരക്കായ 45/- രൂപ/ച.മീ ആണ് വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ളത്. ടി കെട്ടിടത്തിന് ബാധകമായ 60/- രൂപ/ച.മീ നിരക്കിലാണ് വസ്തുനികുതി നിർണ്ണയിക്കേണ്ടിയിരിക്കുന്നത്.

2)

| ഉടമസ്ഥന്റെ പേര് | വാർഡ് നമ്പരും കെട്ടിട നമ്പരും | കെട്ടിടത്തിന്റ വിസ്തൃതി (ച.മീ.) | നിർണയിച്ച നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (ച.മീ.ന് 45 രൂപാ നിരക്കിൽ) | നിർണ്ണയിക്കേണ്ട നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (ച.മീ.ന് 60 രൂപ നിരക്കിൽ) | കുറവ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| സൈദു മുഹമ്മദ്& അസ്സനാർ<br>പടിപ്പുരക്കാട്ടിൽ ഹൗസ്, പത്തിരിപ്പാല | 6/349-A | 136.46 | അടിസ്ഥാന നികുതി-136.46*45=6140.7<br>വർദ്ധനവ്-614.07(10%)<br>ആകെ-6755<br>ലൈബ്രറി സെസ്-338<br>ആകെ-7093 | അടിസ്ഥാന നികുതി-136.46*60= 8187.6<br>വർദ്ധനവ്-818.76(10%)<br>ആകെ-9007<br>ലൈബ്രറി സെസ്-431<br>ആകെ-9438 | 2345 |
| | | | ആകെ കുറവ് | | 2345 |

മേൽ പ്രസ്താവിച്ച രണ്ട് കെട്ടിടങ്ങളുടെയും നികുതി നിർണ്ണയത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ബി)ഉപയോഗക്രമത്തിന് അനുസരിച്ച് വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല/പരിഷ്കരിച്ചിട്ടില്ല

പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾക്ക് ഗാർഹികാവശ്യത്തിന് എന്ന നിരക്കിലുള്ള വസ്തുനികുതിയാണ് നിർണ്ണയിച്ചിട്ടുള്ളത്. ഉപയോഗക്രമം മാറുന്നതിനനുസരിച്ച് വസ്തുനികുതി പുനർനിർണ്ണയിച്ചതായി കാണുന്നില്ല. മേൽ കെട്ടിടങ്ങൾക്ക് 2019-20 ൽ ലൈസൻസ് നൽകിയിട്ടില്ല എന്നാണ് ഓഡിറ്റ് അന്വേഷണം 17 ന് മറുപടിയായി അറിയിച്ചിട്ടുള്ളത്. മേൽ വിഷയം പരിശോധിക്കേണ്ടതും നികുതി നിർണ്ണയത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതുമാണ്.

| ക്രമ നം | അപേക്ഷകന്റെ പേര് | വാർഡ്/ കെട്ടിട നം | നികുതി നിർണ്ണയിച്ച തരം | ഉപയോഗ ക്രമം |
|---|---|---|---|---|
| 1 | സുധാകരൻ | 12/182 | ഗാർഹികം | ബേക്കറി മെഷീൻ സ്റ്റോക്ക് വിൽപ്പന |
| 2 | ശോഭന രാജേന്ദ്രപ്രസാദ് | 14/533 | സഞ്ചയയിൽ ലഭ്യമല്ല | ഹോളോബ്രിക്സ് നിർമ്മാണം |
| 3 | വിനോദ് | 15/43 | ഗാർഹികം | ഗ്രേറ്റ്, ഗ്രിൽ നിർമ്മാണം |

സി)വിമുക്ത ഭടന്മാരുടെ ഭവനങ്ങൾക്ക് ബാധകമായ വസ്തുനികുതി ഈടാക്കിയിട്ടില്ല

സ.ഉ(കൈ).106/17/തസ്വഭവ, തീ.26.05.2017 പ്രകാരം 2000 sq.feet(185m$^2$) ൽ കൂടുതൽ തറവിസ്തീർണ്ണമുള്ള വിമുക്ത ഭടൻമാരുടെ വീടുകൾക്ക് 2000 sq.feet കഴിഞ്ഞുള്ള അധിക തറവിസ്തീർണ്ണത്തിന് അതത് കാലത്ത് ബാധകമായ നികുതി നിർണ്ണയിക്കേണ്ടതാണ്. സഞ്ചയ സോഫ്റ്റ് വെയർ , വിമുക്ത ഭടന്മാരുടെ ഭവനങ്ങളുടെ വസ്തു നികുതി ഇളവുനൽകിയ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ 2000 ച അടിക്ക് മുകളിൽ തറവിസ്തീർണ്ണമുള്ള താഴെ പറയുന്ന വിമുക്ത ഭടൻമാരുടെ കെട്ടിടങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കിയതായി കാണുന്നു. വിമുക്ത ഭടന്മാരുടെ ഭവനങ്ങളുടെ വസ്തു നികുതി ഇളവുനൽകിയ രജിസ്റ്ററിൽ കെട്ടിടങ്ങളുടെ വിസ്തീർണ്ണം കൂടി ചേർക്കേണ്ടതാണ്.

| വാർഡ്/കെട്ടിട നം | കെട്ടിട ഉടമയുടെ പേര് | തറവിസ്തീർണ്ണം |
|---|---|---|
| 5/19 | ഷിഹാബുദ്ദീൻ തങ്ങൾ, പള്ളിക്കൽ ഹൗസ്, പഴയ ലെക്കിടി | 2153 ച.അടി(200 ച.മീ) |
| 15/220 | കമലാക്ഷി നായർ, ജ്യോതി നിവാസ്, ലെക്കിടി | 2486 ച.അടി(231 ച.മീ) |

5/19 കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം 2016 മുതൽ ഷിഹാബുദ്ദീൻ, പള്ളിക്കൽ എന്നയാളുടെ പേർക്ക് മാറ്റിയിട്ടുണ്ടെന്നും കെട്ടിട നം 15/220 കെട്ടിടത്തിന്റെ വസ്തു നികുതി 2016-17 മുതൽ ഈടാക്കുന്നുണ്ടെന്നുമാണ് ഓഡിറ്റ് അന്വേഷണം 33 ന് മറുടിയായി അറിയിച്ചിട്ടുള്ളത്. എന്നാൽ ടി കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ചതിന്റെ വിവരങ്ങൾ സഞ്ചയയിൽ ലഭ്യമല്ല. ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതും ടി കെട്ടിടങ്ങൾക്ക് ബാധകമായ വസ്തു നികുതി കുടിശ്ശികയടക്കം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ താഴെ പറയുന്ന തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1) 2018-19 വർഷത്തിൽ നികുതി ഇളവ് നൽകിയ വിമുക്ത ഭടൻമാരുടെയോ അവരുടെ ഭാര്യ/ വിധവ അല്ലെങ്കിൽ ഏറ്റുമുട്ടലിൽ അംഗവൈകല്യം സംഭവിച്ച ജവാൻ/ അവരുടെ വിധവ എന്നിവരിൽ നിന്നുള്ള, സർക്കാർ ഉത്തരവ് (കൈ) 106/2017 / ത.സ്വ,ഭ.വ തീ 26.5.2017 ഖണ്ഡിക 3 ലെ വ്യവസ്ഥ അനുസരിച്ച്,ഖണ്ഡിക 4 ലെ മാതൃക അനുസരിച്ചുള്ള 2018 മാർച്ച് 31 ന മുമ്പായി സമർപ്പിക്കേണ്ട സാക്ഷ്യപത്രങ്ങൾ,വസ്തു നികുതി ഇളവ് അനുവദിക്കുന്നത് സംബന്ധിച്ചുള്ള പ്രത്യേക രജിസ്റ്റർ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല .ഇവ ലഭ്യമാക്കേണ്ടതാണ്.

2) നികുതി ഇളവ് അനുവദിക്കുന്ന വിവരം വിമുക്ത ഭടന്റെ ഡിസ്ചാർജ്ജ് സർട്ടിഫിക്കേറ്റിലോ, സർവീസ് രേഖയിലോ രേഖപ്പെടുത്തി മുദ്ര വെച്ച് നൽകുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി ഫയൽ സൂക്ഷിക്കേണ്ടതാണ്.

3) സർക്കാർ ഉത്തരവ് (കൈ) 106/2017 / ത.സ്വ,ഭ.വ തീ 26.5.2017 നിർദ്ദേശം 1 പ്രകാരം വിമുക്ത ഭടൻമാന്മാർ, അവരുടെ ഭാര്യ/ വിധവ അല്ലെങ്കിൽ ഏറ്റുമുട്ടലിൽ അംഗവൈകല്യം സംഭവിച്ച ജവാൻ/ അവരുടെ വിധവ ഒഴികെയുള്ള അനർഹരായവർ (പാരാ മിലിട്ടറി സർവ്വീസ് മുതലായവ) ഇളവ് നൽകുന്ന പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവരെ നീക്കം ചെയ്യുന്നതിനും, നികുതി ചുമത്തുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

4) നികുതി ഇളവ് അനുവദിക്കുന്ന ഭവനങ്ങളുടെ ആകെ വിസ്തീർണ്ണം 2000 ച.അടിയിൽ കൂടുതൽ ഇല്ലെന്ന് ഫീൽഡ് തല പരിശോധന നടത്തി ഉറപ്പുവരുത്തേണ്ടതും, കൂട്ടിചേർക്കലുകൾ മറ്റും വരുത്തി 2000 ച.അടി അധികരിച്ചിട്ടുണ്ടെങ്കിൽ ആയതിന് നികുതി ചുമത്തേണ്ടതുമാണ്.

# 1-19 വെള്ളക്കരം- ഡിമാന്റ്, ബാലൻസ് എന്നിവ സംബന്ധിച്ച കണക്കുകൾ ലഭ്യമല്ല

ലെക്കിടി പേരൂർ ഗ്രാമപഞ്ചായത്തിന്റെ2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം വെള്ളക്കരം ഇനത്തിലെ വരവ് 1,66,161/- രൂപയും കുടിവെള്ള പദ്ധതികൾ നടത്തിപ്പിനായുള്ള ചെലവ് 6,05,682/- രൂപയുമാണ്. എന്നാൽ വെള്ളക്കരം ഇനത്തിൽ പഞ്ചായത്തിന്റെ ഡിമാന്റ് തുകയെ പറ്റിയും കുടിശ്ശിക തുകയെപ്പറ്റിയുമുള്ള കണക്കുകൾ പഞ്ചായത്തിൽ ലഭ്യമല്ല. ലഭ്യമായ രജിസ്റ്ററുകൾ പരിശോധിച്ചതിൻ പ്രകാരം ഭൂരിഭാഗം ഗുണഭോക്താക്കളും 2013 ന ശേഷം വെള്ളക്കരം അടച്ചിട്ടില്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതു മൂലം വെള്ളക്കരം ഇനത്തിലുള്ള കുടിശ്ശിക തുക ലഭ്യമല്ല. കുടിവെള്ള പദ്ധതികളുടെ പരിപാലനം ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലകളിൽ ഉൾപ്പെടാത്തതിനാൽ കുടിവെള്ള പദ്ധതികൾക്കായി ഭീമമായ തുക ചെലവഴിക്കുന്നത്

പഞ്ചായത്തിന് ബാദ്ധ്യതയാണ്. അപാകതകൾ പരിഹരിച്ച് ഡിമാന്റ്, കുടിശ്ശിക എന്നിവ കണക്കാക്കി രജിസ്റ്റർ തയ്യാറാക്കേണ്ടതും കുടിശ്ശിക തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 1-20 ലെക്കിടി കിൻഫ്ര ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ പാർക്കിലെ കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കുന്നില്ല

ലെക്കിടി- പേരൂർ ഗ്രാമ പഞ്ചായത്ത് പ്രസിദ്ധീകരിച്ച പതിമൂന്നാം പഞ്ചവത്സര പദ്ധതി (2017-2022) " വികസന രേഖ" അധ്യായം 2 പേജ് 71 വികസനമേഖല-4 ൽ പ്രാദേശിക സാമ്പത്തിക വികസനം എന്ന ഖണ്ഡികയിൽ “സംസ്ഥാന സർക്കാരിന്റെ വ്യവസായ സംരഭമായ ലക്കിടി കിൻഫ്ര പാർക്കിന്റെ ബഹുഭൂരിഭാഗവും ഈ പഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നത്” എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. 1993ലെ കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ആക്ട് അനുസരിച്ച് രൂപീകൃതമായ സ്ഥാപനമാണ് കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കിൻഫ്ര) . സംസ്ഥാനത്ത് ലഭ്യമായ എല്ലാ വിഭവങ്ങളും ഒരുമിച്ച് കൊണ്ടുവരികയും സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ചയെ ശക്തിപ്പെടുത്തുന്നതിനായി, അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച്, വ്യവസായ വികസനത്തിനു വേണ്ടിയുള്ള പദ്ധതികൾ നടപ്പാക്കുകയാണ് കിൻഫ്രയുടെ ലക്ഷ്യം. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ 24 വ്യാവസായിക പാർക്കുകൾ കിൻഫ്ര സ്ഥാപിച്ചിട്ടുണ്ട്. ഇവയിൽ ലെക്കിടി- പേരൂർ ഗ്രാമ പഞ്ചായത്ത് 18-ാം വാർഡിൽ സ്ഥിതിചെയ്യുന്ന കിൻഫ്ര ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ പാർക്കും ഡിഫൻസ് പാർക്കും ഉൾപ്പെടുന്നു.

സർക്കാർ ഉത്തരവ് (പി) നമ്പർ 3/2016/വ്യവ. തീയ്യതി 2.01.2016 പ്രകാരം ഒറ്റപ്പാലം നഗരസഭയിലെയും, ലെക്കിടി- പേരൂർ 1 വില്ലേജിലുൾപ്പെടുന്നതും ലെക്കിടി- പേരൂർ ഗ്രാമ പഞ്ചായത്ത് 18-ാം വാർഡിൽ സ്ഥിതിചെയ്യുന്ന പ്രദേശങ്ങൾ ഉൾപ്പെടുത്തി "കിൻഫ്ര ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ പാർക്ക് ഒറ്റപ്പാലം വ്യവസായ പ്രദേശ ഏകജാലക ക്ലിയറൻസ് ബോർഡ് " രൂപീകരിച്ചിട്ടുണ്ട്. ലെക്കിടി- പേരൂർ ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള പ്രദേശങ്ങൾ താഴെ പറയുന്ന സർവേ നമ്പറുകളിലുൾപ്പെടുന്നു

| ക്രമ നമ്പർ | റീ സർവേ ബ്ലോക്ക് നമ്പറും പേരും | റീ സർവേ സബ് ഡിവിഷൻ നമ്പർ | വിസ്തീർണ്ണം ( ആർ) |
|---|---|---|---|
| 1 | 87- മംഗലം | 542/1 | 7.20 |
| 2 | 87- മംഗലം | 542/2 | 173.20 |
| 3 | 87- മംഗലം | 542/3 | 19.20 |
| 4 | 87- മംഗലം | 543/1 | 140.40 |
| 5 | 87- മംഗലം | 543/2 | 143.80 |
| 6 | 87- മംഗലം | 544/16 | 53.50 |
| 7 | 87- മംഗലം | 546 | 253.20 |

| | | | |
|---|---|---|---|
| 8 | 87- മംഗലം | 552/9 | 98.00 |
| 9 | 87- മംഗലം | 552/11 | 90.80 |
| 10 | 87- മംഗലം | 552/12 | 32.88 |
| 11 | 87- മംഗലം | 553/2 | 716.77 |
| 12 | 87- മംഗലം | 554 | 71.80 |
| 13 | 87- മംഗലം | 555 | 992.00 |
| 14 | 87- മംഗലം | 556/6 | 29.28 |
| 15 | 87- മംഗലം | 556/9 | 16.3 |
| 16 | 87- മംഗലം | 557/4 | 227.50 |
| ആകെ | | | 3065.83 |

ലെക്കിടി കിൻഫ്ര ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ പാർക്ക്, ജൂനിയർ മാനേജർ (ടെക്ക്നിക്കൽ), 6-9-2016 ന് കിൻഫ്ര ക്യാമ്പസിലെ സ്റ്റാൻഡാർഡ് ഡിസൈൻ ഫാക്ടറി കെട്ടിടം, കാന്റീൻ കെട്ടിടം, ഫസ്റ്റ് എയിഡ് കെട്ടിടം എന്നിവയുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റുകൾ, കെട്ടിടങ്ങളുടെ പ്ലാനുകൾ , ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ എന്നിവ സഹിതം 8476.78 ചതുരശ്ര മീറ്റർ കെട്ടിടങ്ങൾക്ക് കെട്ടിട നമ്പറുകൾ അനുവദിക്കുന്നതിനായി ഗ്രാമ പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിരുന്നു.

ഗ്രാമ പഞ്ചായത്തിലെ ലെക്കിടി കിൻഫ്ര ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ പാർക്ക് സംബന്ധിച്ച ഫയൽ നമ്പർ A7/5348/16 ൽ കെട്ടിട നമ്പർ അനുവദിക്കുന്നതിന് ടൗൺപ്ലാനിംഗ് വിഭാഗത്തിന്റെ അനുമതിയാവശ്യമാണെന്ന് ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ രേഖപ്പെടുത്തിയിട്ടുണ്ട്. 1999 ലെ THE KERALA INDUSTRIAL SINGLE WINDOW CLEARANCE BOARDS & INDUSTRIAL TOWNSHIP AREA DEVELOPMENT ACT (സർക്കാർ ഉത്തരവ് 18251/LEG.c2/99/Law തീയ്യതി 27.4.2000 ) വകുപ്പ് 6- പ്രകാരം വ്യവസായ പാർക്കുകളിലെ പ്രദേശങ്ങളിൽ വ്യവസായ സംരംഭങ്ങൾക്കുള്ള കെട്ടിട നിർമാണങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ടൗൺ പ്ലാനിംഗ് വകുപ്പിന്റേയും അനുമതി, ബാധകമല്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഫയൽ നമ്പർ A7/5348/16 ൽ ഓഡിറ്റ് തീയതി വരെ സെക്ഷൻ ക്ലാർക്ക്, മേൽ നോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥർ, സെക്രട്ടറി, എന്നിവർ തുടർ നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല.

ബഹു. പഞ്ചായത്ത് ഡയറക്ടറുടെ 22.1.2019 ലെ PAN/605/2019-C3 (DP) കത്ത് പ്രകാരം ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 243 അനുസരിച്ച് വ്യവസായ പ്രദേശമായി സംസ്ഥാന ഗവർണർ നോട്ടിഫൈ ചെയ്ത, വ്യവസായ ടൌൺഷിപ്പുകൾ സംസ്ഥാനത്ത് ഇല്ലെന്ന് സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. അതിനാൽ സംസ്ഥാനത്തെ എല്ലാ വ്യവസായ പ്രദേശങ്ങളിൽ നിന്നും 1994 ലെ ലെ കേരള പഞ്ചായത്ത് രാജ് നിയമം, 2011- ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവ പ്രകാരം വസ്തു നികുതി നിർണയിക്കുന്നതിനും, ഈടാക്കുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അധികാരമുണ്ട്.

ലെക്കിടി - പേരൂർ ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ 27.10.2011- ലെ അഞ്ചാം നമ്പർ തീരുമാനമനുസരിച്ച് വ്യവസായങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ഒരു ചതുരശ്ര മീറ്ററിന് 55 രൂപ നിരക്കിൽ വസ്തു നികുതി ചുമത്തുവാൻ തീരുമാനിച്ച് പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്.കിൻഫ്ര ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ പാർക്കിലെ കെട്ടിടങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നതിന് ഗ്രാമ പഞ്ചായത്ത് അധികൃതർ ഓഡിറ്റ് തീയതി വരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

സർക്കാർ ഉത്തരവ് (കൈ) 3296/2016/ത.സ്വ.ഭ.വ തീയതി 2.12.2016 പ്രകാരം പ്രാബല്യത്തിൽ വന്ന Budget Manual for Grama Panchayaths ഖണ്ഡിക 4.4 പ്രകാരം ഗ്രാമപഞ്ചായത്തിലെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തുകയും, തനത് ഫണ്ട് സമാഹരണം

അവലോകനം ചെയ്യുകയും വേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിഗണിച്ചിട്ടുമില്ല. "ഓഫീസ് മാനേജ്മെന്റ് മാന്വൽ ഫോർ ലോക്കൽ ഗവർമെന്റ് ഇൻസ്റ്റിറ്റ്യൂഷൻസ് " ഖണ്ഡിക 6.5.2 (iii) പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അദ്ധ്യക്ഷൻ കൂടിയായ വൈസ് പ്രസിഡണ്ടിന്റെ ചുമതലയായി " Ensure the quality and effectiveness of General Administration. Front Office Management, e-Governance, Finance, Auditing, Budgeting, and Taxation of the Panchayat." എന്ന് വ്യവസ്ഥ ചെയ്തിട്ടുമുണ്ട്.

കിൻഫ്രയുടെ ഔദ്യോഗിക വെബ്സൈറ്റിലെ ( www.kinfra.org )രേഖപ്പെടുത്തലുകൾ പ്രകാരം ലെക്കിടി കിൻഫ്ര ഇൻറഗ്രേറ്റഡ് ഇൻഡസ്ട്രിയൽ പാർക്കിൽ 106000 ചതുരശ്ര അടി വ്യവസായിക കെട്ടിടങ്ങളും മറ്റ് ഓഫീസ് കെട്ടിടങ്ങളും പൊതു സൌകര്യങ്ങളുമുണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് ടീം , ഗ്രാമ പഞ്ചായത്ത് ജീവനക്കാർ എന്നിവരുമായി ചേർന്ന് 28-12-2019 ന് നടത്തിയ സ്ഥല പരിശോധനയിൽ നിരവധി കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ടെന്ന് ബോധ്യപ്പെട്ടു.

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ലെക്കിടി കിൻഫ്ര ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ പാർക്ക്, ജൂനിയർ മാനേജർ (ടെക്ക്നിക്കൽ), 6-9-2016 ലെ അപേക്ഷയുടെ അടിസ്ഥാനത്തിൽ 8476.78 ചതുരശ്ര മീറ്റർ വ്യവസായാവശ്യത്തിനുപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് യഥാസമയം കെട്ടിട നമ്പർ അനുവദിച്ച് , വസ്തു നികുതി നിർണ്ണയിക്കാത്തതിനാൽ ഗ്രാമ പഞ്ചായത്തിന് താഴെ പറയുന്ന ഏകദേശ നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് ഓഡിറ്റ് കണക്കാക്കുന്നു.

| ക്രമ നം | കെട്ടിടത്തിന്റെ വിശദാംശങ്ങൾ | വിസ്തീർണം (ച.മീ) | നിരക്ക് ( ഒരു ച.മീ) | വർഷം | | | ആകെ |
|---|---|---|---|---|---|---|---|
| | | | | 2016-17 | 2017-18 | 2018-19 | |
| 1 | കിൻഫ്ര ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ പാർക്ക് | 8476.78 | 55 | 466222.9 | 466222.9 | 466222.9 | 1398668.7 |
| | ആകെ വസ്തു നികുതി | | | | | | 1398668.7 |
| | ലൈബ്രറി സെസ്സ് ( 5%) | | | | | | 69933.45 |
| | ( ഒട്ടാകെ - പതിനാല് ലക്ഷത്തി അറുപത്തി എട്ടായിരത്തി അറന്നൂറ്റി രണ്ട് രൂപ പതിനഞ്ച് പൈസ) | | | | | | 1468602.1 |

ഇത് സംബന്ധിച്ച് താഴെ പറയുന്ന തുടർനടപടികൾ ഓഡിറ്റ് നിർദ്ദേശിക്കുന്നു.

1.ലെക്കിടി കിൻഫ്ര ഇൻറഗ്രേറ്റഡ് ഇൻഡസ്ട്രിയൽ പാർക്കിലെ എല്ലാ കെട്ടിടങ്ങളിൽ നിന്നും 1994 ലെ ലെ കേരള പഞ്ചായത്ത് രാജ് നിയമം, 2011- ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങൾ എന്നിവ അനുസരിച്ച് വസ്തു നികുതി ചുമത്തി കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്.

2. ഫയൽ നമ്പർ A7/5348/16 ൽ തുടർനടപടികൾ സ്വീകരിക്കാത്തത് സംബന്ധിച്ച് ഭരണ വകുപ്പ് തലത്തിൽ അന്വേഷണം നടത്തേണ്ടതാണ്.

# 1-21 ഡിഫൻസ് പാർക്കിൽ നിന്നും നികുതികൾ ഈടാക്കണം

ലെക്കിടി കിൻഫ്ര ക്യാമ്പസിലുള്ള ഡിഫൻസ് പാർക്കിലെ 2631.66 ചതുരശ്ര മീറ്റർ വ്യവസായ ആവശ്യത്തിനുപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് അനുമതി നൽകുന്നതിനു വേണ്ടി 15.5.2017ന് ഗ്രാമ പഞ്ചായത്തിൽ അപേക്ഷ ലഭിച്ചിരുന്നു. ( ഫയൽ നമ്പർ A1/2810/17 തീയ്യതി 15.5.17 ) . ഈ ഫയലിൽ ഓഡിറ്റ് തീയതി വരെ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. കിൻഫ്ര ഡിഫൻസ് പാർക്കിൽ നിന്നും ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട നികുതികൾ ഈടാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-22 കിൻഫ്ര പാർക്ക് - തൊഴിൽ നികുതി ഈടാക്കണം

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 , 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ലെക്കിടി - പേരൂർ ഗ്രാമ പഞ്ചായത്തിലെ 18-വാർഡിൽ സ്ഥിതിചെയ്യുന്ന കിൻഫ്ര ഇൻസ്ട്രിയൽ പാർക്ക്, കിൻഫ്ര ഡിഫൻസ് പാർക്ക് എന്നിവയിലെ വ്യവസായ യൂണിറ്റുകളിലെ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നില്ല.

കിൻഫ്രയുടെ ഔദ്യോഗിക വെബ്സൈറ്റിലെ (www.kinfra.org )രേഖപ്പെടുത്തലുകൾ പ്രകാരം കിൻഫ്ര ഇൻറഗ്രേറ്റഡ് ഇൻഡസ്ട്രിയൽ പാർക്കിൽ 106000 ചതുരശ്ര അടി വ്യവസായിക കെട്ടിടങ്ങളിലായി 7 യൂണിറ്റുകൾ പ്രവർത്തിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഓഡിറ്റ് ടീം , ഗ്രാമ പഞ്ചായത്ത് ജീവനക്കാർ എന്നിവരുമായി ചേർന്ന് 28-12-2019 ന് നടത്തിയ സ്ഥല പരിശോധനയിൽ കിൻഫ്രയുടെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, ബ്ലിസ് ഫുൾ ഗാർമെന്റ്സ് പ്രൈവറ്റ് ലിമിറ്റഡ്, സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാസ്റ്റിക്ക്സ് എഞ്ചിനിയറിങ്ങ് & ടെക്ക്നോളജി മുതലായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി കണ്ടു. കിൻഫ്ര ഇൻറഗ്രേറ്റഡ് ഇൻഡസ്ട്രിയൽ പാർക്കിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതിയും, ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-23 കശാപ്പുശാലകൾക്കും ഇറച്ചിക്കടകൾക്കും ലൈസൻസ് നിർബന്ധമാക്കണം

ലെക്കിടി- പേരൂർ ഗ്രാമ പഞ്ചായത്ത് പ്രസിദ്ധീകരിച്ച പതിമൂന്നാം പഞ്ചവത്സര പദ്ധതി (2017-2022) " വികസന രേഖ" അധ്യായം 3 പേജ് 61 മൃഗ സംരക്ഷണ മേഖല – പശ്ചാത്തല വികസനം ഒന്നാം ഇനമായി എന്ന ഖണ്ഡികയിൽ “ആധുനിക അറവുശാലയും മാലിന്യനിർമ്മാർജ്ജന പ്ലാന്റും മാട്ടിറച്ചി, ആട്ടിറച്ചി സംസ്കരണം “ മുതലായവക്കുള്ള പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. എന്നാൽ 2018-19 വരെയുള്ള വാർഷിക പദ്ധതികൾ മൃഗസംരക്ഷണ മേഖലയിൽ ഇത്തരം പ്രൊജക്ടുകൾക്ക്

വകയിരുത്തലുകൾ നടത്തിയിട്ടില്ല. ഗ്രാമ പഞ്ചായത്ത് പരിധിയിൽ നിരവധി കശാപ്പുശാലകൾ, ഇറച്ചിക്കടകൾ, മീൻ/കോഴി വിൽപ്പന കേന്ദ്രങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുണ്ട്.

1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ 38 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ മൃഗത്തിന്റെയോ കോഴി മുതലായ പക്ഷികളുടെയോ മാംസം വിൽക്കുന്നതിനുള്ള കട സ്ഥാപിക്കുന്നത് അതിനായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള സ്ഥലത്ത് ആയിരിക്കേണ്ടതും, ഇറച്ചിക്കട ചില്ലുവച്ച് മറച്ചതും ഈച്ച മുതലായ പ്രാണികൾ കടക്കാത്തതും, ധാരാളം വായു സഞ്ചാരമുള്ളതുമായിരിക്കേണ്ടതും വഴിയാത്രക്കാർ കാണാത്ത വിധത്തിൽ ഇറച്ചി സൂക്ഷിക്കേണ്ടതും, കടയുടെ ലൈസൻസി, തന്റെ പേര്, കടയുടെ നമ്പർ, വില നിരക്കുകൾ എന്നിവ വ്യക്തമാക്കിക്കൊണ്ടുള്ള ബോർഡ് അന്യർക്ക് കാണത്തക്കവിധം കടയുടെ മുൻപിൽ പ്രദർശിപ്പിക്കേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ലെക്കിടി-പേരൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കശാപ്പുശാലകൾ, ഇറച്ചിക്കടകൾ, മീൻ/കോഴി വിൽപ്പന കേന്ദ്രങ്ങൾ എന്നിവയുടെ കാര്യത്തിൽ താഴെ പറയുന്ന തുടർനടപടികൾ നിർദ്ദേശിക്കുന്നു

1) 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ, ബഹു. പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലറുകൾ (സർക്കുലർ നം.27560/ജെ2/2000/തസ്വഭവ തീ.12-07-2000, സർക്കുലർ നം.1173/ഡിബി2/09/തസ്വഭവ തീ.17-09-2009, സർക്കുലർ നം.66771/ഡിബി 2/09/തസ്വഭവ തീയതി 08-01-2010, സർക്കുലർ നം. 25533/ഡി ബി 2/12/തസ്വഭവ തീയതി 06-04-2012 എന്നിവയിലെ നിബന്ധനകൾ അനുസരിച്ച് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കടകൾക്കും കോഴി / മീൻ വിൽപ്പന കേന്ദ്രങ്ങൾക്കും ലൈസൻസ് നൽകിയിട്ടില്ല. ചട്ട പ്രകാരം ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) ആരോഗ്യവകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ഇറച്ചി - മീൻ വിൽപ്പന കടകൾ, കോഴി, താറാവ് മുതലായ പക്ഷി വിൽപ്പന കേന്ദ്രങ്ങൾ മുതലായവക്ക് എതിരെ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 230(എ) വകുപ്പ് പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണ്. പുറമ്പോക്കുകളിലും, വഴിയരികുകളിലും, വാഹനങ്ങളിലും, വൃത്തിഹീനമായതും, പൊതുജനങ്ങൾക്ക് ശല്യമുണ്ടാക്കുന്നതുമായ സാഹചര്യത്തിലും അനധികൃതമായി പ്രവർത്തിക്കുന്ന കശാപ്പുശാലകൾ, ഇറച്ചിക്കടകൾ, മീൻ/ കോഴി വിൽപ്പന കേന്ദ്രങ്ങൾ എന്നിവക്കെതിരെതിരെയും നടപടി സ്വീകരിക്കേണ്ടതാണ്.

# 1-24 ജലനിധി ഏറ്റെടുത്ത ജലവിതരണപദ്ധതികൾ പഞ്ചായത്ത് നടത്തിക്കൊണ്ടുപോകുന്നതിനാൽ അധിക ബാധ്യത

ജലനിധി ഏറ്റെടുത്ത ജലവിതരണപദ്ധതികൾ പഞ്ചായത്ത് നടത്തിക്കൊണ്ടുപോകുന്നതിനാൽ അധിക ബാധ്യത

ലെക്കിടി-പേരൂർ ഗ്രാമപഞ്ചായത്തിൽ ജലനിധി പദ്ധതി പ്രകാരം നടപ്പാക്കുന്ന കുടിവെള്ള വിതരണ സംവിധാനം ജലനിധിയുടെ നിയമാവലിക്ക് അനുസൃതമാണോ എന്നും പദ്ധതി കാര്യക്ഷമമാക്കി പൊതുജനങ്ങൾക്ക് പ്രയോജനപ്രദമാക്കിയിട്ടുണ്ടോ എന്നും പരിശോധിക്കുവാനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. ഇക്കാര്യത്തിനായി ഗ്രാമപഞ്ചായത്തിൽ ലഭ്യമായ വിവിധ രേഖകൾ പരിശോധിക്കുകയുണ്ടായി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

I. കേരള ഗ്രാമീണ ജലവിതരണ ശുചിത്വ ഏജൻസി (KRWSA)-ജലനിധി

ലോക ബാങ്കിന്റെ സഹായത്തോടെയുള്ള ശുദ്ധജല വിതരണ പദ്ധതിയും അതിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ഇതര ഘടക പദ്ധതികളും നടപ്പിലാക്കുന്നതിനായി ജലവിഭവ വകുപ്പിന്റെ കീഴിൽ രൂപീകരിച്ച സ്വതന്ത്ര സ്ഥാപനമാണ് കേരള ഗ്രാമീണ ജലവിതരണ ശുചിത്വ ഏജൻസി (KRWSA). ആവശ്യാധിഷ്ഠിതമായ കുടിവെള്ള ശുചിത്വ പദ്ധതിയായി 1999ലാണ് ജലനിധിയുടെ ഒന്നാം ഘട്ടം സംസ്ഥാന തലത്തിൽ ആരംഭിച്ചത്.

എ. സംഘടനാ സംവിധാനം

(1) സംസ്ഥാന സർക്കാറിന്റെ ജല വിഭവ വകുപ്പ്

(2) KRWSA പദ്ധതി നിർവഹണ കേന്ദ്രം

(3) KRWSA- ജില്ലാ/ മേഖലാ തല പദ്ധതി നിർവഹണ കേന്ദ്രം

(4) ഗ്രാമ പഞ്ചായത്ത്

(5) സഹായ സംഘടന

(6) ഗുണഭോക്തൃ സമിതി

ബി. ജലനിധി - രണ്ടാം ഘട്ടം

1022 കോടി രൂപ മുതൽ മുടക്കി ഇരുനൂറോളം ഗ്രാമ പഞ്ചായത്തുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച സമഗ്രമായ പദ്ധതിയാണ് രണ്ടാം ഘട്ടം. ജനകീയ പങ്കാളിത്തത്തോടെ, കുടിവെള്ള വിതരണം കാര്യക്ഷമമാക്കുക എന്നതാണ് പ്രധാന ഉദ്ദേശം.

സി. ജല വിതരണം - സാമ്പത്തിക പങ്കാളിത്തം

| ക്രമ നം. | പദ്ധതി | KRWSA | ഗ്രാമ പഞ്ചയത്ത് | ഗുണഭോക്തൃ സമിതി |
|---|---|---|---|---|
| 1 | ചെറുകിട കുടിവെള്ള പദ്ധതികൾ | 75% | 15% | 10% (പൊതു വിഭാഗം)<br>5% - പട്ടിക ജാതി - പട്ടിക വർഗ്ഗ മത്സ്യ ത്തൊഴിലാളി കുടുംബങ്ങൾ. |
| 2 | മൾട്ടി ജി.പി കുടിവെള്ള പദ്ധതികൾ | | | |
| 2.1 | പൊതു അടിസ്ഥാന സൗകര്യങ്ങൾ | 100% | ഇല്ല | ഇല്ല |
| 2.2 | പഞ്ചായത്തിനുള്ളിലുള്ള വിതരണ ശൃഖല | 75% | 15% | 10% (പൊതു വിഭാഗം) |

| | | | | |
|---|---|---|---|---|
| | | | | 5% - പട്ടിക ജാതി - പട്ടിക വർഗ്ഗ മത്സ്യ ത്തൊഴിലാളി കുടുംബങ്ങൾ. |

ഡി. KRWSA യുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും

1. പദ്ധതി നടപ്പാക്കാനുള്ള പഞ്ചായത്തുകളെ തെരഞ്ഞെടുക്കുക

2. പഞ്ചായത്തുകളുമായി കരാറിൽ ഏർപ്പെടുക

3. സഹായ സംഘടനകളുടെ പട്ടിക തയ്യാറാക്കി ഗ്രാമപഞ്ചായത്തുകൾക്ക് നൽകുക

4. പദ്ധതി നിർവഹണത്തിനാവശ്യമായ സാങ്കേതികാനുമതി ലഭ്യമാക്കുക

5. സർക്കാർ വിഹിതം ഗുണഭോക്തൃ സമിതികൾക്ക് ഗ്രാമപഞ്ചായത്തിലൂടെ യഥാ സമയം ലഭ്യമാക്കുക

6. സഹായം നൽകുന്നതിന് പഞ്ചായത്ത് തലത്തിൽ ഉദ്യോഗസ്ഥരെ നിയമിക്കുക

7. പദ്ധതി നിർവഹണത്തിൽ സാങ്കേതിക മികവ് ഉറപ്പാക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക

8. ഓഡിറ്റ് ഏർപ്പെടുത്തുക

9. പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.

10. പദ്ധതിയുടെ നിരീക്ഷണവും വിലയിരുത്തലും അവലോകനവും നടത്തുക

11. സർക്കാറിനും ലോക ബാങ്കിനും റിപ്പോർട്ട് നൽകുക

ഇ. ഗ്രാമപഞ്ചായത്തുകളുടെ പ്രധാന ഉത്തരവാദിത്വങ്ങൾ

(a) പദ്ധതി നടപ്പാക്കാനുള്ള പഞ്ചായത്ത് തീരുമാനം KRWSA ക്ക് നൽകുക

(b) പദ്ധതി വിശദീകരിക്കുന്നതിനായി പ്രത്യേക ഗ്രാമസഭകൾ വിളിച്ചു ചേർക്കുക

(c) KRWSA യിൽ നിന്നും ലഭ്യമാക്കുന്ന പട്ടികയിൽ നിന്നും പദ്ധതി രൂപ കൽപന ചെയ്യുന്നതിനും നടപ്പിൽ വരുത്തുന്നതിനും ആവശ്യമായ സാങ്കേതിക സഹായങ്ങൾ നല്കുന്നതിന് വേണ്ടി ഒരു സഹായ സംഘടനയെ തെരഞ്ഞെടുക്കുക

(d) ജനങ്ങളെ സംഘടിപ്പിക്കുക, നേതൃപരമായ പങ്കു വഹിക്കുക.

(e) പദ്ധതികൾക്ക് ഭരണാനുമതി നൽകുക.

(f) പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടികൾ എടുക്കുക. സമയ ബന്ധിതമായി പൂർത്തീകരിക്കാൻ പറ്റുന്നില്ലെങ്കിൽ സ്വന്തം ചെലവിൽ പൂർത്തീകരിക്കുക.

(g) പദ്ധതി ആവശ്യത്തിനായി കണക്കുകൾ സൂക്ഷിക്കുകയും ഓഡിറ്റിനു ലഭ്യമാക്കുകയും ചെയ്യുക.

(h) പദ്ധതിക്കാലയളവിനുള്ളിൽ തന്നെ ഗുണഭോക്തൃ സമിതികളുടെ പഞ്ചായത്തുതല സംഘടനയായ ഗുണഭോക്തൃ ഫെഡറേഷൻ രൂപീകരിക്കുക.

(i) പദ്ധതിക്കാവശ്യമായി വാങ്ങുന്ന/ഏറ്റെടുക്കുന്ന വസ്തുക്കൾ പഞ്ചായത്തിന്റേയും ഗുണഭോക്തൃ സംഘത്തിന്റേയും പേരിൽ രജിസ്റ്റർ ചെയ്യാനാവശ്യമായ സാഹചര്യം ഒരുക്കുക. ഗുണഭോക്തൃ സമിതിക്ക് ആസ്തികളിൽ തുല്യാവകാശം ഉറപ്പു വരുത്തുക.

(G) പദ്ധതിക്കാവശ്യമായ പഞ്ചായത്ത് വിഹിതം KRWSA യുടെ നിർദേശാനുസരണം ലഭ്യമാക്കുക.

II. ലെക്കിടി-പേരൂർ ഗ്രാമപഞ്ചായത്തിലെ ജലനിധി പദ്ധതിയുടെ ലക്ഷ്യം

ജലനിധിയുടെ ജലവിതരണ സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ലെക്കിടി-പേരൂർ ഗ്രാമപഞ്ചായത്ത് 2013 ഫെബ്രുവരി മാസത്തിലാണ് ജലനിധി (KRWSA) യുമായി A1 കരാർ ഒപ്പു വെച്ചിട്ടുള്ളത്. കേരള ജല അതോറിറ്റിയുടേയും ഗ്രാമപഞ്ചായത്ത്തല സ്കീമുകളുടേയും ഏറ്റെടുക്കലും പുനരുദ്ധാരണവുമാണ് ലക്ഷ്യമിട്ടിരുന്നത്.

1. കേരള ജല അതോറിറ്റിയിൽ നിന്നും ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത പദ്ധതികൾ

2014 ഓഗസ്റ്റിൽ കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

(a). ലെക്കിടി നദീജല വിതരണ പദ്ധതി (പിന്നീട് ജലനിധിക്ക് കൈമാറി)

(b). മുളഞ്ഞൂർ-പാതക്കടവ് (ബോർവെൽ സ്കീം) (പിന്നീട് ജലനിധിക്ക് കൈമാറി)

(c). ഞാവലിൻ കടവ് നദീജല വിതരണ പദ്ധതി

(d). പാലക്കുറുശ്ശി പറമ്പ് (ബോർവെൽ സ്കീം)

(e). അകലൂർ (ബോർവെൽ സ്കീം)

2. ജല നിധി - ധനകാര്യ വിശകലനം( ജലനിധി വിഹിതം, GP വിഹിതം)

| വർഷം | ജലനിധി വിഹിതം | | GP വിഹിതം | |
|---|---|---|---|---|
| | വരവ് | ചെലവ് | വരവ് | ചെലവ് |
| 2013-14 | 342911 | 135463593 | 5048353 | 0 |
| 2014-15 | 478752 | | 2500000 | 0 |
| 2015-16 | 35667652 | | 2500000 | 4927624 |
| 2016-17 | 21007748 | | 2500000 | 4157233 |
| 2017-18 | 23180365 | | 3000000 | 3365740 |
| 2018-19 | 25104525 | | 1835000 | 4179212 |
| 2019-2020 | 29796486 | | 4646780 | 4191727 |
| | | | | |

| | | | | |
|---|---|---|---|---|
| ആകെ | 135578439 | 135463593 | 22030133 | 20821536 |

3. ജലനിധിക്ക് കൈമാറിയ പദ്ധതികൾ

(A) എ. ലെക്കിടി-മുളഞ്ഞൂർ ബൃഹത് പദ്ധതി-1

ലെക്കിടി RWSS, മുളഞ്ഞൂർ - പാതക്കടവ് BWSS എന്നീ പദ്ധതികൾ കേരള ജല അതോറിറ്റിയിൽ നിന്നും ഗ്രാമ പഞ്ചായത്ത് ഏറ്റെടുക്കുകയും 31.10.2017-ലെ 13/17-18 നമ്പർ കരാർ പ്രകാരം ജല നിധിക്ക് കൈമാറുകയും ചെയ്തു. തുടർന്ന് 01.11.2017 മുതൽ 2018 ഒക്ടോബർ വരെയുള്ള മാസങ്ങളിൽ ഈ പദ്ധതികള് മുഖേന ജലനിധിയുടെ സ്കീം ലെവൽ കമ്മിറ്റി-(1), 231 പൊതു ടാപ്പുകളിലൂടെയും മറ്റു കണക്ഷനുകളിലൂടെയും കുടിവെള്ളം വിതരണം ചെയ്തിരുന്നു. പൊതുടാപ്പുകളിലൂടെയുള്ള ജലവിതരണത്തിന്റെ തുക ഗ്രാമപഞ്ചായത്ത്, സ്കീം ലെവൽ കമ്മിറ്റി-1ന് (ജല അതോറിറ്റി നിരക്കിൽ) കൈമാറുകയും ചെയ്തിരുന്നു.

എന്നാൽ 2018-ലെ പ്രളയത്തെത്തുടർന്ന് ലെക്കിടി പമ്പ്ഹൗസിലെ മോട്ടോർ തകരാറായി. അതിനാൽ ജലനിധി, കുടിവെള്ള വിതരണം പുതുതായി നിർമിച്ച പമ്പ് ഹൗസിലേക്ക് മാറ്റുകയും ലക്കിടി-മുളഞ്ഞൂർ സ്കീമുകളുടെ പഴയ പമ്പ് ഹൗസുകളുടെ പ്രവർത്തനം പൂർണ്ണമായി അവസാനിപ്പിക്കുകയും വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുകയും ചെയ്തു. തുടർന്ന് ജല നിധി, ഈ സ്കീമുകളിലെ കുടിവെള്ള വിതരണ മേഖലയിലെ വാർഡുകൾ കേന്ദ്രീകരിച്ച് (കിഴക്കൻ പ്രദേശത്തെ 6, 7വാർഡുകളിലൊഴികെ) ഗുണഭോക്തൃ സമിതികൾ രൂപവൽക്കരിക്കുകയും ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുകയും, 10.28 കോടി രൂപ ചെലവഴിച്ച് ബൃഹത് പദ്ധതി-1 എന്ന പുതിയ പദ്ധതി നിർമിക്കുകയും ചെയ്തു. ഈ പദ്ധതിക്കായി ടെൻഡർ നടത്തി കരാറുകാരെ കണ്ടെത്തിയത് ജലനിധി മലപ്പുറം മേഖലാ ഓഫീസാണ്.

പുതിയ പദ്ധതി പ്രകാരം ഭാരതപ്പുഴയിൽ ലെക്കിടി പമ്പ്ഹൗസ് നിർമാണം, പൈപ്പ് ലൈൻ സ്ഥാപിക്കൽ, ടാങ്കിക്കുന്നിലെ ജലശുദ്ധീകരണശാല, 6.60 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ജല സംഭരണി എന്നിവ പൂർത്തീകരിച്ചു. ഈ സ്കീമിൽ (പമ്പ് ഹൗസിൽ) 30 HP യുടെ മൂന്ന് മോട്ടോറുകള് സ്ഥാപിച്ചിട്ടുണ്ട്. ആയതിൽ രണ്ട് മോട്ടോറുകൾ ഒരേ സമയം പ്രവർത്തിപ്പിക്കുന്നുണ്ട്. ഒന്ന് സ്റ്റാന്റ് ബൈ ആയും ഉപയോഗിക്കുന്നു. ഭാരതപ്പുഴയിൽ നിർമിച്ച ഈ പമ്പ് ഹൗസിൽ നിന്ന് വെള്ളം പമ്പ് ചെയ്ത് ഏകദേശം 5Km അകലെയുള്ള ടാങ്കിക്കുന്നിലെ ജല ശുദ്ധീകരണ ശാലയിലെത്തിക്കുകയും ശുദ്ധീകരിച്ച വെള്ളം 6.60 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്കിൽ സംഭരിച്ച് വിതരണം ചെയ്യുകയും ചെയ്യുന്നു. നിലവിൽ 3535 ഗുണഭോക്താക്കൾക്ക് ശുദ്ധജലം വിതരണം ചെയ്യുന്ന ഈ പദ്ധതി 39 ഗുണഭോക്തൃ സമിതികളിലേയും അംഗങ്ങൾ ചേർന്ന 78 അംഗ സ്കീം ലെവൽ കമ്മിറ്റിയും അതിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 11അംഗങ്ങൾ ചേർന്ന ഭരണ സമിതിയുമാണ് കൈകാര്യം ചെയ്യുന്നത്. എസ്.എൽ.ഇ.സി–1 ന്റെ ചുമതലയിലുള്ള ഈ കുടിവെള്ള പദ്ധതി വളരെ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നുണ്ട്.

എന്നാൽ, SLEC -1 കമ്മിറ്റിയുടെ പ്രസിഡണ്ട്/ സൈക്രട്ടറി എന്നിവർ ലെക്കിടി - പേരൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്കയച്ച 19.10.19 - ലെ കത്തിൽ താഴെ പറയും പ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്.

“31.10.2017- ലെ 13/17-18 നമ്പർ കരാർ പ്രകാരം ജല അതോറിറ്റിയിൽ നിന്നും ഗ്രാമ പഞ്ചായത്ത് ഏറ്റെടുത്ത് ജല നിധിക്ക് കൈമാറിയ ലെക്കിടി RWSS,മുളഞ്ഞൂർ- പാതക്കടവ് BWSS കുടി വെള്ള പദ്ധതികൾ ബൃഹത് പദ്ധതി - 1 ന്റെ നിർമാണം പൂർത്തീകരിച്ചതോടുകൂടി പ്രവർത്തനം നിർത്തി വെക്കുകയും വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുകയും ചെയ്തതാണ്. എന്നാൽ കഴിഞ്ഞ ഏതാനും

നാളുകളായി പൂട്ടിക്കിടന്നിരുന്ന മുളഞ്ഞൂർ- പാതക്കടവ് BWSS കേരള ജല അതോറിറ്റിയുടെ നേതൃത്വത്തിൽ വീണ്ടും തുറന്ന് പ്രവർത്തിക്കുന്നതായി അറിയുന്നു. ഇതു സംബന്ധിച്ച് ജല അതോറിറ്റിയിൽ നിന്നോ, ഗ്രാമ പഞ്ചായത്തിൽ നിന്നോ യാതൊരു അറിയിപ്പും SLEC-1 ന് ലഭിച്ചിട്ടില്ല. ടി പദ്ധതി SLEC -1 കമ്മിറ്റി ജല അതോറിറ്റിക്ക് കൈമാറിയിട്ടില്ല."

ഇതു സംബന്ധിച്ച് മറ്റു വിശദാംശങ്ങളൊന്നും തന്നെ ലഭ്യമല്ല.

മേൽ പറഞ്ഞ കത്തിൽ സൂചിപ്പിച്ച പ്രകാരം മുളഞ്ഞൂർ പദ്ധതി അനൗദ്യോഗികമായി വാട്ടർ അതോറിറ്റി ഉപയോഗിക്കുന്നുണ്ടെങ്കിൽ അത് നിലവിലുള്ള കരാർ വ്യവസ്ഥകളുടെ ലംഘനമാണ്.

<u>B) ഞാവലിൻ കടവ് RWSS,അകലൂർ, പാലകകുറുശ്ശി പറമ്പ് BWSS ( (എസ്.എൽ.ഇ.സി-2 ന് കൈമാറിയത്)</u>

ഞാവലിൻ കടവ് , പാലക്കുറുശ്ശി പറമ്പ്, അകലൂർ എന്നിവയടങ്ങുന്ന കുടിവെള്ള പദ്ധതിയുടെ പൂർണ ചുമതല എസ്.എൽ.ഇ.സി ( 2) ക്കു കൈമാറുന്ന കാര്യം, ഗ്രാമ പഞ്ചായത്ത് ഭരണ സമിതി,21.11.2017-ലെ സാധാരണ യോഗത്തിലെ 5- നമ്പർ അജണ്ട പ്രകാരം ചർച്ച ചെയ്തെങ്കിലും തീരുമാനം അടുത്ത യോഗത്തിലേക്ക് മാറ്റി വെച്ചു.

പിന്നീട് ഈ പദ്ധതി SLEC (2) ക്ക് കൈമാറുന്നതിന്റെ ഭാഗമായി 15 ഗുണഭോക്തൃ സമിതികൾ രൂപീകരിക്കുകയും ഗ്രാമ പഞ്ചായത്തും SLEC-(2) തമ്മിൽ കരാർ ചമയ്ക്കുകയും ചെയ്തു. (A3 ലെവൽ കരാർ നമ്പർ A2/03/LPGP/Sec/18-19 തീയ്യതി 07.09.18 - ഞാവളിൻ കടവ് SLEC (Reg. NO.Pkd/CA/37E/2018) ക്കുവേണ്ടി പ്രസിഡണ്ടും , ഗ്രാമപഞ്ചായത്തിനു വേണ്ടി സെക്രട്ടറിയും തമ്മിൽ ഒപ്പുവെച്ചതും നിർവഹണം, നടത്തിപ്പ് എന്നിവയ്ക്ക് വേണ്ടി പ്രസ്തുത കമ്മിറ്റിക്ക് കൈമാറിയതുമായ കരാർ. ) സഞ്ചയ സോഫ്റ്റ്‌വെയറിലെ ഡാറ്റ പരിശോധിച്ചപ്പോൾ ഞാവലിൻ കടവ് പദ്ധതി, പാലക്കുറുശ്ശി പറമ്പ് കുടിവെള്ള പദ്ധതി, അകലൂർ കുടിവെള്ള പദ്ധതി എന്നിവയുടെ ഉടമസ്ഥാവകാശം SLEC-2 വിന്റെ സെക്രട്ടറിക്കും ലെക്കിടി-പേരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കുമാണ് എന്ന് ബോധ്യപ്പെട്ടു.

എന്നാൽ ജല നിധിയുടെ റിപ്പോർട്ട് പ്രകാരം ഏഴ് വാർഡുകളിലെ 2000 കുടുബങ്ങൾക്ക് വേണ്ടിയുള്ള ഞാവലിൻകടവ് RWSS, 150 കുടുംബങ്ങൾക്ക് കുടിവെള്ളമെത്തിക്കുന്ന പാലക്കുറുശ്ശി പറമ്പ് BWSS, അകലൂർ BWSS എന്നിവ നാളിതുവരെ സ്കീം ലെവൽ കമ്മറ്റി(2)ക്ക് നാളിതുവരെ ഒദ്യോഗികമായി കൈമാറിയിട്ടില്ല.

സർക്കാർ ഉത്തരവ് Go(Rt)No. 1816/12, ISGD തീയ്യതി 30.06.12 പ്രകാരം ജലനിധി പദ്ധതിയുടേയും ആസ്തികളുടെയും ഉടമസ്ഥത ഗുണഭോക്തൃ സമിതികൾക്കും ഗ്രാമ പഞ്ചായത്തിനിനും സംയുക്തമായിട്ടായിരിക്കുമെന്നും ഭരണം, നടത്തിപ്പ്, വൈദ്യുതി ചാർജ്ജ് ഒടുക്ക്, അറ്റകുറ്റപ്പണികൾ എന്നിവയ്ക്ക് ഉൾപ്പെടെയുള്ള ചെലവുകളുടെ ചുമതല ഗുണഭോക്തൃ സമിതികൾക്കായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ മേൽ മേൽ പറഞ്ഞ ഉത്തരവിലെ നിർദേശത്തെ മറികടന്നു കൊണ്ട് ഈ പദ്ധതികളുമായി ബന്ധപ്പെട്ട ശമ്പളം, വൈദ്യുതി ചാർജ്ജ്, അറ്റകുറ്റപ്പണികൾ എന്നിവയുൾപ്പെടെയുള്ള മുഴുവൻ തുകയും ഇപ്പോഴും പഞ്ചായത്താണ് നേരിട്ട് വഹിക്കുന്നത്. 2018-19 വർഷത്തിൽ 6.5 ലക്ഷം രൂപ തനത് ഫണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് പമ്പ് ഓപ്പറേറ്റർമാരുടെ വേതനമിനത്തിൽ മാത്രം ചെലവഴിച്ചിട്ടുണ്ട്. ഇത്തരത്തിൽ, ചെലവഴിക്കുന്നത് സർക്കാർ ഉത്തരവിന് വിരുദ്ധമാണെന്ന് മാത്രമല്ല ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിന്

ഭീമമായ ബാധ്യത വരുത്തി വെക്കുകയും ചെയ്യുന്നതുമാണ്. മാത്രമല്ല, ഈ വെള്ളം മതിയായ ശുദ്ധീകരണ സംവിധാനവുമില്ലാതെ പത്തിരിപ്പാലയിലുള്ള ഒരു പഴയ ടാങ്കിൽ ശേഖരിച്ച് ഉണഭോക്താക്കൾക്ക് വിതരണം ചെയ്യുകയാണ് ചെയ്യുന്നതെന്ന് സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടു. ഇത് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകും.

4. ജലനിധിക്ക് കൈമാറിയ ലെക്കിടി-മുളഞ്ഞൂർ കുടിവെള്ള പദ്ധതി- പൊതുടാപ്പുകളുടെ വെള്ളക്കരം ജലനിധിക്ക് നൽകൽ-സർക്കാർ സാധൂകരണം ലഭ്യമായില്ല.

കടുത്ത വേനൽക്കാലത്ത് ജനങ്ങൾ കുടിവെള്ളത്തിനായി ബുദ്ധിമുട്ടുന്നതിനാലും കുടിവെള്ള വിതരണം പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാലും ലെക്കിടി-മുളഞ്ഞൂർ കുടിവെള്ള പദ്ധതിക്ക കീഴിൽ വരുന്ന വാർഡുകളിലെ അതത് പഞ്ചായത്ത് മെമ്പർമാരും എസ്.എൽ.ഇ.സി പ്രതിനിധികളും ചേർന്ന് സംയുക്ത പരിശോധന നടത്തി കണ്ടെത്തിയ 231 പൊതുടാപ്പുകൾക്ക് കേരള ജല അതോറിറ്റി നിരക്ക് പ്രകാരം ഒരു പൊതുടാപ്പിന് വർഷത്തിൽ 5250/- രൂപ വെച്ച് ജലനിധി പദ്ധതി പൂർത്തിയാക്കുന്നത് വരെ (ട്രാൻസിഷൻ പിരീഡ് വരെ) യുള്ള കാലത്തിലേക്ക് പ്രതിമാസം 100947 രൂപ എസ്.എൽ.സി(1) ക്ക് അനുവദിക്കുവാൻ 23.12.2017-ലെ പഞ്ചായത്തിന്റെ തീരുമാനം 18(2) പ്രകാരം തീരുമാനമെടുത്തിരുന്നു. അത് പ്രകാരം 2018-19 സാമ്പത്തിക വർഷത്തിൽ പ്രതിമാസം 100947 രൂപ വീതം ആകെ 1211364 രൂപ SLEC-1 ന് നൽകിയിട്ടുണ്ട്.

എന്നാൽ ലെക്കിടി-മുളഞ്ഞൂർ പമ്പ് ഹൗസുകളുടെ ഉടമസ്ഥാവകാശവും വെള്ളക്കരം പിരിക്കലും നടത്തിപ്പും 2017 നവമ്പർ മാസം-1 മുതൽ ജലനിധിക്ക് (സ്കീം ലെവൽ-1 കമ്മിറ്റിക്ക്) കൈമാറിയ സാഹചര്യത്തിൽ പദ്ധതിയിൽ ഉൾപ്പെടുന്ന പൊതു ടാപ്പുകളുടെ പ്രതിമാസ വെള്ളക്കരം ജലനിധിക്ക് അനുവദിക്കാൻ കഴിയില്ല എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഭരണ സമിതിയെ അറിയിച്ചിട്ടുള്ളതായി തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. SLEC-1 ന്റെ പരിധിയിലെ വാർഡ് മെമ്പർമാരും SLEC-1 പ്രതിനിധികളും ചേർന്ന് നടത്തിയ സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിലാണ് എണ്ണം തിട്ടപ്പെടുത്തിയതെന്നും മേൽ പറഞ്ഞ തുക SLEC-1 ന് നൽകുവാനും ഈ ചെലവിന് സർക്കാർ സാധൂകരണം വാങ്ങാനും പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തു. മേൽ തീരുമാനമനുസരിച്ച് 26.3.18 ന് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് സർക്കാർ സാധൂകരണത്തിനു വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയ്യതി വരെയും സർക്കാർ സാധൂകരണം ലഭ്യമായിട്ടില്ല.

എന്നാൽ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച ആധികാരിക രേഖകളൊ രജിസ്റ്ററുകളോ ഒന്നും തന്നെ ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചിട്ടില്ല. വ്യക്തമായ കണക്കുകൾഇല്ലാതെ ടി തുക നൽകിയത് ക്രമ പ്രകാരമല്ല.

5. കുടിവെള്ള പദ്ധതികളുടെ വെള്ളക്കരം കുടിശ്ശിക

ജലനിധി പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് ജല അതോറിറ്റിയിൽ നിന്നും ഏറ്റെടുത്ത കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ചുമതല ബന്ധപ്പെട്ട ജലനിധി എസ്.എൽ.ഇ.സി-1 യെ ഏൽപ്പിക്കുവാൻ തീരുമാനി ച്ചിട്ടുള്ളതാണെന്ന് ഭരണസമിതിയുടെ 10.10.2017 ലെ 3(1) നമ്പർ തീരുമാന ത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 'കുടിവെള്ള പദ്ധതികളുടെ ജല വിതരണം, മെയ്ന്റനൻസ്, വൈദ്യുതി ചാർജ് അടക്കൽ, വെള്ളക്കരം പിരിക്കൽ അടക്കമുള്ള എല്ലാ പ്രവൃത്തികളും എസ്.എൽ.ഇ.സി-1നെ ഏൽപ്പിക്കണമെന്ന്ജല നിധി, പഞ്ചായത്തു മായി ഒപ്പുവെച്ച വിവിധ കരാറുകളിൽ നിഷ്കർഷിക്കുന്നുണ്ടെങ്കിലും നാളിതുവരെ ആയത് പഞ്ചായത്ത് നടപ്പാക്കാഞ്ഞതിനാൽ ഇതുവരെയുള്ള ഭീമമായ വൈദ്യുതി കുടിശ്ശിക ജലനിധി ഏറ്റെടുത്ത് അടവാക്കിയിട്ടുണ്ടെന്നും മേലിൽ അപ്രകാരമുള്ള ഭീമമായ തുകകൾ ഇനിയും ഒരു പഞ്ചായത്തിനു

മാത്രമായി അടക്കാൻ കഴിയില്ലെന്നും ആയതിനാൽ ടി സ്കീമിന്റെ കൈമാറ്റം അടിയന്തിരമായി പൂർത്തിയാക്കണമെന്നും 25.9.2017ലെ മലപ്പുറം RMPUവിന്റെ RMPU/MPM/B258/2013നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുള്ളതായി തീരുമാനത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ആയതിനാൽ ടി പദ്ധതികൾ പൂർണ്ണമായും ബന്ധപ്പെട്ട ജലനിധി ജലവിതരണ സ്കീം ലെവൽ കമ്മിറ്റിയെ(എസ്.എൽ.സി-1) 01.11.2017 പ്രാബല്യത്തോടുകൂടി ഏൽപ്പിക്കുന്ന തിനും വെള്ളക്കരം, KWA താരിഫ് അനുസരിച്ച് പുനർ ക്രമീകരിക്കുന്നതിന് അനുവാദം നൽകിക്കൊണ്ടും നിലവിലുള്ള നിരക്കിൽ 10/17 വരെയുള്ള തുക പഞ്ചായത്ത് ഓഫീസിൽ അടവാക്കേണ്ടതിനായി എല്ലാ ഗുണഭോക്താക്കൾക്കും കത്ത് അയക്കുന്നതിനും പ്രസ്തുത വിവരം വർത്തമാന പത്രങ്ങൾ, ചാനലുകൾ എന്നിവയിലൂടെ ജനങ്ങളെ അറിയിക്കുന്നതിനും വേണ്ട നടപടികൾ കൈക്കൊള്ളുവാനു ഐക്യകണ്ഠേന തീരുമാനിച്ചിട്ടുണ്ട്.

ലെക്കിടി, മുളഞ്ഞൂർ- പാതക്കടവ് സ്കീമുകൾ 2017 നവംബർ ഒന്നാം തീയ്യതിയാണ് ഗ്രാമ പഞ്ചായത്ത്, സ്കീംലെവൽ-1 കമ്മിറ്റിക്ക് പൂർണാധികാരത്തോടുകൂടി കൈമാറിയത്. പഞ്ചായത്ത് ഏറ്റെടുത്ത് ജല നിധിക്ക് കൈമാറുന്നതു വരെയുള്ള 3 വർഷവും രണ്ട് മാസവും പദ്ധതി നടത്തിപ്പ്, വെള്ളക്കരം പിരിവ് എന്നീ ചുമതലകൾ പഞ്ചായത്തിന്റേതായിരുന്നു. കൂടാതെ ഞാവലിൻ കടവ്, പാലക്കുറുശ്ശി, അകലൂർ എന്നീ പദ്ധതികളുടെ വെള്ളക്കരവും പിരിക്കേണ്ടിയിരുന്നു.

എന്നാൽ ജല അതോറിറ്റി കൈമാറിയ ഗുണഭോക്തൃ പട്ടിക പ്രകാരം കുടിശ്ശികയുൾപ്പെടെയുള്ള വെള്ളക്കരം ഗ്രാമപഞ്ചായത്ത് പിരിച്ചെടുത്തിട്ടില്ല. വെള്ളക്കരം ഡിമാന്റ്, കളക്ഷൻ, ബാലൻസ് സംബന്ധിച്ച കണക്കുകളോ രജിസ്റ്ററുകളോ പഞ്ചായത്ത് പരിപാലിച്ചിട്ടില്ല. ആയതിനാൽ വെള്ളക്കരമിനത്തിൽ എത്രത്തോളം തുക കുടിശ്ശികയായവശേഷിക്കുന്നു എന്ന് വ്യക്തമല്ല. വെള്ളക്കരം പിരിച്ചെടുക്കുന്നതിൽ ഗ്രാമപഞ്ചായത്ത് തീരുമാനമെടുത്തിട്ടുണ്ടെങ്കിലും കാര്യക്ഷമമായ തുടർനടപടികൾ ഇനിയും സ്വീകരിച്ചിട്ടില്ല.

SLEC-(1) ന്റെ നിയന്ത്രണത്തിലുള്ള ബൃഹത് പദ്ധതി-1 ഗുണഭോക്താക്കളിൽ നിന്നും വെള്ളക്കരം ഈടാക്കി ശുദ്ധജലം വിതരണം ചെയ്യുമ്പോൾ ഞാവലിൻ കടവ് പദ്ധതിയിൽ നിന്നും അതിന്റെ ഗുണഭോക്താക്കൾക്ക് ഗ്രാമ പഞ്ചായത്ത് നേരിട്ട്, സൗജന്യമായി കുടിവെള്ളം വിതരണം ചെയ്തു കൊണ്ടിരിക്കുന്നു. വർഷങ്ങളായി ഉപഭോക്താക്കൾ യാതൊരു തുകയും അടവാക്കുന്നില്ലെന്നിരിക്കെ ഭീമമായ ഒരു തുക കുടിശ്ശികയായി നിലവിലു ണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു . ഇത് സംബന്ധിച്ച രജിസ്റ്ററുകളും രേഖകളും കാലികമാക്കി ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള കുടിശ്ശികയുൾപ്പെടെയുള്ള വെള്ളക്കരം ഈടാക്കേണ്ടതാണ്.

<u>6. കുടിവെള്ള പദ്ധതികളുടെ വൈദ്യുതി കുടിശ്ശിക</u>

ജല അതോറിറ്റിയുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചിരുന്ന 5 ശുദ്ധജല വിതരണ പദ്ധതികൾ 04.08.2014 മുതൽ ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കുകയും ടി തീയ്യതി വരെയും അതിനു ശേഷവുമുള്ള വൈദ്യുതി കുടിശ്ശിക ഒടുക്കുന്നതിന് PMU വിൽ നിന്ന്ജലനിധി 21460727 രൂപ ഗ്രാമപഞ്ചായത്തിന് അനുവദിക്കുകയും ചെയ്തു. നടപടിക്രമങ്ങൾ പാലിച്ച് പ്രസ്തുത സ്കീമുകൾ ഗ്രാമപഞ്ചായത്തിന്റേയും ഗുണഭോക്തൃ സമിതിയുടേയും പേരിലാക്കുവാനും താരിഫ് മാറ്റുന്നതടക്കമുള്ള നടപടികൾ പൂർത്തിയാക്കാനും ജലനിധി പഞ്ചായത്തിനോട് അപേക്ഷിച്ചിരുന്നു. തുടർന്നുള്ള തുക അനുവദിക്കുകയില്ലെന്നും കത്തിൽ വ്യക്തമാക്കിയിരുന്നു.. (കത്ത് നമ്പർ RMPU MPMB258/2013 തീയ്യതി 25.09.2017).

ഈ കത്തിന്റെ അടിസ്ഥാനത്തിൽ 31.5.2018 ന് ചേർന്ന ഭരണ സമിതി യോഗം എടുത്ത (16(1) നമ്പർ ) തീരുമാനത്തിന്റെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

"ജലനിധി പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് കേരള ജല അതോറിറ്റിയിൽ നിന്നും ഏറ്റെടുത്ത കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജിനത്തിൽ ഇനിയും തുകയനുവദിക്കാൻ കഴിയുകയില്ല എന്ന് ജലനിധി അറിയിച്ചിട്ടുണ്ട്. പത്തിരിപ്പാല KSEB സെക്ഷന് കീഴിലുള്ള ഞാവലിൻ കടവ്, പാലക്കുറുശ്ശി പറമ്പ്, അകലൂർ എന്നീ കുടിവെള്ള പദ്ധതികളുടെ വൈദ്യുതി കുടിശ്ശിക അടവാക്കിയതിൽ അഡ്വാൻസ് തുകയാണ് നിലനിന്നിരുന്നത്. എന്നാൽ കഴിഞ്ഞ രണ്ട് മാസമായി ജനറേറ്റ് ചെയ്ത ബില്ലോടു കൂടി പാലക്കുറുശ്ശി പറമ്പ് പമ്പ് ഹൗസിന്റ (Consumer No. 6774) മുൻകൂർ തുക കഴിയുകയും നിലവിൽ 30894 രൂപ വൈദ്യുതി കുടിശ്ശിക നിലനിൽക്കുന്നതായും അറിയുവാൻ കഴിഞ്ഞു. അഡ്വാൻസ് നിലനിൽക്കുന്ന അകലൂർ പമ്പ് ഹൗസിന്റെ (Consumer No. 10670) തുകയിൽ നിന്നും പാലക്കുറുശ്ശി പമ്പ് ഹൗസിന്റെ കുടിശ്ശിക കുറവ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് കത്ത് നൽകിയിരുന്നു. എന്നാൽ അത് അനുവദിക്കപ്പെട്ടില്ല. ആയതു പ്രകാരം പാലക്കാട് കെ.എസ്.ഇ.ബി ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർക്ക് കത്ത് അയക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഏതാനും മാസങ്ങൾക്കകം മറ്റു പമ്പ് ഹൗസുകളിലും അഡ്വാൻസ് തുക കഴിഞ്ഞ് ബില്ല് ജനറേറ്റ് ചെയ്യും. പ്രസ്തുത സാഹചര്യം കണക്കിലെടുത്ത് പദ്ധതി പ്രദേശത്തെ മുഴുവൻ ഗുണഭോക്താക്കളേയും കണ്ടെത്തി വെള്ളക്കരത്തിന്റെ നിരക്ക് പരിഷ്കരിച്ച് നടപടി സ്വീകരിക്കുന്നതിനും വെള്ളക്കരം കാര്യക്ഷമമായി പിരിച്ചെടുക്കുന്നതടക്കമുള്ള ചുമതല എസ്.എൽ. ഇ.സി-2 വിന് കൈമാറേണ്ടതുണ്ടെന്ന് സെക്രട്ടറി ഭരണ സമിതിയെ അറിയിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ സർക്കാരിൽ നിന്നും സാങ്കേതികാനുമതി ലഭിക്കാത്തതിനാൽ കൈമാറ്റം ചെയ്യുന്നത് ഉചിതമാകില്ല എന്ന് അംഗങ്ങൾ അഭിപ്രായപ്പെടുകയുണ്ടായി. ഈ സാഹചര്യത്തിൽ , പാലക്കുറുശ്ശി പറമ്പിന്റെ (കൺസ്യൂമർ നമ്പർ 6774) വൈദ്യുതി കുടിശ്ശിക 31.5.2018 തിയതിയോടുകൂടി 50000 രൂപയോളം ആകാൻ ഇടയുണ്ട് എന്നും ആയതിന്റെ പേരിൽ കെ.എസ്.ഇ.ബി വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുകയാണെങ്കിൽ ആയതിന്റെ പരിപൂർണ ഉത്തരവാദിത്തം ഭരണ സമിതിക്ക് മാത്രമായിരിക്കുമെന്നും സെക്രട്ടറി യോഗത്തെ അറിയിച്ചു. തുടർന്ന് സർക്കാറിൽ നിന്നും സാങ്കേതികാനുമതി ലഭിക്കുന്ന മുറയ്ക്ക് കുടിവെള്ള പദ്ധതികൾ SLEC-2 വിന് കൈമാറ്റം ചെയ്യാമെന്ന് ഭരണ സമിതി തീരുമാനിച്ചെങ്കിലും നാളിതുവരെ അത് കൈമാറിയിട്ടില്ല.

<u>7. ലെക്കിടി പമ്പ് ഹൗസിന്റെ മോട്ടോർ അറ്റകുറ്റപ്പണികൾക്കുള്ള ചെലവ് - സർക്കാർ അനുമതി ലഭ്യമായില്ല.</u>

ലെക്കിടി പമ്പ് ഹൗസിൽ നിന്നും ജല അതോറിറ്റി ശുദ്ധജല വിതരണത്തിനു വേണ്ടി ഉപയോഗിച്ചിരുന്നതും ഗ്രാമ പഞ്ചായത്തിന് കൈമാറിയതുമായ രണ്ട് പമ്പ് സെറ്റുകൾ അറ്റകുറ്റപ്പണികൾ ചെയ്ത വകയിൽ (സ്വകാര്യ കമ്പനിക്ക്) 4,50000 രൂപ നൽകാനുണ്ടെന്നും ആയത് അനുവദിക്കണമെന്നും ഗ്രാമ പഞ്ചായത്ത് തീരുമാനമെടുത്ത് സെക്രട്ടറിയോടാവശ്യപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് 31.5.2018 ന് ചേർന്ന ഭരണ സമിതി യോഗത്തിന്റെ തീരുമാനത്തി [16(2)] ന്റെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

"ലെക്കിടി പമ്പ് ഹൗസ് എസ്.എൽ.ഇ.സി-1 ന് കൈമാറുന്നതിനു മുമ്പായി പമ്പ്ഹൗസിലെ 2 മോട്ടോറുകൾ അറ്റകുറ്റപ്പണി ചെയ്ത വകയിൽ M/s. ഇൻഡസ്ട്രിയൽ എഞ്ചിനിയേഴ്സ്, തൃശ്ശൂർ എന്ന സ്ഥാപനം 2,25,000/- രൂപ വീതമുള്ള രണ്ട് ബില്ലുകൾ (ആകെ 4,50,000/-) സമർപ്പിച്ചിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട് നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ചിട്ടില്ലാത്തതിനാൽ (വ്യക്തമായ പ്രൊജക്ട്, ടെണ്ടർ/ക്വട്ടേഷൻ, എഗ്രിമെന്റ് വെക്കൽ, വർക്ക് ഓർഡർ നൽകൽ, ബിൽ തയ്യാറാക്കൽ, സാങ്കേതിക വിഭാഗം എഞ്ചിനീയർമാർ മെഷർമെന്റ്, ചെക്ക് മെഷർമെന്റ് എന്നിവ) നിയമാനുസൃതം തുക നൽകാൻ കഴിയില്ല എന്ന് സെക്രട്ടറി യോഗത്തെ അറിയിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ തുക നൽകേണ്ടത് അത്യാവശ്യമാണ് എന്നുള്ള നിഗമനത്തിൽ എത്തിച്ചേർന്നതിന്റെ

അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് മുഖേന കോ-ഓർഡിനേഷൻ കമ്മറ്റിക്ക് കത്ത് നൽകുന്നതിന് യോഗം ഐക്യ കണ്ഠേന തീരുമാനിച്ചു".

മേൽ പറഞ്ഞ തീരുമാനമനുസരിച്ച് തുക ചെലവഴിക്കാനുള്ള അനുമതിക്ക് വേണ്ടി പ്രസിഡണ്ട് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് കത്തു നൽകിയിട്ടുണ്ട്. ( കത്ത് നമ്പർ Nil ,തീയ്യതി 15.06.2018) എന്നാൽ ഓഡിറ്റ് തീയ്യതി വരെ സർക്കാർ അനുമതി ലഭിച്ചിട്ടില്ല.

<u>8. കമ്മീഷൻ ചെയ്യാത്ത പദ്ധതികളുടെ നിലവിലെ സ്ഥിതി</u>

<u>എ. ജലനിധിക്കായി വാട്ടർ അതോറിറ്റിയിൽ നിന്നും ഏറ്റെടുത്തവ</u>

1. ഞാവലിൻ കടവ്

2. പാലക്കുറുശ്ശി പറമ്പ് (ബോർവെൽ സ്കീം)

3. അകലൂർ (ബോർവെൽ സ്കീം)

<u>ബി. പഞ്ചായത്തിന്റെ മറ്റ് ചെറുകിട കുടിവെള്ള പദ്ധതികൾ</u>

1. നായർ വീട്ടുപടി BWSS

2. പേരക്കുളം BWSS

3.പൂക്കാട്ടുകുന്ന് BWSS

4. ഉരുതിയം പറമ്പ് BWSS

5. അടങ്ങലിപ്പറമ്പ് BWSS

6. ചീനിക്കോട് BWSS

7. അതിർക്കാട്-പുത്തൻപുര BWSS

മേൽ പറഞ്ഞ പദ്ധതികൾ, ജല നിധിയുടെ ഞാവലിൻ കടവ് RWSS പ്രവർത്തനക്ഷമമാകുന്നതോടുകൂടി അതിന്റെ വിതരണ പദ്ധതിയിൽ ലയിപ്പിക്കാനാണ് ജല നിധി ഉദ്ദേശിച്ചിട്ടുള്ളത്.

<u>10. ഞാവലിൻ കടവ് കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി</u>

<u>എ. ഞാവലിൻ കടവിലെ ജലശുദ്ധീകരണ സംവിധാനം- ശുദ്ധീകരണ പ്ലാന്റിന് അനുമതി ലഭ്യമായില്ല .</u>

SLEC-2വിന് രേഖാമൂലം കൈമാറിയ ഞാവലിൻകടവ് പദ്ധതിക്കായി ജലം സംഭരിക്കുന്നതിനും, WTP (Water Treatment Plant) സ്ഥാപിക്കുന്നതിനും വേണ്ടി 437 ലക്ഷം രൂപയുടെ ഒരു പ്രൊജക്ട് വിഭാവനം ചെയ്ത് അംഗീകാരത്തിനു വേണ്ടി ഗ്രാമപഞ്ചായത്ത് ജലവിഭവ വകുപ്പിന് കത്ത് നൽകി.എന്നാൽ ഈ പദ്ധതിക്ക് സാങ്കേതികാനുമതി ലഭിക്കുന്നതിനു മുമ്പ് തന്നെ KRWSA എക്സിക്യൂട്ടീവ് ഡയറക്ടറുടെ നിർദേശ പ്രകാരം SLEC 2 യുടെ ഗുണഭോക്തൃ ഗ്രൂപ്പുകൾ പണം സ്വരൂപിച്ച് 14-മൈലിൽ മൗണ്ട് സീനാ സ്കൂളിന് സമീപം എസ്.എൽ.ഇ.സി-II ന്റെ പ്രസിഡണ്ട്, ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവരുടെ പേരിൽ 13.50 ലക്ഷം രൂപ ചെലവഴിച്ച് സ്ഥലം വാങ്ങിയിട്ടുണ്ട്. KRWSA എക്സിക്യൂട്ടീവ് ഡയറക്ടറുടെ 08.02.2017- ലെ 0999/OP/2013/KRWSA നമ്പർ

ഉത്തരവ് പ്രകാരം സ്ഥലത്തിന്റെ വിലയായി 13,50,000 രൂപക്ക് അനുമതി നൽകുകയും അതിൽ ജല നിധിയുടെ വിഹിതമായ (75%) 995670രൂപ ഗ്രാമ പഞ്ചായത്തിന് കൈമാറുകയും ചെയ്തു.( ഉത്തരവ് നമ്പർ MLPM3105/2017MT-2Dated 29.11.2018) ഇതോടൊപ്പം ഗ്രാമ പഞ്ചായത്ത് വിഹിതമായ 199134 രൂപ ( 15%) SLEC ക്ക് നൽകാൻ പഞ്ചായത്ത് സെക്രട്ടറിക്കും,SLEC വിഹിതമായ 132756 രൂപ ( 10%) കൂടി വിനിയോഗിക്കാൻ SLECക്കും നിർദേശം നൽകി. ( ആകെ13,50,000 രൂപ)

എന്നാൽ ജലവിഭവ വകുപ്പ് ഗ്രാമപഞ്ചായത്തിനയച്ച KRWSA-PMU /3143 2017 നമ്പർ കത്തിൽ , ഒരു പഞ്ചായത്തിൽ 2 WTP സംവിധാനത്തോടുകൂടി കുടിവെള്ള വിതരണം നടത്തുന്നത് സാമ്പത്തികമായി വൻ നഷ്ടം വരുത്തുമെന്നും ആയത് പുനപരിശോധിക്കണമെന്നും നിർദേശിച്ചു. . എന്നാൽ ഒരിക്കലും വറ്റാത്ത ഞാവലിൻ കടവ് ജലസ്രോതസ്സ് ഗ്രാമ പഞ്ചായത്തിന്റെ അനുഗ്രഹമാണെന്നും ആയത് പഞ്ചായത്തിന്റെ കുടിവെള്ളം എക്കാലത്തും ഉറപ്പു വരുത്തുമെന്നതിനാൽ 437 ലക്ഷം രൂപയുടെ പദ്ധതിക്ക് അനുമതി നല്കണമെന്നാണ് ഗ്രാമപഞ്ചായത്ത് ജലനിധിയോട് ആവശ്യപ്പെട്ടിട്ടുള്ളത്. എന്നാൽ ഇക്കാര്യത്തിൽ തുടർ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

ജല ശുദ്ധീകരണ പദ്ധതി നിരസിക്കപ്പെട്ടുവെങ്കിലും ടി സ്ഥലത്ത് ജല നിധി ഫണ്ടുപയോഗിച്ച് ഏകദേശം 3.50 ലക്ഷം ലിറ്റർ ജലം സംഭരിക്കാവുന്ന സംഭരണിയുടെയും ജല വിതരണ സംവിധാനത്തിന്റേയും നിർമാണം പുരോഗമിക്കുന്നു. ശുദ്ധീകരണ പദ്ധതി നിരസിക്കപ്പെട്ടപ്പോൾ ജല സംഭരണിയുൾപ്പെടെയുള്ള വിതരണ സംവിധാനം നിർമിക്കാൻ അനുമതി ലഭ്യമാക്കുകയാണ് ചെയ്തിട്ടുള്ളത്.ഇതിൽ ജല സംഭരണിയുടെ നിർമാണം ഏറെക്കുറെപൂർത്തിയായിട്ടുണ്ട് . ജലനിധിയുടെ സഹായ സംഘടനയായ പീപ്പിൾസ് സൊസൈറ്റി സമർപ്പിച്ച ഫീസിബിലിറ്റി റിപ്പോർട്ട് അനുസരിച്ചാണ് ജലനിധി സ്കീം ലെവൽ-2 വിനുവേണ്ടി മേൽ പറഞ്ഞവിധം പുതിയ ജല സംഭരണിയുടെ നിർമ്മാണം നടക്കുന്നത്. നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്കീം ലെവൽ 1 ന്റെ 6.6 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ജല സംഭരണിയിൽ നിന്നും ജലം മേൽ പറഞ്ഞ 3.5 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള പുതിയ ടാങ്കിലെത്തിച്ച് സ്കീംലെവൽ-2 വിന്റെ പ്രദേശങ്ങളിൽ വിതരണം നടത്താനാണ് പഞ്ചായത്ത് തീരുമാനിച്ചിട്ടുള്ളത്.

ഈ പദ്ധതി പ്രവർത്തനക്ഷമമാകുന്നപക്ഷം രണ്ട് സ്കീമുകളിലേക്കും മതിയായത്ര വെള്ളം വർഷം മുഴുവനും എത്തിക്കുന്നത് പ്രായോഗികമാകില്ലെന്നാണ് സ്കീംലെവൽ-1 അധികൃതർ അറിയിച്ചിട്ടുള്ളത്. മാത്രമല്ല ഭീമമായ തുക ചെലവഴിച്ച് നിർമിച്ച ഏറ്റവും ജലസമൃദ്ധമായ ഞാവലിൻകടവ് പദ്ധതി പ്രവർത്തന രഹിതമായിപ്പോകാനും സാധ്യതയുണ്ട്.

ആസൂത്രണത്തിലെ അശാസ്ത്രീയതയും പദ്ധതി നിർവഹണത്തിലെ അനാവശ്യമായ കാലതാമസവും സാങ്കേതികവും ഭരണപരവുമായ സങ്കീർണ്ണതകളും ദീർഘ വീക്ഷണത്തിന്റേയും അഭാവവും മൂലം പ്രകൃതി കനിഞ്ഞു നൽകിയ സമൃദ്ധമായ ജല സമ്പത്ത് ആരോഗ്യകരമായ രീതിയിൽ വിനിയോഗിക്കപ്പെടാതെ പോകുകയും ധന നഷ്ടത്തിന് കാരണമാകുകയും ചെയ്യുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു.

ജല ശുദ്ധീകരണ പ്ലാന്റിന് അനുമതി ലഭ്യമാക്കാതെയും വേണ്ടത്ര സാങ്കേതിക പഠനം നടത്താതെയും ജല സംഭരണി നിർമിക്കുന്നതും ക്രമ പ്രകാരമല്ല എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

<u>11. ലെക്കിടി പമ്പ് ഹൗസിലെ മോട്ടോറുകൾ നഷ്ടമായത് അന്വേഷണ വിധേയമാക്കേണ്ടതാണ്</u>

എസ്.എൽ.ഇ.സി-1 ന് കൈമാറുന്നതിനു മുമ്പ് ലെക്കിടി പമ്പ് ഹൗസിലുണ്ടായിരുന്ന 40 HP വീതം ശേഷിയുള്ള 3 മോട്ടോറുകളും പമ്പ് ഹൗസിൽ ഇല്ലെന്ന് ഓഡിറ്റ് സംഘം സ്ഥല

പരിശോധന നടത്തിയപ്പോൾ ബോധ്യപ്പെട്ടു. ഇത് സംബന്ധിച്ച് സമഗ്രമായ ഒരന്വേഷണത്തിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. ജലനിധി പദ്ധതി കമ്മീഷൻ ചെയ്തതിനു ശേഷം അവർ പുതിയ ജലവിതരണ സംവിധാനമാണ് ഉപയോഗിച്ച് കൊണ്ടിരിക്കുന്നത് എന്ന് അന്വേഷണത്തിൽ നിന്നും ബോധ്യപ്പെട്ടിട്ടുണ്ട്. നിലവിലുണ്ടായിരുന്ന സംവിധാനം ഏറ്റെടുക്കുന്ന സമയത്ത് ജല നിധി ഒന്നുകിൽ ഈ ആസ്തികൾ ഉപയോഗപ്പെടുത്തുകയോ അല്ലാത്തപക്ഷം ഗ്രാമ പഞ്ചായത്തിന് അവ തിരിച്ചേൽപ്പിക്കുകയോ ചെയ്യേണ്ടതായിരുന്നു. അപ്രകാരം ചെയ്യാതിരുന്നതിനാലാണ് പമ്പ് സെറ്റുകൾ നഷ്ടമായതെന്ന് വിലയിരുത്തുന്നു. നാളിതുവരെ ടി പമ്പ്സെറ്റുകൾ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

മേൽ പറഞ്ഞ വസ്തുതകളിന്മേൽ വിശദീകരണമാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 30/30-12.2019) മറുപടി സമർപ്പിച്ചില്ല.














ഓഡിറ്റ് നിർദേശങ്ങൾ

1. എസ്.എൽ.ഇ.സി-2 വിന്റെ ചുമതലയിലുള്ള ജല വിതരണപദ്ധതികൾ പൂർണ്ണമായും അവർക്ക് കൈമാറുകയും ഇതുമായി ബന്ധപ്പെട്ട ചെലവുകളിൽ നിന്ന് ഗ്രാമ പഞ്ചായത്ത് പൂർണ്ണമായും പിൻവാങ്ങുകയും ചെയ്യേണ്ടതാണ്.

2. നാളിതുവരെ നടത്തിയ ചെലവുകൾക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്.
3. വെള്ളക്കരമിനത്തിൽ പിരിച്ചെടുക്കേണ്ട തുകയുടെ സമഗ്രമായ കണക്കുകൾ തയ്യാറാക്കുകയും ഗുണഭോക്താക്കളിൽ നിന്നും കുടിശ്ശികയുൾപ്പെടെ പിരിച്ചെടുക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
4. കേരള ജല അതോറിറ്റിയിൽ നിന്നും ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് എസ്.എൽ.ഇ.സി-1 & 2 വിന് കൈമാറിയ ആസ്തികളിൽ എസ്.എൽ.ഇ.സി-1&2 കൾ ഉപയോഗിക്കാത്തവയുടെയും, പ്രവർത്തന രഹിതമായവയുടെയും പട്ടിക തയ്യാറാക്കി, തുടർനടപടികൾ സ്വീകരിച്ച് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുകയും ചെയ്യേണ്ടതാണ്.

5. എസ്.എൽ.ഇ.സി-1 ന് കൈമാറിയ ലെക്കിടി പമ്പ് ഹൗസിലുണ്ടായിരുന്ന 3 മോട്ടോറുകൾ കണ്ടെത്തുന്നതിനായി അന്വേഷണനടപടികൾ സ്വീകരിക്കേണ്ടതാണ്.

5. ഞാവലിൻ കടവ് കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നിയമാനുസൃതമാണെന്ന് ഉറപ്പാക്കേണ്ടതാണ്.
6. പദ്ധതികൾ അടിയന്തിരമായി പൂർത്തീകരിച്ച്, ഗുണഭോക്താക്കൾക്ക് ശുദ്ധജലം നൽകുന്നതിനുള്ള ഊർജ്ജിതമായ നടപടികൾ ഗ്രാമപഞ്ചായത്തും ജലനിധിയും സംയുക്തമായി സ്വീകരിക്കേണ്ടതാണ്.

7. ജല വിതരണ സംവിധാനവുമായി ബന്ധപ്പെട്ട് ജല നിധിക്ക് കൈമാറിയതും നാളിതുവരെ ഈയിനത്തിൽ ആർജിച്ചതുമായ ആസ്തികൾ ഗ്രാമ പഞ്ചായത്തിന്റെയും ജല നിധിയുടേയും കൂട്ടുടമസ്ഥതയിലായതിനാൽ , ഇവ ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഇനം തിരിച്ച് വിശദാംശങ്ങളുൾപ്പെടെ രേഖപ്പെടുത്തേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-25 കാർഷിക പ്രോജക്ടുകൾ -ഗുണഭോക്തൃവിഹിതം പിരിക്കുന്നത് ക്രമപ്രകാരമല്ല

കൃഷി ഓഫീസർ നടപ്പിലാക്കിയ നെൽ കർഷകർക്ക് വിത്ത് വിതരണം എന്ന പ്രൊജക്ടിൽ ഗുണഭോക്തൃവിഹിതം ഉൾപ്പെടുത്തുകയും , ടി ആർ -5 രശീത് മുഖേന നേരിട്ട് ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തിട്ടുമുണ്ട്. ഈ തുക കേരള സ്റ്റേറ്റ് സീഡ്സ് അതോറിറ്റിയിൽ നേരിട്ട് അടവാക്കുകയുമാണ് ചെയ്തിട്ടുള്ളത്. ടി ആർ -5 രശീത് മുഖേന ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് | അടങ്കൽ | | ആകെ ചെലവ് | | സപ്ലൈ നടത്തിയ സ്ഥാപനം |
|---|---|---|---|---|---|---|
| | | വികസന ഫണ്ട് ചെലവ് | ഗുണ ഭോക്തൃ വിഹിതം | വികസന ഫണ്ട് | ഗുണ ഭോ ക്തൃ വിഹിതം | |
| 1 | നെൽ കർഷ കർക്ക് വിത്ത് വിതരണം (നം :92/2019) | 1329750.00 | 797850 | 1329750 | 797850 | കേരള സ്റ്റേറ്റ് സീഡ്സ് അതോറിറ്റി |

പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ പദ്ധതികൾ തയ്യാറാക്കൽ- സബ്സിഡി-ധനസഹായം-അനുബന്ധവിഷയങ്ങൾ സംബന്ധിച്ച് പ്രസിദ്ധീകരിച്ച സർക്കാർ ഉത്തരവ് (കൈ) 22/2018/ ത.സ്വ.ഭ.വ തീയതി 14-2-2018 മാർഗരേഖയിലെ ഖണ്ഡിക 2.6 ലെ വ്യവസ്ഥ അനുസരിച്ച് " ഉത്പാദനോപാധികളും യന്ത്രസാമഗ്രികളും അടക്കമുള്ള എല്ലാ മേഖലയിലേയും വസ്തുക്കൾ, ആസ്തികൾ മുതലായവ നിർവഹണ ഉദ്യോഗസ്ഥൻ വാങ്ങി നൽകുന്ന സംഗതികളിൽ ഗുണഭോക്തൃ വിഹിതം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ അടക്കണമെന്ന് " രേഖപ്പെടുത്തിയിട്ടുണ്ട്, പ്രൊജക്ടുകളുടെ ഗുണഭോക്തൃവിഹിതം 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് റൂൾസ് 20 (ബി) പ്രകാരം ഫോം നം. XXXIII രസീതി മുഖേന പിരിച്ച് ഗ്രാമപഞ്ചായത്തിൽ ഒടുക്കുന്നതിന് പകരം ടി ആർ -5 രശീത് മുഖേന പിരിച്ച് നേരിട്ട് നൽകിയത് ക്രമപ്രകാരമല്ല. ഇപ്രകാരം ചെയ്തതിനാൽ ഗ്രാമപഞ്ചായത്തിന്റെ പദ്ധതികളുടെ ഗുണഭോക്തൃവിഹിതം പഞ്ചായത്തിന്റെ ചെലവ് പത്രികകളിൽ ഉൾപ്പെട്ടിട്ടില്ല. ഇത് മൂലം പദ്ധതികളുടെ യഥാർത്ഥ ചെലവ് കുറവാകുകയും. വരുംവർഷങ്ങളിൽ ഗ്രാമ പഞ്ചായത്തിനു ലഭിക്കേണ്ട വാർഷിക പദ്ധതി അടങ്കലിൽ കുറവ് വരുന്നതിന് കാരണമാവും. ഈ വിഷയത്തിലുള്ള തുടർനടപടികൾക്കായി ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-26 കാർഷിക യന്ത്രോപകരങ്ങളുടെ കൃത്യമായ പരിപാലനം ഉറപ്പുവരുത്തണം

കഴിഞ്ഞ വർഷങ്ങളിലെ വാർഷിക പദ്ധതികളിലുൾപ്പെടുത്തി , പാടശേഖര സമിതികൾക്ക് കൈമാറിയ കാർഷിക ഉപകരണങ്ങളുടെ ലഭ്യമായ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | വർഷം | ഇനം | വില | സമിതിയുടെ പേര് |
|---|---|---|---|---|
| 1 | 2007-08 | ട്രാക്ടർ | 443861.00 | പുത്തൂർ പാടശേഖര സമിതി |
| 2 | 2008-09 | പവ്വർ റീപ്പർ | 60458.00 | കല്ലിങ്കൽപ്പാടം പാടശേഖര സമിതി |
| 3 | 2008-09 | പവ്വർ റീപ്പർ | 60458.00 | മറുവപ്പാടം പാടശേഖര സമിതി |
| 4 | 2008-09 | പവ്വർ റീപ്പർ | 60458.00 | പേരപ്പാടം പാടശേഖര സമിതി |

മേൽ കാർഷിക യന്ത്രങ്ങളുടെ നിലവിലെ അവസ്ഥയും , രജിസ്ട്രേഷൻ -ഇൻഷ്വറൻസ് രേഖകളുടെ പകർപ്പും, വരവ് - ചെലവ് കണക്കുകളും അറിയിക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണം 21/27.12.2019 ന കൃഷി ഓഫീസർ എൽ.കെ.പി 45/2019-20 തീയതി 04.01.20 -ാം നമ്പർ കത്ത് മുഖേന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടിയുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന തുടർനടപടികൾ നിർദ്ദേശിക്കുന്നു.

1. പുത്തൂർ പാടശേഖര സമിതി ഹാജരാക്കിയ 2017-18, 2018-19 വർഷങ്ങളിലെ വരവ് -ചെലവ് കണക്കുകളിൽ KL-51-8955 ട്രാക്ടറിന്റെ ഇൻഷ്വറൻസ് പ്രീമിയം അടവാക്കിയ ഇനത്തിൽ ചെലവുകളൊന്നുമില്ല. ട്രാക്ടറിന്റെ ഇൻഷ്വറൻസ് പ്രീമിയം യഥാസമയം അടവാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും, ഇൻഷ്വറൻസ് രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഓഡിറ്റിന് ലഭ്യമാക്കണ്ടതുമാണ്.

2.ഗ്രാമ പഞ്ചായത്ത് വാർഷിക പദ്ധതിയിലുൾപ്പെടുത്തി വാങ്ങി പുത്തൂർ പാടശേഖര സമിതിക്ക് കൈമാറിയ KL-51-8955 ട്രാക്ടറിന്റെ ഉടമസ്ഥവകാശം പാടശേഖര സമിതിയുടെ സെക്രട്ടറിയുടെ പേരിലാണ്. ട്രാക്ടറിന്റെ ഉടമസ്ഥതയും, നടത്തിപ്പും സർക്കാർ ഉത്തരവുകൾ പ്രകാരമാണെന്നും , പരിപാലനം കരാറിലെ വ്യവസ്ഥകൾ പ്രകാരമാണെന്നും ഉറപ്പുവരുത്തേണ്ടതും, വരവ്- ചെലവ് കണക്കുകൾ എല്ലാ മാസവും പരിശോധിക്കേണ്ടതുമാണ്

3.പവ്വർ റീപ്പറുകൾ നിലവിൽ ഉപയോഗിക്കുന്നില്ലെന്ന് അറിയിച്ചിട്ടുണ്ട്. ഇവ ഉപയോഗശൂന്യമാണെങ്കിൽ പാടശേഖര സമിതികളിൽ നിന്നും തിരികെ വാങ്ങി ലേലം ചെയ്യുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-27 വനിതാ കർഷകർക്ക് ഡെയിഞ്ച വിത്ത് വിതരണം -ഫല പ്രാപ്തി കൈവരിച്ചില്ല

പ്രൊജക്ട് നമ്പർ –288/2019

പ്രൊജക്ട് – വനിതാ കർഷകർക്ക് ഡെയിഞ്ച വിത്ത് വിതരണം

അടങ്കൽ : രൂ.290610.00 (വികസന ഫണ്ട് )

ചെലവ്- രൂ. 290610.00(ബിൽ നം 8 തീയതി 21.3.19 )

നിർവഹണം-കൃഷി ഓഫീസർ

ഗ്രാമ പഞ്ചായത്തിലെ വനിതാ നെൽ കർഷകർക്ക് പ്രോത്സാഹനം നൽകുന്നതിനു വേണ്ടി തയ്യാറാക്കിയതാണ് ഈ പ്രൊജക്ട്. സബ്സിഡി മാർഗ്ഗ രേഖയിലെ വ്യവസ്ഥകൾ, പദ്ധതി സമയക്രമം , പ്രൊജക്റ്റ് ലക്ഷ്യം കൈവരിക്കൽ എന്നിവ പരിശോധിക്കുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ താഴെപറയുന്ന അപാകങ്ങൾ വന്നിട്ടുണ്ട്.

എ) പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ പദ്ധതികൾ തയ്യാറാക്കൽ- സബ്സിഡി-ധനസഹായം-അനുബന്ധവിഷയങ്ങൾ സംബന്ധിച്ച് പ്രസിദ്ധീകരിച്ച സർക്കാർ ഉത്തരവ് (കൈ) 22/2018/ ത.സ്വ.ഭ.വ തീയതി 14-2-2018 മാർഗരേഖയിലെ ഖണ്ഡിക 6.1(4) പ്രകാരം നെല്ല് , പച്ചില വളം, വിത്തുകൾ മുതലായവ കൃഷി വകുപ്പ് ഫാമുകൾ, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി , വി.എഫ്.പി.സി. കെ എന്നിവയിൽ നിന്നും വാങ്ങുമ്പോൾ യഥാർത്ഥ വില നൽകുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇതിനു വിരുദ്ധമായി മേൽ പ്രൊജക്ടിനു വേണ്ടി 3229 കിലോ ഗ്രാം ഡെയിഞ്ച വിത്ത് റെയ്ഡ്കോയിൽ നിന്നും നേരിട്ട് വാങ്ങിയാണ് വിതരണം നടത്തിയത്. സബ്സിഡി മാർഗ്ഗരേഖയിലെ വ്യവസ്ഥക്കു വിരുദ്ധമായി വാങ്ങൽ നടത്തിയത് ക്രമ പ്രകാരമല്ല.

ബി) മുണ്ടകൻ വിളവെടുപ്പിനു ശേഷം വയലിൽ ഉഴുതുചേർക്കേണ്ട ഡെയിഞ്ച വിത്തുകൾ വിതരണം നടത്തിയിരിക്കുന്നത് മെയ് ജൂൺ മാസങ്ങളിലാണ്. ഇത് മൂലം വേണ്ടത്ര ഫല പ്രാപ്തി കൈവരിച്ചിട്ടില്ല . കർഷകർക്ക് യഥാസമയം വിത്തുകൾ നൽകുന്ന രീതിയിൽ പ്രൊജക്ട് നടപ്പിലാക്കാതിരുന്നത് നിർവ്വഹണത്തിലെ വീഴ്ചയാണ്.

സി)സർക്കാർ ഉത്തരവ് എം.എസ്. 11/18 ത.സ്വ.ഭ.വ, തീയ്യതി 29.01.2018- പതിമൂന്നാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ രേഖ ഖണ്ഡിക 6.3- ലെ നിബന്ധനകൾ പാലിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മാർഗ്ഗ രേഖ ഖണ്ഡിക 6.3(III) അനുസരിച്ച് , വനിതകൾക്കും പുരുഷൻമാർക്കും ഒരു പോലെ പ്രയോജനം ലഭിക്കുന്ന പ്രൊജക്ടുകൾ വനിതാ ഘടക പദ്ധതിയിൽ ഏറ്റെടുക്കരുതെന്ന് നിബന്ധനയുണ്ട്. ഇതിനു വിരുദ്ധമായി ഈ പ്രൊജക്ട് വനിതാ ഘടക പദ്ധതിയിലുൾപ്പെടുത്തിയത് പദ്ധതി മാർഗ്ഗരേഖ നിബന്ധനകൾക്ക് എതിരാണ്.

ഭാവിയിൽ പദ്ധതി-സബ്സിഡി- പ്രൊജക്ട് മാർഗ്ഗ രേഖകളിലെ വ്യവസ്ഥകൾ പ്രകാരവും, പാടശേഖര സമിതികളുമായി കൂടിയാലോചിച്ചും കാർഷിക കലണ്ടറിന് അനുസൃതമായും, കർഷകർക്ക് ഉപകാരപ്രദമാവുന്ന രീതിയിൽ പ്രൊജക്ടുകളുടെ നിർവ്വഹണം നടത്തേണ്ടതാണ്.

# 1-28 ക്ഷീരകർഷകർക്ക് സബ്സിഡി നൽകൽ -നിർവ്വഹണത്തിൽ സൂക്ഷ്മത പാലിച്ചില്ല

പ്രൊജക്ട് നമ്പർ- 98/2019

പ്രൊജക്ട് – ക്ഷീരസംഘങ്ങൾ വഴി പാൽ വിപണനം നടത്തുന്ന കർഷകർക്ക് പാലിന് സബ്സിഡി

അടങ്കൽ : രൂ.600000.00 (വികസന ഫണ്ട് 300000.00 + ജില്ലാ പഞ്ചായത്ത് വിഹിതം 300000.00)

ചെലവ്- രൂ. 600000.00

നിർവഹണം-ഡയറി എക്സ്റ്റൻഷൻ ഓഫീസർ

&
പ്രൊജക്ട് നമ്പർ- 233/2019

പ്രൊജക്ട് – ക്ഷീരസംഘങ്ങൾ വഴി പാൽ വിപണനം നടത്തുന്ന കർഷകർക്ക് പാലിന് സബ്സിഡി

അടങ്കൽ : രൂ.100000.00 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

ചെലവ്- രൂ. 100000.00 ( ചെക്ക് നം 1803611തീ 7.11.18)

നിർവഹണം-ഡയറി ഫാം ഇൻസ്ട്രക്ടർ

മേൽ പ്രൊജക്ടുകളുടെ നിർവഹണത്തിൽ താഴെ ചേർക്കുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

എ) 2018-19 സാമ്പത്തിക വർഷത്തിൽ വിവിധ ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകർക്ക് 1 ലിറ്റർ പാലിന് 3 രൂപ നിരക്കിൽ സബ്സിഡി നൽകുന്ന മേൽ പ്രൊജക്ടുകൾ പ്രകാരം, പഞ്ചായത്ത് പരിധിയിലെ താഴെ പറയുന്ന ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ മുഖേന സബ്സിഡി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ക്ഷീരോല്പാദന സഹകരണ സംഘത്തിന്റെ പേര് | സബ്സിഡി ലഭിച്ച കർഷകരുടെ എണ്ണം | പ്രൊജക്ട് നമ്പർ-98/2019 പ്രകാരം അനുവദിച്ച തുക | പ്രൊജക്ട് നമ്പർ-233/2019 പ്രകാരം അനുവദിച്ചതുക |
|---|---|---|---|---|
| 1 | അകലൂർ | 51 | 114666.00 | 20000.00 |
| 2 | പേരൂർ | 53 | 104583.00 | 20000.00 |
| 3 | ലെക്കിടി | 51 | 122735.00 | 20001.00 |
| 4 | നെല്ലിക്കുറിശ്ശി | 54 | 112866.00 | 19998.00 |
| 5 | ഈങ്ങോറ | 72 | 145150.00 | 20001.00 |
| ആകെ | | | 6,00,000.00 | 100000.00 |

എന്നാൽ വിവിധ ക്ഷീര സംഘങ്ങളിലെ പാൽ ശേഖരണ രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകളും, സബ്സിഡി കണക്കാക്കിയ പാലിന്റെ അളവുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല (ഉദാ- നെല്ലിക്കുറിശ്ശി, ഈങ്ങോറ ക്ഷീര സംഘങ്ങളിലെ രേഖകൾ). ക്ഷീര സംഘങ്ങളിലെ സെക്രട്ടറിമാർ നൽകിയ ലിസ്റ്റ്, പരിശോധന നടത്തുകയോ, സാക്ഷ്യപ്പെടുത്തുകയോ ചെയ്യാതെയാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച ഭരണ വകുപ്പിന്റെ വിശദമായ പരിശോധന ആവശ്യമാണ്.

ബി) പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ പദ്ധതികൾ തയ്യാറാക്കൽ- സബ്സിഡി-ധനസഹായം-അനുബന്ധവിഷയങ്ങൾ സംബന്ധിച്ച് പ്രസിദ്ധീകരിച്ച സർക്കാർ ഉത്തരവ് (കൈ) 22/2018/ ത.സ്വ.ഭ.വ തീയതി 14-2-2018 മാർഗരേഖയിലെ ഖണ്ഡിക 6.2(8) പ്രകാരം ക്ഷീര സംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് 4 രൂപ (ക്ഷീര വികസന വകുപ്പ് നൽകുന്ന 1 രൂപ ഉൾപ്പെടെ 4 രൂപ) തോതിൽ കണക്കാക്കി അത്രയും തുക കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇതു പ്രകാരം ഗ്രാമ പഞ്ചായത്തിലെ താമസക്കാരായ എല്ലാ ചെറുകിട / നാമമാത്ര കർഷകരും ഈ ആനുകൂല്യത്തിന് അർഹരാണ് . എന്നാൽ ഏതാനും ക്ഷീര കർഷകർക്കു മാത്രമാണ് സബ്സിഡി നൽകിയിരിക്കുന്നത്. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് "പാലളക്കുന്ന മുഴുവൻ ക്ഷീര കർഷകരും ഗ്രാമ പഞ്ചായത്ത് പരിധിയിൽ താമസിക്കുന്നവരല്ല" എന്നാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ ക്ഷീര സംഘങ്ങളിലെ പാൽ ശേഖരണ രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിലെ മേൽവിലാസമുള്ള നിരവധി ക്ഷീര കർഷകർക്ക് ആനുകൂല്യം നൽകിയിട്ടില്ല.

സി) 2018 ഏപ്രിൽ മുതൽ 2019 ജനുവരി വരെയുള്ള കാലയളവിൽ ക്ഷീര സംഘങ്ങളിൽ പാൽ നൽകിയ കർഷകർക്കു മാത്രമാണ് ആനുകൂല്യം ലഭിച്ചിട്ടുള്ളത്. പദ്ധതി കാലയളവിലെ 2/19 മുതൽ 03/19 വരെയുള്ള മാസങ്ങളിൽ ക്ഷീര സംഘങ്ങളിൽ പാൽ നൽകിയ കർഷകർക്കു സബ്സിഡി നൽകുവാൻ ആവശ്യമായ തുക പ്രൊജക്ടിൽ വകയിരുത്തിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1.ക്ഷീര സംഘങ്ങളിൽ പരിപാലിക്കുന്ന പാൽ ശേഖരണ രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകളുമായി ഒത്തുനോക്കി അർഹമായ തുക മാത്രം സബ്സിഡിയായി അനുവദിക്കേണ്ടതാണ്. സർക്കാർ തുക സ്വന്തം പണം ചെലവഴിക്കുന്ന സൂക്ഷ്മതയോടെ ചെലവഴിക്കണമെന്ന, കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 40 (ബി)യിൽ പ്രതിപാദിക്കുന്ന, ഫിനാൻഷ്യൽ പ്രൊപ്രൈറ്റി പ്രൊജക്ടുകളുടെ നിർവ്വഹണത്തിലും, സബ്സിഡി അനുവദിക്കുന്നതിലും പാലിക്കേണ്ടതാണ്.

2.ഗ്രാമ പഞ്ചായത്ത് പരിധിയിലെ അർഹരായ എല്ലാ ക്ഷീര കർഷകർക്കും സബ്സിഡി അനുവദിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

3.ക്ഷീരകർഷകർക്ക് സാമ്പത്തിക വർഷത്തിലെ മുഴുവൻ കാലയളവിലും സബ്സ്ഡി നൽകുവാൻ ആവശ്യമായ തുക പ്രൊജക്ടിൽ വകയിരുത്തേണ്ടതാണ്.

# 1-29 ഹോമിയോ ഡിസ്പെൻസറിയുടെ അടിസ്ഥാന സൌകര്യങ്ങൾ മെച്ചപ്പെടുത്തണം

ലെക്കിടി പേരൂർ ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിന്റെ തൊട്ടടുത്ത കെട്ടിടത്തിലുള്ള ഹോമിയോ ഡിസ്പെൻസറി വളരെ പരിമിതമായ സൗകര്യത്തോടുകൂടിയാണ് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. ദിനം പ്രതി ആശുപത്രി സന്ദർശിക്കുന്ന 100 ൽ പരം രോഗികളുടെ അടിസ്ഥാനാവശ്യങ്ങൾ പരിഹരിക്കാൻ പറ്റാത്ത അത്രയും ചെറിയ ഒരു കെട്ടിടമാണ് നിലവിലുള്ളത്. പരിശോധന മുറി, മരുന്നുകളുടെ സൂക്ഷിപ്പു മുറി , മരുന്നു വിതരണ സ്ഥലം എന്നിവ വളരെ പരിമിതമായ സൗകര്യങ്ങളോടുകൂടിയാണ് പ്രവർത്തിക്കുന്നത്. രോഗികൾക്ക് കാത്തിരിക്കുവാനുള്ള ഇരിപ്പിടങ്ങളുടെ എണ്ണവും കുറവാണ്.

ഈ സാഹചര്യത്തിൽ , ഹോമിയോ ഡിസ്പെൻസറിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട്, സർക്കാർ ഉത്തരവ് ( ആർ.റ്റി) 1616/17 / ത.സ്വ.ഭ.വ തീയ്യതി. 17.5.17 പ്രകാരം പ്രാബല്യത്തിൽ വന്ന " Administration Manual for Transferred Functions:Homeopathy Dispensaries/Hospitals” ലെ വ്യവസ്ഥകൾ അനുസരിച്ച്, താഴെ പറയുന്ന വസ്തുതകളിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

(1) രോഗികളെ പരിശോധിക്കുന്നതിനുള്ള സൗകര്യങ്ങളും, ഇരിപ്പിടങ്ങളും ഏർപ്പെടുത്തി പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

(2) മരുന്നുകൾ സൂക്ഷിക്കുന്നതിന് സുരക്ഷിതവും ആവശ്യമായ സൗകര്യങ്ങളോടുകൂടിയതുമായ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

(3) " Administration Manual for Transferred Functions:Homeopathy Dispensaries/Hospitals” ഖണ്ഡിക 3.5 ൽ നിർദേശിച്ചിരിക്കുന്ന ബോർഡുകളും 3.5.(8) പ്രകാരമുള്ള Suggestion/ complaint Boxഉം സ്ഥാപിക്കേണ്ടതാണ്.

(4) ഡിസ്പെൻസറി വനിതാ-ശിശു- വയോജന- ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-30 വിവിധ നിർവഹണ ഏജൻസികൾക്ക് കൈമാറിയ തുകകൾ- വിനിയോഗ സാക്ഷ്യ പത്രം/ ചെലവു പുരോഗതി റിപ്പോർട്ട് ഹാജരാക്കണം

2018-19 സാമ്പത്തിക വർഷത്തിൽ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് വിവിധ ഏജൻസികൾക്ക് കൈമറിയ തുകകൾ, നിർവഹണ ഏജൻസി എന്നീ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. ഈ പ്രൊജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം/ ചെലവു പുരോഗതി റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കിയില്ല.

| ക്രമ നം | പ്രൊജക്ട് നമ്പറും പേരും | കൈമാറിയ തുക<br>ട്രഷറി ബിൽനമ്പർ, തീയ്യതി | നിർവഹണ ഏജൻസി |
|---|---|---|---|
| 1 | 09/19- ജലനിധി -പഞ്ചായത്ത് വിഹിതം | 1470000/-<br>Bill No.5/28.7.18 | ജല നിധി |
| 2 | 107/19- ജലനിധി -പഞ്ചായത്ത് വിഹിതം ( SCP) | 3,65000/-Bill Bill.No.6/28.7.18 | ജല നിധി |
| 3 | 138/19- പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിനുള്ള ഗ്രാമ പഞ്ചായത്ത് വിഹിതം | 30000/-<br>Bill. No .02/29.6.18 | പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് - 6 |

| | | | |
|---|---|---|---|
| 4 | 144/19-സ്ട്രീറ്റ് മെയിൻ വലിക്കൽ | 600000/-<br>Bill. No. 10/17.8.18 | KSEB |
| 5 | 211/19- സ്ട്രീറ്റ് മെയിൻ വലിക്കൽ | 263378/-<br>Bill.No. 08/17.8.18 | KSEB |

മേൽ പറഞ്ഞ പ്രൊജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം/ചെലവു പുരോഗതി റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കനാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നമ്പർ 12/24.12.2019 ) ന് മറുപടി സമർപ്പിച്ചില്ല.

ആയതിനാൽ മേൽ പറഞ്ഞ നിർവഹണ ഏജൻസികളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം/ ചെലവു പുരോഗതി റിപ്പോർട്ട് ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

# 1-31 ഒഴിവാക്കി

# 1-32 മുൻകൂർ തുക - തിരിച്ചു പിടിക്കുകയോ ക്രമീകരിക്കുകയോ ചെയ്യാത്തത് സംബന്ധിച്ച്

2018-19 സാമ്പത്തിക വർഷത്തിൽ, ജന പ്രതിനിധികൾ, ജീവനക്കാർ, നിർവഹണോദ്യോഗസ്ഥർ എന്നിവർക്ക് നൽകിയതും നാളിതുവരെ ക്രമീകരിക്കപ്പെടാത്തതുമായ മുൻകൂർ തുകകൾ സംബന്ധിച്ച വിശദാംശങ്ങൾ ( അഡ്വാൻസ് രജിസ്റ്റർ പ്രകാരം) താഴെ കൊടുക്കുന്നു.

| ക്രമനം | തുക & വൗച്ചർ നമ്പർ | ഇനം | വ്യക്തിയുടെ പേര് | ഒടുക്കിയ തുക/ അഡ്ജസ്റ്റ് ചെയ്ത തുക | ഒടുക്കാനുള്ള തുക |
|---|---|---|---|---|---|
| 1 | 6000/- 21700374/ 25.08.17 | ഓണം അഡ്വാൻസ് | ശ്രീ.ടി.ഗോകുൽ ദാസ്, അസി. സെക്രട്ടറി | 0 | 6000/- |
| 2 | 9000/-<br>21700374/ 25.08.17 | ഓണം അഡ്വാൻസ് | ശ്രീമതി ജ്യോതി എസ്. JS | 6000/- | 3000/- |
| 3 | 67920/-<br>21701223/ 31.03.2018 | PHC മെഡിക്കൽ ഓഫീസർക്ക് നൽകിയ മുൻകൂർ തുക | മെഡിക്കൽ ഓഫീസർ<br>( PHC) | 0 | 67920/- |
| 4 | 33928/-<br>21800915/ 05.01.2019 | ആശ്രയ പദ്ധതി- മുൻകൂർ തുക | അസി. സെക്രട്ടറി &ചാർജ് ഓഫീസർ<br>കുടുംബശ്രീ | 0 | 33928/- |

| | | | | | |
|---|---|---|---|---|---|
| 5 | 20000/- 21800716/ 8.11.2018 | ഞാവലിൻ കടവ്- പമ്പ് റിപ്പയർ | പ്രസിഡണ്ട്, ലെക്കിടി - പേരൂർ ഗ്രാമ പഞ്ചായത്ത് | 0 | 20000/- |
| | | | | ആകെ | 130828 |

മേൽ പട്ടികയിലെ ക്രമനമ്പർ (5) പ്രകാരമുള്ള 20000 രൂപ , ഞാവലിൻ കടവ് പമ്പ് റിപ്പയർ ചെയ്യുന്നതിന് ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് കൈപ്പറ്റിയ തുകയാണ്. ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് 05.11.2018 തീയ്യതി വെച്ച് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ കത്തിൽ ഇപ്രകാരം പറഞ്ഞിട്ടുണ്ട്.

"ലെക്കിടി പേരൂർ ഗ്രാമ പഞ്ചായത്തിലെ കിഴക്കൻ മേഖലയിലുൾപ്പെട്ട , 6,7,8,9,10 വാർഡുകളിൽ കുടിവെള്ള വിതരണം നടത്തുന്ന ഞാവലിൻ കടവ് പമ്പ് ഹൗസിലെ മോട്ടോർ കേട്ടു വന്ന് ജല വിതരണം തടസ്സപ്പെട്ടതിനാൽ കുടിവെള്ള ക്ഷാമം അടിയന്തിരമായി പരിഹരിക്കുന്നതിനു വേണ്ടി മോട്ടോർ നേരെയാക്കുന്നതിന് എസ്.എൽ.ഇ.സി.2 വിന് ലഭിച്ച ക്വട്ടേഷനുകളിൽ ........................ എന്ന കരാറുകാരന്റെ ക്വട്ടേഷൻ ഭരണ സമിതി അംഗീകരിച്ച് വർക്ക് ഓർഡർ നൽകുന്നതിന് കാലതാമസം വരുമെന്നും ടിയാൻ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണെന്ന് അറിയിച്ചതിനാലും പ്രസ്തുത വാർഡുകളിലെ കുടിവെള്ള ക്ഷാമം വളരെ അടിയന്തിരമായി പരിഹരിക്കേണ്ടതുള്ളതിനാൽ 20,000 രൂപയെങ്കിലും താൽക്കാലികമായി മുൻകൂർ വേണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയതിനാൽ ലെക്കിടി പേരൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ടിന് താൽക്കാലിക മുൻകൂർ ഇനത്തിൽ 20000രൂപ അനുവദിക്കുന്നതിന് ഇതിനാൽ നിർദേശിക്കുന്നുവെന്നും കരാറുകാരന് ബിൽ തുക ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത തുക ലെക്കിടി – പേരൂർ ഗ്രാമ പഞ്ചായത്ത് ഓഫീസിൽ അടവാക്കി മുൻകൂർ ക്ലിയർ ചെയ്യുന്നതാണെന്നും ലെക്കിടി – പേരൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് എന്ന നിലയിൽ താങ്കളെ അറിയിച്ചു കൊള്ളുന്നു."

ഈ കത്തിൽ കരാറുകാരന്റെ പേര് പ്രതിപാദിച്ചിട്ടില്ല. തെരഞ്ഞെടുക്കപ്പെടാത്ത കരാറുകാരന്റെ പേരിലാണ് തുക കൈപ്പറ്റിയിരിക്കുന്നത്.

പ്രസിഡണ്ട് നൽകിയ മേൽ പറഞ്ഞ കത്തിന്റെ അടിസ്ഥാനത്തിൽ, 5.11.2018-ലെ എ1- 6749/18 നമ്പർ ഉത്തരവ് പ്രകാരം സെക്രട്ടറി പ്രസിഡണ്ടിന് 20,000 രൂപ അഡ്വാൻസ് ഇനത്തിൽ നൽകുന്നതിന് ഉത്തരവിടുകയും ചെയ്തു. അതനുസരിച്ച് 8.11.2018-ലെ 21800716 നമ്പർ വൗച്ചർ പ്രകാരം 20,000 രൂപ പ്രസിഡണ്ടിന് നൽകുകയും ചെയ്തിട്ടുണ്ട്.

ലെക്കിടി – പേരൂർ ഗ്രാമ പഞ്ചായത്തിലെ ഞാവലിൻകടവ് ഉൾപ്പെടെ മുഴുവൻ കുടിവെള്ള പദ്ധതികളും ജല നിധിക്ക് കൈമാറിയിട്ടുള്ളതാണ് എന്നിരിക്കെ ജലനിധിയുടെ ഉടമസ്ഥതയിലുള്ള കുടിവെള്ള പദ്ധതി റിപ്പയർ ചെയ്യുന്നതിന് എന്ന പേരിൽ ഇല്ലാത്ത കരാറുകാരനുവേണ്ടി പ്രസിഡണ്ട് തുക ആവശ്യപ്പെട്ടതും സെക്രട്ടറി അനധികൃതമായി തുക നൽകിയതും പൊതു ഫണ്ടിന്റെ ദുർവിനിയോഗമായതിനാൽ അംഗീകരിക്കാൻ നിർവാഹമില്ല.

മേൽ പറഞ്ഞ തുകകൾ തിരിച്ചടക്കുകയോ ക്രമീകരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ടി വിവരം തെളിവു സഹിതം പരിശോധനയ്ക്ക് ഹാജരാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നമ്പർ 27/29.12.2019) സമർപ്പിച്ച മറുപടിയിൽ തുകകൾ തിരിച്ചടക്കാൻ പ്രസിഡണ്ട് ഉൾപ്പെടെയുള്ള വ്യക്തികൾക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശം</u>

മേൽ പട്ടികയിലെ ക്രമ നമ്പർ 1,2 എന്നിവ പ്രകാരം ഓണം അഡ്വാൻസിനത്തിൽ പഞ്ചായത്ത് ജീവനക്കാർ കൈപ്പറ്റിയ തുക തിരിച്ചുപിടിച്ച് വിവരം തെളിവു സഹിതം ഓഡിറ്റിനെ അറിയിക്കണം. ക്രമ നമ്പർ 3, 4 എന്നിവ പ്രകാരം നിർവ്വഹണോദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ള

തുകകളുടെ ചെലവ് രേഖകൾ ഹാജരാക്കാത്ത പക്ഷം തുക തിരികെ ഈടാക്കേണ്ടതാണ്. അതുവരെ ഈയിനങ്ങളിലെ ചെലവ് തുക 101828 രൂപ തടസ്സത്തിൽ വയ്ക്കുന്നു. കൂടാതെ പ്രസിഡണ്ടിന് നൽകിയ 20,000 രൂപ യഥാസമയം/നാളിതുവരെ ക്രമീകരിക്കാത്തതിനാൽ ജി.ഓ.(പി) നമ്പർ 419/11 ധനം തീയതി 04.10.2011ലെ നിർദ്ദേശങ്ങൾ പ്രകാരം തുക പിൻവലിച്ച തീയതി മുതൽ തിരിച്ചടക്കുന്ന തീയതി വരെ 18% പലിശയോടുകൂടി പ്രസിഡണ്ടിൽ നിന്ന് തിരിച്ച് പിടിച്ച് പഞ്ചായത്ത് ഫണ്ടിലൊടുക്കണം.

# 1-33 പഞ്ചായത്തിന്റെ ഒദ്യോഗിക വാഹനം- രേഖകൾപരിപാലിക്കുന്നത് സംബന്ധിച്ച്

ജി.ഒ(എം.എസ്)നം.170/07തസ്വഭവ തിയതി 30.6.2007 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസർ നിർബന്ധമായും സൂക്ഷിക്കേണ്ട രജിസ്റ്ററുകളെക്കുറിച്ചും റെക്കോർഡുകളെക്കുറിച്ചും മാർഗ്ഗരേഖയിൽ വിശദീകരിച്ചിട്ടുണ്ട്. സർക്കാർ വാഹനങ്ങളുടെ ഉപയോഗം കാര്യക്ഷമമാക്കുന്നതിനായി 12.8.2008 ന് 41/2008-ാം നമ്പറായി ധനവകുപ്പ് വിശദമായ സർക്കുലറും പുറപ്പെടുവിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വാഹനത്തിന്റെ ഉപയോഗത്തിലെ കാര്യക്ഷമത വിലയിരുത്തിയതിന്മേലുള്ള കണ്ടെത്തലുകളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

വാഹന നം. KL-51B 9090 Bolero

<u>എ. രജിസ്റ്ററുകളുടെ സൂക്ഷിപ്പ്</u>

വാഹനത്തിന്റെ ലോഗ് ബുക്ക് മാത്രമാണ് നിലവിൽ സൂക്ഷിച്ചു പോരുന്നത്. റിപ്പയർ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ മുതലായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

ലോഗ് ബുക്കിന്റെ എല്ലാ കോളങ്ങളും പൂരിപ്പിക്കാതെയും ആവശ്യമായ സാക്ഷ്യപ്പെടുത്തൽ നടത്താതെയും ഒഴിച്ചിട്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു.

ഓരോ മാസാവസാനവും കിലോമീറ്റർ, ഇന്ധന അളവ് എന്നിവയുടെ സംക്ഷിപ്തം ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും കസ്റ്റോഡിയൻ ഓഫീസർ സാക്ഷ്യപ്പെടുത്തുന്നില്ല.

സ.ഉ(പി)നം.161/2006/ഫിൻ തിയതി 31-3-2006 പ്രകാരം സൂക്ഷിക്കേണ്ട വെഹിക്കിൾ ഹിസ്റ്ററി ബുക്ക്, ഇൻഷുറൻസ് പോളിസിയുടെ വിവരം കാണിക്കുന്ന രജിസ്റ്റർ മുതലായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

<u>ബി. ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ്</u>

ഓരോ ആറു മാസം കൂടുമ്പോഴും ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് വാഹനത്തിന്റെ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തേണ്ടതാണെന്ന നിബന്ധനയും പാലിച്ചിട്ടില്ല. വർഷങ്ങളായി ഇന്ധനക്ഷമത പരിശോധിച്ചിട്ടില്ലെന്ന് വാഹനത്തിന്റെ നിലവിലുള്ള ഡ്രൈവർ അറിയിച്ചു.

ഇന്ധനക്ഷമത അവസാനമായി നടത്തിയത് എന്നാണെന്ന് പരിശോധിക്കുന്നതിനുള്ള രേഖ ലോഗ്ബുക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

സി. ഇന്ധനം നിറയ്ക്കൽ

കസ്റ്റോഡിയൻ ഓഫീസറുടേയോ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റേയോ സാന്നിദ്ധ്യത്തിൽ ഫുൾ ടാങ്ക് ഇന്ധനം നിറയ്ക്കേണ്ടതാണെന്ന നിബന്ധനയും പാലിക്കുന്നില്ല. പലപ്പോഴും കുറഞ്ഞ അളവിലുള്ള ഇന്ധനമാണ് നിറയ്ക്കുന്നത്.

ഡി. റിപ്പയർ

പതിനായിരം രൂപയ്ക്ക് മുകളിലുള്ള റിപ്പയറുകൾ ക്വട്ടേഷൻ മുഖേന നിർവ്വഹിക്കേണ്ടതാണ്

ഇ. ഓഡിറ്റ് നിർദ്ദേശങ്ങൾ

1. വാഹനത്തിന്റെ ഉപയോഗത്തിൽ ജി.ഒ(എം.എസ്)നം.170/07തസ്വഭവ 30.6.2007 പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.
2. ആവശ്യമായ രേഖകൾ കൃത്യതയോടെ സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
3. ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് അടിയന്തിരമായി നടത്തേണ്ടതാണ്.
4. നിയന്ത്രണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ ആവശ്യമായ ഇടപെടൽ നടത്തേണ്ടതും തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.
(ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 19/27.12.19 ന് മറുപടി ലഭ്യമായില്ല.)

# 1-34 തുല്യത പഠന പ്രൊജക്ട്- നിർവ്വഹണം ക്രമപ്രകാരമല്ല

പ്രൊജക്ട് നമ്പർ - 032/19 – സാക്ഷരത – പത്താം തരം തുല്യത - ഫീസും പഠനസഹായികളും

അടങ്കൽ - 50000/-( വികസന ഫണ്ട്)

ചെലവ്- 37000 /- ( ബിൽ നമ്പർ 10/18-19തീയ്യതി-19-3--19 രൂ. 37000/- )

നിർവഹണം-ഹെഡ് മാസ്റ്റർ , ജി.എസ്.ബി.എസ് , പഴയലെക്കിടി

മേൽ പ്രൊജക്ട് പ്രകാരം 20 പഠിതാക്കൾക്കായി കോഴ്സ് ഫീ ഇനത്തിൽ രൂ.37000/- കേരളാ സംസ്ഥാന സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്. ഈ പ്രൊജക്ടിന്റെ നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

(എ) പഠിതാക്കളെ ഗ്രാമസഭ അംഗീകരിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.

(ബി) സർക്കുലർ നമ്പർ 48360 / എഫ്.എം.1 / 2009 ത .സ്വ.ഭ.വ. തീയ്യതി- 06-10-2009ൽ, പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള തുല്യതാ പഠനഫീസും മറ്റു ചെലവുകളും പട്ടികജാതി / പട്ടികവർഗ്ഗ വികസന വകുപ്പുകൾ വഹിക്കുമെന്നും അതിനാൽ അവരുടെ ഈയിനത്തിലെ ചെലവുകൾ തദ്ദേശ സ്ഥാപനങ്ങൾ വഹിക്കാൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഗുണഭോക്താക്കളുടെ പട്ടികയിൽ പട്ടികജാതി/ പട്ടിക വർഗ്ഗ വിഭാഗത്തിലെ ഗുണഭോക്താക്കൾ ഇല്ലെന്ന് ഉറപ്പ് വരുത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശത്തിന് വിരുദ്ധമായി പട്ടിക ജാതി വിഭാഗത്തിലെ താഴെ പറയുന്ന പഠിതാക്കളുടെ പരീക്ഷ ഫീസ് പ്രൊജക്ടിൽ ഉൾപ്പെടുത്തി അടവാക്കിയിട്ടുണ്ട്.

| ക്രമ നം | പേര് & മേൽവിലാസം | തുക |
|---|---|---|
| 1 | വിമല വി, ഉണ്ണത്ത് പടി, അകലൂർ | 1850.00 |
| 2 | രമ്യഎംപി, ഉരുതിപറമ്പിൽ,അകലൂർ | 1850.00 |
| 3 | രാധിക വി പി, മുല്ലക്കൽ, പേരൂർ | 1850.00 |
| 4 | ഷീബ എം പി, മേലേപ്പുര, വടക്കുമംഗലം | 1850.00 |
| 5 | രാധിക യു, പഴക്കാട്ടുപറമ്പിൽ, മംഗലം പി.ഒ | 1850.00 |
| 6 | ശ്രീമതി പി പി, പഴക്കാട്ടുപറമ്പിൽ, മംഗലം പി.ഒ | 1850.00 |
| | ആകെ | 11100.00 |

(സി) തുല്യതാ പഠനഫീസ് നൽകിയ പഠിതാക്കൾ പരീക്ഷക്ക് ഹാജരായതിന്റെ രേഖകളും ( ഹാൾടിക്കറ്റ് , മാർക്ക് ലിസ്റ്റ് മുതലായവ) , കോൺടാക്ട് ക്ലാസ്സുകൾക്ക് ഹാജരായതുമായി ബന്ധപ്പെട്ട ഹാജർ രേഖകളും പരിശോധനക്ക് ഹാജരാക്കിയില്ല.

(ഡി)പ്രൊജക്ട് സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പട്ടിക ജാതി വിഭാഗത്തിലെ പഠിതാക്കളുടെ പരീക്ഷ ഫീസിന് വേണ്ടി ചെലവഴിച്ച 11000 രൂപ തടസ്സപ്പെടുത്തുന്നു. ഭാവിയിൽ സർക്കാർ ഉത്തരവുകൾക്കും,പദ്ധതി - സബ് സിഡി മാർഗ്ഗരേഖകൾക്കും അനുസൃതമായി തുല്യത പഠന പ്രൊജക്ടുകൾ നടപ്പിലാക്കേണ്ടതാണ്.

# 1-35 സ്മാർട്ട് ക്ലാസ്സ് റൂം തയ്യാറാക്കൽ -പ്രൊജക്ടിൽ വിഭാവനം ചെയ്തവ നടപ്പാക്കിയില്ല

പ്രൊജക്ട്. നം – 234/19 ജി,എസ്,ബി,എസ് പഴയലെക്കിടി സ്മാർട്ട് ക്ലാസ്സ് റൂം തയ്യാറാക്കൽ
നിർവഹണോദ്യോഗസ്ഥൻ -ഹെഡ് മാസ്റ്റർ,ജി,എസ്,ബി,എസ് പഴയലെക്കിടി
അടങ്കൽ -50000/- (തനത് ഫണ്ട്)
ചെലവ് -50000/- ( ചെക്ക് നം-756394 തിയതി 19-1-19)

പഴയലെക്കിടി ജി.എസ്.ബി.സ്കൂളിലെ സ്മാർട്ട് ക്ലാസ്സ് റൂം വൈദ്യുതീകരിക്കുന്നതിനു വേണ്ടി തയ്യാറാക്കിയ . ഈ പ്രോജക്ടിന്റെ നിർവ്വഹണത്തിൽ താഴെ പറയുന്ന വീഴ്ചകൾ ഉണ്ടായിട്ടുണ്ട്.

1)പ്രൊജക്ടിനു വേണ്ടി പൊതു മരാമത്ത് വകുപ്പ് , ഇലക്ട്രിക്കൽ സബ്ബ് ഡിവിഷൻ , പാലക്കാട് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ 22.05.2018 ലെ EL/D/635/2018 -ാം നമ്പർ കത്ത് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്, ഇലക്ട്രിക്കൽ എഞ്ചിനിയറുടെ മേൽ നോട്ടത്തിൽ രജിസ്റ്റേർഡ് ഇലക്ട്രിക്കൽ കോൺട്രാക്ടർ / ഇലക്ട്രിക്കൽ ഇൻസ്പെക്ടേറ്റ് വകുപ്പ് അംഗീകൃത ഇലക്ട്രിക്കൽ ടെക്ക്നീഷ്യൻ മുഖേന നടത്തേണ്ടിയിരുന്ന പ്രവൃത്തികൾ യാതൊരു സുരക്ഷാമാനദണ്ഡവും പാലിക്കാതെ ക്വട്ടേഷൻ മുഖേന സാധനങ്ങൾ വാങ്ങി നേരിട്ട് നിർവ്വഹിക്കുകയായിരുന്നു

2)ഈ പ്രൊജക്ട് പ്രകാരം വാങ്ങിയ ഇലക്ട്രിക്കൽ / പ്ളംബിംങ്ങ് ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല

3) ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്ന ഏതൊരു മരാമത്ത് പ്രവൃത്തിയും കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ച് നടപ്പിലാക്കേണ്ടതാണ്. ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ചട്ടങ്ങൾ പാലിച്ചല്ല പ്രവൃത്തി നടത്തിയിട്ടുള്ളത്.

4)നടത്തിയ പ്രവൃത്തികളുടെ മൂല്യനിർണ്ണയം ഇലക്ട്രിക്കൽ എഞ്ചിനീയർ നടത്തി സാക്ഷ്യപ്പെടുത്താതെ പണം നൽകിയത് ക്രമപ്രകാരമല്ല. കൂടാതെ പ്രവൃത്തികളുടെ മൂല്യനിർണ്ണയം നടത്തിയിട്ടില്ലാത്തതിനാൽ പ്രവൃത്തിയുടെ പൂർത്തീകരണത്തിന് യഥാർത്ഥത്തിൽ ചെലവായ തുക എത്രയെന്നും , പ്രവൃത്തി നടത്തിപ്പിൽ ഗ്രാമപഞ്ചായത്തിന് എന്തെങ്കിലും നഷ്ടം ഉണ്ടായിട്ടുണ്ടോയെന്നും പരിശോധിച്ച് ബോദ്ധ്യപ്പെടുന്നതിനും സാദ്ധ്യമാകുന്നില്ല.

5)സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 ഖണ്ഡിക 2.7 പ്രകാരമുള്ള വ്യവസ്ഥ പ്രകാരം , ബാധകമായ വാങ്ങലുകളിൽ സർക്കാർ ഉത്തരവ് (ആർ.ടി) 259/2010/ ത.സ്വ.ഭ.വ തീയതി 8.11.2010 പ്രകാരം പ്രാബല്യത്തിൽ വന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ അനുസരിച്ചുള്ള നടപടി ക്രമങ്ങൾ പാലിക്കണമെന്ന നിർദ്ദേശിച്ചിട്ടുണ്ട്. പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ ഖണ്ഡിക 3.2 അനുസരിച്ച് ലിമിറ്റഡ് ടെണ്ടർ രീതിയിൽ വാങ്ങൽ നടത്തുന്നതിനു പകരം, മതിയായ പങ്കാളിത്തമില്ലാത്ത രീതിയിൽ ക്വട്ടേഷൻ നടപടികളിലൂടെയാണ് വാങ്ങലുകൾ നടത്തിയിരിക്കുന്നത്. സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി വാങ്ങലുകൾ നടത്തിയത് ക്രമ പ്രകാരമല്ല.

6)ക്വട്ടേഷൻ നോട്ടീസിൽ ആവശ്യമായ സാധനങ്ങളുടെയും സേവനങ്ങളുടെയും പട്ടിക തയ്യാറാക്കാതെയാണ് വാങ്ങലുകൾ നടത്തിയിരിക്കുന്നത്. ഇലക്ട്രിക്കൽ സബ്ബ് ഡിവിഷൻ , പാലക്കാട് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ 22.05.2018 ലെ EL/D/635/2018 -ാം നമ്പർ എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള ഐ.എസ്.ഐ നിലവാരമുള്ള സാധനങ്ങളും സേവനങ്ങളും ഉപയോഗിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിനു പകരം സപ്ലൈയറുടെ താൽപ്പര്യപ്രകാരം ലഭ്യമാക്കിയ ഐ.എസ്.ഐ നിലവാരമില്ലാത്ത സാധനങ്ങളാണ്. വാങ്ങിയിരിക്കുന്നത്.

7)ക്വട്ടേഷൻ സമർപ്പിച്ച എം.കെ ഹാർഡ് വെയേഴ്സ്, വി കെ എസ് ഹാർഡ് വെയേഴ്സ് എന്നീ സ്ഥാപനങ്ങൾ മേൽവിലാസമോ, GSTIN നമ്പറോ ഇല്ലാത്തവയാണ്. ഇവ 3 ക്വട്ടേഷനുകളുടെ എണ്ണം തികക്കുവാൻ വേണ്ടി മാത്രം കമ്പ്യൂട്ടറിൽ തയ്യാറാക്കിയവയാണ്.മത്സരാധിഷ്ഠിതമായി ടെണ്ടർ /

ക്വട്ടേഷൻ നടപടികളിലൂടെ വാങ്ങലുകൾ നടത്തണമെന്ന നിർദ്ദേശം ഇത് മൂലം നിർവ്വഹണോദ്യഗസ്ഥൻ അവഗണിച്ചു.

8)പ്രവൃത്തി നടത്തിയ പ്രദീപ് എന്നയാൾ ഇലക്ട്രിക്കൽ കോൺട്രാക്ടർ ലൈസൻസോ, വയർമാൻ ലൈസൻസോ ഇല്ലാത്തയാളാണ്. ഇത് വിദ്യാർത്ഥികളുടെ സുരക്ഷക്ക് പ്രാധാന്യം നൽകുവാൻ നിർവ്വഹണോദ്യഗസ്ഥൻ ശ്രമിച്ചിട്ടില്ലെന്ന് കാണിക്കുന്നു. ഇലക്ട്രിക്കൽ കോൺട്രാക്ടർ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് / വയർമാൻ ലൈസൻസിന്റെ പകർപ്പ് ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭ്യമാക്കിയിട്ടില്ല.

9)പ്രവൃത്തിയുടെ പൂർത്തീകരണം സംബന്ധിച്ച മോണിറ്ററിംഗ് സമിതി റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

10) ഓഡിറ്റ് ടീം ഗ്രാമ പഞ്ചായത്തിലെ ഓവർസിയർ, പ്ലാൻ ക്ലർക്ക് എന്നിവരുമായി ചേർന്ന് 27-12-2019 ന് നടത്തിയ സ്ഥല പരിശോധനയിൽ സ്മാർട്ട് ക്ലാസ്സ് റൂം സജ്ജീകരിച്ച്, വൈദ്യുതീകരിച്ചതായി കണ്ടില്ല. പകരം ഏതാനും ഇലക്ട്രിക്കൽ, പ്ളംബിംങ് സാധനങ്ങൾ (closet orissa pan മുതലായവ) മാത്രമാണ് വാങ്ങിയിട്ടുള്ളത്.

പ്രൊജക്ട് നടപ്പാക്കിയത് നിലവിലെ നിയമങ്ങൾക്കും, ചട്ടങ്ങൾക്കും, പദ്ധതി-സബ്സിഡി മാർഗ്ഗ രേഖയിലെ വ്യവസ്ഥകൾക്കും വിരുദ്ധമായാണ്. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 50000 രൂപ തടസ്സപ്പെടുത്തുന്നു. ഈ പ്രൊജക്ടിന്റെ നിർവ്വഹണം സംബന്ധിച്ച വിശദമായ റിപ്പോർട്ട്, എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, പൊതു മരാമത്ത് വകുപ്പ് , ഇലക്ട്രിക്കൽ സബ്ബ് ഡിവിഷൻ , പാലക്കാട് നിന്നും ലഭ്യമാക്കുവാനുള്ള നടപടികൾ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സ്വീകരിക്കേണ്ടതും, തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്,

# 1-36 സർക്കാർ സ്ക്കൂളുകളുടെ കണ്ടിജൻസി ചെലവ് സംബന്ധിച്ച്

പ്രൊജക്ട് നമ്പർ - 23/19

സർക്കാർ സ്കൂളുകൾക്ക് ഓഫീസ് ചെലവ്, വൈദ്യുതി, വെള്ളക്കരം, ടെലിഫോൺ ചാർജ്ജ്

അടങ്കൽ - 45000/-( മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം)

ചെലവ്-45000/- ( ബിൽ നമ്പർ 04/18-19തീയ്യതി-24-9-18 രൂ.17900/- + ബിൽ നമ്പർ 05/18-19തീയ്യതി-28-10-18 രൂ.22943/-+ ബിൽ നമ്പർ 06/18-19തീയ്യതി-19-3-19 രൂ.4157/- ).
നിർവ്വഹണം.-ഹെഡ് മാസ്റ്റർ, ജി,എസ്,ബി,എസ് പഴയലെക്കിടി

സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 മാർഗ്ഗരേഖ ഖണ്ഡിക 8.8 പ്രകാരം തദ്ദേശഭരണസ്ഥാപനത്തിനു കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കറൻറ് ചാർജ്, വാട്ടർ ചാർജ്, വാടക, കൺസ്യൂമബിൾസ്, സ്റ്റേഷനറി, പോസ്റ്റേജ്, ടെലിഫോൺ, ഇൻറർനെറ്റ് ചാർജ് തുടങ്ങിയ കണ്ടിജൻസി ചെലവുകൾക്കായി തനത് ഫണ്ട്/ജനറൽ പർപ്പസ് ഗ്രാന്റ് / മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് എന്നിവയിൽ നിന്നും പ്രൊജക്ടുകൾ നടപ്പിലാക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. ഇത് പ്രകാരം 2018-19 വർഷത്തിൽ മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് ഫണ്ടിൽ നിന്നും ഗ്രാമ പഞ്ചായത്തിലെ സർക്കാർ സ്കൂളുകൾക്ക് കണ്ടിജൻസി ചെലവുകൾക്കായി മേൽ പ്രൊജക്ട് നടപ്പിലാക്കിയിട്ടുണ്ട്.

ഈ പ്രൊജക്ടിന്റെ നിർവഹണത്തിൽ താഴെ ചേർക്കുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

1)ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ 2018-19 വർഷത്തെ ഓഫീസ് ചെലവുകളുടെ ആവശ്യകത പട്ടികയുടെ പകർപ്പ് കൈമാറിയിട്ടില്ല
2) ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ 2018-19 വർഷത്തെ ഉപയോഗ സാക്ഷ്യപത്രം നൽകിയിട്ടില്ല..
3) ഈ പ്രൊജക്ട് പ്രകാരം വാങ്ങിയ സ്റ്റേഷനറി സാധനങ്ങൾ/ കൺസ്യൂമബിൾസ് രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

4) സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 ഖണ്ഡിക 2.7 പ്രകാരമുള്ള വ്യവസ്ഥ പ്രകാരം , ബാധകമായ വാങ്ങലുകളിൽ സർക്കാർ ഉത്തരവ് (ആർ.ടി) 259/2010/ ത.സ്വ.ഭ.വ തീയതി 8.11.2010 പ്രകാരം പ്രാബല്യത്തിൽ വന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ അനുസരിച്ചുള്ള നടപടി ക്രമങ്ങൾ പാലിക്കണമെന്ന നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനു വിരുദ്ധമായാണ് വാങ്ങലുകൾ നടത്തിയിരിക്കുന്നത്.

5)കൂലി ചെലവുകൾക്ക് മസ്റ്റർ റോൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

6) 1.7.2018 മുതൽ ചരക്ക് സേവന നികുതി പ്രാബല്യത്തിൽ വന്നതിനാൽ ജി.എസ്.ടി ഉൾപ്പെടുത്തിയ / കോമ്പൗണ്ട് ടാക്സ് പേയർ സാക്ഷ്യപത്രം ഉൾപ്പെടുത്തിയ ബിൽ / ഇൻവോയ്സുകളാണ് ചട്ടം അനുശാസിക്കുന്നത്. എന്നാൽ സ്റ്റേഷനറി / കൺസ്യൂമബിൾസ് വാങ്ങലുകൾക്ക് വൗച്ചറുകളോടൊപ്പം ഹാജരാക്കിയ ബില്ലുകൾ ഇത്തരത്തിലുള്ളവയല്ല. .

ഭാവിയിൽ ഇത്തരം പ്രൊജക്ടുകൾ ക്രമപ്രകാരം നടപ്പിലാക്കേണ്ടതാണ്.

# 1-37 അസാധാരണച്ചെലവ് രജിസ്റ്റർ പരിപാലിക്കുന്നില്ല

2011-ലെ കേരള പഞ്ചായത്തീരാജ് ( അസാധാരാണ ചെലവുകൾ ) ചട്ടങ്ങൾ,ചട്ടം-3.(1)- ലെ i മുതൽ xiv വരെ യുള്ള , നിർദ്ദേശിക്കപ്പെട്ട ഇനങ്ങൾക്കുള്ള ചെലവു കളെയാണ് അസാധാരണച്ചെലവുകൾകൊണ്ട് ഉദ്ദേശിക്കുന്നത്. ( വിശദാംശങ്ങൾക്ക് പ്രസ്തുത ചട്ടങ്ങൽ കാണുക)

മേൽ പറഞ്ഞ ചട്ടങ്ങളിലെ ഉപഖണ്ഡിക 3.(2) പ്രകാരം, അസാധാരണച്ചെലവുകൾ പഞ്ചായത്തിന്റെ മൊത്തം അംഗസംഖ്യയുടെ പകുതിയിൽ കുറയാത്ത അംഗങ്ങൾ പിന്താങ്ങിയുള്ള ഒരു പ്രമേയത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം.ഉപഖണ്ഡിക 3.(4) പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് അസാധാരണച്ചെലവുകൾക്കുള്ള പരിധി, മുൻ വർഷത്തെ മിച്ച ഫണ്ടിന്റെ 20% വരെയും എന്നാൽ ഒരു ലക്ഷം രൂപയിൽ കവിയാതെയും ആയിരിക്കേണ്ടതാണ്. പൊതു ആവശ്യങ്ങൾക്കുള്ള ഗ്രാന്റ് ഒഴികെയുള്ള ആ വർഷത്തെ തനത് വരുമാനത്തിൽ നിന്നും ശമ്പളം , അലവൻസുകൾ , മറ്റു പ്രതിഫലങ്ങൾ വൈദ്യുതി ചാർജ്, വെള്ളക്കരം, ഓഫീസ് ചെലവുകൾ, മാലിന്യം നീക്കാനുള്ള ചെലവുകൾ, എന്നിവയ്ക്ക് വേണ്ടി ആ വർഷം ചെലവാക്കിയ തുക കുറച്ചാൽ കിട്ടുന്ന തുക ഗ്രാമ പഞ്ചായത്തിന് മിച്ച ഫണ്ടായി കണക്കാക്കാം.

ഉപഖണ്ഡിക3.(5) പ്രകാരം പഞ്ചായത്ത് അസാധാരണച്ചെലവു സംബന്ധിച്ച ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതുണ്ട്. ഇതിൽ, ചെലവാക്കിയ തുക, പഞ്ചായത്ത് തീരുമാനം നമ്പർ തീയ്യതി ആകെ ചെലവ് എന്നിവ രേഖപ്പെടുത്തണം. രജിസ്റ്റർ ഓഡിറ്റ് ഏജൻസികൾ മുമ്പാകെ പരിശോധനയ്ക്ക്

ഹാജരാക്കണം.അസാധാരണച്ചെലവുകളുടെ വാർഷികക്കണക്ക് പ്രത്യേകമായി എല്ലാ ഗ്രാമ സഭകളിലും അവതരിപ്പിക്കേണ്ടതാണ്.

സർക്കുലർ നമ്പർ 451/എഫ്.എം/2/2015/ത.സ്വ.ഭ.വ യ17.12.2015-ലെ നിർദ്ദേശപ്രകാരം അസാധാരണച്ചെലവുകൾക്ക് സർക്കാർ നിശ്ചയിച്ചിരിക്കുന്ന പരിധി കർശനമായും പാലിക്കേണ്ടതുണ്ട്. എന്നാൽ , ലെക്കിടി- പേരൂർ ഗ്രാമ പഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തിൽ മേൽ പറഞ്ഞ ചട്ടപ്രകാരം അസാധാരണച്ചെലവു രജിസ്റ്റർ പരിപാലിക്കുന്നില്ല.

ഇക്കാര്യത്തിൽ വിശദീകരണമാവശ്യപ്പെട്ടു കൊണ്ട് നൽകിയ 04.01.2020- ലെ 40- നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല.
ആയതിനാൽ , ചട്ട പ്രകാരം മേൽ പറഞ്ഞ രജിസ്റ്റർ പരിപാലിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 1-38 എസ്.എസ്.എ. വിഹിതം നൽകൽ - വിശദാംശങ്ങൾ ലഭ്യമാക്കണം

കേന്ദ്ര മാനവ ശേഷി വികസന മന്ത്രാലയം, സ്കൂൾ ഏഡ്യുക്കേഷൻ ആന്റ് ലിറ്ററസി വകുപ്പിന്റെ 22-2-18 ലെ ധാരണാപത്രം ഖണ്ഡിക 4.1 പ്രകാരം Integrated Scheme for School Education: Merging the Centrally Sponsored Schemes of SSA, RMSA &TE കളുടെ ചെലവിന്റെ 60 ശതമാനം കേന്ദ്രസർക്കാരും 40 ശതമാനം സംസ്ഥാന സർക്കാരും വഹിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 13-ാം പദ്ധതി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് 11/2018/ത.സ്വ.ഭ.വ തീയതി 25.1.18 ഖണ്ഡിക 5.2(2) ലെ നിർദ്ദേശാനുസരണം ഗ്രാമ പഞ്ചായത്ത്, ഹെഡ് മാസ്റ്റർ, ജി,എസ്,ബി,എസ് പഴയലെക്കിടി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള "എസ്.എസ്.എ. വിഹിതം നൽകൽ" പ്രൊജക്റ്റുകൾ പ്രകാരം ജില്ലാ പ്രൊജക്റ്റ് ഓഫീസർ, എസ്.എസ്.കെ, പാലക്കാടിന്റെ അക്കൗണ്ടിലേക്ക് ( IFSC Code: CNRB000812 A/c No: 0812101063416) 1968856.00 രൂപ കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്റ്റ് നം & പേര് | അടങ്കൽ | ബിൽ നം. / തിയതി | തുക | കുറിപ്പ് |
|---|---|---|---|---|---|
| 1 | 6/19- എസ്.എസ്.എ വിഹിതം നൽകൽ | 17 ലക്ഷം ( വികസന ഫണ്ട് ) | 1/18-19 തീ.26-7-18 | 1700000.00 | Certified that the LSG share of Lekkidi-Perur GP for Rs.1968856.00 for the year 2018- |
| 2 | 22/19- | 268856 | 2/18-19 | 268856 .00 | |

| | | | | | |
|---|---|---|---|---|---|
| | എസ്.എസ്.എ വിഹിതം നൽകൽ (എസ്.സി.പി) | ( വികസന ഫണ്ട് - എസ്.സി.പി) | തീ.26-7-18 | | 19 has been received and fund utilized for SSK activities for the year 2018-19 എന്ന് രേഖപ്പെടുത്തിയ വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടുണ്ട്. |
| ആകെ | | | | 1968856.00 | |

ഈ ചെലവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നം 3/23.12.2019 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥനോട് ആവശ്യപ്പെട്ടിരുന്നെങ്കിലും ആയവ ലഭ്യമാക്കിയിട്ടില്ല.

1) 2018-19വർഷത്തിൽ പഞ്ചായത്തിലെ പൊതുവിദ്യാലയങ്ങളിൽ SSK നിർമ്മിച്ച ശുചിമുറികൾ, പഠന മുറികൾ, ഡിജിറ്റൽ പഠന മുറികൾ, മറ്റ് നിർമ്മാണ പ്രവർത്തികൾ , വിദ്യാലയങ്ങൾക്ക് ലഭിച്ച ഐ.സി.ടി ഉപകരണങ്ങളുടെ എന്നിവയുടെ വിശദാംശങ്ങൾ ഗ്രാമ പഞ്ചായത്ത് പരിധിയിലെ സ്കൂൾ പ്രധാന അധ്യാപകരിൽ നിന്നും.

2) 2018-19വർഷത്തിൽ ലെക്കിടി പേരൂർ ഗ്രാമ പഞ്ചായത്തിലെ പൊതുവിദ്യാലയങ്ങളിൽ SSK നടത്തിയ അക്കാദമിക്ക് / നിർമ്മാണ / പരിശീലന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ താഴെ പറയുന്ന പ്രഫോർമ പ്രകാരം SSK ജില്ലാ പ്രൊജക്ട് ഓഫീസറിൽ നിന്നും.

| ക്രമ നം | വിദ്യാലയത്തിന്റെ പേര് | പ്രവർത്തി / ഇനം | ആകെ ചെലവ് തുക | ഗുണഭോക്താക്കളായ വിദ്യാർത്ഥികളുടെ എണ്ണം | മറ്റ് വിശദാംശങ്ങൾ |
|---|---|---|---|---|---|
| | | | | | |

മേൽ വിവരങ്ങൾ ലഭ്യമാക്കേണ്ടതും, എസ്.എസ്.കെ നടപ്പിലാക്കുന്ന പ്രവർത്തികൾ വർക്കിംഗ് ഗ്രൂപ്പ് തലത്തിലും സ്റ്റാന്റിംഗ് കമ്മിറ്റി തലത്തിലും കൃത്യമായി മോണിറ്ററിംഗ് നടത്തേണ്ടതും, വിനിയോഗം കഴിഞ്ഞ് ബാക്കിയുള്ള പഞ്ചായത്ത് വിഹിതം തിരികെ ഈടാക്കേണ്ടതുമാണ്.

# 1-39 പദ്ധതി മാർഗ്ഗ രേഖക്കു വിരുദ്ധമായി പൊതു പ്രൊജക്ടുകൾ വനിതാ ഘടക പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കി

പതിമൂന്നാം പഞ്ചവത്സര പദ്ധതി -വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ രേഖ -സർക്കാർ ഉത്തരവ് എം.എസ്. 11/18 ത.സ്വ.ഭ.വ, തീയ്യതി 29.01.2018- ഖണ്ഡിക 6.3- ൽ, വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നിർവഹിക്കാവുന്ന പ്രൊജക്ടുകൾ സംബന്ധിച്ച് വിശദമായി പ്രതിപാദിക്കുന്നുണ്ട്. ഖണ്ഡിക 6.3(III) അനുസരിച്ച് , വനിതകൾക്കും പുരുഷൻമാർക്കും ഒരു പോലെ പ്രയോജനം ലഭിക്കുന്ന പ്രൊജക്ടുകൾ വനിതാ ഘടക പദ്ധതിയിൽ ഏറ്റെടുക്കരുതെന്ന് പരാമർശിച്ചിട്ടുണ്ട്.. ഇതിനു വിരുദ്ധമായി വനിതാ ഘടക പദ്ധതിയിലുൾപ്പെടുത്തി 2018-19 വർഷം താഴെ പറയുന്ന പ്രൊജക്ടുകൾ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമ | പ്രൊജക്ട് നമ്പറും പേരും | അടങ്കൽ | ചെലവ് |
|---|---|---|---|

| നം | | തുക | |
|---|---|---|---|
| 1 | 204/19എസ്.സി വിദ്യാർത്ഥിനികൾക്ക് ലാപ്പ് ടോപ്പ് നൽകൽ | 171500 | 171500 |
| 2 | 273/19 എൽ.പി. യു.പി എസ്.സി വിദ്യാർത്ഥിനികൾക്ക് മേശ, കസേര | 500000 | 500000 |
| 3 | 288/19 വനിതാ കർഷകർക്ക് ഡെയ്ഞ്ച വിത്ത് വിതരണം | 290610 | 290610 |
| 4 | 272/19 ആശ്രയ ഒന്നാം ഘട്ടം - അധിക തുക വകയിരുത്തൽ | 400000 | 400000 |

മേൽ വ്യവസ്ഥകൾക്കു വിരുദ്ധമായി പദ്ധതികൾ നടപ്പിലാക്കിയത് സംബന്ധിച്ച് വിശദീകരണമാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നമ്പർ 39/04.01.2020) മറുപടി ലഭിച്ചില്ല.

മേഖലാ വിഭജനം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചു കൊണ്ടാണ് പ്രൊജക്ടുകൾക്ക് രൂപം നൽകുന്നതെന്ന് ഭാവിയിൽ വർക്കിംഗ് ഗ്രൂപ്പുകളും നിർവഹണോദ്യോഗസ്ഥരും ഉറപ്പു വരുത്തേണ്ടതാണ്.

# 1-40 ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കിയില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അനുപൂരക പോഷകാഹാര വിതരണം പ്രൊജക്ടുകളിലെ വാങ്ങലുകളിൽ ടി.ഡി.എസ് ഈടാക്കിയിട്ടില്ല. ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51, 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR , സർക്കാർ ഉത്തരവ് (പി)162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08.03.19 ലെ നം.ഡി.എ1/87/2019 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം പ്രോജക്ടുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് തുക ഒടുക്കുവാൻ നിർവഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുമുണ്ട്. എന്നാൽ 2018-19 വർഷം നടപ്പാക്കിയ അനുപൂരക പോഷകാഹാര വിതരണം പ്രൊജക്ടുകൾ പ്രകാരം കിഡ്സ് ലവർ അമൃതം ഫുഡ്സ് (കുടുംബശ്രീയൂണിറ്റ് - GSTIN :32AANFK0706E1ZT )ചെമ്പുള്ളി റോഡ്, വായനശാല, പനമണ്ണ, ഒറ്റപ്പാലം-679104 എന്ന സ്ഥാപനത്തിൽ നിന്നുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കിയിട്ടില്ല.

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 8.3.19 ലെ നം ഡി.എ1/87/2019 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് തുക ഒടുക്കുന്നതിന്

ഐ.സി.ഡി.എസ് സൂപ്പർവൈസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇൻവോയ്സുകൾക്ക് പണം നൽകിയ വേളയിൽ 2% ടി.ഡി. എസ് ഈടാക്കാതെ, സപ്ലൈയർമാർക്ക് തുക അനുവദിച്ചത് ക്രമപ്രകാരമല്ല. ഭാവിയിൽ സർക്കാർ നിർദ്ദേശങ്ങൾ ക്രമപ്രകാരം നടപ്പിലാക്കേണ്ടതാണ്.

# 1-41 ഷീ പാഡ് പദ്ധതി-വേണ്ടത്ര മുന്നൊരുക്കം നടത്തിയില്ല

പ്രോജക്ട് നം - 88/19- സ്കൂളുകളിൽ ഷീ പാഡ്

നിർവ്വഹണം- ഹെഡ്മാസ്റ്റർ
അടങ്കൽ - 300000.00( വികസനഫണ്ട് )

ചെലവ് -299078.00

( ബിൽ നം -3/24.9.18- രു.149538.00 & ബിൽ നം -7/26.8.19 രൂ-149540.00)

ഗ്രാമ പഞ്ചായത്തിലെ 3 ഹൈ സ്കൂളുകളിലേയും, 4 യു.പി സ്കൂളുകളിലേയും കുട്ടികൾക്ക് ഷീ പാഡ് നൽകുന്നതിനും അതു വഴി കുട്ടികളുടെ ശുചിത്വവും ആരോഗ്യവും ഉറപ്പു വരുത്തുന്നതിനുമാണ് പദ്ധതി ലക്ഷ്യമിടുന്നത്. കേരള സംസ്ഥാന വനിതാവികസന കോർപ്പറേഷൻ മുഖേനയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഈ പ്രൊജക്ടിന്റെ നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

എ)ആവശ്യകത വിലയിരുത്തിയിട്ടില്ല.

കേരള സംസ്ഥാന വനിതാവികസന കോർപ്പറേഷന്റെ 21.08.18 ലെ KSWDC/AMP/She Pad/ 604/18-19 കത്തിൽ ആലശ്യകത കണക്കാക്കുന്ന് വിധവും വിലയും വ്യക്തമാക്കിയിട്ടുണ്ട്. സാധനങ്ങളുടെ വില ഇൻസിനറേറ്റർ ഒന്നിന് -25168 രൂപ, അലമാര ഒന്നിന് -17380 രൂപ, സാനിറ്ററി പാഡ് (7 പാഡുകളുടെ ഒരു പാക്കറ്റിന്) - 16.71 രൂപ എന്നിങ്ങനെയാണ്. 200 വിദ്യാർത്ഥിനികൾക്ക് 1 ഇൻസിനറേറ്റർ, 1 വിദ്യാർത്ഥിക്ക് ഒരു മാസം 2 പാക്കറ്റ് (7 പാഡുകളാണ് ഒരു പാക്കറ്റിൽ ഉള്ളത്) പാഡ്, 150 വിദ്യാർത്ഥിനികൾക്ക് 1 അലമാര എന്ന ക്രമത്തിലാണ് ആവശ്യകത നിശ്ചയിച്ചിരിക്കുന്നത്. ഇതനുസരിച്ച് ഗ്രാമ പഞ്ചായത്തിലെ 3 ഹൈ സ്കൂളുകളിലേയും, 4 യു.പി സ്കൂളുകളിലേക്കും താഴെ പറയുന്ന രീതിയിൽ ആവശ്യകതയും വാങ്ങിയ ഇനങ്ങളുടെ എണ്ണവും താഴെ ചേർക്കുന്നു.

| ക്രമ നം | സ്കൂളിന്റെ പേര് | പദ്ധതിയിൽ ഉൾപ്പെട്ട ത്തേണ്ട വിദ്യാർത്ഥി നികളുടെ എണ്ണം | ആവശ്യമായ പാഡ് പാക്കറ്റുകൾ (അധ്യയന വർഷത്തേക്ക്) | വാങ്ങിയത് | അലമാര | വാങ്ങിയത് | ഇൻസിനറേറ്റർ | വാങ്ങിയത് |
|---|---|---|---|---|---|---|---|---|
| 1 | ജി എച്ച് എസ് അകലൂർ | 116 | 2320 | 1044 | 1 | 1 | 1 | 1 |
| 2 | ജി എച്ച് എസ് നെല്ലിക്കുറുശ്ശി | 135 | 2700 | 1215 | 1 | 1 | 1 | 1 |
| 3 | എസ് എസ് ഒ എച്ച് എസ് ലെക്കിടി | 262 | 5240 | 2358 | 1 | 1 | 1 | 1 |
| 4 | ജി എസ് ബി എസ് പഴയലെക്ക്ടി | 47 | 940 | 423 | 1 | 1 | 1 | 0 |
| 5 | കെ എം ബി എസ് ലെക്കിടി | 50 | 1000 | 428 | 1 | 1 | 1 | 0 |
| 6 | എസ് എസ് ബി എസ് പേരൂർ | 39 | 780 | 329 | 1 | 1 | 1 | 0 |
| 7 | എസ് ബി എസ് പത്തിരിപ്പാല | 36 | 720 | 302 | 1 | 1 | 1 | 0 |

ഷീ പാഡ് പദ്ധതിക്ക് യഥാർത്ഥ ആവശ്യകത വിലയിരുത്താതെയാണ് പ്രൊജക്ട് നടപ്പിലാക്കിയതെന്ന് കാണുന്നു. ആവശ്യകത വിലയിരുത്തി മാത്രം പ്രൊജക്ടുകൾ നടപ്പിലാക്കേണ്ടതാണ്.

ബി)ആസൂത്രണത്തിലെ വീഴ്ച

ഓഡിറ്റ് ടീം ഗ്രാമ പഞ്ചായത്തിലെ ഓവർസിയർ, പ്ലാൻ ക്ലർക്ക് എന്നിവരുമായി ചേർന്ന് 27-12-2019 ന് അകലൂർ ജി എച്ച് എസ് ൽ നടത്തിയ സ്ഥല പരിശോധനയിൽ ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത്, പാലക്കാട് ജില്ലാ പഞ്ചായത്ത് എന്നിവയുടെ 2018-19 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ ഷീ പാഡ് പ്രൊജക്ട് പ്രകാരം ഇൻസിനേറ്റർ അടക്കമുള്ള സാധനങ്ങൾ നൽകിയതായി കണ്ടു. മറ്റ് സ്കൂളുകളിലെ വിവരങ്ങൾ ലഭ്യമായിട്ടില്ല. പതിമൂന്നാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ രേഖ സർക്കാർ ഉത്തരവ് എം.എസ്. 11/18 ത.സ്വ.ഭ.വ, തീയ്യതി 29.01.2018- ഖണ്ഡിക 2 ലെ നിർദ്ദേശങ്ങൾ പ്രൊജക്ട് തയ്യാറാക്കുന്നതിൽ പാലിക്കാത്തതാണ്

ഇത്തരത്തിൽ പ്രൊജക്ടുകളുടെ ആവർത്തനത്തിനു കാരണമായത്. ഭാവിയിൽ പദ്ധതി മാർഗ്ഗ രേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

# 1- 42 ഭിന്ന ശേഷിക്കാർക്ക് ഉപകരണം -അനർഹരായവർക്ക് നൽകി

പ്രൊജക്ട് നം - 68/19 ഭിന്ന ശേഷിക്കാർക്ക് ഉപകരണം നൽകൽ - എസ്.സി

നിർവ്വഹണം- ഐ സി ഡി എസ് ഓഫീസർ
അടങ്കൽ - 75000/- (വികസന ഫണ്ട് - എസ്.സി.പി)

ചെലവ് - 73125 (ബിൽ നമ്പർ-17/23.03.19 )

ബിൽ നമ്പർ-17/23.03.19

മേൽ പ്രൊജക്ട് പ്രകാരം കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡിൽ നിന്നും വിവിധ ഉപകരണങ്ങൽ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. കെൽട്രോണിൽ നിന്നും വാങ്ങൽ നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ഇൻവോയ്സ് നം & തീയതി | ഇനം | എണ്ണം | നിരക്ക് | ആകെ |
|---|---|---|---|---|---|
| 1 | 5400/2018-19 തീ 16.3.19 | ഹിയറിങ്ങ് എയ്ഡ് | 2 | 8000 | 16000 |

വാങ്ങൽ പ്രവർത്തിയിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

എ) പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ പദ്ധതികൾ തയ്യാറാക്കൽ- സബ്സിഡി-ധനസഹായം- അനുബന്ധവിഷയങ്ങൾ സംബന്ധിച്ച് പ്രസിദ്ധീകരിച്ച സർക്കാർ ഉത്തരവ് (കൈ) 22/2018/ ത.സ്വ.ഭ.വ തീയതി 14-2-2018 മാർഗരേഖയിലെ ഖണ്ഡിക 7.1.1 (3) പ്രകാരം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സഹായം നൽകുന്നതിന് ഏറ്റവും കുറഞ്ഞത് 40% എങ്കിലും വൈകല്യം ഉണ്ടായിരിക്കേണ്ടതാണെന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ കേൾവി സഹായി നൽകിയ ഗുണഭോക്താക്കൾക്ക് 40% എങ്കിലും വൈകല്യം ഉള്ള ഭിന്നശേഷിക്കാരല്ല. അനർഹരായ ഗുണഭോക്താക്കൾക്ക് 100% സബ്സിഡിയോടെ ആനുകൂല്യങ്ങൾ നൽകിയത് ക്രമപ്രകാരമല്ല.

2)ഈ പ്രൊജക്ടിലെ ഗുണഭോക്താക്കളായ ചിന്ന , കോച്ചി എന്നിവർ പട്ടിക ജാതി വിഭാഗത്തിൽ ഉൾപ്പെടുന്നവരാണെന്ന് തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.
പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ പദ്ധതികൾ തയ്യാറാക്കൽ- സബ്സിഡി-ധനസഹായം- അനുബന്ധവിഷയങ്ങൾ സംബന്ധിച്ച് പ്രസിദ്ധീകരിച്ച സർക്കാർ ഉത്തരവ് (കൈ) 22/2018/ ത.സ്വ.ഭ.വ തീയതി 14-2-2018 മാർഗരേഖയിലെ ഖണ്ഡിക 2.3 പ്രകാരം സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശഭരണസ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രൊജക്ടിനു വേണ്ടി ചെലവഴിച്ച 16000 രൂപ തടസ്സപ്പെടുത്തുന്നു .

# 1-43 ഒ.ഡി.എഫ് പ്രഖ്യാപിച്ച തദ്ദേശ സ്ഥാപനമായിട്ടും വ്യക്തിഗത കക്കൂസ് നിർമ്മാണത്തിന് സബ്സിഡി നൽകി

പ്രൊജക്ട് നമ്പർ- 7/2019

പ്രൊജക്ട് – വ്യക്തിഗത കക്കൂസ് നിർമ്മാണം ( ജനറൽ)

അടങ്കൽ : രൂ.924000.00 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ്- രൂ. 877800.00
ചെലവ് വിവരം

| ബിൽ നം | തീയതി | തുക |
|---|---|---|
| 16 | 18.1.19 | 77000.00 |
| 18 | 18.1.19 | 77000.00 |
| 21 | 22.1.19 | 123200.00 |
| 26 | 31.1.19 | 46200.00 |
| 29 | 19.2.19 | 184800.00 |
| 33 | 28.2.19 | 169400.00 |
| 37 | 28.2.19 | 61600.00 |
| 39 | 16.3.19 | 92400.00 |
| 41 | 25.3.19 | 46200.00 |
| | ആകെ | 877800.00 |

നിർവഹണം-വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

&

പ്രൊജക്ട് നമ്പർ- 8/2019

പ്രൊജക്ട് – വ്യക്തിഗത കക്കൂസ് നിർമ്മാണം ( എസ് . സി)

അടങ്കൽ : രൂ.308000.00 (വികസന ഫണ്ട്)

ചെലവ്- ആകെ രൂ. 308000.00,
ചെലവ് വിവരം

| ബിൽ നം | തീയതി | തുക |
|---|---|---|
| | | |

| | | |
|---|---|---|
| 15 | 18.1.19 | 15400.00 |
| 22 | 22.1.19 | 61200.00 |
| 30 | 19.2.19 | 15400.00 |
| 32 | 28.219 | 92400.00 |
| 40 | 16.3.19 | 31200.00 |
| 42 | 25.3.19 | 92400.00 |
| ആകെ | | 308000.00 |

നിർവഹണം-വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

തുറസ്സായ സ്ഥലത്ത് മല വിസർജ്ജനം ഒഴിവാക്കപ്പെട്ട (ODF) ഇന്ത്യയിലെ ആദ്യ വലിയ സംസ്ഥാനമായി കേരളം പ്രഖ്യാപിക്കുന്ന പ്രവർത്തനങ്ങൾക്കായി പഞ്ചായത്തുകൾക്ക് സ.ഉ(ആർ.ടി) 2531/2016/തസ്വഭവ തീയതി 27/08/2016 പ്രകാരം നിർദ്ദേശങ്ങളും തുകയും നൽകുകയും 1.11.2016 ന് സംസ്ഥാനം തുറസ്സായ സ്ഥലത്ത് മല വിസർജ്ജനം ഒഴിവാക്കപ്പെട്ട ആദ്യ സംസ്ഥാനമായി പ്രഖ്യാപിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ജലനിധിയുടെ സഹായത്തോടെ ലെക്കിടി പേരൂർ ഗ്രാമ പഞ്ചായത്തും തുറസ്സായ സ്ഥലത്ത് മല വിസർജ്ജനം ഒഴിവാക്കപ്പെട്ട പ്രദേശമായി പ്രഖ്യാപിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് എം.എസ്. 11/18/ ത.സ്വ.ഭ.വ, തീയ്യതി 29.01.2018-പതിമൂന്നാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ രേഖ ഖണ്ഡിക 7.1.സി, സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.7 ലെ എന്നിവയിലെ നിർദ്ദേശങ്ങൾ പ്രകാരം മേൽ പ്രൊജക്ടുകൾക്ക് സബ്സിഡി അനുവദിക്കുവാൻ കഴിയില്ലായിരുന്നു. സബ്സിഡി മാർഗരേഖ ഖണ്ഡിക 2.3 പ്രകാരം സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശഭരണസ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. മാർഗ്ഗരേഖകളിലെ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി പ്രൊജക്ടുകൾ നടപ്പിലാക്കിയതിന് സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്. ഈ പ്രൊജക്ടുകളുടെ നിർവ്വഹണത്തിനായി ചെലവഴിച്ച 1185800 രൂപ തടസ്സപ്പെടുത്തുന്നു.

# 1-44 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മേശ,കസേര - സബ്സിഡി വ്യവസ്ഥകൾ ലംഘിച്ചു

പ്രൊജക്ട് നമ്പർ- 28/2019

പ്രൊജക്ട് – എൽ പി , യു.പി -എസ് സി വിദ്യാർത്ഥികൾക്ക് മേശ, കസേര

അടങ്കൽ : രൂ.200000.00 (വികസന ഫണ്ട്)

ചെലവ്- രൂ. 200000.00(ബിൽ നം8തീയതി 26.3.19)

നിർവഹണം-ഹെഡ് മാസ്റ്റർ , ജി.എസ്.ബി.എസ് , പഴയലെക്കിടി

&

പ്രൊജക്ട് നമ്പർ- 273/2019

പ്രൊജക്ട് – എൽ പി , യു.പി -എസ് സി വിദ്യാർത്ഥിനികൾക്ക് മേശ, കസേര

അടങ്കൽ : രൂ.500000.00 (വികസന ഫണ്ട്)

ചെലവ്- രൂ. 500000.00(ബിൽ നം 9 തീയതി 26.3.19)

നിർവഹണം-ഹെഡ് മാസ്റ്റർ , ജി.എസ്.ബി.എസ് , പഴയലെക്കിടി

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥി/ വിദ്യാർത്ഥിനികൾക്ക് മേശ, കസേര എന്നിവ വാങ്ങി നൽകുന്നതിനാണ് പ്രൊജക്ടുകൾ ലക്ഷ്യമിടുന്നത്. മേൽ പ്രൊജക്ടുകളുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

എ) പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ പദ്ധതികൾ തയ്യാറാക്കൽ- സബ്സിഡി-ധനസഹായം-അനുബന്ധവിഷയങ്ങൾ സംബന്ധിച്ച് പ്രസിദ്ധീകരിച്ച സർക്കാർ ഉത്തരവ് (കൈ) 22/2018/ ത.സ്വ.ഭ.വ തീയതി 14-2-2018 മാർഗരേഖയിലെ ഖണ്ഡിക 7.2.7 പ്രകാരം പട്ടികജാതി/ പട്ടികവർഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും (സ്റ്റീൽ/മരം) വാങ്ങിനൽകുന്നതിന് 5000/- രൂപ വരെ ധനസഹായം ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും നൽകാവുന്നതാണ്. സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരമായിരിക്കണം നൽകേണ്ടത്. ഫർണിച്ചർ വാങ്ങി സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണം. ഒരു വിദ്യാർത്ഥിക്ക് പഠന കാലയളവിൽ ഒരിക്കൽ മാത്രമേ ഈ ആനുകൂല്യം നൽകാവൂ. പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചവർ അർഹരല്ല. നിർധനരായ കുടുംബങ്ങളിലെ കുട്ടികൾക്കാണ് മുൻഗണന നൽകേണ്ടത്. ഗുണഭോക്തൃ ലിസ്റ്റ്ഗ്രാമസഭ/ വാർഡ്സഭ/വാർഡ് കമ്മിറ്റിയിൽ അവതരിപ്പിക്കണം എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വ്യവസ്ഥക്കു വിരുദ്ധമായി വ്യക്തിഗത അപേക്ഷകൾ സ്വീകരിച്ച്, മറ്റ് സ്രോതസ്സുകളിൽ നിന്നും ആനുകൂല്യം ലഭിക്കാത്തവരല്ലെന്നും, നിർധനരായ കുടുംബങ്ങളിലെ കുട്ടികളാണെന്നും ഉറപ്പു വരുത്താതെയുമാണ്, പ്രൊജക്ടുകളുടെ നിർവ്വഹണം നടത്തിയിട്ടുള്ളത്.

ബി)ആനുകൂല്യം ലഭിച്ച വിദ്യാർത്ഥികൾ പട്ടികജാതിക്കാരാണെന്നുറപ്പു വരുത്തുന്നതിനുള്ള രേഖകൾ ലഭ്യക്കിയില്ല.

സി)പ്രൊജക്ടുകളുടെ നിർവഹണം സംബന്ധിച്ച മോണിറ്ററിങ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

ഡി) മേൽ പ്രോജക്ടുകൾക്ക് 19-09-2018 ലെ പഞ്ചായത്ത് തീരുമാനം നമ്പർ 1(29) പ്രകാരം അംഗീകരിച്ച, ഗുണഭോക്തൃ പട്ടികക്കു പകരം പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്താത്ത മറ്റൊരു പട്ടിക പ്രകാരമുള്ള മുൻഗണനാ ക്രമത്തിലാണ് വിതരണം നടത്തിയിരിക്കുന്നത്. ഉദാഹരണം താഴെ ചേർക്കുന്നു

| മുൻഗണനാ ക്രമം | തീരുമാനം നമ്പർ 1(29) - ഗുണഭോക്തൃ പട്ടികയിലെ പേര് | വിതരണം നടത്തിയ പട്ടികയിലെ പേര് |
|---|---|---|
| 1 | അനയ് കെ | അനിരുദ്, |

| | | |
|---|---|---|
| 2 | അനു കെ സജ്വ | രഞ്ജിത്ത് |
| 3 | അതുൽ എം | ശ്രേയസ് നാരായൺ |
| 4 | അഭിനന്ദ് | സുജിത്ത് |

ഇ)സർക്കാർ ഉത്തരവ് എം.എസ്. 11/18 ത.സ്വ.ഭ.വ, തീയ്യതി 29.01.2018- പതിമൂന്നാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ രേഖ ഖണ്ഡിക 6.3- ലെ നിബന്ധനകൾ പാലിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മാർഗ്ഗ രേഖ ഖണ്ഡിക 6.3(III) അനുസരിച്ച് , വനിതകൾക്കും പുരുഷൻമാർക്കും ഒരു പോലെ പ്രയോജനം ലഭിക്കുന്ന പ്രൊജക്ടുകൾ വനിതാ ഘടക പദ്ധതിയിൽ ഏറ്റെടുക്കരുതെന്ന് നിബന്ധനയുണ്ട്. ഇതിനു വിരുദ്ധമായി പ്രൊജക്ട് നമ്പർ- 273/2019 വനിതാ ഘടക പദ്ധതിയിലുൾപ്പെടുത്തിയത് പദ്ധതി മാർഗ്ഗരേഖ നിബന്ധനകൾക്ക് എതിരാണ്.

ഈ പ്രൊജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം 4/ 23-12-2019 ന മറുപടിയായി ഹെഡ് മാസ്റ്റർ അറിയിച്ചത് " സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് വാങ്ങിയിട്ടില്ലെന്നും, ഗ്രാമ സഭകളിൽ നിന്നും ലഭിച്ച ഗുണഭോക്തൃ ലിസ്റ്റ് പ്രകാരമാണ് വിതരണത്തിനുള്ള പട്ടിക തയ്യാറാക്കിയെതെന്നുമാണ്." .

വികസന ഫണ്ട് (എസ്.സി.പി) ഉപയോഗിച്ച് നടപ്പാക്കിയ മേൽ പ്രൊജക്ടുകളുടെ ഗുണഭോക്താക്കൾ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്നവരാണെന്ന തെളിയിക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്. പഞ്ചായത്ത് ഭരണ സമിതിയുടെ 19-09-2018 ലെ തീരുമാനം നമ്പർ 1(29) പ്രകാരം അംഗീകരിച്ച, ഗുണഭോക്തൃ പട്ടികക്കു പകരം പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്താത്ത മറ്റൊരു പട്ടിക പ്രകാരം ആനുകൂല്യങ്ങൾ നൽകിയത് സംബന്ധിച്ച് ഭരണ വകുപ്പിന്റെ അന്വേഷണം ആവശ്യമാണ്. സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 മാർഗരേഖയിലെ ഖണ്ഡിക 7.2.7 ലെ വ്യവസ്ഥകൾക്കു വിരുദ്ധമായി പ്രൊജക്ടുകളുടെ നിർവ്വഹണം നടത്തിയതിനാൽ ചെലവഴിച്ച 7 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു.

# 1-45 വയോജനങ്ങൽക്ക് കട്ടിൽ വാങ്ങി നൽകൽ- രേഖകൾ ഹാജരാക്കിയിട്ടില്ല- ചെലവു തുക തടസ്സപ്പെടുത്തുന്നു.

2018-19 സാമ്പത്തിക വർഷത്തിൽ അസി. സെക്രട്ടറി നടപ്പാക്കിയ പദ്ധതി സംബന്ധിച്ച ഈപദ്ധതി പ്രകാരം എസ്.സി.പി. ഫണ്ടിൽ നിന്നും 3014500 രൂപ ചെലവഴിച്ച് 78 ഗുണഭോക്തക്കൾ കട്ടിൽ വാങ്ങിവിതരണം ചെയ്തിട്ടുണ്ട്. പ്രൊജക്ട് സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 19/19 |
| പ്രൊജക്ടിന്റെ പേര് | വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ |
| പ്രൊജക്ട് അടങ്കൽ | 304500/- വികസന ഫണ്ട്( SCP |
| ചെലവ് | 304500/- ട്രഷറി ബിൽ നമ്പർ 5/21.1.19 |
| ഗുണഭോക്താക്കളുടെ എണ്ണം | 78 |

പ്രത്യേക ഘടക പദ്ധതി ഫണ്ട് വിനിയോഗിച്ച് നടപ്പാക്കിയ ഈ പദ്ധതി പ്രകാരം ആനുകൂല്യം വിതരണം ചെയ്യപ്പെടുന്നതിന് തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾ അവർ പട്ടികജാതി വിഭാഗത്തിൽ പെട്ടവരാണെന്ന് തെളിയിക്കുന്ന സാക്ഷ്യ പത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് |
|---|---|
| 1 | ചക്കി, വി.പി, കുണ്ടുകാട്ടിൽ , അകലൂർ പി.ഒ.പുത്തൂർ |
| 2 | ചക്കൻ, സ്കൂൾ പറമ്പിൽ വീട് , ലെക്കിടി , ഒറ്റപ്പാലം |
| 3 | വെള്ളച്ചി , സത്രുപ്പറമ്പിൽ, മംഗലം. പി.ഒ, ഒറ്റപ്പാലം |
| 4 | വാസു, പണ്ടാരക്കാട്ടിൽ, അകലൂർ പി.ഒ., പുത്തൂർ |
| 5 | നീലി , ദേവസ്വംകുന്ന് വീട്, ലക്കിടി, ഒറ്റപ്പാലം |
| 6 | ഗോപി, താഴത്തെ പുരക്ക്ൽ, മംഗലം |
| 7 | പാറു, w/o ചാത്തൻ, ഹരിജൻ കോളനി 184- മുളഞ്ഞൂർ, ലെക്കിടി - പേരൂർ |
| 8 | കുട്ടിമാളു , കുനം ചുരം പറമ്പിൽ , അകലൂർ , ഒറ്റപ്പാലം |
| 9 | കുഞ്ഞൻ, താളപ്പത്ത് തൊടി , ലെക്കിടി |
| 10 | തങ്കമ്മു, പൂക്കോട്ടു പറമ്പിൽ . അകലൂർ |
| 11 | പൊന്നി, കതിർ പറമ്പ് , മംഗലം, ലെക്കിടി - പേരൂർ |
| 12 | ടി.പി. ഗോപി, താഴത്തെ പുര, ലെക്കിടി |
| 13 | കൊമ്പൻ, S/O മുണ്ടൻ, ചെട്ടിയത്തൊടി ലെക്കിട്- പേരൂർ |
| 14 | ശങ്കരൻ, S/O ചാത്തൻ, മൂന്നണ്ണി പ്പറമ്പിൽ, മംഗലം. പി.ഒ, ലെക്കിടി- പേരൂർ |
| 15 | ചിന്ന S/O രാമൻ. ചൂഴിക്കാട്ടിൽ, മുളഞ്ഞൂർ, ലെക്കിടി- പേരൂർ |
| 16 | കാളി, W/O കേളൻ, പറങ്കിക്കാട്ടിൽ, പുത്തൂർ |
| 17 | വേലായുധൻ S/Oഉമ്പായി, പറങ്കിക്കാട്ടിൽ, പുത്തൂർ, അകലൂർ |
| 18 | തത്ത, കൊഴങ്ങോട്ടു തൊടി, ഗാന്ധി സേവാ സദൻ, പേരൂർ |

മേൽ പറഞ്ഞ ഗുണഭോക്താക്കളുടെ ജാതി തെളിയിക്കുന്ന സാക്ഷ്യ പത്രവും , മുൻവർഷങ്ങളിൽ , ഇവരുൾപ്പെടെയുള്ള മുഴുവൻ ഗുണഭോക്താക്കൾക്കും ഈയാനുകൂല്യം ലഭിച്ചിട്ടില്ല എന്നുറപ്പു വരുത്തുന്ന സാക്ഷ്യ പത്രവും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല . സാക്ഷ്യപത്രങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നമ്പർ 24/27.12.2019) മറുപടി സമർപ്പിച്ചില്ല

ആയതിനാൽ , മേൽ പറഞ്ഞ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനു വിധേയമായി, 78 ഗുണഭോക്താക്കൾക്ക് കട്ടിൽ വിതരണം ചെയ്യുന്നതിനു വേണ്ടി ചെലവഴിച്ച 304500 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-46 കേളപ്പജി മെമ്മോറിയൽ

# പ്രാഥമികാതുരാലയം- നവീകരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കണം

പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഭൗതിക സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനും അവ നൽകുന്ന സേവനത്തിന്റെ ഗുണനിലവാരം വർധിപ്പിക്കുന്നതിനും ആവശ്യമായ പ്രൊജക്ടുകൾ ഏറ്റെടുക്കാൻ പൊതു സമൂഹം മെയിന്റനൻസ് ഗ്രാന്റ് എന്നപേരിൽ പ്രത്യേക ഫണ്ട് നൽകുന്നു. മെയിന്റനൻസ് ഫണ്ടിന്റെ വിനിയോഗത്തിൽ ആതുരാലയങ്ങൾക്ക് മുൻഗൺണന നൽകണമെന്ന് വിവക്ഷിക്കുന്നുണ്ട്. ഈ സാഹചര്യത്തിലാണ് കേളപ്പജി മെമ്മോറിയൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനവും ഭൗതിക സാഹചര്യവും വിലയിരുത്തുന്നതിന് ഓഡിറ്റ് തീരുമാനിച്ചത്.

ലെക്കിടി - പേരൂർ ഗ്രാമ പഞ്ചായത്തിൽ 1961- ൽ പ്രവർത്തനമാരംഭിച്ച കേളപ്പജി മെമ്മോറിയൽ പ്രാഥമികാരോഗ്യ കേന്ദ്രം ആതുര ശുശ്രൂഷാ രംഗത്ത് നിർണ്ണായ പങ്കു വഹിക്കുന്ന സ്ഥാപനമാണ്. ഫാർമസി , ലബോറട്ടറി, ഒബ്സർവേഷൻ, ഇമ്മ്യൂണൈസേഷൻ കുടുംബാസൂത്രണം എന്നീ വിഭാഗങ്ങളോടുകൂടി ഏകദേശം 48 സെന്റ് ഭൂമിയിൽ പ്രവർത്തിച്ചു വരുന്ന ഈ സ്ഥാപനം ഭൗതിക സൗകര്യങ്ങളുടെ കാര്യത്തിൽ വളരെ പരിതാപകരമായ അവസ്ഥയിലാണ് പ്രവർത്തിക്കുന്നത്. പഴക്കമേറിയ കെട്ടിടങ്ങൾ നിത്യേന ആശുപത്രി സന്ദർശിക്കുന്ന രോഗികളുടെ അടിസ്ഥാനാവശ്യങ്ങൾക്കുടി പരിഹരിക്കാൻ പറ്റാത്ത അവസ്ഥയിലാണുള്ളത്.

ഏകദേശം 48 സെന്റ് ഭൂമിയിൽ പ്രവർത്തിക്കുന്ന പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിത്യേന 100 മുതൽ 110 വരെ രോഗികൾ ആതുരാലയത്തിന്റെ സേവനം ഉപയോഗപ്പെടുത്തുന്നു. രണ്ട് ഡോക്ടർമാർ ഉൾപ്പെടെ 22 ജീവനക്കാർ സേവനമുഷ്ഠിക്കുന്ന ഈ സ്ഥാപനത്തിൽ പ്രാഥമികാവശ്യത്തിനുള്ള സൗകര്യങ്ങൾ പോലും പരിമിതമാണ്. മാത്രമല്ല, പഴക്കമേറിയ കെട്ടിടങ്ങളുടെ പരിസരം വൃത്തിഹീനമായി അവശേഷിക്കുന്നു. സേവനത്തിന്റെ ഗുണം വർധിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു കോൺഫറൻസ് ഹാൾ, ആശുപത്രി കോമ്പൗണ്ടിന് ചുറ്റു മതിൽ, എന്നിവ അത്യന്താപേക്ഷിതമാണ്. വിവിധ രോഗങ്ങൾക്കുള്ള പ്രതിവിധിയായി നിർദേശിക്കപ്പെടുന്ന വിലയേറിയ പല മരുന്നുകളും ശീതീകരണ സംവിധാനത്തിൽ സൂക്ഷിക്കേണ്ടതുണ്ടെങ്കിലും , PHC യുടെ ഫാർമസി നാളിതുവരെ ശീതീകരിച്ചിട്ടില്ല. ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ് പാടെ തകർന്ന നിലയിലാണ്.







പ്രാഥമികാതുരാലയത്തിന്റെ നിലവിലെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് സമഗ്രമായ പഠനം നടത്തേണ്ടതുണ്ട്. പോരായമകൾ പരിഹരിച്ച് ആധുനിക

സൗകര്യങ്ങളൊരുക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ആരോഗ്യ രംഗത്ത് മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ബഹുദൂരം മുന്നോട്ട് പോയ നമ്മുടെ ഇന്നത്തെ സാഹചര്യത്തിൽ ഇപ്പോൾ നിലവിലുള്ള ഭൗതിക സൗകര്യങ്ങളുടെ ഘടനയിലും സ്വഭാവത്തിലും സേവനങ്ങളുടെ ഗുണനിലവാരത്തിലും ഒട്ടേറെ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്.

# 1-47 എസ്.സി. വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ വിതരണം- അപാകതകൾ- ചെലവു തുക തടസ്സപ്പെടുത്തുന്നു.

2018-19 സാമ്പത്തിക വർഷത്തിൽ അസി. സെക്രട്ടറി നടപ്പിലാക്കിയ രണ്ട് സ്പിൽ ഓവർ പ്രൊജക്ടുകൾ പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളിൽപെട്ട 12 പേർ പദ്ധതി മാർഗ്ഗരേഖയനുസരിച്ച് ആനുകൂല്യത്തിന് അർഹരല്ല എന്ന് കാണുന്നു. ടി വിശദാംശങ്ങൾ 2-പട്ടികയിലെ കോളം- (4) കൊടുത്തിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 203/19, 204/19 |
| പ്രൊജക്ട് നമ്പർ | എസ്.സി. വിദ്യാർത്ഥിനികൾക്ക് ലാപ്പ്ടോപ്പ് വിതരണം,<br>എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്. |
| അടങ്കൽ | 318500/-, 171500/- |
| ചെലവ് | 318500/- ,171500/-<br>ട്രഷറി ബിൽ നം. 1/30.7.18- 171500/-<br>2/30.7.18- 318500/- |
| ആകെ ഗുണഭോക്താക്കളുടെ എണ്ണം | 19 |
| ലാപ്പ്ടോപ്പ് വിതരണം ചെയ്ത ഏജൻസി | തീംസ് കമ്പ്യൂട്ടേഴ്സ്, ചിറ്റൂർ , പാലക്കാട് |
| lii. പ്രൊജക്ട് നമ്പർ | 263/19 |
| പ്രൊജക്ടിന്റെ പേര് | എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് |
| അടങ്കൽ | 275000/- ( വി.ഫ)<br>9680/- ( ത.ഫ.) |
| ചെലവ് | 275000/-<br>2508/- ആകെ 277508/- |
| ടെൻഡർ പ്രകാരം ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനം | Nisdon Infoway, perinthalmanna<br>നിരക്ക്- 25228/- per Unit |
| സപ്ലൈ ചെയ്ത കമ്പ്യൂട്ടറുകളുടെ എണ്ണം | 11 ( 11x 25228 = 277508/-<br>Lenovo V 130 ( INTEL PQC 4415U Based) |

മേൽ പറഞ്ഞ പ്രകാരം തെരഞ്ഞെടുക്കപ്പെട്ട 30 ഗുണഭോക്താക്കളിൽ താഴെ പട്ടികയിൽ പറയുന്ന ഗുണഭോക്താക്കൾ, 4- കോളത്തിൽ രേഖപ്പെടുത്തിയ കാരണങ്ങളാൽ ഈയാനുകൂല്യത്തിനർഹരല്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേരും വിലാസവും | പഠിച്ചിരുന്ന കോഴ്സും, പഠന കാലയളവും പഠിച്ച വിദ്യാലയവും | റിമാർക്സ് |
|---|---|---|---|
| 1 | ഗ്രീഷ്മ. ടി D/O ഹരിദാസൻ, താഴത്തെക്കളം, പടിഞ്ഞാറെതിൽ, മുളഞ്ഞൂർ, ലക്കിടി | MA English<br>Le-ment College of Management & Arts<br>2016-17, 2017-18 | ആനുകൂല്യം കൈപ്പറ്റുന്ന 2018-19 വർഷത്തിന് മുമ്പ് പഠനം പൂർത്തിയാക്കിയിരിക്കുന്നു. |
| 2 | ശ്രീലത, യു.പി., D/O രാമകൃഷ്ണൻ, ഗുരുണിയം പറമ്പിൽ, പേരൂർ, ഒറ്റപ്പാലം. പി.ഒ | ബി.എ. മലയാളം.<br>സർക്കാർ ആർട്സ് കോളേജ്, പത്തിരിപ്പാല<br>2017-18 | ലാപ്പ്ടോപ്പ് കൈപ്പറ്റുന്ന സാമ്പത്തിക വർഷത്തിൽ വിദ്യാർത്ഥിയാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 3 | വിനയ . പി. D/O മോഹൻദാസ് , പൂതേരി, അകലൂർ, ഒറ്റപ്പാലം | III BSC Maths-20171-8<br>NSS Ottappalam | ലാപ്പ്ടോപ്പ് കൈപ്പറ്റുന്ന സാമ്പത്തിക വർഷത്തിൽ വിദ്യാർത്ഥിയാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 4 | മനുകൃഷ്ണൻ എം.ആർ,<br>S/O രാധാകൃഷ്ണൻ, മണ്ണുണ്ണിപ്പറമ്പിൽ, മംഗലം | AMC Group of Instituitions, Manisseri<br>III B.Com 2017-18 | ലാപ്പ്ടോപ്പ് കൈപ്പറ്റുന്ന സാമ്പത്തിക വർഷത്തിൽ വിദ്യാർത്ഥിയാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 5 | രാഹുൽ S/O രാമകൃഷ്ണൻ, ദേവസ്വം പറമ്പിൽ, ലക്കിടി | AMC Group of Instituitions, Manisseri<br>I B.Com | സ്വകാര്യ സ്ഥാപനം.<br>യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയില്ല. |
| 6 | ഹരിത. എസസ്. നമ്പ്യാർതൊടി, പോളിഗാർഡൻ റോഡ് ലക്കിടി | Ottappalam Co-operative College of Arts and Science , Ottappalam<br>III.B.Com 2017-18 | ലാപ്പ്ടോപ്പ് കൈപ്പറ്റുന്ന സാമ്പത്തിക വർഷത്തിൽ വിദ്യാർത്ഥിയാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 7 | ജിനേഷ്, കെ. S/O രാധാകൃഷ്ണൻ, കൂട്ടലാം മഠംപടി<br>നെല്ലലിക്കുറുശ്ശി, മുളഞ്ഞൂർ | Diploma in Civil Engineering<br>Residential Polytechnic College , Kuzhalmannam | ലാപ്പ്ടോപ്പ് കൈപ്പറ്റുന്ന സാമ്പത്തിക വർഷത്തിൽ വിദ്യാർത്ഥിയാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | | കോഴ്സ് കാലാവധി<br><br>2015-2018 | |
| 8 | അഖില എം.എ<br><br>D/O അയ്യപ്പൻ, മൂന്നണ്ണിപ്പറമ്പിൽ, വീട്, | AMC Group of Instituitions, Manisseri<br><br>Iii B.Com - 2017-18 | കൈപ്പറ്റുന്ന സാമ്പത്തിക വർഷത്തിൽ വിദ്യാർത്ഥിയാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 9 | രഞ്ജിത, എൻ,<br><br>നീലിക്കാട്ടു പറമ്പിൽ,<br><br>ലെക്കിടി. | AMC Group of Instituitions, Manisseri<br><br>Ii B.Com - 2017-18 | പട്ടിക ജാതി വകുപ്പിൽ നിന്നോ മറ്റു ഏജൻസികളിൽ നിന്നോ ഈയിനത്തിൽ ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല |
| 10 | അക്ഷയ്. കെ.സി.<br><br>കുനംചുരം,വീട് ,<br><br>അകലൂർ. പി.ഒ | MSC Geography<br><br>Sree Sankarachrya University , Kalady<br><br>Duration of Course<br><br>2016-18 | 2018-19 -ൽ ലാപ്പ് ടോപ്പ് കൈപ്പറ്റുന്ന കാലയളവിൽ ടിയാൻ വിദ്യാർത്ഥിയാണെന്ന സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല. |
| 11 | രാജേഷ് , S/O രാമൻകുട്ടി,<br><br>ഉണ്ണത്തു പടി വീട്, അകലൂർ. പി.ഒ | MSC Chemistry<br><br>ശ്രീ നീലകണ്ഠ സർക്കാർ സംസ്കൃത കോളേജ്, പട്ടാമ്പി<br><br>കോഴ്സ് കാലാവധി<br><br>2016-18 | 2018-19 -ൽ ലാപ്പ് ടോപ്പ് കൈപ്പറ്റുന്ന കാലയളവിൽ ടിയാൻ വിദ്യാർത്ഥിയാണെന്ന സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല. |
| 12 | വർഷ.സി,<br><br>D/O വിജയകുമാരൻ.സി<br><br>ചാത്തനാംകുണ്ടിൽ,ലെക്കിടി .പി.ഒ, ഒറ്റപ്പാലം | ഗവ: വിക്ടോറിയാ കോളേജ്, പാലക്കാട്.<br><br>III BA Sanskrit- 2017-18<br><br>(Course Certificate No. B6/Course/2017 Dated, 25.7.2017) | 2018-19 -ൽ ലാപ്പ് ടോപ്പ് കൈപ്പറ്റുന്ന കാലയളവിൽ ടിയാൻ വിദ്യാർത്ഥിയാണെന്ന സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല. |

പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡിയും അനുബന്ധ രേഖകളും സംബന്ധിച്ച മാർഗ്ഗ രേഖ സ.ഉ. ( കൈ) 22/18 ത.സ്വ.ഭ.വ , തീയ്യതി 14.2.18 ഖണ്ഡിക 7.2.8, 7.2.9 എന്നിവയനുസരിച്ച് ടി ഖണ്ഡികയിൽ പറയുന്ന കോഴ്സുകൾ ചെയ്യുന്ന വിദ്യാർത്ഥികൾക്കും, സ്വകാര്യ സ്ഥാപനത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾ യൂണിവേഴ്സിറ്റി രേഖകൾ ഹാജരാക്കുന്നവർക്കും മാത്രമേ ഈയാനുകൂല്യങ്ങൾക്കർഹതയുള്ളൂ എന്നിരിക്കെ , മേൽപറഞ്ഞ വിധം അർഹതയില്ലാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്ത നടപടിയിന്മേൽ വിശദീകരണമാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നമ്പർ 18/27.12.2019) മറുപടി ലഭിച്ചില്ല.
ആയതിനാൽ മേൽ പറഞ്ഞ 12 പേർക്ക് വേണ്ടി , ചെലവഴിച്ച 302736 രൂപ ( 12 x25228), സർക്കാർ സാധൂകരണം ലഭ്യമാക്കുന്നതിനു വിധേയമായി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഭാവിയിൽ അനർഹരായ വ്യക്തികൾക്ക് ആനുകൂല്യങ്ങൾ നൽകപ്പെടുന്നില്ല എന്നുറപ്പ് വരുത്താനും, പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുവാനും ഗ്രാമ പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

# 1-48 വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിൽ സുതാര്യതയില്ല

ലെക്കിടി പേരൂർ ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ 19.9.2018- ലെ 1(1 മുതൽ 30 വരെ) തീരുമാന പ്രകാരം 2018-19 വർഷത്തെ ഗുണഭോക്തൃ പട്ടികകൾ അംഗീകരിച്ചിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ രേഖ സർക്കാർ ഉത്തരവ് എം.എസ്. 11/18 ത.സ്വ.ഭ.വ, തീയ്യതി 29.01.2018- ഖണ്ഡിക 11.3 ലെ പ്രൊജക്ടുകളുടെ നിർവഹണത്തിനായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നിബന്ധനകൾ , സർക്കാർ ഉത്തരവ് (പി) 181/ 98/ ത.ഭ.വ തീയ്യതി, 2.9.98 -സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പിനുള്ള മാർഗ്ഗ രേഖ എന്നിവയിലെ താഴെപറയുന്ന പ്രധാന വ്യവസ്ഥകൾ ലെക്കിടി - പേരൂർ ഗ്രാമ പഞ്ചായത്തിലെ 2018-19 വർഷത്തെ വ്യക്തിഗത പ്രൊജക്ടുകൾക്കുള്ള ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ പാലിച്ചിട്ടില്ല.

(1) വ്യക്തിഗത അപേക്ഷകൾ സ്വീകരിച്ച ശേഷം അർഹതാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അനർഹരെ ഒഴിവാക്കി കരട് ലിസ്റ്റ് അതത് വർക്കിംഗ് ഗ്രൂപ്പിന്റെ സഹായത്തോടെ തദ്ദേശ സ്ഥാപനം തയ്യാറാക്കണമെന്നതാണ് വ്യവസ്ഥ.എന്നാൽ ഗ്രാമ പഞ്ചായത്ത് വിവിധ പ്രൊജക്ട് ഫയലുകളോടൊപ്പം ലഭ്യമാക്കിയ വ്യക്തിഗത അപേക്ഷകൾ പരിശോധിച്ചതിൽ മുൻഗണനകൾ രേഖപ്പെടുത്തുകയോ, അതനുസരിച്ച് മാർക്ക് രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. കൂടാതെ വർക്കിംഗ് ഗ്രൂപ്പ് കമ്മിറ്റി ചെയർമാൻ, കൺവീനർ എന്നിവർ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. ഉദാഹരണം വയോജനങ്ങൾക്ക് കട്ടിൽ(ജനറൽ), മുട്ടകോഴി വിതരണം (ജനറൽ), വ്യക്തിഗത കക്കൂസ് നിർമ്മാണം മുതലായ പ്രൊജക്ടുകൾ.

(2) സർക്കാർ ഉത്തരവ് എം.എസ്. 11/18 ത.സ്വ.ഭ.വ, തീയ്യതി 29.01.2018- ഖണ്ഡിക 11.3 വ്യവസ്ഥ പ്രകാരം 4 പ്രകാരം മുൻഗണനാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി അർഹരായ മുഴുവൻ പേരെയും ഉൾപ്പെടുത്തി കരട് മുൻഗണന ലിസ്റ്റ് തയ്യാറാക്കണം. ഒരേ മാർക്ക് വരുന്ന അവസരത്തിൽ ഗുണഭോക്താവിന്റെ വയസ്സിന്റെ അടിസ്ഥാനത്തിൽമുൻഗണന നിശ്ചയിക്കണം. എന്നാൽ ഈ വ്യവസ്ഥ പാലിച്ചിട്ടില്ല.

(3) ഒരു വാർഡിലെ അർഹരായ അപേക്ഷകരുടെ എണ്ണത്തെ എല്ലാ വാർഡുകളിലേയും അർഹരായ അപേക്ഷകരുടെ ആകെഎണ്ണം കൊണ്ട് ഭാഗിച്ചാൽ കിട്ടുന്ന സംഖ്യയെ പ്രൊജക്ട് പ്രകാരം തൻ

വർഷം ആനുകൂല്യം വിതരണം ചെയ്യുന്നതിന് ഉദ്ദേശിക്കുന്ന ഗുണഭോക്താക്കളുടെ എണ്ണം കൊണ്ട് ഗുണിച്ച് ആ വാർഡിൽ ആനുകൂല്യം നൽകാവുന്ന ഗുണഭോക്താക്കളുടെ എണ്ണം കണക്കാക്കണമെന്ന മാർഗ്ഗ രേഖ വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ഈ നടപടി ക്രമം പാലിക്കാതയാണ് ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത്.

(4)ഭരണ സമിതിയുടെ 19.9.2018- ലെ 1(25) തീരുമാന പ്രകാരം 2018-19 വർഷത്തെ പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മേശ ,കസേര എന്നിവ നൽകുന്നതിനുള്ള പ്രൊജക്ടുകൾക്കുള്ള ഗുണഭോക്താക്കളെ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ അംഗീകരിച്ച ഗുണഭോക്തൃ പട്ടികക്കു പകരം പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്താത്ത മറ്റൊരു പട്ടിക പ്രകാരമുള്ള മുൻഗണനാ ക്രമത്തിലാണ് ആനുകൂല്യം വിതരണംനടത്തിയിരിക്കുന്നത്. വ്യവസ്ഥകൾക്ക് വിരുദ്ധമായുള്ള പട്ടിക പ്രകാരം പ്രൊജക്ട് നിർവഹിച്ചത് തെരഞ്ഞെടുക്കലിലെ സുതാര്യത ഇല്ലാതാക്കി.

(5) ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ ഭിന്ന ശേഷിക്കാർക്കുള്ള ബങ്ക് വിതരണം - എസ്.സി. & ജനറൽ പ്രൊജക്ടുകളിൽ വ്യക്തിഗത അപേക്ഷ ഫോം പ്രകാരം 60 % മോ അതിൽ കൂടുതലോ വൈകല്യമുള്ളവർക്കു മാത്രമേ അപേക്ഷിക്കാൻ അർഹതയും മുൻഗണനയും ഉണ്ടായിരുന്നുള്ളൂ. എന്നാൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുകയും ആനുകൂല്യം കൈപ്പറ്റുകയും ചെയ്ത 2 പേർക്കും ( ശരത്, സത്രുപ്പറമ്പ്, അകലൂർ, രാമചന്ദ്രൻ, കുഴിയാട്ടിൽ , മുളഞ്ഞൂർ) 50% മാത്രമേ വൈകല്യമുള്ളൂ. 60 % മോ അതിൽകൂടുതലോ വൈകല്യമുള്ളവർക്കു വേണ്ടി തയ്യാറാക്കിയ പ്രൊജക്ടിന്റെ ഗുണഭോക്തൃ പട്ടികയിൽ 50% മാത്രംവൈകല്യമുള്ളവരെ ഉൾപ്പെടുത്തിയത് മൂലം തെരഞ്ഞെടുക്കൽ നീതിപൂർവ്വകമായ രീതിയായില്ല.

(6) പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ പദ്ധതികൾ തയ്യാറാക്കൽ- സബ്സിഡി-ധനസഹായം-അനുബന്ധവിഷയങ്ങൾ സംബന്ധിച്ച് പ്രസിദ്ധീകരിച്ച സർക്കാർ ഉത്തരവ് (കൈ) 22/2018/ ത.സ്വ.ഭ.വ തീയതി 14-2-2018 മാർഗരേഖയിലെഖണ്ഡിക6.2(8)പ്രകാരം ക്ഷീര സംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് 4 രൂപ തോതിൽ കണക്കാക്കി അത്രയും തുകകർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകണം. (ക്ഷീരവികസന വകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പടെ) എന്നതാണ് വ്യവസ്ഥ.ഇതു പ്രകാരം ഗ്രാമ പഞ്ചായത്തിലെ എല്ലാ ചെറുകിട/ നാമമാത്ര കർഷകരും ഈയാനുകൂല്യത്തിന് അർഹരാണ് .പാൽ അളക്കുന്ന മുഴുവൻ ക്ഷീര കർഷകരേയും ഉൾക്കൊള്ളിച്ച് ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നതിനു പകരം വ്യക്തിഗത അപേക്ഷ നൽകിയവർക്ക് മാത്രം മുൻഗണന നൽകി ലിസ്റ്റ് തയ്യാറാക്കിയത് മാർഗ്ഗരേഖയിലെ വ്യവസ്ഥകൾക്കു വിരുദ്ധമാണ്.

(7) ഗുണഭോക്താക്കൾക്ക് പദ്ധതി സംബന്ധിച്ച മാനദണ്ഡങ്ങൾ വാർഡ്തലത്തിൽ ലഘുലേഖകൾ, നോട്ടീസുകൾ എന്നിവ ഉപയോഗിച്ച് പരസ്യപ്പെടുത്തണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

(8) അപേക്ഷകൾ വാർഡ് തലത്തിൽ പരിശോധിക്കുന്നതിനും അന്വേഷണം നടത്തുന്നതിനും ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടില്ല,.

(9) നിരസിച്ച അപേക്ഷകൾ കാരണങ്ങൾ രേഖപ്പെടുത്തി ഗ്രാമസഭയിൽ റിപ്പോർട്ട് ചെയ്യുന്നില്ല.

(10) ഭിന്നശേഷിയുള്ളവരുടെ പദ്ധതികൾക്ക് പ്രത്യേകമായി ഗ്രാമസഭ, ചേർന്നിട്ടില്ല.

മേൽ അപാകതകൾ 2018-19 വർഷത്തെ ഗുണഭോക്തൃ പട്ടികകൾ തയ്യാറാക്കിയതിലെ സുതാര്യതക്കുറവും, സർക്കാർ നിർദ്ദേശങ്ങളുടെ ലംഘനവും വ്യക്തമാക്കുന്നു.

സർക്കാർ ഉത്തരവ് (പി) 181/ 98/ ത.ഭ.വ തീയ്യതി, 2..9.98 പ്രകാരം സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികളുടെ ഗുണഭോക്തൃ തെരഞ്ഞെടുപ്പിനുള്ള വിശദമായ മാർഗ്ഗ രേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മാർഗ്ഗ രേഖയിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സംബന്ധിച്ചുള്ള പ്രചരണം, അപേക്ഷ ഫോറങ്ങൾ , പരിശോധന, ഗ്രാമ സഭകളുടെ പങ്ക്, ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ, തെരഞ്ഞെടുക്കലിലെ സുതാര്യത, അന്വേഷണ റിപ്പോർട്ടുകൾ ,പരിശോധകരുടെ ചുമതലകൾ, മിനുട്സുകൾ എന്നിവയുടെ നിബന്ധനകൾ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ബഹു. കേരള ഹൈക്കോടതി ഒ.പി. നമ്പർ 18175/1996Lകേസിന്റെ 4.4.97- ലെ വിധിയിൽ സുതാര്യവും നീതിയുക്തവുമായ രീതിയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത് നിയമപരമായ ആവശ്യമാണെന്നും, പഞ്ചായത്തുകൾ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന അധികാര സ്ഥാനങ്ങളല്ലെന്നും, അംഗീകരിക്കുന്നതിനുള്ള അധികാര സ്ഥാനങ്ങളാണെന്നും , തെരഞ്ഞെടുക്കുന്നതിനുള്ള അധികാര സ്ഥാനങ്ങൾ ഗ്രാമ സഭകളാണെന്നും വിധിച്ചിട്ടുണ്ട്.

അധികാരങ്ങളുടെയും പ്രവർത്തനങ്ങളുടെയും വികേന്ദ്രീകരണത്തോടെ മിക്ക പദ്ധതികളിലും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന പ്രക്രിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തമാണ്. തദ്ദേശ സ്ഥാപനങ്ങൾ ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പ് പ്രക്രിയയിൽ സുതാര്യമായ ഒരു നടപടിക്രമമാണ് പാലിക്കേണ്ടതെന്നും വിവേചനാധികാരമോ,ഏകപക്ഷീയതയോ പ്രയോഗിക്കുന്നത് കേരള പഞ്ചായത്ത് രാജ് നിയമത്തെ മാത്രമല്ല, ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 14 ന്റെ ലംഘനത്തിന് തുല്യമാണെന്നും വിധി വ്യക്തമാക്കുന്നു. ഗുണഭോക്താക്കളെ അനിയന്ത്രിതമായി തിരഞ്ഞെടുക്കുന്നത് ഇന്ത്യൻ ഭരണഘടനയുടെ സത്തയായ സമത്വത്തിനുള്ള അവകാശത്തെ ലംഘിക്കുന്നു. വികേന്ദ്രീകരണത്തെ നിയന്ത്രിക്കുന്ന നിയമങ്ങളുടെയും തത്വങ്ങളുടെയും മനോഭാവത്തിന് അനുസൃതമായി, ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടതുണ്ട്. വികേന്ദ്രീകരണം പങ്കാളിത്ത വികസനത്തെ സൂചിപ്പിക്കുന്നതുപോലെ, വിവിധ പദ്ധതികളുടെ ഗുണഭോക്താക്കളെ തിരിച്ചറിയുന്നതിലും തിരഞ്ഞെടുക്കുന്നതിലും ആളുകളുടെ പങ്കാളിത്തം പൂർണ്ണമായി സാക്ഷാത്കരിക്കേണ്ടത് അത്യാവശ്യമാണ്.ജനങ്ങളെ ശാക്തീകരിക്കുമ്പോൾ വ്യക്തമായ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി സ്വയം തിരഞ്ഞെടുക്കുന്ന ഒരു പ്രക്രിയ സമവായത്തിലൂടെ പരിണമിക്കുകയും, സുതാര്യമായ രീതിയിൽ പ്രയോഗിക്കുകയും ചെയ്യേണ്ടതുമുണ്ടന്ന് ബഹു. കേരള ഹൈക്കോടതി പ്രസ്താവിച്ചിട്ടുണ്ട്.

വിവിധ സർക്കാർ ഉത്തരവുകൾ / സർക്കുലറുകൾ എന്നിവ പ്രകാരം ഗുണഭോക്തൃ തെരഞ്ഞെടുപ്പിന് താഴെ പറയുന്ന സുചകകങ്ങൾ അനുവർത്തിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

## എ. യോഗ്യതയ്ക്കും മുൻഗണനയ്ക്കുമുള്ള മാനദണ്ഡങ്ങൾ

എല്ലാപദ്ധതികൾക്കും മുൻ നിശ്ചയിച്ചിട്ടുള്ള യോഗ്യതാ മാനദണ്ഡങ്ങളും മുൻഗണനാ മാനദണ്ഡങ്ങളും പാലിക്കേണ്ടതാണ്. ആസൂത്രണം ചെയ്തിട്ടുള്ളഎല്ലാ ഗുണഭോക്തൃ-അധിഷ്ഠിത പ്രോജക്ടുകൾക്കും, ഓരോ ഗുണഭോക്താവും പാലിക്കേണ്ട അടിസ്ഥാന വ്യവസ്ഥകളും യോഗ്യതയുടെമാനദണ്ഡങ്ങളും അപേക്ഷകർക്ക് മുൻഗണന നൽകുന്നതിനുള്ള മാനദണ്ഡങ്ങളും പദ്ധതി - സബ്സിഡി മാർഗ്ഗ രേഖയിലെ വ്യവസ്ഥകൾക്കും,അനുബന്ധ ഉത്തരവുകൾക്കും അടിസ്ഥാനത്തിലായിരിക്കേണ്ടതാണ്. യോഗ്യതയും മുൻഗണനാ മാനദണ്ഡങ്ങളും അപേക്ഷഫാറത്തിൽ വ്യക്തമായി പ്രസ്താവിക്കേണ്ടതാണ്. തദ്ദേശ സ്ഥാപനം ഓരോ മുൻഗണനാ മാനദണ്ഡത്തിനുംവെയിറ്റേജ് നൽകുകയും എല്ലാ മാനദണ്ഡങ്ങൾക്കും മാർക്ക് നൽകിക്കൊണ്ട് ആകെ മാർക്ക് 100 ആയിരിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് ഓഫീസ്, വില്ലേജ് ഓഫീസ്, ലൈബ്രറികൾ, മാർക്കറ്റുകൾ,പ്രാഥമികാരോഗ്യ കേന്ദ്രം, കൃഷി ഭവൻ, വെറ്ററിനറി ഹോസ്പിറ്റലുകൾ, സർക്കാർ, സ്വകാര്യ,പൊതു സ്കൂളുകൾ മുതലായ ഇടങ്ങളിലെ അറിയിപ്പ് ബോർഡുകളിലും അറിയിപ്പ്

പ്രസിദ്ധീകരിക്കേണ്ടതാണ്.ഓരോ അപേക്ഷകനും അവൻ / അവൾ അപേക്ഷിച്ച പ്രൊജക്ടുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങളുടെ ഒരു പകർപ്പ് നൽകണം.

ബി. പ്രചരണം

വിവിധ തരത്തിലുള്ള സഹായങ്ങളും അവയുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങളും ഗുണഭോക്താക്കളെഅറിയിക്കുന്നതിന് മാധ്യമങ്ങളിൽ പൊതു പ്രചരണം നടത്തണം. മാതൃകാ അപേക്ഷാ ഫോമുകൾ പ്രസിദ്ധീകരിക്കണം. .തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ, ആസൂത്രണ സമിതി അംഗങ്ങൾ, രാഷ്ട്രീയ പാർട്ടികൾ, അവരുടെ അനുബന്ധ സംഘടനകൾ,സന്നദ്ധ സംഘടനകൾ, ഫീൽഡ് സ്റ്റാഫ് എന്നിവരിലൂടെയും വ്യാപകമായ പ്രചരണം നൽകണം. ഓരോ വാർഡിലും ഒരു അറിയിപ്പ്ബോർഡ് സജ്ജീകരിച്ച് പ്രൊജക്ടുകളും മാനദണ്ഡങ്ങളും പ്രദർശിപ്പിക്കണം.

സി.അപേക്ഷാ ഫോം

പ്രാദേശിക ഭാഷയിൽ മാതൃകാ അപേക്ഷാ ഫോറം പ്രസിദ്ധീകരിക്കണം. മാതൃകാ അപേക്ഷാ ഫോറത്തിൽ യോഗ്യതാ മാനദണ്ഡങ്ങളുംമുൻഗണനാ മാനദണ്ഡങ്ങളും ഓരോ മുൻഗണന വിഭാഗത്തിനും നൽകിയിട്ടുള്ള വെയിറ്റേജും വ്യക്തമായി രേഖപ്പെടുത്തണം.

ഡി.പരിശോധന

അപേക്ഷാ ഫോമിൽ ഒരു വെരിഫിക്കേഷൻ ഫോം അടങ്ങിയിരിക്കണം. തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ടാസ്ക് ഫോഴ്സ് അംഗങ്ങൾ,റിസോഴ്സ് വ്യക്തികൾ എന്നിവരടങ്ങുന്ന നിയുക്ത ഉപസമിതി വഴി വെരിഫിക്കേഷൻ സംവിധാനം ഗ്രാമപഞ്ചായത്ത് തീരുമാനിക്കണം. എല്ലാ അപേക്ഷകളും ഗ്രാമസചേരുന്നതിനു മുമ്പ് അന്വേഷിക്കുകയും ഓരോ മാനദണ്ഡത്തിനും നൽകുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് മുൻഗണനാ പട്ടിക തയ്യാറാക്കുകയും വേണം.

ഇ. ഗ്രാമസഭ

ഗ്രാമസഭയിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുകയും അന്തിമ പരിശോധന നടത്തുകയും ഗ്രാമസഭാ ഉപഗ്രൂപ്പുകൾ ചെയ്യേണ്ടതാണ്.ആ വാർഡിൽ നിന്നുള്ള എല്ലാ അപേക്ഷകരുടെയും അവരുടെ മാർക്ക് സഹിതം ഗ്രാമസഭാ ഉപഗ്രൂപ്പിൽ വിശദീകരിക്കണം. ഓരോ മാനദണ്ഡത്തിന്റേയുംമാർക്ക് വ്യക്തമായി അറിയിക്കണം. വ്യത്യസ്ത സ്കീമുകൾക്കായി അപേക്ഷകന്റെ പേരും വിലാസവും ഓരോ മാനദണ്ഡത്തിനും നൽകിയിട്ടുള്ള മാർക്കും മൊത്തംമാർക്കും നൽകി വ്യത്യസ്ത ഷീറ്റുകൾ തയ്യാറാക്കണം. പിശകുകളും വൈകല്യങ്ങളും തിരുത്തി അന്തിമ മുൻഗണനാ പട്ടിക ഗ്രാമസഭയിൽ വായിക്കുകയും ചെയ്യേണ്ടതാണ്. ഈ പട്ടിക ഗ്രാമസഭയിൽ അംഗീകരിക്കണം. കൺവീനർ, ചെയർമാൻ, ഗ്രാമസഭയുടെ കോർഡിനേറ്റർ, പഞ്ചായത്ത് സെക്രട്ടറി,വെരിഫിക്കേഷൻ കമ്മിറ്റി അംഗങ്ങൾ, സബ് ഗ്രൂപ്പ് അംഗങ്ങൾ, മറ്റ് ഉദ്യോഗസ്ഥർ എന്നിവർ പട്ടികയിൽ ഒപ്പിടണം. പട്ടികയുടെ ഫോട്ടോകോപ്പികൾ,താൽപ്പര്യമുള്ള ഏതൊരു വ്യക്തിക്കും ലഭ്യമാക്കണം. പുതിയ അപേക്ഷകൾ ഗ്രാമ സഭയിൽ ലഭിക്കുകയാണെങ്കിൽ, വിശദാംശങ്ങൾ ലഭ്യമാണെങ്കിൽഉടൻ അന്വേഷിക്കുകയും, അല്ലാത്തപക്ഷം സമാനമായ അന്വേഷണ പ്രക്രിയയ്ക്ക് ശേഷം അവ പരിഗണിക്കേണ്ടതുമാണ്.ഗ്രാമസഭയിൽ അന്തിമമാക്കിയപട്ടിക ഒരു സാഹചര്യത്തിലും മാറ്ററുത്.

എഫ്.ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുക

പട്ടിക അന്തിമമാക്കിയാൽ മുൻഗണനക്രമം കാണിക്കുന്ന ഒരു കരട് പട്ടിക പ്രസിദ്ധീകരിക്കണം, കൂടാതെ റാങ്കിന് കാരണമായ ഘടകങ്ങളെ പട്ടികപ്പെടുത്തിയ രൂപത്തിൽസൂചിപ്പിക്കുകയും ചെയ്യും. എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥർക്കും ഗുണഭോക്തൃ പട്ടികയുടെ ഒരു പകർപ്പ് നൽകണം.

<u>ജി. സുതാര്യത</u>

പരിശോധനാ റിപ്പോർട്ടുകൾ, തീരുമാനങ്ങളുടെ മിനിറ്റ്സ് മുതലായവ ഉൾപ്പെടെ ഗുണഭോക്തൃ തിരഞ്ഞെടുക്കലുമായി ബന്ധപ്പെട്ട എല്ലാ രേഖകളും പൊതു രേഖകളാണ്,അവ ഏതൊരാൾക്കും പരിശോധിക്കാവുന്നതും അതിന്റെ പകർപ്പുകൾ അപേക്ഷ നൽകിയാൽ യഥാർത്ഥ ഫോട്ടോകോപ്പിംഗ് ചാർജ്ജുകൾ നൽകാൻ തയ്യാറുള്ളഏതൊരാൾക്കും നൽകുകയും ചെയ്യേണ്ടതാണ്. അന്തിമ പട്ടിക ആയിരിക്കണംഗ്രാമസഭയിൽ അവതരിപ്പിച്ച് അഭിപ്രായങ്ങൾ രേഖപ്പെടുത്തണം.

<u>എച്ച്. പരിശോധനാധികാരികളുടെ ഉത്തരവാദിത്തം.</u>

വസ്തുതകൾ മാത്രമേ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടത് പരിശോധനാധികാരികളുടെ ഉത്തരവാദിത്തമാണ്. വ്യാജമായ വസ്തുതകൾ ഉണ്ടെങ്കിൽ അതിന് പരിശോധനാധികാരികൾ അധികാരികൾ കൂടി ഉത്തരവാദികളായിരിക്കും.

<u>ഐ.പരാതി പരിഹാരം</u>

സെലക്ഷൻ നടപടിക്രമങ്ങളുടെ ലംഘനം സംബന്ധിച്ച പരാതികൾ ഗ്രാമപഞ്ചായത്തുകളുടെ കാര്യത്തിൽ ജില്ലാ കളക്ടറുടെ കീഴിലുള്ള പരാതി അന്വേഷണ സമിതിക്ക് നൽകേണ്ടതാണ്.

<u>ഈ സാഹചര്യത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.</u>

1))സർക്കുലർ നം 4212/എബി1/14/ത.സ്വ.ഭ.വ തീയതി 8.12.2014 അനുസരിച്ച് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വ്യക്തിഗത ഗുണഭോക്തൃ പട്ടിക തയ്യാറാക്കുകയും, അംഗീകരിക്കുകയും ചെയ്യുകയാണെങ്കിൽ ആയതിനുള്ള ഉത്തരവാദിത്തം ബന്ധപ്പെട്ട സെക്രട്ടറിക്കും , ഭരണ സമിതി അംഗങ്ങൾക്കുമായിരിക്കുമെന്നും, ഗുണഭോക്തൃ പട്ടികയിൽ പെടാത്തവർക്ക് ആനുകൂല്യം നൽകിയാൽ ആയതിനുള്ള ഉത്തരവാദിത്തം ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. 2018-19 വർഷത്തെ ഗുണഭോക്തൃ തെരഞ്ഞെടുപ്പിനെക്കുറിച്ച് ഭരണ വകുപ്പ് തലത്തിൽ സമഗ്ര അന്വേഷണം നടത്തേണ്ടതും, സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ചവർക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2) പതിമൂന്നാം പഞ്ചവത്സര പദ്ധതി - വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ രേഖ സർക്കാർ ഉത്തരവ് എം.എസ്.11/18 ത.സ്വ.ഭ.വ, തീയ്യതി 29.01.2018- ഖണ്ഡിക 11.3 പ്രൊജക്ടുകളുടെ നിർവഹണത്തിനായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നിബന്ധനകൾ , സർക്കാർ ഉത്തരവ് (പി) 181/ 98/ ത.അ.വ തീയ്യതി, 2..9.98 -സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പിനുള്ള മാർഗ്ഗ രേഖ എന്നിവയിലെ വ്യവസ്ഥകൾ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിൽ നിർബന്ധമായും പാലിക്കേണ്ടതാണ്.

3)ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്ന വേളയിൽ സർക്കുലർ നം PAN/17316/2019-J8(DP) തീയതി 20/01/2020 ലെ 28,29,34,35,36,37,38,39,40,41 എന്നീ ക്രമ നമ്പറുകളിലെ വ്യവസ്ഥകൾ നിർബന്ധമായും നടപ്പിൽ വരുത്തേണ്ടതാണ്.

# 1-49 സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി- അവലോകനം

കേരളത്തിലെ എല്ലാ ഭവന രഹിതർക്കും ഭൂരഹിത-ഭവനരഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്) യുടെ ലക്ഷ്യം. ലൈഫ് മിഷന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ പട്ടിക പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

സ.ഉ(എം.എസ്)നം.151/2017/തസ്വഭവ തിയതി 31-7-2017 പ്രകാരം ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്. സ.ഉ(കൈ)നം. 34/2018/തസ്വഭവ തിയതി 16-3-2018 പ്രകാരം 2018-19 വർഷത്തെ ധനസഹായം അനുവദിക്കുന്നതിനുള്ള മാർഗ്ഗരേഖയും അംഗീകരിച്ചിട്ടുണ്ട്.
2018-19 വർഷത്തിൽ ലെക്കിടി പേരൂർ ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷൻ പദ്ധതി നടപ്പിലാക്കിയതിന്റെ രേഖകൾ പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

<u>ലൈഫ് പദ്ധതി ഒന്നാംഘട്ടം</u>

ലൈഫ് മിഷൻ ഭവന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനായി പദ്ധതി ആവിഷ്കരിച്ചിരുന്നു. പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന എല്ലാ ഗുണഭോക്താക്കളും ഭവനനിർമാണം പൂർത്തീകരിച്ചിട്ടുണ്ട്.

<u>ലൈഫ് പദ്ധതി രണ്ടാം ഘട്ടം</u>

ലൈഫ് മിഷന്റെ രണ്ടാം ഘട്ടത്തിൽ സ്വന്തമായി സ്ഥലമുള്ള ഗുണഭോക്താക്കൾക്ക് വീട് നിർമാണത്തിന് ആനുകൂല്യം നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരിരുന്നത്. അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ജനറൽ വിഭാഗത്തിൽ 103 ഉം എസ്.സി വിഭാഗത്തിൽ 7 ഉം ഗുണഭോക്താക്കളുള്ളത്. ആയതിൽ എസ്.സി, വിഭാഗത്തിലുൾപ്പെട്ട മുഴവൻ ഗുണഭോക്താക്കളടക്കം ആകെ 110 പേരാണ് തൻവർഷം എഗ്രിമെന്റ് വച്ചിട്ടുള്ളത്.
ഒരു ഗുണഭോക്താവിന് 400000/- രൂപയാണ് പദ്ധതി പ്രകാരം വകയിരുത്തിയിട്ടുള്ളത്.
ആകെ 4 ഗഡുക്കളായി തുക അനുവദിക്കുന്നതിനാണ് ലക്ഷ്യമിട്ടത്. ഗ്രാമപഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ലോൺ, സംസ്ഥാനാവിഷ്കൃതം എന്നിവയാണ് ഫണ്ട് സ്രോതസ്സുകൾ .

a) ലൈഫ് മിഷൻ ഭവന പദ്ധതി ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മാണം - ജനറൽ (പ്രൊജക്റ്റ് നം. 52/2019)

രണ്ട് സർക്കിളുകളായി 103 ഗുണഭോക്താക്കൾ തൻവർഷം പദ്ധതി പ്രകാരം ഭവനനിർമ്മാണത്തിനായി കരാർ വച്ചിട്ടുണ്ട്. അതിൽ നാളിതു വരെയുള്ള കണക്ക് പ്രകാരം 16 ഗുണഭോക്താക്കൾ മുഴവൻ തുകയും കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. അവസാനഗഡു മാത്രം കൈപ്പറ്റാൻ ബാക്കിയുള്ളത് 87 ഗുണഭോക്താക്കളാണ്. .

2018-19 ൽ തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ചേർക്കുന്നു.

| ഫണ്ട് | 2018-19 | |
|---|---|---|
| | | |

| | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട് + തനത് ഫണ്ട് | 3243950 | 3243950 |
| ബ്ലോക്ക് പഞ്ചായത്ത് | 2420100 | 2420100 |
| ജില്ലാ പഞ്ചായത്ത് | 976927 | 976927 |
| മറ്റിനം(വായ്പ) | 17760000 | 17760000 |
| ആകെ | 24400977 | 24400977 |

b) പദ്ധതി - ലൈഫ് മിഷൻ ഭവന പദ്ധതി ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മാണം (പ്രൊജക്റ്റ് നം. 55/2019) – എസ്.സി.പി

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട്(എസ്.സി.പി) | 1327861 | 1327861 |
| ബ്ലോക്ക് പഞ്ചായത്ത് | 1000000 | 900000 |
| ജില്ലാ പഞ്ചായത്ത് | 472139 | 372139 |
| ആകെ | 2800000 | 2600000 |

ആകെയുള്ള 7 ഗുണഭോക്താക്കളിൽ 7 പേരും കരാർ വെച്ചിട്ടുണ്ട്. 6പേർ മുഴുവൻ തുകയും കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

ഗഡു കൈപ്പറ്റി നിർമ്മാണം തുടരാൻ കഴിയാത്തവർ

ഏറ്റവും അർഹരായ ചിലർക്ക് സർക്കാർ നൽകുന്ന ധനസഹായം നൽകിയാലും ഭവനനിർമ്മാണം ആരംഭിക്കാനോ ചിലർക്ക് പൂർത്തിയാക്കാനോ കഴിയില്ല. ലഭിക്കുന്ന ധനസഹായത്തിന് പുറമെ ഒരു രൂപ പോലും അധിക ധനസമാഹരണം നടത്തുന്നതിന് ഇവർക്ക് സാധിക്കില്ല. മേൽപ്പറഞ്ഞ പ്രകാരം വീടുപണി തുടങ്ങാൻ കഴിയാത്ത ഈ ഗണത്തിൽപ്പെട്ടവരെ സഹായിക്കുന്നതിന് ലൈഫ് മിഷൻ മാർഗ്ഗരേഖ സ.ഉ (എം.എസ്) നം 151/2017/ത.സ്വ.ഭ.വ തീയതി 31.07.17 പ്രകാരം താഴെ പറയുന്നതു പോലെയുള്ള മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നുണ്ട്.

1. ഇവർക്ക് ആവശ്യമായ അധിക മാനവശേഷി നൽകിയും പ്രാദേശികമായി ധനസമാഹരണം നടത്തിയും ഭവനനിർമ്മാണത്തിൽ പങ്കാളികളായും സഹായിക്കാവുന്നതാണ് . ഇതിനായി കോളേജ് വിദ്യാർത്ഥികൾ, എൻ.എസ്.എസ് പ്രവർത്തകർ, മറ്റ് സാമൂഹിക സന്നദ്ധപ്രവർത്തകർ എന്നിവരുടെയും സേവനം ഉറപ്പു വരുത്താവുന്നതാണ്.

2. നിരാശ്രയർക്ക് സ്പോൺസർഷിപ്പ് വഴി ഭവനം പൂർണ്ണമായി നിർമ്മിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.

3. തങ്ങളുടെ സ്കൂളിൽ അല്ലെങ്കിൽ കോളേജിൽ പഠിക്കുന്ന ഏതെങ്കിലും വിദ്യാർത്ഥികൾ ലൈഫ് മിഷനിലെ ഗുണഭോക്താവ് ആണെങ്കിൽ പ്രസ്തുത വിദ്യാഭ്യാസ സ്ഥാപനത്തിലെ വിദ്യാർത്ഥികളിൽ നിന്നും ധനശേഖരണം നടത്തിയും മാനുഷികശേഷി ഉപയോഗിച്ചും ഭവന നിർമ്മാണം പൂർത്തീകരിച്ചു നൽകാവുന്നതാണ്.

വീടുപണി തുടങ്ങാൻ /പൂർത്തിയാക്കാൻ കഴിയാത്ത ഗുണഭോക്താക്കളുടെ കാര്യത്തിൽ ആവശ്യമെങ്കിൽ മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ സ്വീകരിക്കാവുന്നതാണ്.

ഹഡ്കോ ലോൺ

ഹഡ്കോയിൽ നിന്നും KURDFC മുഖേന നാളിതു വരെ 209020000.00 രൂപ വായ്പ ലഭ്യമായിട്ടുണ്ട്. തുക സെക്രട്ടറിയുടെ പേരിൽ ബാങ്ക് അക്കൗണ്ടിൽ ( സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, പത്തിരിപ്പാല ശാഖ) നിക്ഷേപിച്ച് ചെലവ് നടത്തുകയും ചെയ്തിട്ടുണ്ട്.

സർക്കാർ വിഹിതം

സർക്കാർ വിഹിതമായി ഓരോ ഗുണഭോക്താവിനും 1 ലക്ഷം രൂപ വീതം ലഭ്യമാകുമെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. 2018-19 സർക്കാരിൽ നിന്നും തുകയൊന്നും ലഭ്യമായിട്ടില്ല. 2019-20 വർഷം 5300000.00 രൂപ ലഭ്യമായിട്ടുണ്ട്,

ഭവനനിധി രൂപികരിച്ചിട്ടില്ല

ലൈഫ് മിഷൻ മാർഗ്ഗരേഖ പ്രകാരം പ്രധാനമായും ഒന്നാം ഘട്ട പ്രവർത്തനങ്ങൾക്കായി പൊതുജനങ്ങളിൽ നിന്നും മറ്റ് രീതികളിലും ഫണ്ട് സ്വീകരിച്ച് സെക്രട്ടറിയുടേയും പ്രസിഡണ്ടിന്റേയും പേരിൽ ഒരു അക്കൗണ്ട് തുടങ്ങുവാൻ നിർദ്ദേശിച്ചിരുന്നു. 10% പേർക്കെങ്കിലും ഈ ഫണ്ടിൽ നിന്നും ഭവന നിർമ്മാണത്തിനായി തുക അനുവദിക്കുവാൻ ശ്രമിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. പഞ്ചായത്തിൽ രൂപീകരിച്ച ഭവനനിധി രൂപികരിച്ചിട്ടില്ല

ഭവനരഹിതർക്കുള്ള ഭവന നിർമ്മാണം - നടപടികൾ നാളിതു വരെ തുടങ്ങിയിട്ടില്ല

ഭൂരഹിത ഭവനരഹിതരായി ഗുണഭോക്താക്കൾ അംഗീകൃത ഗുണഭോക്തൃലിസ്റ്റിൽ ഉണ്ട്. നാളിതു വരെ ഇവർക്കായുള്ള ഭവന നിർമ്മാണ നടപടികൾ തുടങ്ങിയിട്ടില്ല. സ്ഥലലഭ്യത ഉറപ്പാക്കി ജനപങ്കാളിത്തത്തോടെയുള്ള ഭവനസമുച്ചയ നിർമ്മാണ പദ്ധതി ആരംഭിക്കുന്നതിനുള്ള ഊർജ്ജിത ശ്രമം ഉണ്ടാകേണ്ടതാണ്.

മോണിറ്ററിംഗ്

ലൈഫ് മിഷൻ പദ്ധതിയുടെ പുരോഗതി ഉറപ്പാക്കേണ്ടതിന്റെ പൂർണ്ണ ചുമതല സെക്രട്ടറിക്കാണ്. ഭൂമിയുള്ള ഭവന രഹിതരുടെ വ്യക്തിഗത ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെ മേൽനോട്ടച്ചുമതലയും സെക്രട്ടറിക്കാണ്. സ്റ്റാന്റിംഗ് കമ്മറ്റികളും മോണിട്ടറിംഗ് കാര്യക്ഷമമായി നർവഹിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശം

1. വിവിധ ഘട്ടങ്ങളിലുള്ള ഭവനങ്ങളുടെ നിർമ്മാണ പൂർത്തീകരണം ഉറപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കേണ്ടതാണ്.

2. സർക്കാരിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുവാനുള്ള തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. പദ്ധതിയുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

4. മറ്റ് മാനദണ്ഡങ്ങൾ പ്രകാരം അർഹരായവരും എന്നാൽ റേഷൻ കാർഡില്ലാത്ത കാരണത്താൽ ഒഴിവായിപ്പോയ അഗതികളെ ഗുണഭോക്താക്കളായി പരിഗണിച്ച് റേഷൻ കാർഡ് ലഭ്യമാക്കുന്നതിനുളള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത്തരം സന്ദർഭങ്ങളിൽ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ശുപാർശയിൽ ജില്ലാ കളക്ടറുടെ അനുമതിയോടു കൂടി പേര്

ഗുണഭോക്തൃ പട്ടികയിൽ ചേർക്കാവുന്നതും തുടർന്ന് ഭവന നിർമ്മാണത്തിന് ധനസഹായം നൽകാവുന്നതുമാണ്. ഗ്രാമ പഞ്ചായത്തിൽ വീടില്ലാത്ത ആശ്രയ ഗുണഭോക്താക്കളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

5. ഭവനത്തോടൊപ്പം അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംയോജന സാദ്ധ്യത പരിഗണിക്കേണ്ടതാണ്.
   പദ്ധതിയുടെ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-50 അങ്കണവാടികൾക്ക് വാട്ടർടാങ്ക് വാങ്ങൽ-ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടില്ല

പ്രൊജക്ട് – 32 അങ്കണവാടികൾക്ക് 500 ലിറ്റർ വാട്ടർടാങ്ക് , കുടിവെള്ള സൌകര്യം.
അടങ്കൽ- 144000 (മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ് )
ചെലവ് – 93600.00 ( ബിൽ നം 10 തീ 23.3.19 )

നിർവ്വഹണം- ഐ സി ഡി എസ് സൂപ്പർവൈസർ

മേൽ പ്രോജക്ട് പ്രകാരം 26 അങ്കണവാടികൾക്ക് 500 ലിറ്ററിന്റെ വാട്ടർടാങ്കുകൾ കോഴിക്കോടുള്ള ജെ,പി,കാഷ് സിൻഡിക്കേറ്റ് എന്ന സ്ഥാപനത്തിൽ നിന്നും ഒരെണ്ണത്തിന് നികുതികളടക്കം 3600 രൂപ നിരക്കിൽ വാങ്ങി നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് താഴെ പറയുന്നവയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു,

1)വാങ്ങലുകൾക്കായി പ്രസിദ്ധീകരിച്ച ദർഘാസ് പരസ്യം നം നമ്പർ എ2/ 5000/16 തീയതി ( രേഖപ്പെടുത്തിയിട്ടില്ല) പ്രകാരം വാട്ടർ ടാങ്കുകളുടെ സ്പെസിഫിക്കേഷൻ "500 ലിറ്റർ, ഇൻലെറ്റ്, ഔട്ട്ലെറ്റ്, വാഷ് ഔട്ട് കണക്ടറുകൾ, അടപ്പുകൾ എന്നിവ പിടിപ്പിച്ചത് രണ്ടോ അതിലധികമോ ലയറോടും ഇന്നർകോട്ടിങ്ങോടും കൂടിയ ഐ എസ് ഐ / ഫുഡ് ഗ്രേഡ് പി വി സി യിൽ നിർമ്മിച്ച (പ്രൊഡക്റ്റ് കാറ്റലോഗിൽ ഈ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയ) വാട്ടർ ടാങ്കുകൾ സപ്ലൈ ചെയ്യുന്നതിന്" എന്നതായിരുന്നു, എന്നാൽ വാങ്ങിയ വാട്ടർടാങ്കുകൾക്ക് ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡാർഡ്സ് - ISI മാർക്ക് (IS 12071 :1996 ) ഇല്ലാത്തതും, ഫുഡ് ഗ്രേഡ് മെറ്റിരിയലിൽ നിർമ്മിച്ചതാണെന്ന് ഉറപ്പ് വരുത്തുവാൻ കഴിയാത്തതുമാണ്. വാങ്ങലുകളിൽ സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള ഗുണനിലവാരം പാലിക്കാത്തത് ക്രമപ്രകാരമല്ല.
2) ദർഘാസ് പരസ്യത്തെ തുടർന്ന് ടെണ്ടർ സമർപ്പിച്ചത് താഴെ പറയുന്ന സ്ഥാപനങ്ങളാണ്.

എ)ജെ.പി.കാഷ് സിൻഡിക്കേറ്റ്,കോഴിക്കോട് - സീടെക്ക് ISO -3600.00സീടെക്ക് ISI -3748.00 & സുപ്രീം ISI-5982.00 (ഐ.എസ്.ഐ സർട്ടിഫിക്കറ്റുകളുടെ പകർപ്പ് ഹാജരാക്കിയിട്ടില്ല)

ബി) സെൽസെർ പോളിമേഴ്സ്, തൃശ്ശൂർ -9 ഇനങ്ങളുടെ നിരക്ക് സമർപ്പിച്ചിട്ടുണ്ട്. കാവേരി ISI -3170.00, ജലനിധി -black 2100.00, White & Yellow 2600.00 Blue -2300.00 സെൽസെർ - black2600.00, White & Yellow 2950.00 Blue -2300.00 (ഐ.എസ്.ഐ സർട്ടിഫിക്കറ്റുകളുടെ പകർപ്പ് ഹാജരാക്കിയിട്ടില്ല) .
എന്നാൽ ദർഘാസ് പരസ്യത്തിലെ സ്പെസിഫിക്കേഷൻ (ഐ എസ് ഐ / ഫുഡ് ഗ്രേഡ് പി വി സി യിൽ നിർമ്മിച്ച ) അനുസരിച്ചുള്ള കുറഞ്ഞ നിരക്കായ 3170 രൂപയുടെ വാട്ടർ ടാങ്കുകൾ

വാങ്ങുന്നതിനു പകരം സ്പെസിഫിക്കേഷൻ പ്രകാരമല്ലാത്ത 3600 രൂപയുടെ വാട്ടർ ടാങ്കുകളാണ് വാങ്ങിയിട്ടുള്ളത്. ഇത് സംബന്ധിച്ചുള്ള ഓഡിറ്റ് അന്വേഷണം 29/29-12 -2019 ന ലഭ്യമാക്കിയ മറുപടിയിൽ "വാട്ടർ ടാങ്കുകൾ ഫുഡ് ഗ്രേഡ് പി വി സി യിൽ നിർമ്മിച്ചതാണെന്ന് " അറിയിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല.

3)ഓഡിറ്റ് ടീം , ഓവർസിയർ, ഗ്രാമ പഞ്ചായത്ത് ജീവനക്കാർ എന്നിവരുമായി ചേർന്ന് 27-12-2019 ന് ഉണ്ണത്ത്പടി, മഹിളാസമാജം എന്നീ അങ്കണവാടികളിൽ നടത്തിയ സ്ഥല പരിശോധനയിൽ പ്ലംബിംങ്ങ് നടത്തി വാട്ടർടാങ്കുകൾ ഉപയോഗപ്രദമാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടില്ലെന്ന് കണ്ടു. പ്രൊജക്റ്റ് പ്ലംബിംങ്ങ് നടത്തി വാട്ടർടാങ്ക് വെക്കുന്ന രീതിയിൽ ആസൂത്രണം ചെയ്യാത്താതിനാലാണ് അങ്കണവാടികൾക്ക് വാട്ടർടാങ്ക് ഉപയോഗപ്രദമാകാതെ വന്നത്. പ്രൊജക്റ്റുകളുടെ ആസൂത്രണത്തിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്.

ഭാവിയിൽ ഇത്തരം അപാകങ്ങൾ ഉണ്ടാക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതും, വാട്ടർ ടാങ്ക് പ്രൊജക്റ്റുകളിൽ ഐ.എസ്.ഐ സാക്ഷ്യപത്രം നിഷ്കർഷിക്കുമ്പോൾ ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡാർഡ്സ് നൽകുന്ന IS 12701: 1996 മാർക്കും , ഗുണനിലവാരവും, ഫുഡ് ഗ്രേഡ് വിർജിൻ മെറ്റിരിയൽ ഉപയോഗിച്ച് നിർമ്മിച്ചതാണെന്നും ഉറപ്പുവരുത്തേണ്ടതാണ്.

# 1-51 ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ സംബന്ധിച്ച്

2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്ത് അംഗീകാരം ലഭ്യമാക്കിയ താഴെ പറയുന്ന പ്രൊജക്റ്റുകൾ ഉപേക്ഷിച്ചതായി കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | പ്രൊജക്റ്റ് നമ്പറും പ്രൊജക്റ്റിന്റെ പേരും | അടങ്കൽ തുക | ഫണ്ടിനം |
|---|---|---|---|
| 1 | പഞ്ചായത്ത് ഓഫീസ്- ഓഫീസ് സൗകര്യങ്ങൾ വർധിപ്പിക്കൽ | 45000/- | തനത് ഫണ്ട് |
| 2 | 136/19ഫ്രണ്ട് ഓഫീസിലേക്ക് എസി. വാങ്ങൽ | 100000/- | തനത് ഫണ്ട് |
| 3 | 137/19തെരുവു വിളക്ക് അറ്റകുറ്റപ്പണികൾ | 200000/- | ടി |
| 4 | 210/19 പഞ്ചായത്തിലേയും വിട്ടു കിട്ടിയ സ്ഥാപനങ്ങളിലേയും കമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും എ.എം.സി | 100000/- | റോഡിതരം |
| 5 | 236/19 പുതിയ തെരുവു വിളക്കുകൾ വാങ്ങൽ | 400000/- | തനത് ഫണ്ട് |
| 6 | 238/19 – ഭാരതപ്പുഴ പുനരുജ്ജീവനം | 150000/- | തനത് ഫണ്ട് |
| 7 | 239/19 മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി കേന്ദ്രത്തിലേക്ക് ഹരിത കർമ സേനാ പ്രവർത്തകർക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് | 357500/- | തനത് ഫണ്ട് |
| 8 | 240/10 ഈങ്ങോറ അങ്കണവാടി നിർമാണം | 1000000/- | കേന്ദ്രാവിഷ്കൃതം |
| 9 | 241/19 തെക്കുമംഗലം അങ്കണവാടി നിർമാണം | 1000000/- | കേന്ദ്രാവിഷ്കൃതം |
| 10 | 243/19- പേരൂർ മഹിളാ സമാജം- പുതിയ കെട്ടിടം നിർമാണം | 1000000/- | കേന്ദ്രാവിഷ്കൃതം |
| 11 | 257/19 അകലൂർ അങ്കണവാടിക്ക് സ്ഥലം വാങ്ങൾ | 405250/- | വികസന ഫണ്ട് |

| | | | |
|---|---|---|---|
| | | | ബ്ലോക്ക് ധനസഹായം |
| 12 | ജല നിധിവിഹിതം നൽകൽ | 854941 | വികസന ഫണ്ട് |

മേൽ പറഞ്ഞ പട്ടികയിലെ 10 സ്പിൽ ഓവർ പ്രൊജക്ടുകൾ ഉൾപ്പടെ 12 പ്രൊജക്ടുകൾ ഉപേക്ഷിച്ച നടപടിയിന്മേൽ വിശദീകരണമാവശ്യപ്പെട്ടുകൊണ്ട് നൽകിയ 5.1.2020 ലെ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല.

അശാസ്ത്രീയമായ ആസൂത്രണം, ആവശ്യകതാ നിർണയത്തിന്റെയും ദീർഘ വീക്ഷണത്തിന്റേയും ശരിയായ കാഴ്ചപ്പാടിന്റേയും അഭാവം എന്നിവ കാരണം നടപ്പാക്കാൻ കഴിയാത്ത പ്രൊജക്ടുകൾക്ക് തുക നീക്കി വെക്കുക വഴി മുൻഗണനയാവശ്യപ്പെടുന്ന പദ്ധതികൾ പിന്തള്ളപ്പെടുന്ന സാഹചര്യംഇല്ലാതാക്കാൻ , പ്രൊജക്ടിന് രൂപം നൽകുന്ന അവസരത്തിൽ തന്നെ മേൽ പറഞ്ഞ ഘടകങ്ങൾ അവയുടെ പ്രാധാന്യത്തോടുകൂടി പരിഗണിക്കേണ്ടതാണ്.

# 1-52 തൊഴിലുറപ്പു പദ്ധതി - ഒരവലോകനം

ലെക്കിടി - പേരൂർ ഗ്രാമ പഞ്ചായത്ത്- തൊഴിലുറപ്പ പദ്ധതി - അവലോകനം

| ക്രമ നം | വിശദാംശങ്ങൾ | |
|---|---|---|
| 1 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 4335 |
| 2 | തൊഴിൽകാർഡ്ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 4335 |
| 3 | തൻ വർഷം അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 356 |
| 4 | തൻ വർഷത്തെ ആകെ അടങ്കൽ | 3,60,00000 |
| 5 | തൻവർഷം നടപ്പിലാക്കിയ ആകെ പദ്ധതികളുടെ എണ്ണം | 265 |
| 6 | തൻ വർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 128 |
| 7 | സാധന സാമഗ്രികൾ ഉൾപ്പെടുന്ന പ്രവൃത്തികളുടെ എണ്ണം, മെറ്റീരിയൽസിന്റെ ചെലവ് | Nil |
| 8 | തൻ വർഷ വരവ് | 18371420 |
| 9 | തൻ വർഷത്തെ ചെലവ് | 18295109 |
| 10 | തൻ വർഷം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 1159 |
| 11 | 100 തൊഴിൽ ദിനങ്ങൽ ലഭിച്ച കുടുബങ്ങളുടെ എണ്ണം | 105 |
| 12 | തൊഴിൽ ആവശ്യപ്പെട്ടിട്ടും നൽകാതിരുന്നത് എത്ര പേർക്ക്<br>തൊഴിൽ രഹിത വേതനം നൽകിയത് എത്ര പേർക്ക്, നൽകിയ തുക | Nil<br>Nil |
| 13 | തൊഴിൽ സ്ഥലത്ത് സംഭവിച്ച അപകടങ്ങളുടെ എണ്ണം, ചെലവഴിച്ച തുക | Nil |
| 14 | തൊഴിൽ സ്ഥലങ്ങലിൽ പ്രവൃത്തികളുടെ വിവരം കാണിക്കുന്ന ബോർഡ് സ്ഥാപിക്കാറുണ്ടോ ? | ഉണ്ട് |
| 15 | തൻ വർഷം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം<br>( ആസ്തികളുടെ പേര്, എണ്ണം) | ഇല്ല |

| | | |
|---|---|---|
| 16 | സോഷ്യൽ ഓഡിറ്റ് നടന്ന മാസം/ വർഷം | ഇല്ല |
| 17 | പരാതി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടോ ? | ഉണ്ട് |
| 18 | സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് പൊതു ആവശ്യത്തിനായി സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ ആസ്തികളുടെ വിവരം( ആസ്തി, എണ്ണം.) | ഇല്ല |

നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ

| ക്രമ നം | പദ്ധതി ഉൾപ്പെടുന്ന വിഭാഗം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | മണ്ണ്-ജല സംരക്ഷണം | 91 | 8431382 |
| 2 | വരൾച്ച തടയൽ, വനവൽക്കരണം | - | - |
| 3 | ചെറുകിട ജലസേചനം | 3 | 2125182 |
| 4 | പട്ടിക ജാതി-പട്ടിക വർഗ്ഗ ക്കാർ തുടഹ്ങിയവരുടെ ഭൂമിയിൽ ജല സംരക്ഷണം, ഭൂവികസനം. | - | - |
| 5 | പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 34 | 3746575 |
| 6 | ഭൂവികസനം | 3 | 378482 |
| 7 | വെള്ളപ്പൊക്ക നിയന്ത്രണ- നിവാരണ പ്രവർത്തനങ്ങൾ | 30 | 1366111 |
| 8 | ആകെ | | |
| 9 | മറ്റു ചെലവുകൾ (ഹൗസ് സ്കീം) | 104 | 1291857 |
| 10 | ഒട്ടാകെ | 265 | 17339589 |

# 1-53 അങ്കണവാടികളുടെഅടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തണം

ഗ്രാമ പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ 32 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇവ സംബന്ധിച്ച ഐ സി ഡി എസ് സൂപ്പർവൈസർ ലഭ്യമാക്കിയ വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം. | വിശദാംശങ്ങൾ | എണ്ണം |
|---|---|---|
| 1 | ആകെ അങ്കണവാടികളുടെ എണ്ണം | 32 |
| 2 | 2018-19 ൽ ഫിറ്റ്നെസ്സ് ലഭിച്ചത് | 8 |
| 3 | കെട്ടിടമില്ലാത്ത അങ്കണവാടികളുടെ എണ്ണം | 4 |
| | | |

| | | |
|---|---|---|
| 4 | വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ എണ്ണം | 6 |
| 5 | സൌജന്യമായി ലഭിച്ച കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ എണ്ണം | 3 |
| 6 | വൈദ്യുതീകരിച്ച അങ്കണവാടികളുടെ എണ്ണം | 31 |
| 7 | സ്വന്തമായി ജലസ്രോതസ്സുള്ള അങ്കണവാടികളുടെ എണ്ണം | 0 |
| 8 | ജലവിതരണ സംവിധാനങ്ങളുണ്ടായിട്ടും പ്ലംബിങ്ങ് നടത്താത്ത അങ്കണവാടികളുടെ എണ്ണം. | 10 |
| 9 | ബേബി ഫ്രണ്ട് ലി ടോയ്ലറ്റ് ഇല്ലാത്ത അങ്കണവാടികളുടെ വിവരം | 32 |
| 10 | ചുറ്റമതിൽ ഇല്ലാത്ത അങ്കണവാടികളുടെ എണ്ണം | 7 |
| 11 | കെട്ടിട നിർമ്മാണം നടക്കുന്ന അങ്കണവാടികളുടെ എണ്ണം | 2 |
| 12 | അങ്കണവാടി ലെവൽ മോണിറ്ററിംഗ് & സപ്പോർട്ട് കമ്മിറ്റി ഫലപ്രദമായ രീതിയിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ എണ്ണം | 32 |

അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് ( ആർ.റ്റി) 1830/17 / ത.സ്വ.ഭ.വ തീയ്യതി. 2.6.2017 പ്രകാരം പ്രാബല്യത്തിൽ വന്ന " Administration Manual for Transferred Functions: Anganwadis" ലെ വ്യവസ്ഥകൾ അധ്യായം 3 ഖണ്ഡിക 3.1,3.2 എന്നിവയിലെ നിർദ്ദേശങ്ങളിലെക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. സ.ഉ(കൈ)11/2018/തസ്വഭവ തീയതി 29.01.2018ലെ ഖണ്ഡിക 7.8.2 പ്രകാരം അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പ് വരുത്തുന്നതിനും മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കുമായി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങളായ സ്ഥലം, കെട്ടിടം, കുടിവെള്ളം, ഫർണ്ണിച്ചർ ,മറ്റ് ഭൗതിക സൗകര്യങ്ങൾ എന്നിവ വികസിപ്പിക്കുന്നതിന് തുടർന്നുള്ള വാർഷിക പദ്ധതികളിൽ ഗ്രാമപ്പഞ്ചായത്ത് മുൻഗണന നൽകേണ്ടതാണ്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും ഭരണസമിതിയും ഇക്കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്

# 1-54 ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ അങ്കണവാടികൾ പ്രവർത്തിക്കുന്നു

2018-19 വർഷത്തിൽ ഗ്രാമ പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ 32 അങ്കണവാടികളിൽ 24 എണ്ണവും , മതിയായ സുരക്ഷ മുൻകരുതലോ, കെട്ടിടങ്ങൾക്ക് ഫിറ്റ്നസോ ഇല്ലാതെയുമാണ് പ്രവർത്തിച്ചിരുന്നത്. അങ്കണവാടി കെട്ടിടങ്ങളുടെ ഫിറ്റ്നെസ്സ് സംബന്ധിച്ച് താഴെ പറയുന്ന ഉത്തരവുകൾ/സർക്കുലറുകൾ പ്രാബല്യത്തിലുണ്ട്.

1) തദ്ദേശ സ്വയംഭരണ (ഡി.സി) വകുപ്പ്, അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 22-3-2011 ലെ സർക്കുലർ നം. 31055/സി.ഡി.2/2011/ത.സ്വ.ഭ.വ ഖണ്ഡിക സി(1) ൽ എല്ലാ കലണ്ടർ വർഷവും മെയ് 10-നകം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസീയർ വാടക കെട്ടിടങ്ങളുൾപ്പെടെയുള്ള എല്ലാ അങ്കണവാടികൾക്കും സന്ദർശിക്കേണ്ടതും, പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ഖണ്ഡിക സി(2) പ്രകാരം

യാതൊരു കാരണവശാലും സുരക്ഷിതമല്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കുവാൻ പാടില്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

2)സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 8-7-2016 ലെ ഉത്തരവ് നം CMRP/3048/01/LA1/2016/KeSCPCR പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ യാതൊരു പ്രീ പ്രൈമറി സ്ഥാപനങ്ങളും സംസ്ഥാനത്ത് പ്രവർത്തിക്കരുതെന്ന് വിധിച്ചിട്ടുണ്ട്.

3) തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യു) വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറിയുടെ 30.12.2016 ലെ സർക്കുലർ നം.792455/ഇ,ഡബ്ല്യു/2016/ത.സ്വ.ഭ.വ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനിയർമാർ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ സ്ഥാപനങ്ങൾ / സ്കൂളുകൾ പ്രവർത്തിക്കുന്നില്ലെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ മേധാവി നടപടി സ്വീകരിച്ച് ഉറപ്പുവരുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്,

കേരള പഞ്ചായത്ത് രാജ് നിയമം 3-ാം പട്ടിക പ്രകാരം 19 വിഷയ മേഖലകളിലെ 76 ചുമതലകൾ ഉള്ളതിൽ ആറ് മേഖലകളിലെ 19 ചുമതലകൾ ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെതാണ്. ഇതിൽ ഒന്നാം ഇനമാണ് അങ്കണവാടികൾ നടത്തുക എന്നത്. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ,അങ്കണവാടികൾ ഫിറ്റ്നെസ്സ് ഇല്ലാതെ പ്രവർത്തിക്കുന്നത് ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും, ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെയും, അങ്കണവാടികളുടെ മേൽനോട്ട ചുമതലയുള്ള ഐ.സി.ഡി.എസ്.സൂപ്പർവൈസറുടെയും വീഴ്ചയാണ്.

ഓഡിറ്റ് നിർദ്ദേശം

എ.അങ്കണവാടി കെട്ടിടങ്ങളുടെ ഫിറ്റ്നെസ്സ് സംബന്ധിച്ച നിലവിലെ സ്ഥിതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ബി. അങ്കണവാടി കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കേണ്ടതാണ്.

# 1-55 മരാമത്തു പ്രവൃത്തികൾ ആസൂത്രണവും നിർവ്വഹണവും-അവലോകനം

തൻവർഷം മരാമത്ത് പ്രവൃത്തികൾക്കായി ₹.40041810/- വകയിരുത്തിയതിൽ ₹. 16205920/- ചെലവഴിച്ചിട്ടുണ്ട്. ആകെ വകയിരുത്തിയ തുകയുടെ 40.47% മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. കേന്ദ്രാവിഷ്കൃതഫണ്ടിൽ നിന്നും വകയിരുത്തിയ 4000000/- രൂപയിൽ 800000/- രൂപ മാത്രമേ തൻ വർഷം ചെലവഴിച്ചിട്ടുള്ളൂ. കൂടാതെ ബ്ലോക്കു വിഹിതം 15 ലക്ഷം രൂപ വകയിരുത്തിയത് ചെലവഴിച്ചിട്ടില്ല. 2018-19 വർഷം അംഗീകാരം വാങ്ങിയ 35സ്പിൽ ഓവർ പ്രവൃത്തികളുൾപ്പെടെ ആകെയുള്ള 122 പ്രവൃത്തികളിൽ 70 എണ്ണത്തിനേ തൻ വർഷം തുക ചെലവഴിച്ചിട്ടുള്ളൂ.

1. സ്പിൽ ഓവർ പ്രവൃത്തികൾ

2018-19 വർഷം സ്പിൽ ഓവറായ(2016-17&2017-18 ലെ) 35 പ്രവൃത്തികളിൽ താഴെ പറയുന്ന പ്രവൃത്തികൾക്ക് തൻവർഷം തുക ചെലവഴിച്ചിട്ടില്ല.

1. കല്ലിങ്കൽപ്പാടം തെക്ക് ഭാഗം സൈഡ് കെട്ടൽ (183/19)

2. ശാന്തിനിലയം റോഡ് KMSB സ്കൂൾ റോഡിൽ കൾവെർട്ടിനു സമീപം കോൺക്രീറ്റിംഗ് (225/19)

3. മംഗലം ആയുർവേദ സബ്സെന്റർ പുനരുദ്ധാരണം (199/19)

4. എസ്.സി. യുവതികൾക്ക് ഐ.ടി. സെന്റർ കെട്ടിട നിർമ്മാണം (227/19)

5. പല്ലാർ മംഗലം ഗ്യാസ് ശ്മശാനം പൂർത്തീകരണം (229/19)

6. പഞ്ചായത്തിന്റെ ആസ്തിയുടെ സംരക്ഷണം (244/19)

7. അടിയംപാടം (സെന്റർ 32) IHDP കോളനി അംഗൻവാടി പുതിയ കെട്ടിട നിർമ്മാണം പൂർത്തീകരണം (248/19)

ഇവ പൂർത്തീകരിക്കാതിരുന്നതിനു കാരണം, 2019-20ൽ സ്പിൽഓവറായി ഉൾപ്പെടുത്തിയിട്ടുണ്ടോ, ആകെ അംഗീകാരം ലഭിച്ച പ്രവൃത്തികളിൽ എത്ര എണ്ണം 2019-20 ൽ സ്പിൽഓവറായി ഉൾപ്പെടുത്തി, അവയുടെ നിലവിലെ സ്ഥിതി, പദ്ധതികൾ ഉപേക്ഷിച്ചിട്ടുണ്ടെങ്കിൽ അവയുടെ വിവരവും കാരണവും എന്നീ വിവരങ്ങൾ ആവശ്യപ്പെട്ടു കൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (32/30. 12.2019) ലഭ്യമായ മറുപടി ക്രമനം.2നിലവിൽ പൂർത്തീകരിച്ചിട്ടുണ്ടെന്നും ക്രമനം. 1,5 എന്നിവ പദ്ധതിസ്ഥലത്തേക്ക് സാധന സാമഗ്രികൾ എത്തിക്കാൻ വഴി സൗകര്യമില്ലാത്തതിനാലാണ് വൈകുന്നത് എന്നും ക്രമനം. 4 വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പദ്ധതി ഉപേക്ഷിച്ച് പുതിയ പദ്ധതി ആവിഷ്കരിച്ചു എന്നും ക്രമനം.3 നിലവിൽ കെട്ടിടത്തിനകത്തുള്ള സാധനങ്ങൾ മറ്റൊരു സ്ഥലത്തേക്ക് മാറ്റാൻ അസൗകര്യമുള്ളതിനാൽ 2019-20 ൽ പദ്ധതി ഉപേക്ഷിച്ചു എന്നും ക്രമനം.6 സ്ഥലത്തിന്റെ മാപ്പ് സംബന്ധിച്ച രേഖ വില്ലേജിൽനിന്നും കിട്ടാൻ താമസം വന്നതുകൊണ്ടുമാണ് വൈകുന്നത് എന്നുമാണ്.

2. പൊതു അപാകതകൾ

അസി എഞ്ചിനീയർ നടപ്പിലാക്കിയ പ്രൊജക്റ്റുകളുടെ രേഖകൾ പരിശോധിക്കുമ്പോൾ താഴെ സൂചിപ്പിക്കുന്ന പൊതു അപാകതകൾ കാണുന്നു.

- ടെണ്ടർ ഫോം സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.
- ടെണ്ടർ അംഗീകരിച്ച് എഗ്രിമെന്റ് വെയ്ക്കുമ്പോൾ കരാറുകാർ അസി.എഞ്ചിനീയർക്ക് pledge ചെയ്ത് നൽകുന്ന സ്ഥിര നിക്ഷേപ രശീതികളുടെ വിശദാംശങ്ങൾ സെക്യൂരിറ്റി രജിസ്റ്ററിൽ ചേർത്ത് എ.ഇ. സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
- പ്രവൃത്തികളോടൊപ്പം വെച്ചിട്ടുള്ള എഗ്രിമെന്റിൽ 2/2012 ലെ പുതുക്കിയ പൊതുമരാമത്തു മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കാലോചിതമായി പരിഷ്കരിച്ചിട്ടില്ല.
- പ്രവൃത്തികളിൽ എക്സ്ട്രാ ഐറ്റംസ് ഉൾപ്പെടുത്തുമ്പോഴും എഗ്രിമെന്റ് കാലാവധിക്കു ശേഷം പൂർത്തീകരണത്തീയതി നീട്ടി നൽകുമ്പോഴും സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കുന്നില്ല.
- മിക്കവാറും പ്രവൃത്തികളിൽ കരാറുകാർ ടെണ്ടറിനോടൊപ്പം സമർപ്പിക്കുന്ന പ്രിലിമിനറി എഗ്രിമെന്റ് വ്യവസ്ഥകളൊന്നും എഴുതി ചേർക്കാതെ blank ആയിട്ടാണ് സമർപ്പിച്ചിട്ടുള്ളത്.
- മോണിറ്ററിംഗ് സമിതി റിപ്പോർട്ട് എല്ലാ വർക്ക് ഫയലിലും ഇല്ല. പലതിലും വെറും ഫോം മാത്രം വെച്ചിരിക്കുന്നു.
- എല്ലാ വർക്ക് ഫയലിലും സൈറ്റ് പ്ലാനും ലൊക്കേഷൻ മാപ്പും ഇല്ല.

- പഞ്ചായത്തിന്റെ എല്ലാ ആസ്തികളിലും പഞ്ചായത്തിന്റെ പേരോടുകൂടിയ Name Board വെച്ചിട്ടില്ല.
- പഞ്ചായത്തിൽ ജലനിധി മുഖേനയുള്ള കുടിവെള്ള പദ്ധതികളുടെ ഭാഗമായി ആർജ്ജിച്ചിട്ടുള്ള ആസ്തികൾ ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്.
- 1 മുതൽ 35 വരെയുള്ള ബില്ലുകൾ പണമാക്കിയ രേഖപ്പെടുത്തലുകളുള്ള ട്രഷറി ബിൽബുക്ക് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ അവ പണമാക്കിയതിലെ കൃത്യത ഉറപ്പുവരുത്താനായില്ല.
- പദ്ധതി നിർവ്വഹണത്തിനും റോഡ് പ്രവൃത്തികൾ രൂപീകരിക്കുന്നതിനുമായി റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കിയിട്ടില്ല. കൃത്യമായ കണക്ടിവിറ്റി ഇല്ലാതെ റോഡ് പ്രവൃത്തി നടപ്പിലാക്കുന്നത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നതിന് ഇടയാക്കുന്നു.
- ആസ്തി സംരക്ഷണ പദ്ധതി /വാർഷിക മെയിന്റനൻസ് പ്ലാൻ ഓരോ വർഷവും തയ്യാറാക്കേണ്ടതും ഇതിന്റെ അടിസ്ഥാനത്തിൽ റോഡ് റോഡിതര ആസ്തികളുടെ അറ്റകുറ്റപ്പണികൾക്ക് മുൻഗണന നൽകി പ്രൊജക്റ്റ് തയ്യാറാക്കി നിർവ്വഹിക്കേണ്ടതുമാണ്.

മേൽ വിവരങ്ങൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (32/30.12.2019) ലഭ്യമായ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന് അസി.എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

- പദ്ധതി നിർവ്വഹണകലണ്ടർ അനുസരിച്ച് സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
- ഭൗതിക സാഹചര്യങ്ങളായ സ്ഥലലഭ്യത, ഗതാഗത സൗകര്യമില്ലായ്മ, ഫണ്ടിന്റെ അപര്യാപ്തത, ആസൂത്രണത്തിലെ പോരായ്മകൾ എന്നിവ പരിഹരിക്കുന്നതിന് ഭരണസമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പ്, നിർവ്വഹണോദ്യോഗസ്ഥൻ എന്നിവരുടെ കൂട്ടായ പരിശ്രമം ഉണ്ടാകേണ്ടതാണ്.
- പൂർത്തീകരിച്ച ആസ്തികൾ ഏതു ലക്ഷ്യത്തിനുവേണ്ടിയിട്ടുള്ളതാണോ അത് ഫലപ്രദമാക്കി ചെലവു തുക പാഴ്ചെലവാകാതിരിക്കുന്നതിന് നിർവ്വഹണാധികാരികൾ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-56 പല്ലാർമംഗലം ഗ്യാസ് ശ്മശാനം പൂർത്തീകരണം- പ്രവൃത്തി നാളിതുവരെ ലക്ഷ്യം കൈവരിച്ചിട്ടില്ല

പ്രൊജക്റ്റ്നം. 199/17(94/18) (ഏകവർഷപ്രൊജക്റ്റ്)

സാങ്കേതികാനുമതി - 20.03.17 (തുക, പൂർത്തീകരണ കാലയളവ് എന്നിവ ചേർത്തിട്ടില്ല)

അടങ്കൽ- 3802004/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 1302004, മറ്റ് ഗ്രാമ പഞ്ചായത്തുകളിൽ നിന്ന്- 624400, ബ്ലോക്ക് പഞ്ചായത്ത് - 1500000, തനതുഫണ്ട്- 375600 )

ടെണ്ടർ - 22.3.18, കരാർതുക - 2250000

പ്രവൃത്തി ഏറ്റെടുത്തത്- ഹൈടെക്ക് ക്രിമറ്റോറിയം പ്രൈവറ്റ് ലിമിറ്റഡ് , ആലുവ.

പ്രവൃത്തി ആരംഭിച്ചത് -11.05.18

പൂർത്തീകരിക്കേണ്ട കാലയളവ് - 6 മാസം (എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം)

പ്രൊജക്റ്റിന്റെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം പഞ്ചായത്തിലെ 17-ാം വാർഡിലെ പല്ലാർമംഗലം പൊതു ശ്മശാനത്തിൽ ആധുനിക ഗ്യാസ് ക്രിമറ്റോറിയം നിർമ്മിക്കുന്നതിനായിട്ടാണ് പ്രൊജക്റ്റ് ലക്ഷ്യമിട്ടിരിക്കുന്നത്. 2014-15 ൽ ₹.6200000 ചെലവ് മുന്നിൽ കണ്ടുകൊണ്ട് അമ്പലപ്പാറ, പൂക്കോട്ടുകാവ്, ലക്കിടി പേരൂർ എന്നീ പഞ്ചായത്തുകളുടെ സംയുക്ത സംരംഭമായിട്ടാണ് പദ്ധതി ആവിഷ്ക്കരിച്ചത്. ഗ്യാസ് പ്ലാന്റ്, അത് സ്ഥാപിക്കുന്നതിനുള്ള കെട്ടിടം -സിവിൽ വർക്കുകളും വാഹനഗതാഗതം സാദ്ധ്യമാകുന്ന റോഡിൽനിന്നും ദൂരെ ഇരട്ട റെയിൽവേ ലൈനും നെൽപ്പാടത്തിനും അപ്പുറത്താണ് ശ്മശാനം എന്നതിനാൽ 200 മീറ്ററിലധികം ഹെഡ് ലോഡ് ലീഡ് ന് വേണ്ടി വരുന്ന അധിക ലേബറിന് വേണ്ട ചെലവ് ഉൾപ്പെടെ - എന്നിവയ്ക്കാണ് തുക വകയിരുത്തിയിരുന്നത്. അതിൽ കെട്ടിട നിർമ്മാണം പൂർത്തിയായതിനാൽ ഗ്യാസ് പ്ലാന്റ് നിർമ്മാണം, മറ്റനുബന്ധ പ്രവൃത്തികൾ എന്നിവ ഉൾപ്പെടുത്തി ₹.3802004/- യുടെ എസ്റ്റിമേറ്റ് പുതുക്കിയാണ് പുതിയ പ്രൊജക്റ്റ് തയ്യാറാക്കിയിട്ടുള്ളത്. ഈ എസ്റ്റിമേറ്റിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കാണ് തുക വകയിരുത്തിയിട്ടുള്ളത്.

| ഇനം ക്രമനം. | പ്രവർത്തനം | വകയിരുത്തിയ തുക |
|---|---|---|
| 1. | 1.Paving interlocking concrete blocks in the yard<br>2 .- do – in the pavement<br>3. Landscaping with grass etc. | 305713.89 |
| 2. | വൈദ്യുതീകരണം & ജനറേറ്റർ വാങ്ങൽ | 650000 |
| 3. | ഗ്യാസ് ഫർണസ് പ്ലാന്റ് സ്ഥാപിക്കൽ | 2300000 |
| 4. | ആംബുലൻസ് | 500000 |
| 5. | L.S | 46290 |
| ആകെ | | 3802004 |

വർക്ക് ഫയൽ പരിശോധിക്കുമ്പോൾ മേൽപ്പറഞ്ഞ ഇനങ്ങളിൽ ഗ്യാസ് ഫർണസ് പ്ലാന്റ് സ്ഥാപിക്കൽ എന്ന ഇനത്തിൽ മാത്രമേ തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളൂ എന്നു കാണുന്നു. ഇതിന് കരാറുകാരനുമായി 11.5.18 ന് വെച്ചിട്ടുള്ള എഗ്രിമെന്റ് പ്രകാരം 45 ദിവസത്തിനകം ഗ്യാസ് ക്രിമറ്റോറിയം ഫർണസ് വിതരണം ചെയ്തു സ്ഥാപിക്കണം. എന്നാൽ ഈ പ്രവൃത്തി 45 ദിവസത്തിനകമോ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരമുള്ള കാലയളവായ 6 മാസത്തിനകമോ പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് പ്രധാന തടസ്സമായിട്ടുള്ളത് ശ്മശാനത്തിലേക്ക് വരെ നേരിട്ട് എത്തിച്ചേരത്തക്കവിധത്തിലുള്ള വാഹനഗതാഗത സൗകര്യമുള്ള റോഡ് ഇല്ല എന്നുള്ളതാണ്. ഇതു മൂലം കരാറുകാരന് ഗ്യാസ് പ്ലാന്റിന്റെ മെഷീനറിയും അനുബന്ധ സാധനസാമഗ്രികളും സൈറ്റിലെത്തിക്കുന്നതിന് യഥാസമയം കഴിഞ്ഞിട്ടില്ലെന്നും ആയതിനാൽ 30.04.2019 വരെ സമയം നീട്ടിത്തരണം എന്ന് കരാറുകാരൻ കത്തു മുഖേന ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ എഗ്രിമെന്റ് വെച്ച് 20 മാസങ്ങൾക്കുശേഷവും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

മുൻ വർഷങ്ങളിലെ പദ്ധതികൾ പരിശോധിക്കുമ്പോൾ പല്ലാർ മംഗലം ശ്മശാനത്തിനായി താഴെ പറയും വിധം തുക ചെലവുചെയ്തിട്ടുണ്ട്. (2016-17 ലെ വിവരങ്ങൾ ലഭ്യമായിട്ടില്ല )

| വർഷം | പ്രൊജക്റ്റ്, അടങ്കൽ | ചെലവ് | റിമാർക്സ് |
|---|---|---|---|
| 2013-14 | 72/14 - പല്ലാർ മംഗലം ശ്മശാനം നവീകരണം, 1000000 | 994561 | - |
| " | 143/14 - പല്ലാർ മംഗലം ശ്മശാനം വിശ്രമ ഷെഡ് നിർമ്മാണം, 200000 | 191183 | ചെലവ് നടന്നത്-2015-16 ൽ |
| 2014-15 | 176/15- പല്ലാർ മംഗലം ഗ്യാസ് ശ്മശാനവും അനുബന്ധ സൗകര്യങ്ങളും -സംയുക്ത പ്രൊജക്റ്റ് -ലക്കിടി പേരൂർ,അമ്പലപ്പാറ, പൂക്കോട്ടുകാവ്, 64,00,000 | - | 2014-15, 2015-16 വർഷങ്ങളിൽ ചെലവില്ല. ഈ പ്രൊജക്റ്റ് ഭേദഗതി ചെയ്തതാണ് 2017-18 ൽ തയ്യാറാക്കിയ നിലവിലെ പ്രൊജക്റ്റ് |

പല്ലാർമംഗലം പൊതു ശ്മശാനത്തിൽ ആധുനിക ഗ്യാസ് ക്രിമറ്റോറിയം നിർമ്മിക്കുന്നതിനായിട്ടുള്ള പദ്ധതി ആസൂത്രണം തുടങ്ങിയിട്ട് 5 വർഷത്തിലേറെയായിട്ടും ഇവിടേക്കുള്ള സുഗമമായ യാത്രാ സൗകര്യമൊരുക്കുന്നതിന് പഞ്ചായത്തിന് സാധിച്ചിട്ടില്ല എന്നുള്ളത് പദ്ധതി ആസൂത്രണത്തിലെ പാളിച്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഇത്രയും വലിയ തുകക്കുള്ള പ്രൊജക്റ്റ് ആസൂത്രണം ചെയ്തപ്പോൾ വേണ്ടത്ര സാദ്ധ്യതാ പഠനം നടത്തിയതായി കാണുന്നില്ല. നിലവിൽ റെയിൽവേ ലൈൻ വരെ മൃതദേഹം വാഹനത്തിൽ എത്തിച്ച് പിന്നീട് സ്ട്രക്ച്ചറിൽ നെൽപ്പാടത്തിനു നടുവിലുള്ള മൺവഴിയിലൂടെ ചുമന്നാണ് ശ്മശാനത്തിൽ എത്തിക്കുന്നത്. ശ്മശാനത്തിലേക്ക് പൊതുവഴികൾ ഇല്ല എന്ന് വിവരാവകാശത്തിന് (ഗോവിന്ദൻകുട്ടി-23.7.19) പഞ്ചായത്ത് നൽകിയ മറുപടി പ്രകാരം കാണുന്നു. പ്രവൃത്തി നടത്തുന്ന വേളയിലും അതിനുശേഷം ഗ്യാസ് ക്രിമറ്റോറിയം പ്രവർത്തനമാരംഭിച്ചാലും വാഹന ഗതാഗത സൗകര്യം അത്യന്താപേക്ഷിതമാണ് എന്നിരിക്കെ ഇത് പരിഹരിക്കുന്നതിനു വേണ്ടി നാളിതുവരെയും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല എന്നത് നിർവ്വഹണാധികാരികളുടെ വീഴ്ചയാണ്. ഈ വീഴ്ച പദ്ധതിയുടെ ലക്ഷ്യപ്രാപ്തിക്ക് വിഘാതമാവാൻ സാദ്ധ്യതയുണ്ട്.

പദ്ധതിയുടെ നിലവിലെ സ്ഥിതി പരിശോധിക്കുന്നതിനായി ഓഡിറ്റ് ടീം 27-12-2019 ന് പ്രസ്തുത സ്ഥലം സന്ദർശിക്കുകയുണ്ടായി. നിലവിലുള്ള റോഡ് റെയിൽവേ ലൈനിനു മുൻപായി അവസാനിക്കുന്നു. ഇരട്ട റെയിൽ പാളങ്ങൾ കടന്ന് 350 മീറ്ററോളം നെൽപ്പാടത്തിനു നടുവിലൂടെ കാൽനടയായി മാത്രം എത്താവുന്ന പല്ലാർമംഗലം പൊതു ശ്മശാനത്തിലെ കെട്ടിടത്തിൽ ഗ്യാസ് ക്രിമറ്റോറിയത്തിന്റെ ചേമ്പർ , ടാങ്ക് എന്നിവയുടെ നിർമാണ പ്രവത്തികളും, ഇലക്ട്രിഫിക്കേഷൻ പ്രവർത്തികളും നടന്നു കൊണ്ടിരിക്കുന്നു.

പുകക്കുഴലിന്റെ നിർമാണം പൂർത്തിയായിട്ടുണ്ട്. ശ്മശാനം കോമ്പൗണ്ടിന്റെ മിക്കവാറും ഭാഗം പുല്ല് വളർന്ന് മൂടിയ നിലയിലാണ്. കോമ്പൗണ്ടിന്റെ പുറകുവശത്ത് ഭാരതപ്പുഴയാണ്. ഗ്യാസ് ക്രിമറ്റോറിയത്തിലേക്ക് നേരിട്ട് വാഹനത്തിൽ എത്തിപ്പെടാവുന്ന റോഡ് സൗകര്യമില്ലെന്ന് ബോധ്യപ്പെട്ടു.



റോഡ് അവസാനിക്കുന്നിടം, ശ്മശാനം (ചുവന്ന വൃത്തത്തിനകം)



ശ്മശാനം കോമ്പൗണ്ട്



പുകക്കുഴൽ



റെയിൽവേ ലൈനിൽ നിന്നും ശ്മശാനത്തിലേക്കുള്ള വഴി



ഗ്യാസ് ക്രിമറ്റോറിയത്തിന്റെ  ചേമ്പർ പണി പുരോഗമിക്കുന്ന നിലയിൽ

പദ്ധതി പൂർത്തീകരണം വൈകുന്നതും പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ച തുടർ നടപടികൾ സംബന്ധിച്ചും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (32/30.12.2019) പദ്ധതിസ്ഥലത്തേക്ക് മെഷീനും അനുബന്ധ സാമഗ്രികളും എത്തിക്കാൻ ഗതാഗത സൗകര്യമില്ലാത്തതിനാലാണ് വൈകുന്നത് എന്നും 20.3.19 നകം തീർക്കുന്നതിന് 1.3.19 ലും പിന്നീട് 30.01.2020 നകം പൂർത്തീകരിക്കുന്നതിന് കരാറുകാരന് വീണ്ടും കത്തു മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന മറുപടിയാണ് എ. ഇ . ലഭ്യമാക്കിയത്. മുഴുവൻ പ്രൊജക്റ്റ് നടപ്പിലാക്കാത്തതിന് വിശദീകരണമില്ല. സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (38/04.01.2020) സെക്രട്ടറി മറുപടി നൽകിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1)20117-18 വർഷത്തിൽ മറ്റു പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നും ഈ പ്രൊജക്റ്റിനു ലഭ്യമായ പദ്ധതി വിഹിതം നാളിതുവരെ ചെലവഴിച്ചിട്ടില്ല. പദ്ധതി വിഹിതം ചെലവഴിക്കുന്നതിന് നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. അല്ലാത്തപക്ഷം തുക തിരിച്ചടക്കേണ്ടതാണ്.

2)ഏകവർഷ പ്രൊജക്റ്റായി അംഗീകാരം വാങ്ങിയിട്ടുള്ള പല്ലാർമംഗലം ഗ്യാസ് ശ്മശാനം പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥൻ നടപടികൾ സ്വീകരിക്കേണ്ടതും വർക്കിംഗ് ഗ്രൂപ്പ് , ഭരണസമിതി എന്നിവർ തുടർപ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യേണ്ടതുമാണ്.

3)ഗ്യാസ് ക്രിമറ്റോറിയം പ്രൊജക്റ്റ് ലക്ഷ്യം കൈവരിക്കുന്നതിനുള്ള പ്രധാന തടസ്സം അവിടേക്ക് നേരിട്ട് വാഹനത്തിൽ എത്തിപ്പെടാവുന്ന റോഡിന്റെ അഭാവമായതിൽ അത് പരിഹരിക്കുന്നതിന് നിർവ്വഹണാധികാരികൾ , ജനപ്രതിനിധികൾ എന്നിവരുടെ കൂട്ടായ പരിശ്രമം അത്യാവശ്യമാണ്. ഇതിനായി പദ്ധതികൾ ആവിഷ്കരിച്ച് ഫണ്ട് കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം പദ്ധതി പരാജയപ്പെടാനും ചെലവഴിച്ച തുക പാഴ്ച്ചെലവാകാനുമിടയുണ്ട്. ഇത് ഒഴിവാക്കാൻ ജാഗ്രത പാലിക്കേണ്ടതാണ്.

# 1-57 യഥാസമയം എഗ്രിമെന്റ് വെയ്ക്കാത്തതിന് കരാറുകാരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല

സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതുമാണ് . പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കുകയോ നടപടിക്രമങ്ങൾ പാലിക്കുകയോ ചെയ്തിട്ടില്ല. ഈടാക്കുവാൻ വിട്ടുപോയ കരാർ തുകയുടെ 1% പിഴ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

| ക്രമ | പ്രവൃത്തി, പി.എ.സി | ടെണ്ടർ | എഗ്രിമെന്റ് | ഈടാക്കേ |
|---|---|---|---|---|

| നം. | ബിൽനം./തീയതി | അംഗീകരിച്ച തീയതി | തീയതി, കരാറുകാരൻ | ണ്ടിയിരുന്ന പിഴ(1%) ₹. |
|---|---|---|---|---|
| 1. | 114/19-തെക്കേപ്പാട്ട് കോളനി റോഡ് ടാറിംഗ് ,66906/-, 384402/-, 63/22.3.19-388111/- | 03.10.18 | 26.10.18 പ്രസാദ് | 3844 |
| 2. | 47/19, കൃപാലാനി കനാൽ റോഡ് ടാറിംഗ് ,338475/-, 52/22.2.19-339263/- | 30.7.18 | 30.8.18 മണികണ്ഠൻ | 3385 |
| 3. | 120/19,ചെറുവള്ളി യിൽ കോണിക്കൽ റോഡ് കോൺക്രീറ്റ് , 49729/-, 17/28.11.18-50000/- | 30.7.18 | 30.8.18 മണികണ്ഠൻ | 1000 |
| 4. | 74/19, കുറിശ്ശി വീട്ടിൽക്കളം റോഡ് കോൺക്രീറ്റ്, 200965/-, 19/28.11.18-201000/- | 30.7.18 | 30.8.18 വി.രാജഗോപാലൻ | 2010 |
| 5. | 49/19, പാലക്കുറിശ്ശി പറമ്പ് റോഡ് കോൺക്രീറ്റ് , 478634/-, 23/ 28.11.18-480000/- | 30.7.18 | 30.8.18 മണികണ്ഠൻ | 4786(-) 2500 = 2286 |
| 6. | 66/19,ചാത്തനാം കുണ്ട് റോഡ് കോൺക്രീറ്റ് , 169947/- 38/11.1.19-170000/- | 30.7.18 | 14.9.18 ശ്രീകണ്ഠൻ | 1699 |
| 7. | 177/18,പൂക്കാട്ടുകുന്ന് വാണിയം പറമ്പ് SC കോളനി സാംസ്കാരിക നിലയം ഷീറ്റ് റൂഫിംഗ് ,പ്ലംബിംഗ്, 240386/-, 2/23.5.18- 136822/- | 23.12.17 | 2. 2.18 ശ്രീകണ്ഠൻ | 2404 |
| 8. | 59/19,പൂലാക്കാട്ട് കുന്ന് നമ്പിടിക്കുന്ന് റോഡ് ടാറിംഗ്, 362311/- 49/8.2.19- 363900/- | 30.7.18 | 30.8.18 മണികണ്ഠൻ | 3623 |
| 9. | 198/18,കുടുംബശ്രീ യൂട്ടിലിറ്റി സെന്ററിനു മുകളിൽ ഷീറ്റുമേഞ്ഞ് ഉപയോഗ്യമാക്കൽ, 409385/-, 44/25.1.19-312040 | 23.12.17 | 18.1.18 വി.രാജഗോപാലൻ | 4094 |
| 10. | 199/18, ഷീറ്റ് റൂഫിംഗ് SC IT സെന്റർ,289960/-, | 23.12.17 | 18.1.18 | 2900 |

| | | | | |
|---|---|---|---|---|
| | 45/25.1.19- 224883/-, | | വി.രാജഗോപാലൻ | |
| 11. | 121/19,പേരൂർ സ്കൂൾ പൂക്കോട്ടുകുന്ന് റോഡ് ടാറിംഗ്, 193383/-, 51/22.2.19-193958/- | 30.7.18 | 30.8.18 മണികണ്ഠൻ | 1934 |
| 12. | 69/18,രാമകൃഷ്ണപ്പടി ഇടക്കാട്ടുപുര റോഡ് കോൺക്രീറ്റ്, 399061/-, 7/28.7.18- 295330/- | 24.11.17 (സെല. നോട്ടീസ് ) | 11.12.17 മണികണ്ഠൻ | 3991 |
| ആകെ പിഴ ഈടാക്കേണ്ടത് | | | | ₹33,170.00 |

മേൽ വിവരങ്ങൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (32/30.12.2019) ലഭ്യമായ മറുപടിയിൽ തുക കരാറുകാരിൽ നിന്നും ഈടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-58. പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചതിന് പിഴ ഈടാക്കിയിട്ടില്ല

അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ 2018-19 വർഷത്തെ പ്രവൃത്തികൾ പരിശോധിക്കുമ്പോൾ 35 എണ്ണം മുൻ വർഷത്തിൽ ആരംഭിച്ചതും സ്പിൽ ഓവറായി തുടരുന്നതുമാണ് എന്നു കാണുന്നു. ഇവയുടെ ഫയലുകൾ പരിശോധിക്കുമ്പോൾ പ്രവൃത്തി പൂർത്തീകരണ കാലാവധി 3 മാസം , 6മാസം എന്നിങ്ങനെയാണ്. എന്നാൽ പല പ്രവൃത്തികളിലും പ്രവൃത്തി പൂർത്തീകരണം ദീർഘിപ്പിച്ചതിന് നിയമാനുസൃത പിഴ ഈടാക്കുകയോ എഗ്രിമെന്റ് കാലയളവിനുള്ളിൽ സപ്ലിമെന്ററി എഗ്രിമെന്റ് വയ്പ്പിക്കുകയോ ചെയ്തിട്ടില്ല . കൂടാതെ നിയമപ്രകാരം നൽകാവുന്നതിനേക്കാൾ കൂടുതൽ കാലാവധി ആദ്യ തവണ നീട്ടി നൽകിയിട്ടുമുണ്ട്.നിയമാനുസൃത പിഴ ചുമത്താതിരുന്നതു മൂലം പഞ്ചായത്തിന് പിഴ ഇനത്തിൽ തനതുഫണ്ടിന് വരുമാന നഷ്ടവുമുണ്ടായി. 2012 ലെ ജി.ഒ.(പി) 13/2012/PWD/01.02.2012 നമ്പറായുള്ള കേരള പി.ഡബ്ള്യൂ.ഡി മാന്വലിലെ ഖണ്ഡിക 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്.എന്നാൽ പൂർത്തീകരണ കാലാവധിക്കു ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്. ആയതിന് തുക നൽകാവുന്നതല്ല . മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റേതായ കാരണങ്ങളാൽ ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. നിയമാനുസൃത പിഴ ഈടാക്കാതെ പ്രവൃത്തി പൂർത്തീകരണസമയം ദീർഘിപ്പിച്ചത് ക്രമപ്രകാരമല്ല.

മേൽ ഉത്തരവു പ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള പിഴ താഴെ പറയും പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

| കാലാവധി | പിഴയുടെ നിരക്ക് |
|---|---|
| ആദ്യ തവണ ദീർഘിപ്പിക്കുന്നതിന്<br>(അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ്) | പി.എ.സിയുടെ 1%<br>കുറഞ്ഞത് 1000 രൂപ<br>കൂടിയത് 50000 രൂപ |
| ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് | പി.എ.സിയുടെ 2%<br>കുറഞ്ഞത് 2000 രൂപ<br>കൂടിയത് 100000 രൂപ |

താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാർ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിനുള്ള അപേക്ഷ നല്കിയിട്ടില്ലെന്നും ദീർഘിപ്പിക്കാൻ നിയമാനുസൃതമായ രീതിയിൽ ഫൈൻ ഈടാക്കിയിട്ടില്ലെന്നും പരിശോധനയിൽ കണ്ടെത്തി. പൂർത്തീകരണ കാലാവധി ആദ്യ തവണ 25% ൽ അധികരിച്ചു ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.

| ക്രമ നം. | പ്രവൃത്തിയുടെ വിവരങ്ങൾ | പിഴ ഈടാക്കേണ്ടത് 1%+2% | ഈടാക്കിയത് | പിഴ ഈടാക്കേണ്ടത് |
|---|---|---|---|---|
| 1. | പുത്തൂർ കതിർപ്പറമ്പ് റോഡ് പുനരുദ്ധാരണം(205/18)<br>പി.എ.സി. - 379536/-<br>ബിൽ നം. 2/15.5.18,<br>തുക-787973/-<br>കരാറുകാരൻ- ഹരിനാരായണൻ<br>എഗ്രിമെൻറ്- 50/31.3.18 (സൈറ്റ്- 31.3.18)<br>പൂർത്തീകരിക്കേണ്ട തീയതി - 30.9.18 ( 6മാസം)<br>പൂർത്തീകരിച്ച തീയതി- 31.12.18 | 11386 | 0 | 11386 |
| 2. | പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ അധിക സൗകര്യങ്ങൾ(200/18) | 3000 | 675 | 2325 |

| | | | | |
|---|---|---|---|---|
| | പി.എ.സി. - 66906 /-<br><br>ചെക്ക്നം. നം. 756518/26.3.19,<br><br>തുക-67451/-<br><br>കരാറുകാരൻ- ശ്രീകണ്ഠൻ<br><br>എഗ്രിമെൻറ്- 53/31.3.18 (സൈറ്റ്- 31.3.18)<br><br>പൂർത്തീകരിക്കേണ്ട തീയതി - 30.6.18 ( 3മാസം)<br><br>പൂർത്തീകരിച്ച തീയതി- 11.10.18 | | | |
| ആകെ പിഴ ഈടാക്കേണ്ടത് | | | | 13711 |

മേൽ വിവരങ്ങൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (32/30.12.2019) ലഭ്യമായ മറുപടിയിൽ തുക കരാറുകാരിൽ നിന്നും ഈടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-59 ഇ ടെണ്ടർ ഫോം ഫീസ് തുക അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിൽ നിന്നും പഞ്ചായത്തിലേക്ക് അടവാക്കേണ്ടതാണ്

അസി.എഞ്ചിനീയറുടെ പേരിലുള്ള ഇ ടെണ്ടറുകളുടെ ടെണ്ടർ ഫോം ഫീസ് ഈടാക്കുന്നതിനായിട്ടുള്ള ബാങ്ക് അക്കൗണ്ട് (നം. 35155864192, SBI, ഒറ്റപ്പാലം ശാഖ ) പരിശോധിക്കുമ്പോൾ ഇതിൽ 30.11.19 ന് 248466.55 രൂപ ബാലൻസ് ഉള്ളതായി കണ്ടു. ഇതിൽ ടെണ്ടർ ഫോം ഫീസിനത്തിലുള്ള തുക പഞ്ചായത്തിലേക്ക് അടവാക്കേണ്ടതാണ്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (32/30.12.2019) തുക പഞ്ചായത്തിലേക്ക് അടവാക്കുന്നതാണെന്ന് അസി.എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്. തുക അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-60 അസി.എഞ്ചിനീയറുടെ ഓഫീസിലേക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ പദ്ധതിയിലെ അപാകങ്ങൾ

പ്രൊജക്റ്റ് നം. - 286/19

അടങ്കൽ - 80000/- (തനതുഫണ്ട്)

ചെക്ക് നം./തീയതി- 756511/22.3.19 - 79450/-

തനതുഫണ്ടിൽ നിന്നും 80000/- രൂപ വകയിരുത്തിയിട്ടുള്ള, എൽ എസ് ജി ഡി അസി.എഞ്ചിനീയറുടെ ഓഫീസിലേക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ പദ്ധതിയിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

എ. പ്രൊജക്റ്റ് പ്രകാരം കമ്പ്യൂട്ടർ, പ്രിന്റർ, അലമാര എന്നിവ വാങ്ങുന്നതിനാണ് താഴെ സൂചിപ്പിക്കും വിധം തുക വകയിരുത്തിയിരിക്കുന്നത്.

കമ്പ്യൂട്ടർ - 1- 35000

അലമാര - 1-15000

പ്രിന്റർ -2 *15000= 30000

ആകെ - 80000

എന്നാൽ വാങ്ങിയത് കമ്പ്യൂട്ടർ& UPS -2, പ്രിന്റർ -1, മേശ-1, DVD Writer Note Book -1 എന്നിവയാണ്.

ബി. ഈ പ്രവൃത്തിയുടെ ടെണ്ടർ പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകരിച്ചിട്ടില്ല.

സി. ടെണ്ടർ ഷെഡ്യൂളിലും കൃപ ഐ.ടി.സോൺ എന്ന സ്ഥാപനം വില ക്വോട്ട് സമർപ്പിച്ചിട്ടുള്ള ടെണ്ടർ ഷെഡ്യൂളിലും " Full board computer table 24*16 " എന്ന ഇനത്തിന് 1300/- രൂപയാണ് ക്വോട്ട് ചെയ്തിട്ടുള്ളത് . എന്നാൽ സ്ഥാപനം നൽകിയിട്ടുള്ള 8.3.19 ലെ ബിൽ പ്രകാരം സപ്ലൈ ചെയ്തിരിക്കുന്നത് " 4"*2 " Office table (steel frame with plywood top) – ₹ 3100/- ആണ്. (വില ₹.1300/- ൽ പരിമിതപ്പെടുത്തിക്കാണുന്നു. )

ഡി. വാങ്ങിയ കമ്പ്യൂട്ടറുകളുടെ സ്പെസിഫിക്കേഷനും ഇനങ്ങളും IKM വിദഗ്ധൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഇ. വാങ്ങിയ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (37/03.01.2020) തുക തികയാത്തതിനാലാണ് അലമാര വാങ്ങാതിരുന്നത് എന്നും ടെണ്ടർ, പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകരിക്കണമെന്ന് അറിയില്ലായിരുന്നു എന്നും ഭാവിയിൽ വാങ്ങലുകൾ നടത്തുമ്പോൾ അംഗീകാരം വാങ്ങി ചെയ്തുകൊള്ളാമെന്നും 24*16 ടേബിൾ അപര്യാപ്തമായതിനാലാണ് "4"*2 ടേബിൾ വാങ്ങിയത് എന്നും അധികം തുക നൽകിയിട്ടില്ല എന്നും വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിൽ ചേർത്ത് സൂക്ഷിക്കുന്നതുമാണ് എന്ന മറുപടിയാണ് നിർവ്വഹണോദ്യോഗസ്ഥൻ നൽകിയത്.

ഓഡിറ്റ് നിർദ്ദേശം

1)സാധനസാമഗ്രികൾ വാങ്ങുന്നതിനുള്ള പ്രൊജക്റ്റ് തയ്യാറാക്കുമ്പോൾത്തന്നെ അവയുടെ ആവശ്യകതയും സ്പെസിഫിക്കേഷനും ഫണ്ടിന്റെ പര്യാപ്തതയും ഉറപ്പുവരുത്തുന്നതിന് നിർവ്വഹണോദ്യോഗസ്ഥൻ, വർക്കിംഗ് ഗ്രൂപ്പ്, ധനകാര്യ വികസന സ്റ്റാൻഡിംഗ് കമ്മിറ്റികൾ എന്നിവ ഉറപ്പു വരുത്തേണ്ടതാണ്.

2)തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ നിർവ്വഹണോദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവരുടെ വാങ്ങലുകളും സേവനങ്ങളും പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ നടപടിക്രമങ്ങൾ പാലിച്ച് നടപ്പിലാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

# 1-61 കുഞ്ചൻ സ്മാരകം പൊതു ശൗചാലയം നിർമ്മാണം - പ്രത്യേക

# അനുമതി ലഭ്യമാക്കിയിട്ടില്ല

പ്രൊജക്റ്റ് നം. - 134/18

അടങ്കൽ - 300000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ബിൽനം./തീയതി- 10/17.08.18 - 239911/-

അളവുപുസ്തകം- 07/16-17

മേൽ പ്രൊജക്റ്റ് പ്രകാരം കിള്ളിക്കുറിശ്ശിമംഗലം കുഞ്ചൻ സ്മാരകത്തിൽ പൊതു ശൗചാലയം നിർമ്മിക്കുന്നതിന് വികസനഫണ്ട് -ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും തുക വകയിരുത്തി ₹.239911/- ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനം സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ളതാണ്. പഞ്ചായത്തിന് കൈമാറ്റം ചെയ്യപ്പെടാത്തതും മറ്റൊരു വകുപ്പിന്റെ നിയന്ത്രണത്തിലുള്ളതുമായ സ്ഥാപനത്തിൽ നിർമ്മാണപ്രവൃത്തി നടത്തുന്നതിന് സർക്കാരിന്റെയോ ടി വകുപ്പിന്റെയോ അർഹതപ്പെട്ട അധികാരസ്ഥാനത്തു നിന്ന് അനുമതി ലഭ്യമാക്കാതെ ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ശൗചാലയം നിർമ്മിച്ചത് ക്രമപ്രകാരമല്ല.

പഞ്ചായത്തിന് കൈമാറ്റം ചെയ്യപ്പെടാത്ത സ്ഥാപനത്തിൽ നിർമ്മാണപ്രവൃത്തി നടത്തുന്നതിന് വികസനഫണ്ട് ഉപയോഗിച്ചതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (37/03.01.2020) കുഞ്ചൻ സ്മാരകം പൊതുസ്ഥലമായതിനാലും ധാരാളം ആളുകൾ വന്നുപോകുന്ന സ്ഥലമായതിനാലും കുഞ്ചൻ സ്മാരക ഭരണസമിതിയുടെ ആവശ്യപ്രകാരവും പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനപ്രകാരവുമാണ് ശുചിത്വ പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കിയത് എന്ന മറുപടിയാണ് ലഭ്യമായത്. എന്നാൽ ഈ മറുപടിയെ സാധൂകരിക്കുന്ന രേഖകളോ മറ്റൊരു വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനത്തിൽ നിർമ്മാണപ്രവൃത്തി നടത്തുന്നതിന് അർഹതപ്പെട്ട അധികാരസ്ഥാനത്തു നിന്ന് അനുമതി ലഭ്യമായതായുള്ള രേഖകളോ ഹാജരാക്കാത്തതിനാൽ മറുപടി അംഗീകരിക്കത്തക്കതല്ല. ആയതിനാൽ ഈ പ്രവൃത്തിക്കായി ചെലവഴിച്ച ₹. 239911/- ഓഡിറ്റിൽ തടസ്സത്തിൽ വെയ്ക്കുന്നു.

ഓഡിറ്റ് നിർദ്ദേശം

ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമായ മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ള രേഖകളും സ്ഥാപനത്തിൽ നിർമ്മാണപ്രവൃത്തി നടത്തുന്നതിന് സർക്കാരിന്റെയോ ബന്ധപ്പെട്ട വകുപ്പിന്റെയോ അർഹതപ്പെട്ട അധികാരസ്ഥാനത്തു നിന്ന് ലഭ്യമായ അനുമതിയും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-62 പൂക്കാട്ടുകുന്ന് വാണിയം പറമ്പ് SC കോളനി സാംസ്ക്കാരിക നിലയം പ്രവൃത്തിയിലെ അപാകങ്ങൾ

പ്രൊജക്റ്റ് നം. - 177/18

അടങ്കൽ - 244000/- (വികസനഫണ്ട് -എസ്.സി.പി)

ബിൽനം./തീയതി- 02/23.05.18 - 136822/-

അളവുപുസ്തകം- 46/17-18

കരാറുകാരൻ- കെ.ശ്രീകണ്ഠൻ

പ്രവൃത്തി ആരംഭിച്ചത്- 02.02.2018

പൂക്കാട്ടുകുന്ന് വാണിയം പറമ്പ് SC കോളനി സാംസ്കാരിക നിലയം ഷീറ്റ് റൂഫിംഗ് , പ്ലംബിംഗ്, ഇലക്ട്രിക് കണക്ഷൻ പ്രൊജക്റ്റിന്റെ വർക്ക് ഫയൽ, അളവുപുസ്തകം എന്നിവ പരിശോധിക്കുമ്പോൾ രേഖകളിലും നിർവ്വഹണത്തിലും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. വർക്ക് ഫയലിൽ സാങ്കേതികാനുമതി, എസ്റ്റിമേറ്റ് റിപ്പോർട്ട്, ഫീസിബിലിറ്റി റിപ്പോർട്ട്, ലൊക്കേഷൻ മാപ്പ്, സൈറ്റ് പ്ലാൻ എന്നിവ ഇല്ല.

2. 02.02.18 ൽ എഗ്രിമെന്റ് വെച്ച് ആരംഭിച്ച ഈ പ്രവൃത്തി 22 മാസങ്ങൾക്കു ശേഷവും പൂർത്തീകരിച്ചതായി അളവുപുസ്തക പ്രകാരം (46/17-18) രേഖപ്പെടുത്തലില്ല. പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് പ്രത്യേക കാരണമുള്ളതായി ഫയലിൽ വിവരങ്ങളില്ല. പൂർത്തീകരണസമയം ദീർഘിപ്പിക്കുന്നതിന് കരാറുകാരന്റെ അപേക്ഷയോ സപ്ലിമെന്ററി എഗ്രിമെന്റോ ഇല്ല.

3. പാർട് ബിൽ, അളവുപുസ്തകം എന്നിവ പ്രകാരം ഇനം 1,2,3 എന്നിവയനുസരിച്ച് താഴെ പറയുന്ന സാധനങ്ങൾ പൊളിച്ചുമാറ്റിയിട്ടുണ്ട്. എന്നാൽ ഇവയുടെ സ്ഥിതിയോ വിനിയോഗമോ സംബന്ധിച്ചുള്ള വിവരങ്ങൾ അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

| ഇനം നം. | പൊളിച്ചുമാറ്റിയ ഇനം | അളവ് |
|---|---|---|
| 1. | Dismantling doors and windows,etc. | 8 എണ്ണം |
| 2. | Demolishing RCC work etc. and stacking serviceable materials etc. | 0.286 m3 |
| 3. | Demolishing brick work etc. and stacking serviceable materials etc | 0.819 m3 |

4. കെട്ടിടത്തിൽ പഞ്ചായത്തിന്റെ പേരോടുകൂടിയ ബോർഡ് സ്ഥാപിച്ചിട്ടില്ല.

പഞ്ചായത്തിലെ 8ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഈ കെട്ടിടത്തിന്റെ നിലവിലെ സ്ഥിതി പരിശോധിക്കുന്നതിനായി ഓഡിറ്റ് ടീം പ്രസ്തുത സ്ഥലം സന്ദർശിച്ചെങ്കിലും താക്കോൽ ലഭ്യമല്ലാത്തതിനാൽ കെട്ടിടം തുറന്ന് കാണാൻ കഴിഞ്ഞില്ല.

മേൽ വിഷയങ്ങൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (37/03.01.2020) എ.ഇ. ലഭ്യമാക്കിയ മറുപടി ലഭ്യമാകാത്ത രേഖകൾ പ്രിന്റ് എടുത്ത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെന്നും വൈദ്യുത കണക്ഷൻ പ്രവൃത്തി ബാക്കിയുള്ളതിനാലാണ് പ്രവൃത്തി പൂർത്തിയായതായി രേഖപ്പെടുത്താത്തത് എന്നും പൊളിച്ചുമാറ്റിയ സാധനങ്ങൾ നിലവിൽ സൈറ്റിൽ തന്നെ സൂക്ഷിച്ചിരിക്കുകയാണ് എന്നും അത് അവിടെനിന്ന് മാറ്റുവാനുള്ളതുകൊണ്ടും പ്രവൃത്തി പൂർത്തിയായിട്ടില്ലാത്തതിനാലാണ് അളവുപുസ്തകത്തിൽ രേഖപ്പെടുത്താതിരുന്നത് എന്നുമാണ്.

ഓഡിറ്റ് നിർദ്ദേശം

- പ്രവൃത്തിയുടെ ഓരോ ഘട്ടങ്ങളിലുമുള്ള നടപടിക്രമങ്ങളുടെ രേഖകൾ വർക്ക് ഫയലിൽ സൂക്ഷിക്കേണ്ടതാണ്.
- വൈദ്യുതീകരണം ഉൾപ്പെടെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ച് കെട്ടിടം ഉപയോഗപ്രദമാക്കേണ്ടതാണ്.
- പ്രവൃത്തിക്കിടയിൽ പൊളിച്ചുമാറ്റുന്ന സാധനസാമഗ്രികൾ ഉപയോഗയോഗ്യമായത് മൂല്യനിർണ്ണയം നടത്തി ലേലം ചെയ്ത് പഞ്ചായത്തുഫണ്ടിൽ മുതൽ കൂട്ടുന്നതിന് പഞ്ചായത്തിലേക്ക് രേഖാമൂലം കൈമാറേണ്ടതും ഉപയോഗയോഗ്യമല്ലാത്തവ സംബന്ധിച്ച വിവരം അളവുപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.
- കെട്ടിടത്തിൽ നെയിം ബോർഡ് സ്ഥാപിക്കേണ്ടതാണ്.

# 1-63 ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ പദ്ധതികൾ - അപാകങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ സ്പിൽ ഓവർ മരാമത്ത് പ്രവൃത്തികളിൽ 3എണ്ണം ഗുണഭോക്തൃസമിതികൾ മുഖാന്തിരമാണ് നടപ്പിലാക്കിയിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 13-ൽ ഗുണഭോക്തൃസമിതി മുഖേന പ്രവൃത്തികൾ നടത്തുന്നതിനായുള്ള നടപടിക്രമങ്ങൾ വ്യക്തമായി വിവരിച്ചിട്ടുണ്ട്. കൂടാതെ 04.03.13-ലെ തദ്ദേശഭരണ വകുപ്പിന്റെ സർക്കുലർ നം.1047/ഡി.എ.1/13/ത.സ്വ.ഭ.വ, എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 13.03.13-ലെ സർക്കുലർ നം. HD/EE/ LSGD/12/13 എന്നിവ പ്രകാരം തുടർന്ന് മാർഗ്ഗനിർദ്ദേശങ്ങളും നൽകിയിരുന്നു. എന്നാൽ പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ചട്ടങ്ങളും, സർക്കാർ നിർദ്ദേശങ്ങളും പൂർണ്ണമായും പാലിക്കാതെയാണ് ഗ്രാമപഞ്ചായത്തിൽ ഗുണഭോക്തൃസമിതികൾ മുഖാന്തിരം മരാമത്ത് പ്രവൃത്തികൾ നടത്തിയിട്ടുള്ളത്. തുടർച്ചയായി മുൻ ഓഡിറ്റ് റിപ്പോർട്ടുകളിലും ഈ അപാകതകൾ ചൂണ്ടിക്കാണിച്ചിട്ടും ഇവ പൂർണ്ണമായി പരിഹരിച്ചിട്ടില്ല.

1. കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 13(6) പ്രകാരം പൊതുമരാമത്ത് പണിക്കുപയോഗിക്കുന്ന സാധനങ്ങളുടെ തരവും, അളവും, വിലയും തൊഴിലാളികളുടെ എണ്ണവും, കൂലിയും മറ്റു ബന്ധപ്പെട്ട കണക്കുകളും ഗുണഭോക്തൃ സമിതിയുടെ കൺവീനർ എഴുതി സൂക്ഷിക്കേണ്ടതാണ്. മാത്രവുമല്ല 13.03.13-ലെ എൽ.എസ്.ജി.ഡി. എക്സി. എഞ്ചിനീയറുടെ സർക്കുലർ പ്രകാരം ഗുണഭോക്തൃസമിതി കൺവീനർമാർ വർക്ക് ബില്ലുകൾ സമർപ്പിക്കുമ്പോൾ പ്രവൃത്തിക്ക് ഉപയോഗിച്ച എല്ലാ സാധന സാമഗ്രികളുടെയും ക്യാഷ് ബിൽ അസി. എഞ്ചിനീയർ നിർബന്ധമായും ക്വാളിറ്റി സർട്ടിഫൈ ചെയ്യേണ്ടതും, ബന്ധപ്പെട്ട അസി. എക്സി. എഞ്ചിനീയർ മേലൊപ്പിടേണ്ടതും നിർബന്ധമാണ്. മസ്റ്റർ റോൾ കൺവീനർ ഒപ്പിടേണ്ടതും, അസി.എഞ്ചിനീയറും, അസി.എക്സി. എഞ്ചിനീയറും മേലൊപ്പിടേണ്ടതുമാണ്. എല്ലാ ക്യാഷ് ബില്ലിലും കൺവീനർ 'Paid by me' എന്ന് എഴുതി ഒപ്പിടേണ്ടതാണ്. അല്ലാതെ സമർപ്പിക്കുന്ന ബില്ലുകളുടെ ഉത്തരവാദിത്വം അസി. എഞ്ചിനീയർ, അസി. എക്സി.എഞ്ചിനീയർ

എന്നിവർക്കായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ വ്യവസ്ഥകൾ ഗ്രാമപഞ്ചായത്തിലെ കൺവീനർ പ്രവൃത്തികളുടെ കാര്യത്തിൽ പാലിച്ചിട്ടില്ല. പല പ്രവർത്തികളുടെയും കാഷ്/പർച്ചേസ് ബില്ലുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കൺവീനർമാർ ആരുംതന്നെ പണി നടത്തുന്നതിലേക്കായി ഗ്രാമപഞ്ചായത്തിൽനിന്നും മൊബലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയിട്ടില്ല.

2. വർക്ക് ഫയലിനോടൊപ്പം, സൂക്ഷിച്ചിരിക്കുന്ന എഗ്രിമെന്റുകൾ മിക്കവയിലും രേഖപ്പെടുത്തൽ പൂർണ്ണമല്ല. ഗുണഭോക്തൃസമിതിയുടെ മിനുട്സ് ബുക്കുകളിൽ പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച് പൂർണ്ണ വിവരങ്ങൾ ലഭ്യമല്ല. (ഓരോ ഇനം പ്രവൃത്തിയുടെ അളവ്, നിരക്ക്, പ്രവൃത്തി പൂർത്തീകരണത്തിന്റെ സമയക്രമം, പ്രവൃത്തികൾക്ക് ആവശ്യമായ സാധനസാമഗ്രികളുടെ അളവ്, തൊഴിലാളികളുടെ എണ്ണം, വൗച്ചറുകൾ, വരവ്-ചെലവ് കണക്കുകൾ പാസ്സാക്കിയതിന്റെ വിവരം, പദ്ധതി നിർവ്വഹണം അവലോകനം നടത്തിയതിന്റെ രേഖകൾ തുടങ്ങിയവ). കൺവീനർ മുഖേന നടത്തുന്ന പ്രവർത്തികൾക്ക് യന്ത്രോപകരണങ്ങളുടെ വാടകയുടെ കാഷ്ബിൽ, സാധനസാമഗ്രികളുടെ പർച്ചേസ് ബിൽ തുടങ്ങിയവ ഫയലിൽ സൂക്ഷിക്കണം എന്ന വ്യവസ്ഥയുണ്ട്. എന്നാൽ പല പ്രവർത്തികളുടെയും ഫയലിൽ പർച്ചേസ് ബില്ലുകൾ പൂർണ്ണമായും ലഭ്യമല്ല. മാത്രമല്ല, സാധനങ്ങൾ വാങ്ങുമ്പോൾ വ്യക്തികളിൽ നിന്നായാലും സ്ഥാപനങ്ങളിൽ നിന്നായാലും സാധനങ്ങളുടെ അളവ്, നിരക്ക്, മൊത്തം വില, തിയതി എന്നിവ രേഖപ്പെടുത്തിയ ക്യാഷ് ബില്ലോ രശീതിയോ വേണം. സിമന്റ്,കമ്പി,ബിറ്റുമിൻ തുടങ്ങിയ സാധനങ്ങൾ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നോ ഡീലർമാരിൽ നിന്നോ മാത്രമേ വാങ്ങാൻ പാടുള്ളൂ. അവ കൂടി പരിശോധിച്ചതിനു ശേഷം വേണം ഫൈനൽ ബിൽ നൽകേണ്ടത്.

3. പണമിടപാടുകൾ ഗുണഭോക്തൃസമിതി ചെയർമാന്റെയും കൺവീനറുടേയും പേരിൽ ആരംഭിക്കുന്ന ജോയിന്റ് അക്കൗണ്ടിൽ കൂടി മാത്രമേ നടത്താവൂ. എന്നാൽ കൺവീനറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിന്റെ രേഖകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്.

പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരങ്ങൾ | ബിൽ/ചെക്ക് നം./തീയതി, അളവുപുസ്തകം | രേഖകളുടെ സൂക്ഷിപ്പ് |
|---|---|---|---|
| 1. | 165/18-പഴയ ലക്കിടി അകലൂർ കേട്ടവന്ന ഭാഗം ഇന്റർലോക്ക് പേവർ ബ്ലോക്ക് രണ്ടാം ഘട്ടം<br>അടങ്കൽ-49501<br>കൺവീനർ-കെ.എം.മൊയ്തീൻ | 61/22.3.19-45430<br>8/18-19 | ഗുണഭോക്തൃകമ്മിറ്റി കൺവീനറുടെ എഗ്രിമെന്റ്, കൺവീനറുടെ മാത്രം പേരിലുള്ള ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്ക് ആദ്യപേജിന്റെ പകർപ്പ് എന്നിവ ഒഴികെ മറ്റ് രേഖകളൊന്നും ഇല്ല. |

| | | | |
|---|---|---|---|
| 2. | 219/17-വടക്കേ വളപ്പ് ഹരിജൻ കോളനി പൊതുകിണർ നവീകരണം<br>അടങ്കൽ-290000<br>കൺവീനർ- സുരേഷ് ബാബു. | 43/19.1.19-56039<br>50/16-17, 44/17-18 | കൺവീനറുടെ മാത്രം പേരിലുള്ള ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്ക് ആദ്യപേജിന്റെ പകർപ്പ്, സിമന്റ്, സിമന്റ് ബ്ലോക്ക്,<br>ജി.ഐ. പൈപ്പ് മുതലായവ വാങ്ങിയതിന്റെ ബില്ലുകൾ , ബാങ്ക് അക്കൗണ്ടിലൂടെ വരവുചെലവു നടത്തിയതിന്റെ ബാങ്ക് സ്റ്റേറ്റ്മെൻ്റ് എന്നിവ ഒഴികെ മറ്റു രേഖകൾ സൂക്ഷിച്ചിട്ടുണ്ട്. |
| 3. | 193/17- നിമ്മിണിപ്പാടം റോഡ് സൈഡ് പ്രൊട്ടക്ഷൻ<br>അടങ്കൽ-280610<br>കൺവീനർ- മധു.എം. | ചെക്ക്നം.-756475/20.2.19-83296<br>22/16-17 | സാധന സാമഗ്രികൾ വാങ്ങിയതിന്റെ ബില്ലുകൾ , ബാങ്ക് അക്കൗണ്ടിലൂടെ വരവു ചെലവു നടത്തിയതിന്റെ ബാങ്ക് സ്റ്റേറ്റ്മെൻ്റ് എന്നിവ ഒഴികെ മറ്റു രേഖകൾ സൂക്ഷിച്ചിട്ടുണ്ട്. |

മേൽ വിഷയങ്ങൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (37/03.01.2020) മേൽ പ്രവൃത്തികളിൽ സംഭവിച്ച അപാകതകൾ തുടർന്ന് ഉണ്ടാകില്ല മറുപടിയാണ് എ.ഇ. ലഭ്യമാക്കിയത്.

ഓഡിറ്റ് നിർദ്ദേശം

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെയും സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കും വിധേയമായി പൊതുമരാമത്ത് പ്രവൃത്തികളുടെ നടപടിക്രമങ്ങൾ പാലിക്കേണ്ടതും രേഖകൾ സൂക്ഷിക്കേണ്ടതുമാണ്.

# 1-64 ബാലവിഹാർ(കണ്ണൻ പാർക്ക്) നാളിതു വരെ പ്രവർത്തനമാരംഭിച്ചിട്ടില്ല

പ്രൊജക്റ്റ് നം. -293/19 – ബാലവിഹാർ ചുറ്റുമതിൽ

അടങ്കൽ - 450000/-( തനതുഫണ്ട് )

പ്രവൃത്തി ആരംഭിച്ചത്- 26.3.19

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് (കണ്ണൻ പാർക്ക്) ബാലവിഹാർ/പാർക്ക് ആരംഭിക്കുന്നതിന് കെട്ടിടത്തിനും അനുബന്ധ പ്രവർത്തനങ്ങളായ ചുറ്റുമതിൽ, കുഴൽ കിണർ എന്നിവയുമായി ജില്ലാ പഞ്ചായത്ത് ₹. 1559075/- ചെലവഴിച്ച് നിർമ്മിച്ച് പഞ്ചായത്തിന് കൈമാറിയിട്ടുള്ള കെട്ടിടത്തിന്റെ കോമ്പൗണ്ടിന് ചുറ്റുമതിൽ പൂർത്തീകരിക്കുന്നതിനാണ് മേൽ പ്രകാരം തുക വകയിരുത്തിയിട്ടുള്ളത്. 2018-19 ൽ ആരംഭിച്ച മേൽ പ്രൊജക്റ്റ് 2019- 2020 ലാണ് ₹. 306021/- ചെലവഴിച്ച് പൂർത്തീകരിച്ചിട്ടുള്ളത്.



ബാലവിഹാർ/പാർക്ക് ആരംഭിക്കുന്നതിന് വേണ്ടി നിർമ്മിച്ച കെട്ടിടത്തിന്റേയും അനുബന്ധ സ്ഥലത്തിന്റെയും നിലവിലെ സ്ഥിതി പരിശോധിക്കുന്നതിനായി ഓഡിറ്റ് ടീം പ്രസ്തുത സ്ഥലം സന്ദർശിച്ചപ്പോൾ കെട്ടിടം പണി, ചുറ്റുമതിൽ എന്നിവ പൂർത്തീകരിച്ചിട്ടുള്ളതായി കണ്ടു. ഇലക്ട്രിഫിക്കേഷൻ ചെയ്ത് വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടില്ല. 2019-2020 ൽ ഇതിനുവേണ്ടി തുകയൊന്നും വകയിരുത്തിയിട്ടില്ല. നിലവിൽ കെട്ടിടം ഉപയോഗിക്കുന്നില്ല. കൂടാതെ കെട്ടിടത്തിൽ പഞ്ചായത്തിന്റെ പേരോടുകൂടിയ ബോർഡ് സ്ഥാപിച്ചിട്ടില്ല എന്നും കണ്ടു.

സ്ഥാപനത്തിന്റെ പ്രവർത്തനം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (38/04.01.2020) പഞ്ചായത്തിൽ നിന്നും മറുപടി ലഭ്യമായില്ല.

ഓഡിറ്റ് നിർദ്ദേശം

- കെട്ടിടം വൈദ്യുതീകരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.
- ബാലവിഹാർ/പാർക്ക് ആരംഭിക്കുന്നതിനും അതിന്റെ തുടർ പ്രവർത്തനത്തിനും വ്യക്തമായ ആസൂത്രണം ഉണ്ടാകേണ്ടതും ഇതിനായി പ്രത്യേക കമ്മിറ്റി രൂപീകരിക്കേണ്ടതുമാണ്.

- കെട്ടിടത്തിൽ നെയിം ബോർഡ് സ്ഥാപിക്കേണ്ടതാണ്.

# 1-65 പഴയ കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതിന് നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

12.6.18 ലെ ഭരണസമിതി തീരുമാനം 8 പ്രകാരം " 2017-18 ൽ അംഗീകാരം ലഭിച്ച് 2018-19 ൽ സ്പിൽ ഓവർ ആയ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനും ----- പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടി ടി സ്ഥലത്ത് നിലവിലുള്ള പഴയ കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതിന് അസി.എഞ്ചിനീയറെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

1. 226/19 - വാഴെക്കാവ് അങ്കണവാടി നിർമ്മാണം

2. 142/19 – ചെറുങ്ങോട്ടുകാവ് അങ്കണവാടി നിർമ്മാണം

3. 201/19 – ലക്കിടി മഹിളാസമാജം അങ്കണവാടി നിർമ്മാണം

4. 190/19 – അകലൂർ അങ്കണവാടി നിർമ്മാണം

എന്നാൽ ഇവ പൊളിച്ചുമാറ്റുന്നതിന്റെ മുന്നോടിയായി കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും ) ചട്ടങ്ങൾ 2005 പ്രകാരം ആസ്തി കയ്യൊഴിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടുള്ളതായി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അസി. എഞ്ചിനീയർ സർവ്വേ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതായോ പൊളിച്ചു മാറ്റിയ സാധനങ്ങൾ വാല്വേഷൻ നടത്തി ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടുള്ളതായോ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (38/04.01.2020) മറുപടി ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

# 1-66 മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ പ്രവൃത്തി ആരംഭിച്ചിട്ടില്ല

പ്രൊജക്റ്റ്നം. 136/18(221/19) (ബഹുവർഷ പ്രൊജക്റ്റ്)

സാങ്കേതികാനുമതി - 04.03.18

സമ്പൂർണ്ണ ശുചിത്വ യജ്ഞത്തിന്റെ ഭാഗമായി പഞ്ചായത്തിലെ മാലിന്യ സംസ്കരണം ലക്ഷ്യമിട്ടുകൊണ്ട് പ്ലാസ്റ്റിക്ക് സംഭരണവും സംസ്കരണവും നടത്തുന്നതിനുള്ള മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ നിർമ്മിക്കുന്നതിനാണ് ഈ പ്രവൃത്തിയിൽ ലക്ഷ്യമിട്ടിട്ടുള്ളത്. 2018-19 ൽ ശുചിത്വ മിഷൻ ഫണ്ട് ₹.1400000/-, തനതുഫണ്ട് ₹.593167/- എന്നിവ ഉൾപ്പെടെ ₹.1993167/- വകയിരുത്തിയിട്ടുള്ള ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം താഴെ പറയുന്ന പ്രവർത്തനങ്ങളാണ് ഉദ്ദേശിച്ചിട്ടുള്ളത്.

| ക്രമ നം. | പ്രവൃത്തി | തുക |
|---|---|---|
| 1. | Building for MRF unit | 569843.37 |
| | MRF office Building | |

| | | |
|---|---|---|
| 2. | MRF office Building | 483333.96 |
| 3. | Electrification | 110000 |
| 4. | Plastic bailing machine 10HP capacity | 450000 |
| 5. | Plastic shredding machine | 370000 |
| | L.S. | 9991 |
| ആകെ | | 1993168 |

വർക്ക് ഫയൽ പരിശോധിക്കുമ്പോൾ 04.03.18 ൽ സാങ്കേതികാനുമതി ലഭിച്ചെങ്കിലും പ്രവൃത്തി ടെണ്ടർ ചെയ്തത് 12.11.18 ലും എഗ്രിമെന്റ് വെച്ച് സൈറ്റ് കൈമാറിയത് 13.12.18 നുമാണ്. എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം പ്രവൃത്തി 13.12.18 ന് ആരംഭിച്ച് 10 മാസത്തിനകം പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി നാളിതുവരെ ആരംഭിച്ചിട്ടില്ല. പ്രവൃത്തിയുടെ ഫയൽ പരിശോധിക്കുമ്പോൾ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

- പ്രൊജക്റ്റ് പ്രകാരം ആദ്യ വർഷം 1493168 രൂപയും രണ്ടാം വർഷം 3986336 രൂപയും ഉൾപ്പെടെ 5479504 രൂപയാണ് പ്രൊജക്റ്റിനു വകയിരുത്തിയിരിക്കുന്നത്. എന്നാൽ എസ്റ്റിമേറ്റ് റിപ്പോർട്ടു പ്രകാരം 17-18 ൽ 1493168 രൂപയും 18-19 ൽ 500000 രൂപയും ഉൾപ്പെടെ 1993167/- രൂപ ചെലവഴിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.
- സാങ്കേതികാനുമതി രേഖയിൽ എത്ര രൂപക്കാണ് സാങ്കേതികാനുമതി നൽകുന്നത് എന്നും പൂർത്തീകരണ കാലയളവും ചേർത്തിട്ടില്ല.
- പ്രസ്തുത നിർമ്മാണ പ്രവൃത്തി നടത്തേണ്ട സ്ഥലം ഏതു വാർഡിൽ, എവിടെ എന്ന് പ്രൊജക്റ്റിലോ വർക്ക് ഫയലിലോ എവിടെയും സൂചിപ്പിച്ചിട്ടില്ല.
- സൈറ്റ് പ്ലാൻ , ലൊക്കേഷൻ മാപ്പ് എന്നിവ വർക്ക് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

പ്രവൃത്തിയുടെ ലൊക്കേഷൻ, ലൊക്കേഷൻ മാപ്പ്, സൈറ്റ് പ്ലാൻ എന്നിവ ഇല്ലാത്തത്, പ്രവൃത്തിയുടെ നിലവിലെ സ്ഥിതി, നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്തതിന് കാരണം എന്നിവ സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (32/30.12.2019) അസി.എഞ്ചിനീയറിൽ നിന്നും ലഭ്യമായ മറുപടി പ്രവൃത്തി നാളിതുവരെ ആരംഭിച്ചിട്ടില്ല, ടി പ്രദേശത്തേക്കുള്ള വഴി വളരെ ബുദ്ധിമുട്ടു നിറഞ്ഞതാണ്, പ്രളയ സമയത്ത് ഗതാഗത യോഗ്യമല്ലായിരുന്നു, സാധനസാമഗ്രികൾ എത്തിക്കുവാൻ ബുദ്ധിമുട്ടുള്ളതിനാൽ ഇതുവരെ ആരംഭിച്ചിട്ടില്ല, ഉടനെ ആരംഭിക്കുവാൻ കരാറുകാരന് അറിയിപ്പു നൽകിയിട്ടുണ്ട് എന്നാണ്.

ഓഡിറ്റ് നിർദ്ദേശം

- നിർവ്വഹണ കലണ്ടർ പ്രകാരമുള്ള കാലയളവിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആവശ്യമായ ഭൗതിക സാഹചര്യമുണ്ടെന്ന് കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനും ഉറപ്പുവരുത്തേണ്ടതാണ്.
- പ്രവൃത്തിയുടെ ലൊക്കേഷൻ മാപ്പ്, സൈറ്റ് പ്ലാൻ എന്നിവ വർക്ക് ഫയലിൽ സൂക്ഷിക്കേണ്ടതാണ്. മേൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾ പരിഹരിക്കേണ്ടതാണ്.
- മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ പ്രവൃത്തി പൂർത്തീകരിച്ച് പഞ്ചായത്തിന്റെ മാലിന്യ സംസ്കരണത്തിന് ശാശ്വത പരിഹാരമുണ്ടാക്കുന്നതിനുള്ള നടപടികൾ നിർവ്വഹണാധികാരികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

# 1-67 കുടുംബശ്രീ യൂട്ടിലിറ്റി സെന്റർ , എസ്.സി. ഐ.ടി. സെന്റർ എന്നിവ

# ഉപയോഗിക്കുന്നില്ല -പദ്ധതിപ്പണം പാഴ്ചെലവാകുന്നു

പഞ്ചായത്തും ജില്ലാ പഞ്ചായത്തും വികസനഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ളതുമായ താഴെ പറയുന്ന കെട്ടിടങ്ങൾ ഉപയോഗപ്രദമാക്കുന്നില്ല. 2017-18 ൽ ഇവയിൽ തുടർ പ്രവർത്തനങ്ങൾക്കായി തുക വകയിരുത്തിയത് സ്പിൽ ഓവറായി 2018-19 ലാണ് ചെലവഴിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനങ്ങൾ | 1. കുടുംബശ്രീ യൂട്ടിലിറ്റി സെന്റർ | 2. എസ്.സി. ഐ.ടി സെന്റർ | റിമാർക്സ് |
|---|---|---|---|
| കെട്ടിട നിർമ്മാണം | ജില്ലാ പഞ്ചായത്ത് 2017-18 ൽ നിർമ്മിച്ച് കൈമാറിയത് (ചെലവുവിവരം രേഖാമൂലം ആവശ്യപ്പെട്ടിട്ടും ലഭ്യമായില്ല) | പഞ്ചായത്ത് 2017-18 ൽ വികസന ഫണ്ട് (SCP) യിൽ നിന്നും ₹.1092196/- ചെലവഴിച്ച് നിർമ്മിച്ചത് | പഞ്ചായത്ത് കോമ്പൗണ്ടിലെ APJ അബ്ദുൽ കലാം സ്മാരക് ഓഫീസ് കം ഷോപ്പിംഗ് കോംപ്ലക്സിന്റെ വശത്തായി മെയിൻറോഡിനോട് ചേർന്ന് ,കെട്ടിടത്തിന്റെ ഒന്നാം നിലയുടെ ലെവലിലുള്ള രണ്ടു മുറികൾ |
| തുടർപ്രവൃത്തികൾ<br><br>(2017-18 ൽ ആരംഭിച്ച് 2018-19 ൽ പൂർത്തീകരിച്ചത്) | കുടുംബശ്രീ യൂട്ടിലിറ്റി സെന്ററിനു മുകളിൽ ഷീറ്റ് മേഞ്ഞ് ഉപയോഗയോഗ്യമാക്കൽ(198/18) | എസ്.സി. ഐ.ടി സെന്ററിനു മുകളിൽ ഷീറ്റ് മേഞ്ഞ് ഉപയോഗയോഗ്യമാക്കൽ(199/18) | ഒരേ കെട്ടിടത്തിന്റെ ഭാഗങ്ങളായ മേൽ രണ്ടു കെട്ടിടത്തിന്റെയും അതിനോടു ചേർന്നുള്ള ഓഫീസ് കെട്ടിടത്തിന്റെയും |

| | | | |
|---|---|---|---|
| | അടങ്കൽ- 416463(CFC) | അടങ്കൽ-300000 (Plan-SCP) | മുകൾ വശം ഉൾപ്പെടുന്ന ഒറ്റ പ്രവൃത്തി |
| പ്രവൃത്തിയുടെ ചെലവ് വിവരങ്ങൾ, അളവു പുസ്തകം | ബിൽനം.- 44/25.1.19 – 312040<br><br>70/17-18 | ബിൽനം.- 45/25.1.19 – 224883<br><br>06/16-17 | - |

1. കുടുംബശ്രീ യൂട്ടിലിറ്റി സെന്ററിനു മുകളിൽ ഷീറ്റ് മേഞ്ഞ് ഉപയോഗയോഗ്യമാക്കൽ (198/18) 2. എസ്.സി. ഐ.ടി സെന്ററിനു മുകളിൽ ഷീറ്റ് മേഞ്ഞ് ഉപയോഗയോഗ്യമാക്കൽ(199/18) എന്നീ പ്രൊജക്റ്റുകളുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന പൊതു അപാകതകൾ കാണുന്നു.

1. ക്രമനം. 1. ൽ എസ്റ്റിമേറ്റ് പ്രകാരം ചെയ്യാനുദ്ദേശിച്ച പ്രവൃത്തികൾ ഭാഗികമായി ജില്ലാ പഞ്ചായത്തും ക്രമനം. 2. ൽ ഭാഗികമായി മുൻ വർഷം പഞ്ചായത്തും ചെയ്തതിനാൽ ഭരണസമിതിയുടെ 27.2.18 ലെ 1(2) തീരുമാനപ്രകാരം രണ്ടു പ്രവൃത്തികളിലും എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് പുതിയ ഇനങ്ങൾ ഉൾപ്പെടുത്തേണ്ടിവന്നു. പഞ്ചായത്തു കോമ്പൗണ്ടിലെ കെട്ടിടങ്ങളായിട്ടും പദ്ധതിയുടെ ആവശ്യകതയും പ്രവൃത്തി സ്ഥലത്തിന്റെ തൽസ്ഥിതിയും ഉറപ്പുവരുത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി ആരംഭിച്ചു.

2. പ്രവൃത്തികളിൽ എക്സ്ട്രാ ഐറ്റംസ് ഉൾപ്പെടുത്തിയപ്പോൾ സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല.

3. 13-ാം പദ്ധതി മാർഗ്ഗരേഖ പ്രകാരം കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിങ്ങ് എന്നിവ ആദ്യ എസ്റ്റിമേറ്റിൽ തന്നെ ഉണ്ടാകണം. എന്നാൽ മേൽ രണ്ടു പ്രവൃത്തികളിലും എസ്റ്റിമേറ്റിൽ വൈദ്യുതീകരണത്തിന് Lumpsum Provision ആയി തുക വകയിരുത്തിയിട്ടില്ല. 2019-2020 ൽ രണ്ടു കെട്ടിടത്തിനും കൂടി ഇലക്ട്രിഫിക്കേഷന് 4 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

4. ഒരേ കെട്ടിടത്തിന്റെ ഭാഗങ്ങളായ മേൽ രണ്ടു കെട്ടിടത്തിന്റെയും അതിനോടു ചേർന്നുള്ള ഓഫീസ് കെട്ടിടത്തിന്റെയും മുകൾവശം ഉൾപ്പെടുന്ന (ഒരേ മേൽക്കൂര) ഒറ്റ പ്രവൃത്തിക്ക് രണ്ടു പ്രൊജക്റ്റും രണ്ട് എസ്റ്റിമേറ്റും വെവ്വേറെ തയ്യാറാക്കിയിരിക്കുന്നു.


5. ഏത് ആവശ്യങ്ങൾക്കാണോ ഈ കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുള്ളത് അതിന് ഉപയോഗിക്കുന്നില്ല.

മേൽ കെട്ടിടങ്ങളുടെ നിലവിലെ സ്ഥിതി പരിശോധിക്കുന്നതിനായി ഓഡിറ്റ് ടീം പഞ്ചായത്ത് കോമ്പൗണ്ടിലെ പ്രസ്തുത സ്ഥലം സന്ദർശിക്കുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കുടുംബശ്രീ യൂട്ടിലിറ്റി സെന്റർ | റാക്കുകൾ, ട്രേകൾ, ഇലക്ട്രോണിക്ക് ത്രാസ്സ് മുതലായവ വാങ്ങിയിട്ടുള്ളത് ഉപയോഗിക്കാതെ കെട്ടിടത്തിൽ സൂക്ഷിച്ചിരിക്കുന്നു. നിലവിൽ വിപണനകേന്ദ്രമായി പ്രവർത്തിക്കുന്നില്ല. വൈദ്യുതീകരിച്ചിട്ടില്ല. അടച്ചുപൂട്ടിയിട്ടിരിക്കുന്നു |
| എസ് സി -ഐ ടി സെന്റർ | വൈദ്യുതീകരിച്ചിട്ടില്ല. നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല, അടച്ചുപൂട്ടിയിട്ടിരിക്കുന്നു. ജില്ലാ പഞ്ചായത്തിൽനിന്നും മുൻ വർഷങ്ങളിൽ ലഭിച്ചിട്ടുള്ള ഫോട്ടോസ്റ്റാറ്റ് മെഷീൻ പാക്ക് പോലും പൊട്ടിക്കാത്ത നിലയിൽ ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ട്. |


കുടുംബശ്രീ യൂട്ടിലിറ്റി സെന്റർ












മേൽ സൂചിപ്പിച്ചവ സംബന്ധിച്ച് അസി. എഞ്ചിനീയർക്കും(37/03.01.2020) സെക്രട്ടറിക്കും (38/04.01.2020) ഓഡിറ്റ് അന്വേഷണങ്ങൾ നൽകിയതിൽ സെക്രട്ടറി മറുപടി നൽകിയിട്ടില്ല. അസി. എഞ്ചിനീയർ നൽകിയ മറുപടി പ്രകാരം ജില്ലാ പഞ്ചായത്തിന്റെ പദ്ധതിയിൽ ഭേദഗതി വരുത്തിയതുകൊണ്ടാണ് കുടുംബശ്രീ യൂട്ടിലിറ്റി സെന്ററിന്റെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടി വന്നത് എന്നാണ്. എന്നാൽ പഞ്ചായത്ത് കോമ്പൗണ്ടിലെ കെട്ടിടമായ എസ് സി -ഐ ടി സെന്ററിന്റെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടി വന്നത് മുൻവർഷത്തിൽ ഭാഗികമായി ചില പ്രവൃത്തികൾ ചെയ്യേണ്ടി വന്നതു കൊണ്ടുമാണെന്നുള്ള മറുപടി അംഗീകരിക്കത്തക്കതല്ല. കൂടാതെ

കെട്ടിടങ്ങളുടെ ഉപയോഗം വ്യത്യസ്തമായതിനാലാണ് പ്രത്യേകം പ്രൊജക്റ്റ് തയ്യാറാക്കിയത് എന്നമാണ്.

ഓഡിറ്റ് നിർദ്ദേശം

- കുടുംബശ്രീ യൂട്ടിലിറ്റി സെന്റർ, എസ്.സി. ഐ.ടി സെന്റർ എന്നിവയ്ക്ക് വേണ്ടി നിർമ്മിച്ച കെട്ടിടങ്ങളുടെ വൈദ്യുതീകരണം പൂർത്തീകരിക്കുന്നതിന വേണ്ട നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.
- മേൽ രണ്ട് കെട്ടിടങ്ങളിൽ കുടുംബശ്രീ വിപണനകേന്ദ്രവും എസ്.സി. ഐ.ടിസെന്ററും ആരംഭിക്കുന്നതിന വേണ്ട നടപടികൾ ഭരണനിർവ്വഹണാധികാരികൾ സ്വീകരിക്കേണ്ടതാണ്.

ഭാഗം-2

ഒന്നമില്ല

ഭാഗം-3

ഒന്നമില്ല

# ഭാഗം -4
# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 26.07.19 & 27.07.19 | കെ.എസ്.എ. പി.കെ.ഡി-21/997/2019(38) തീയതി-26.08.19 |

# 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിശദാംശങ്ങൾ

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പുക്കോട്ട്കാവ് ഗ്രാമപഞ്ചായത്ത് | 2016-17 | 110000.00 | 229/19 പല്ലാർമംഗലം | 0 | 110000 |

| | | | | | |
|---|---|---|---|---|---|
| | | | ഗ്യാസ് ശ്മശാനം പൂർത്തീകരണം | | |
| അമ്പലപ്പാറ ഗ്രാമപഞ്ചായത്ത് | 2017-18 | 514400 | 229/19 പല്ലാർമംഗലം ഗ്യാസ് ശ്മശാനം പൂർത്തീകരണം | 0 | 514400 |
| ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 100000 | 233/19ക്ഷീര സംഘങ്ങൾ വഴി പാൽവിപണനം നടത്തുന്ന കർഷകർക്ക് പാലിന് സബ്സിഡി | 100000 | 0 |
| ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 500000 | ലൈഫ് ഭവന പദ്ധതി-ഭവന നിർമാണം ധനസഹായം(ജ.) | 500000 | 0 |
| ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 700000 | ലൈഫ് ഭവന പദ്ധതി-ഭവന നിർമാണം ധനസഹായം(ജ) | 700000 | 0 |
| ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1000000 | ലൈഫ് ഭവന പദ്ധതി-ഭവന നിർമാണം ധനസഹായം(SC) | 1000000 | 0 |
| ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1220000 | ലൈഫ് ഭവന പദ്ധതി-ഭവന നിർമാണം ധനസഹായം(ജ) | 1220000 | 0 |
| ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 200000 | 30/19 - ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥി കൾക്ക് സ്കോളർഷിപ് /ബത്ത /യാത്രാ ചിലവ് എന്നിവ നൽകൽ | 200000 | 0 |
| ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 300000 | 52/19 - ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണത്തിന് ധനസഹായം നൽകൽ - ജനറൽ | 0 | 300000 |
| ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 1500000 | 229/18 - പല്ലാർമംഗലം ഗ്യാസ് ശ്മശാനം പൂർത്തീകരണം | 0 | 1500000 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2018-19 | 976927 | 52/19 - ലൈഫ് ഭവനപദ്ധതി - ഭവന നിർമ്മാണത്തിന് ധനസഹായം നൽകൽ - ജനറൽ | 976927 | 0 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2018-19 | 472138 | 55/19 - ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണത്തിന് ധനസഹായം നൽകൽ - എസ്സിപി | 372139 | 99999.00 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2018-19 | 300000 | ക്ഷീരസംഘങ്ങൾ വഴി പാൽ വിപണനം നടത്തുന്ന കർഷകർക്ക് പാലിന് സബ്സിഡി | 300000 | 0 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2018-19 | 100000 | 30/19 - ശാരീരിക മാനസിക | 100000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് /ബത്ത /യാത്രാ ചിലവ് എന്നിവ നൽകൽ | | |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2018-19 | 1219400 | 48/19 - നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി-ഉഴവ് കൂലി | 1219400 | 0 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2018-19 | 1400000 | സമ്പൂർണ്ണ അംഗനവാടി നിർമ്മാണം -(പല പദ്ധതികൾക്കുമുള്ള തുക) | 362757 | 1037243 |

# 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തി | ബിൽ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി | തെരുവ് വിളക്കുകൾക്ക് സ്ട്രീറ്റ് മെയിൻ, മീറ്റർ, കൺട്രോളർ എന്നിവ സ്ഥാപിക്കൽ<br>സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | ബിൽ നം. 10/17.08.18<br>&<br>ബിൽ നം. 11 /17.08.18<br>ബിൽ നം. 08 /17.08.18 | 1400000/-<br>263378 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| ജില്ലാ പഞ്ചായത്ത് | എ.ബി.സി പദ്ധതി | 09/17.08.18 | 3,50,000 | | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |

ഡെപ്പോസിറ്റ് തുകകൾ സമയ ബന്ധിതമായി വിനിയോഗിച്ചിട്ടില്ല.

# 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

# 4- 5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ്- HUDCOവായ്പ | No KURDFC/A2/289/2018 | 17700000 | 0 | 0 | 0 | 17700000 |

* വാർഷിക ധനകാര്യ പത്രിക (2018-19) പ്രകാരം 17700000 രൂപ തൻ വർഷത്തിൽ വരവുണ്ട്. തൻ വർഷത്തെ തിരിച്ചടവ്, മുതൽ, പലിശ എന്നിവയുൾപ്പെടെയുള്ള വിശദാംശങ്ങൾ ഒന്നും ലഭ്യമല്ല. പരിശോധനക്ക് ഹാജരാക്കിയ ലോൺ രജിസ്റ്റർ പ്രകാരം 19.12.2019 തീയ്യതിയിൽ ആകെ 20920000 രൂപ വരവും, 1753530 രൂപ ചെലവും 19166470രൂപ നീക്കിയിരുപ്പും ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. വർഷം തിരിച്ചുള്ള വരവ്- ചെലവ് , തിരിച്ചടവിന്റെ മുതൽ, പലിശ എന്നിവയൊന്നും വേർതിരിച്ച് രേഖപ്പെടുത്തിയിട്ടില്ല.

# 4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല.

# 4-7 ഓഡിറ്റ് റിക്കവറിയിനത്തിൽ ഈടാക്കിയ തുക

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം തുകയൊന്നും ഈടാക്കിയിട്ടില്ല.

# 4-8 സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളൊന്നും തീർപ്പാക്കുവാൻ അവശേഷിക്കുന്നില്ല.

# 4-9 ചാർജ്/ സർ ചാർജ് നടപടികളുടെ

# വിവരം

ഒന്നുമില്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 169854966 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 104794548 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 66881 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2911775 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | ഒന്നുമില്ല | ഒന്നുമില്ല | |

ഭാഗം.1-ൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-32 | 20000 | ദീപാ നാരായണൻ, പ്രസിഡണ്ട് |
| 1-57 | 33170 | ആയിഷാബി, അസി.എഞ്ചിനീയർ |
| 1-58 | 13711 | ആയിഷാബി, അസി.എഞ്ചിനീയർ |
| ആകെ | 66881 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

<table>
<tr><th>ഖണ്ഡിക നമ്പർ</th><th>തുക</th><th colspan="2">ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും</th></tr>
<tr><td rowspan="2">1-32</td><td rowspan="2">101828</td><td>67900</td><td>ഡോ.ഷൈലജ,<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി</td></tr>
<tr><td>33928</td><td>ടി.ആർ ഗോകുൽദാസ്, അസി. സെക്രട്ടറി</td></tr>
<tr><td>1-34</td><td>11000</td><td colspan="2">നാരായണൻകുട്ടി, ഹെഡ്മാസ്റ്റർ</td></tr>
<tr><td>1-35</td><td>50000</td><td colspan="2">നാരായണൻകുട്ടി, ഹെഡ്മാസ്റ്റർ</td></tr>
<tr><td>1-42</td><td>16000</td><td colspan="2">രാധ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ</td></tr>
<tr><td>1-43</td><td>1185800</td><td colspan="2">ബിന്ദു മോഹൻ, വി.ഇ.ഓ.</td></tr>
<tr><td>1-44</td><td>700000</td><td colspan="2">നാരായണൻകുട്ടി, ഹെഡ്മാസ്റ്റർ</td></tr>
<tr><td>1-45</td><td>304500</td><td colspan="2">ടി.ആർ ഗോകുൽദാസ്,അസി. സെക്രട്ടറി</td></tr>
<tr><td>[illegible]</td><td>[illegible]</td><td colspan="2">[illegible]</td></tr>
</table>

| | | |
|---|---|---|
| 1-47 | 302736 | ടി.ആർ ഗോകുൽദാസ്,അസി. സെക്രട്ടറി |
| 1- 61 | 239911 | ആയിഷാബി, അസി.എഞ്ചിനീയർ |
| ആകെ | 2911775 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക നം. 1-20, 1-21 1-,22

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ആയിഷാബി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ലക്കിടിപേരൂർ ഗ്രാമപഞ്ചായത്ത് | 31/302, നൗഷീ ഹൈലാന്റ്, പുതുപ്പള്ളി സ്ട്രീറ്റ്, നൂറണി, പാലക്കാട്- 678004 |
| ടി.ആർ ഗോകുൽദാസ്, അസി. സെക്രട്ടറി | അസി. സെക്രട്ടറി, ലക്കിടി പേരൂർ ഗ്രാമപഞ്ചായത്ത് | താഴത്ത് ഹൗസ്, കിഴക്കുംപുറം,മണ്ണൂർ, പാലക്കാട് 678624. |
| നാരായണൻകുട്ടി, ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ, ജി.എസ്.ബി, പഴയലെക്കിടി | കോട്ടപ്പുറത്ത്, മൂച്ചിക്കുണ്ടിൽ, അമ്പലവട്ടം, പനമണ്ണ, പാലക്കാട് |
| രാധ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ, ലെക്കിടിപേരൂർ ഗ്രാമപഞ്ചായത്ത് | ആർ.എൻ.കെ.നിവാസ്,വൃന്ദാവൻ നഗർ, എൻ.എസ്.എസ്. എഞ്ചിനീയറിംഗ് കോളേജ് പിഒ, പാലക്കാട്. |
| ബിന്ദു മോഹൻ, വി.ഇ.ഒ. | വി.ഇ.ഒ. ലെക്കിടിപേരൂർ ഗ്രാമപഞ്ചായത്ത് | കൃഷ്ണാമൃതം, നടുവിൽ വീട്, തേന്നൂർ പിഒ, പറളി, പാലക്കാട്-678 612 |
| ദീപാ നാരായണൻ, പ്രസിഡണ്ട് | പ്രസിഡണ്ട്, ലെക്കിടിപേരൂർ ഗ്രാമപഞ്ചായത്ത് | വട്ടപ്പറമ്പിൽ, തെക്കുംചെറോട്, മംഗലം പിഒ, ലെക്കിടി, ഒറ്റപ്പാലം-679 301 |
| അംബുജാക്ഷൻ. പി.കെ. സെക്രട്ടറി | സെക്രട്ടറി, പുതുശ്ശേരി ഗ്രാമപഞ്ചായത്ത് | വാഴക്കോട്കളം, കുത്തന്നൂർ, പാലക്കാട് |
| ഡോ.ഷൈലജ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി ലെക്കിടിപേരൂർ ഗ്രാമപഞ്ചായത്ത് | ശ്രീശൈലം, കോ ഓപ്പറേറ്റീവ് ബാങ്കിന് സമീപം, പുതുപ്പരിയാരം പിഒ, പാലക്കാട് |

# 4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | LFP8-220/99/24.09.99 | ഓഡിറ്റ് അദാലത്ത് |
| 1997-98 | LFP6/618/00/ 06.10.00 | ,, |
| 1998-99 | LFP6/1714/09.08.01 | ,, |
| 1999-00 | LFP14/504/13.02.01 | ,, |
| 2000-01 | LFP14/622/05/ 10.11.06 | ,, |
| 2001-02 | LFP14-623/05/28.12.07 | ഫർദർ റിമാർക്സ് |
| 2002-03 | LFP14- 228/07/07.01.08 | ഫർദർ റിമാർക്സ് |
| 2003-04 | LFP16- 793/12/02.07.12 | ഫർദർ റിമാർക്സ് |
| 2004-05 | LFP14-1181/09/18.10.10 | ഫർദർ റിമാർക്സ് |
| 2005-06 | LFP14- 1182/09/ 08.03.11 | ഫർദർ റിമാർക്സ് |
| 2006-07 | LFP14-1183/09/17.03.11 | ഫർദർ റിമാർക്സ് |
| 2007-08 | LFP14- 1184/09/ 18.03.11 | ഫർദർ റിമാർക്സ് |
| 2008-09 | LFP16- 1277/12/ 06.10.12 | ഫർദർ റിമാർക്സ് |
| 2009-10 | LFP16- 1352/12/ 10.09.12 | ഫർദർ റിമാർക്സ് |
| 2010-11 | LFP16- 1002/13/ 02.12.13 | ഫർദർ റിപ്പോർട്ട് |
| 2011-12 | LFP16 - 981/14 | ഫർദർ റിപ്പോർട്ട് |
| 2012-13 | KSA-PKD16/1017/15/28.3.17 | ഫർദർ റിമാർക്സ് |
| 2013-14<br>2014-15 | KSA-PKD16/1429/16/12.12.18 | ഫർദർ റിമാർക്സ് |
| 2015-16 | KSA-PKD16/251/17/12.2.18 | ഫർദർ റിമാർക്സ് |
| 2016-17 | KSA-PKD16/1399/17/7.6.18 | ഫർദർ റിമാർക്സ് |
| [illegible] | [illegible] | [illegible] |

| | | |
|---|---|---|
| 2017-18 | KSA-PKD16/62/19/20.02.19 | ഫർദർ റിമാർക്സ് |

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-പി.കെ.ഡി-21/997/2019(38)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

ഫോൺ - 04912-520145, തീയതി.26.08.2019

ഇ-മെയിൽ - dopkd.ksad@kerala.gov.in

## സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പാഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിന്റെ 31.03.2019-ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു,

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് -ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

## ന്യൂനതകളുടെ സംഗ്രഹം

1. ഡെപ്പോസിറ്റ് രജിസ്റ്ററും, അഡ്വാൻസ് രജിസ്റ്ററും സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
2. തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ, ഡി ആന്റ് ഒ ഡിമാന്റ് രജിസ്റ്റർ എന്നിവ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
3. HDFC (450220109) ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് 200812 (31.03.2019) രൂപയാണ്. ആയത് 06.03.2019ലെ ബാങ്ക് ബാലൻസ് തുകയായ 208103 രൂപ അടിസ്ഥാനമാക്കിയാണ് റീക്കൺസിലിയേഷൻ നടത്തിയിരിക്കുന്നത്.

4. ദുരിതാശ്വാസനിധി (450430101) ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് 25885 (31.03.2019) രൂപയാണ്. ആയത് 26.03.2019ലെ ബാങ്ക് ബാലൻസ് തുകയായ 31885/- രൂപ അടിസ്ഥാനമാക്കിയാണ് റീക്കൺസീലിയേഷൻ നടത്തിയിരിക്കുന്നത്.
5. ആസ്തികൾ ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ചാർജ്ജ് ചെയ്ത തുകയുടെ കൃത്യത ഉറപ്പാക്കാനായില്ല.
6. സ്റ്റോക്ക് രജിസ്റ്റർ ബാല്യൂ ബേസ്ഡ് ആക്കി സൂക്ഷിക്കുന്നില്ല.
7. സഞ്ചയ സോഫ്റ്റ്‌വെയറിലെ വസ്തുനികുതി ഡിമാന്റ് -കളക്ഷൻ-ബാലൻസ് തുക ബുക്ക് അഡ്ജസ്റ്റ്മെന്റ് ചെയ്താണ് വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തിയിരിക്കുന്നത്. എന്നാൽ അഡ്ജസ്റ്റ് ചെയ്തതിന്റെ വിശദവിവരങ്ങളടങ്ങിയ രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No.KSA.PKD-21/997/2019(38)

Kerala State Audit Department,
District Audit Office, Palakkad,

Phone Number: 04912 520145,

Date.26.08.2019

email: dopkd.ksad@kerala.gov.in

## CERTIFICATE

Certified that I have examined the Annual Financial Statement of Lakkidi Perur Grama Panchayat for the year ended on 31.03.2019 in Palakkad District in accordance with

Section 4 of the Kerala local Fund Audit Act 1994, Section 215 of the Kerala panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and the Auditor General of India for the Certification of Accounts of Panchayathi Raj Institutions.

In my opinion the financial Statement of Lakkidi Perur Grama Panchayat for the year 2018-19 subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

Deputy Director

<u>Annexure</u>

<u>Abstracts of defects / Discrepancies</u>

1. The Abstract in Deposit register and Advance register are not kept in writing and certified.
2. The Abstract in the Profession Tax Demand Register and the D&O Demand Register are not kept in writing and certified.
3. Balance as per HDFC (450220109) Bank Book is Rs. 200812/-. Reconciliation is based on the bank balance amount of Rs. 208103 as on 06.03.2019.
4. Relief Fund (450430101) amount as per Bank Book is Rs. 25885 (31.03.2019). Reconciliation is based on the bank balance amount of Rs. 31885 as on 26.03.2019
5. Depreciation has been recorded for the assets but the asset register is not complete and the accuracy of the charged amount could not be ascertained.
6. The stock register is not kept as a value based.
7. Property Tax Demand – Collection – Balance in Sanjaya Software is matched to the Annual Financial Statement by Book Adjustement. But details of the adjustment were not made available for inspection.

Deputy Director

# അനുബന്ധം-2 വിവിധ പത്രികകൾ

| Income & Expenditure Statement for the period from 01-April-2018 to 31-March-2019 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 6184081.00 |
| 130000000 | Rental Income from Panchayat / Municipal Properties | 1-3 | 741496.00 |
| 140000000 | Fee & User Charges | I-4(b) | 2361661.00 |
| 150000000 | Sale & Hire Charges | I-5(b) | 156914.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | 1-6 | 167612647.00 |
| | Subsidies | | |
| 171000000 | Interest Earned | 1-8 | 886052.00 |
| 180000000 | Other Income | 1-9 | 13664.00 |
| | Total Income | | 177956515.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 10183027.00 |
| 220000000 | Administrative Expenses | I-11(b) | 857099.00 |
| 230000000 | Operations & Maintenance | I-12(b) | 2383615.00 |
| 240000000 | Interest & Finance Charges | 1-13 | 2599.00 |
| 250000000 | Decentralised Plan Programme-Productive Sector / | 1-14 | 8865143.00 |
| | Programme Expenses | | |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 60630773.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1157137.00 |
| 253000000 | Decentralised Plan Programme-Projects not included in | I-14(c) | 1961805.00 |
| | Sector Division | | |
| 254000000 | Expenditures of Transfered Institutions and State Sponsored | I-14(d) | 58428040.00 |
| | [illegible] | | |

| | | | |
|---|---|---|---|
| | Schemes (not included under Decentralized Plan Programme) | | |
| 255000000 | Maintenance Projects | I-14(e) | 7568716.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 16016456.00 |
| 272000000 | Depreciation | I-17(a) | 3011307.00 |
| | Total Expenditure | | 171065717.00 |
| | Gross Surplus/ Deficit of income over Expenditure | | 6890798.00 |
| 280000000 | Prior Period Item | 1-18 | 104804.00 |
| | Gross Surplus/Deficit of Income over Expenditure after pr'or period items. | | 6785994.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |
| | | | |

Receipt & Payment Statement for the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 27255659.00 |
| Cash | Cash | RP-40(a) | 30022.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1361890.00 |
| 130000000 | Rental income from Panchayat Properties | RP-3 | 738100.00 |
| 140000000 | Fees & User Charges | RP-4 | 2117961.00 |
| 150000000 | Sale & Hire Charges | RP-5 | 156914.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 56442375.00 |
| 171000000 | Interest Earned | RP-9 | 886052.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 39384274.00 |
| 350000000 | Other Liabilities | RP-36 | 595980.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 6500.00 |
| 311000000 | Earmarked Funds | RP-29 | 31140.00 |
| 330000000 | Secured Loans | RP-32 | 17700000.00 |
| 340000000 | Deposits Received | RP-34 | 407779.00 |
| 350000000 | Other Liabilities | RP-36 | 488475.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 22139409.00 |
| 460000000 | Loans, Advances and Deposits | RP-47 | 112436.00 |
| | Grand total | | 169854966.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 4006043.00 |
| 220000000 | Administrative Expenses | RP-12 | 857099.00 |
| 230000000 | Operations & Maintenance | RP-13 | 2232465.00 |
| 250000000 | Decentralised Plan Programme- | RP-15 | 8865143.00 |

| | | | |
|---|---|---|---|
| | Productive Sector | | |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 42765532.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 757137.00 |
| 253000000 | Decentralised Plan Programme-Projects not included in | RP-18 | 1961805.00 |

| Balance sheet for the period from 01-April-2018 to 31-March-2019 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 37657014.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or | B-2 | 28390.00 |
| | Agency Fund | | |
| 312000000 | Reserves | B-3 | 50016498.00 |
| | Total Reserve & Surplus | | 87701902.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 22565603.00 |
| | Total Grants, Contributions for Specific Purposes | | 22565603.00 |
| Loans | | | |
| 330000000 | Secured Loans | B-5 | 17700000.00 |
| | Total Loans | | 17700000.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 402453.00 |
| 350000000 | Other Liabilities | B-9 | 1273192.00 |
| | Total Current Liabilities and Provisions | | 1675645.00 |
| | TOTAL LIABILITIES | | 129643150.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 53197645.00 |
| 411000000 | Accumulated Depreciation | B-11 | -9097794.00 |
| 412000000 | Capital Work in Progress | B-11(a) | 369293.00 |
| | Total Fixed Assets | | 44469144.00 |
| | Investments | | |
| | | | |

| | | | |
|---|---|---|---|
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 37891.00 |
| 440000000 | Pre-paid Expenses | B-16 | 17700000.00 |
| 450000000 | Cash and Bank Balance | B-17 | 65060418.00 |
| 460000000 | Loans, Advances and Deposits | B-18 | 2375697.00 |
| | Total Current Assets, Loans and Advances | | 85174006.00 |
| | TOTAL ASSETS | | 129643150.00 |

Deputy Director